2012 ഡിസംബർ / വോള്യം 4 / ലക്കം 6/ വില ₹ 15

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## ദളിത്സ്ത്രീ

രേഖാരാജ്




# സംഘടിത

ഡിസംബർ 2012 - വാല്യം 4-ലക്കം 6

പ്രിയപ്പെട്ട വായനക്കാർക്ക്
സ്നേഹം നിറഞ്ഞ
ക്രിസ്തുമസ്-
പുതുവത്സരാശംസകൾ!

## ഉള്ളടക്കം


6 ഗസ്റ്റ് എഡിറ്റേർസ് നോട്ട് - രേഖാരാജ്
11 പെൺപക്ഷം - കെ.അജിത
12 കല്ലയും മാലയും സമരം - സതി അങ്കമാലി
14 അമ്മവഴി ഓർമ്മകൾ - ചെല്ലമ്മ
16 ദളിത്സ്ത്രീകളും വിശ്വാസവും സഭക്കകത്തെ വിവേചനവും -സജിനി മാത്യൂസ്
22 സാറാജോസഫിന്റെ നോവലുകൾ - ദേശം-സംസ്കാരം-പ്രതിരോധം-ഖദീജാമുംതാസ്
25 വി.ജ്ഞാനമ്മ -ജീവിതരേഖ
31 എന്റെ ജീവിതം എന്റെ രാഷ്ട്രീയം-റസ്‌ലി ഏബ്രഹാം
33 ഒളിവിലെ ഓർമ്മകൾ - സുനിത തോപ്പിൽ
36 ദളിത്സ്ത്രീകളും നിയമസംവിധാനവും-അഡ്വ.പ്രീത.കെ.കെ
41 ചെങ്ങറ ഭൂസമരം : ദളിത്സ്ത്രീ രാഷ്ട്രീയത്തിന്റെ പുതുവഴികൾ-സോണിമ ജേക്കബ്
44 പി.ആർ.ഡി.എസ് പ്രസ്ഥാനത്തിലെ ദളിത് സ്ത്രീകൾ- അമ്പിളി.ടി.കെ
47 ആധിപത്യസംസ്കാരത്തിന്റെ ഇരകൾ -സബിത സോമൻ
49 ദളിത്സ്ത്രീയുടെ മനം മാറ്റം; കോതറാണിയിൽ നിന്ന് ആധുനികതയിലേയ്ക്ക് - രമ്യ.കെ.ആർ
55 മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു-സരിത.കെ.വേണു
58 ദളിത്സ്ത്രീ ഇടപെടലുകൾകേരളത്തിൽ-രേഖാരാജ്

കവിതകൾ
ഗ്യാസ് വണ്ടി കാത്ത് - അംബിക പ്രഭാകരൻ
പെണ്ണളവുകൾ - ഇന്ദുശ്രീ എരവിമംഗലം
തൊലിക്കടിയിൽ വേരുള്ള മണങ്ങൾ - ധന്യ
ദൂരങ്ങളിൽ - രാധാമണി എം.ആർ
കൂട്ടുകാരി - വിജില ചിറപ്പാട്
മുള - അമ്മുദീപ






ദളിത്സ്ത്രീ
അനുഭവ പരിസരങ്ങൾ
രജനി ജാനു






നമുക്കു പാർക്കാൻ
കോളനികൾ-ലവ്‌ലി സ്റ്റീഫൻ






ദളിത്സ്ത്രീ നാടകവേദി
-ശൈലമ്മ സൈമൺ



എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
ഗസ്റ്റ് എഡിറ്റർ : രേഖാരാജ്
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org ✦ www.sanghaditha.com

CREDAI

# HAPPINESS EXCEEDS WHERE TOGETHERNESS COMES



Near Civil Station, **CALICUT**

**WORK UNDER PROGRESS**

PENTIUM CIVIL PARK
LUXURY APARTMENTS
Civil Station, Calicut

Peaceful and Unpolluted Residential Locality

## 12 PREMIUM APARTMENTS (with Lift facility)

**SPECIFICATIONS:** Lift facility | Peaceful residential area. | Living room | Association room | Abundant natural water resources. | Close proximity to play school, schools, hospitals,banks, places of worship and markets. | Laterite stone walls for maximum strength, cool and comfort. | 24 hours security. | Beautifully landscaped area. | Modern waste water treatment plant. | Provision for rainwater harvesting. | Garbage removal. | Provision for broadband internet connection. | Common toilets for drivers and servants. | Space for individual car parking. | Basic housekeeping.

## CREATING VALUE SPACES SINCE 1989

**PENTIUM**
CONSTRUCTION PVT.LTD
**CALICUT - PERINTHALMANNA - BANGALORE**

Sales Numbers: **+91 94471 45000, +91 94471 46000**

**E-mail: sales@pentiumconstructions.in** **www.pentiumconstructions.in**

**Admn. Office:** 2nd Floor, Menanchira Tower, A. G. Road, CALICUT, Kerala, India. Tel:+91 495 27689 46, +91 495 4015130 • **Br. Office:** Ist Floor, Lucia Tower, Room No.19/455(2), By-Pass Junction, PERINTHALMANNA. Ph: 92872 73839 • **Regd. Office:** 531/A, Priya Chambers, Dr. Rajkumar Road, Rajaji Nagar, BANGALORE.



# മുഖപ്രസംഗം



സാറാജോസഫ്

"**ഏദൻതോട്ടത്തിൽ** വേല ചെയ്യുവാനും അതിനെകാപ്പാനും" ആണ് ദൈവം മനുഷ്യരോട് കല്പിച്ച തെന്ന് ഉൽപ്പത്തി പുസ്തകത്തിൽ പറയുന്നു. പറുദീസ സർവ്വഫലസമൃദ്ധമാണ്. എങ്കിലും അതിന്റെ ഫലസമൃദ്ധി അവസാനിക്കാത്തതല്ല. വേലചെയ്തും കാത്തുരക്ഷിച്ചും മാത്രമേ ഏതു പറുദീസയും നിലനില്ക്കുകയുള്ളൂ. ദൈവത്തെ സൃഷ്ടിച്ച മനുഷ്യൻ ഈ തത്ത്വം ദൈവത്തെക്കൊണ്ട് സകലകാലത്തേക്കുമുള്ള മനുഷ്യർക്കായി അനുശാസിച്ചുവെച്ചു.

കൃഷി കണ്ടുപിടിച്ച കാലംതൊട്ട് മനുഷ്യർ മണ്ണിനെപരിപാലിച്ചത് അതിൽ വേലചെയ്തും അതിനെവിശുദ്ധ മായി കാത്തുസൂക്ഷിച്ചും ആണ്. കൃഷിയിടങ്ങളിൽ ഭക്ഷണം മാത്രമല്ല നേരും നെറിയും വിളഞ്ഞുപോന്നു. എല്ലാ ക്കാലത്തും അതിനെനിലനിർത്തിയത് അതിൽ വേലയെടുത്തവരും അതിനെകാത്തുസൂക്ഷിച്ചവരുമായ അധ്വാനി ക്കുന്ന ജനവിഭാഗങ്ങളാണ്. കേരളം നെല്ലറയായിരുന്ന കാലം കൃഷിഭൂമിയുടെ ഉടമസ്ഥത ദേവസ്വമായും ബ്രഹ്മസ്വമായും മറ്റു പലരീതിയിലും ജന്മി സവർണ്ണ മേധാവികളുടെ കൈയിലായിരുന്നപ്പോഴും അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ നിരന്തരം മണ്ണിൽ പണിയെടുത്തുകൊണ്ടേയിരുന്നു. അവരുടെ കണ്ണീരും വിയർപ്പും ചോരയു മാണ് കേരളത്തെ നെല്ലറയാക്കിയത്. മണ്ണിന്റേയും വെള്ളത്തിന്റേയും വിത്തിന്റേയും കൃഷിരീതിയുടേയും വിശുദ്ധി യിലും നന്മയിലും വിട്ടുവീഴ്ചയില്ലാത്ത മൂല്യബോധം അവർക്കുണ്ടായിരുന്നു. ദളിതരും ആദിവാസികളും കർഷക ത്തൊഴിലാളികളുമടങ്ങുന്ന ബഹുഭൂരിപക്ഷത്തിന്റെ കൈയിൽനിന്നും ഭൂമി പിടിച്ചെടുത്ത് "വേല ചെയ്യുവാനും കാപ്പാനും" തയ്യാറല്ലാത്തവരുടെ കൈയിൽ ഏല്പിക്കുകയാണ് കേരളത്തിലെ ഭൂപരിഷ്കരണം വരുത്തിയ മാറ്റം. ഇന്ന് ദളിതരും ആദിവാസികളും കർഷകത്തൊഴിലാളികളും ഭൂമിയിൽനിന്ന് അന്യവത്കരിക്കപ്പെടുകയും മറ്റ് തൊഴിലുകൾ ചെയ്ത് ജീവിക്കാൻ ബാധ്യസ്ഥരാവുകയും ചെയ്യുന്നു. കേരളത്തിലെ ഭൂസമരങ്ങൾക്ക് പരിഹാരം കാണാൻ മാറിമാറി വരുന്ന സർക്കാരുകൾക്ക് താല്പര്യമില്ലാതിരിക്കുന്നതിന്റെ അർത്ഥം അവർ ഭൂമിയുടെ നിർവ്വ ചനം മാറ്റിയിരിക്കുന്നു എന്നതാണ്. ലോകത്തെമ്പാടുമുള്ള കുത്തകമൂലധനശക്തികൾക്ക് ക്രയവിക്രയം ചെയ്യാ നുള്ള വസ്തുവാണ്, വിഭവമല്ല അവർക്ക് ഭൂമി.

കേരളത്തിൽ നിലനില്ക്കുന്ന ജാതിമേൽക്കോയ്മയേയും ഭൂമിയുടെ ഉടമസ്ഥാവകാശത്തേയും ഒന്നിച്ചുതന്നെ കാണേണ്ടതുണ്ട്. ദളിതർക്കും ആദിവാസികൾക്കും കർഷകത്തൊഴിലാളികൾക്കും കുടികിടക്കാനോ പണിയെടു ക്കാനോ ഭൂമിയില്ലാതെ ആയതിന്റെ പിന്നിൽ പഴയ സവർണ്ണ ജന്മിമേധാവിത്വത്തിന് പകരം പുതിയ സവർണ മുത ലാളിത്തശക്തികൾ നിലനില്ക്കുന്നു എന്നതാണ് കാരണം. ജന്മികുടിയാൻ വ്യവസ്ഥയിൽ കൃഷിയും കൃഷിഭൂമി യും ഉത്പാദനവും നിലനിന്നപ്പോൾ ഇന്ന് കൃഷിയോ കൃഷിഭൂമിയോ ഉത്പാദനമോ ഇല്ല എന്ന അവസ്ഥയിലേക്ക് കേരളം എത്തിച്ചേർന്നിരിക്കുന്നു. കൃഷിയിടങ്ങളിൽ വളരുന്നത് നെല്ലോ മറ്റ് ധാന്യങ്ങളോ ഭക്ഷ്യവസ്തുക്കളോ അല്ല, മറിച്ച് കെട്ടിടങ്ങളും ഇഷ്ടികക്കളങ്ങളും വ്യവസായശാലകളും മറ്റുമാണെന്ന് തീർച്ചപ്പെടുത്തുമ്പോൾ ഭൂമി യുടെ പരിപാലകരുടെ കൈയിൽനിന്ന് എന്നന്നേക്കുമായി ഭൂമി നഷ്ടപ്പെടുന്ന കാഴ്ചയാണ് സിങ്കൂരിലും നന്ദിഗ്രാ മിലും ചെങ്ങറയിലും ഒക്കെയുള്ള ഭൂസമരങ്ങളിൽ നമ്മൾ കാണുന്നത്. ഡൽഹിയോട് ചേർന്ന് കിടക്കുന്ന ഉത്തർപ്ര ദേശിന്റെ ഭാഗമായ ഗ്രേയ്റ്റർ നോയിഡ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു വൻസിറ്റിയാണ് ഇന്ന്. ആയിര ക്കണക്കിന് ഏക്കർ ഗോതമ്പ് പാടങ്ങളുടെ മുകളിലാണ് ഈ വൻനഗരം ഉയർന്നുകൊണ്ടേയിരിക്കുന്നത്. അവിടെ നിന്ന് തുരത്തിയോടിക്കപ്പെട്ട ദളിതരും കർഷകത്തൊഴിലാളികളും നഗരോപജീവികളായി ഉപജീവനമാർഗ്ഗം കണ്ടെത്തേണ്ടിവരും.

ഈ ലക്കം സംഘടിത ദളിത് സ്ത്രീകളുടെ ജീവിതത്തിന്റെ നാനാവശങ്ങളിലേക്ക് വെളിച്ചം വീശുന്ന പഠന ങ്ങൾ മുന്നോട്ടുവെക്കുന്നു. കേരളത്തിന്റെ ഭക്ഷണം ദളിത് കർഷകത്തൊഴിലാളി അമ്മമാർ കടുത്ത പട്ടിണിയിലും ദാരിദ്ര്യത്തിലും നിന്നുകൊണ്ട് 365 ദിവസവും ചെളിയിൽ മുങ്ങി വിളയിച്ചുതന്നിരുന്ന ഒരുകാലം ഉണ്ടായിരുന്നു. ഇന്ന് ഭൂമിയും തൊഴിലും നഷ്ടപ്പെട്ട് വയലുകളിൽനിന്ന് അവർ പിൻവാങ്ങുമ്പോൾ അതിവേഗം വരാനിരിക്കുന്ന ഭക്ഷ്യക്ഷാമം എന്ന യാഥാർത്ഥ്യം കേരളീയരെ തുറിച്ചുനോക്കുന്നുണ്ട്. കൃഷിഭൂമി നാലിലൊന്നായി ചുരുങ്ങിയിരി ക്കുന്ന അപകടകരമായ ഇന്നത്തെ അവസ്ഥയിൽ ബാക്കിയുള്ള ഓരോ തുണ്ടുഭൂമിയും ഭൂമിയുടെ അവകാശിക ളുടെ കൈകളിൽ ഏല്പിക്കുകയാണ് ചെയ്യേണ്ടത്. മറ്റാരും പറയാതിരിക്കെ ദളിതരും ആദിവാസികളും ഉറക്കെ പറ യുന്നു "ഞങ്ങൾക്ക് ഭൂമി തരൂ, ഞങ്ങളതിൽ വേല ചെയ്യാം, അതിനെ കാത്തു സൂക്ഷിക്കാം." ഈ വാക്കുകൾ കേൾക്കാനുള്ള ബാധ്യത കേരളത്തിന്റെ പൊതുസമൂഹത്തിന് ഉണ്ട്. ഭൂമിയുടെ അവകാശികൾ ഭൂമിയെ നശിപ്പിക്കു ന്നവരും വികലമാക്കുന്നവരും അല്ല, അതിൽ വേല ചെയ്യുന്നവരും അതിനെകാക്കുന്നവരുമാണ്.

മണ്ണിൽ പണിയെടുക്കാനുള്ള ഉത്തരവാദിത്തം ദളിതരുടെയോ ആദിവാസികളുടെയോ കർഷകത്തൊഴിലാളി കളുടെയോ മാത്രമല്ല എന്നും നമുക്കോരുത്തർക്കും അതിന് ഉത്തരവാദിത്വം ഉണ്ട് എന്നും കൂടി തിരിച്ചറിയുക.



# ഗസ്റ്റ് എഡിറ്റേർസ് നോട്ട്



**രേഖാരാജ്**

**ദളിത്സ്ത്രീ** പ്രത്യേകപതിപ്പ് എന്ന ഒരു ആശയം മുന്നിൽ വന്നപ്പോൾ മുതൽ പലതരം ആശങ്കകൾ ഉണ്ടായിരുന്നു. ഒരുപക്ഷേ ആദ്യമായാണ് മലയാളത്തിൽ ദളിത്സ്ത്രീ പ്രത്യേക പതിപ്പായി ഇറങ്ങുന്നത് എന്ന ബോധ്യം ഒരു ഭാരമായിരുന്നു.

രൂപഘടനയെക്കുറിച്ചുള്ള ആലോചനകളിൽ രണ്ടുസാധ്യതകൾ മുമ്പിൽ വന്നു. ഗൗരവമുള്ള സൈദ്ധാന്തികമായി ഗുണമേന്മയുള്ള എഴുത്തുകൾക്ക് ആണോ (അങ്ങനെയെങ്കിൽ മൂന്നോ നാലോ ലേഖനം മാത്രം മതി) പ്രാധാന്യം കൊടുക്കേണ്ടത് അതോ പരമാവധി എഴുത്തുകാരെ പരമാവധി വൈവിധ്യമുള്ള വിഷയങ്ങളിൽ എഴുതിക്കുകയാണോ എന്ന ആലോചനയിൽ രണ്ടാമത്തേത് തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. ഒന്നാമതായി കുറച്ചുകാലമായി ഗുണമേന്മയുള്ള എഴുത്ത് എന്നതിനെ ഞാൻ സംശയത്തോടെയാണ് കാണുന്നത്. അത്തരം വാദങ്ങൾക്ക് വരേണ്യമായ ഒരു പുറംതള്ളൽരാഷ്ട്രീയം ഉള്ളതായി തോന്നുന്നു. പറയാനുള്ളത് പറയുക എന്നതുതന്നെ പ്രാഥമികമായ കാര്യം, തിയറി കൂടെ വരട്ടെ! രണ്ടാമതായി എഴുത്തുമേഖലയിലേക്ക് ദളിത്സ്ത്രീകൾ കൂടുതൽ ശക്തമായി പ്രവേശിച്ചു തുടങ്ങിയ ദശാബ്ദമാണിത്. ദളിത്സ്ത്രീരാഷ്ട്രീയത്തിന് ചിന്താപരവും പ്രായോഗികവുമായ ഷിഫ്റ്റുകൾ സംഭവിക്കുന്ന കാലവും. ഈയൊരു മാറ്റത്തെ കുറഞ്ഞതോതിലെങ്കിലും അടയാളപ്പെടുത്തുന്നതാകണം ഈ ലക്കം എന്നു തോന്നി.

എഴുത്തുകാരികളെയും എഴുതാൻ സാധ്യതയുള്ളവരെയും സമീപിച്ചു. പ്രതികരണം ഹൃദയംഗമം ആയിരുന്നു. സമീപിച്ച എല്ലാവരും തന്നെ ആവേശത്തോടെയാണ് സമ്മതിച്ചത്. ഇതിൽ ആദ്യമായി എഴുതുന്നവരും അക്കാദമിക് രംഗത്ത് പാണ്ഡിത്യം തെളിയിച്ചവരും ഉണ്ടായിരുന്നു. ആക്ടിവിസ്റ്റുകളും വിദ്യാർത്ഥിനികളും ഉണ്ടായിരുന്നു. ചിത്രകാരികളും കവയത്രികളും മാധ്യമപ്രവർത്തകരും ബിരുദവിദ്യാർത്ഥിനിയും ഉണ്ടായിരുന്നു. ആദ്യമായി എഴുതുന്നവർ പലതവണ തിരുത്തിയെഴുതി മാറ്റർ നന്നാക്കാൻ ശ്രമിച്ചു. എഴുത്തുകാരായിട്ടുള്ളവർ കൂടുതൽ തെളിമയുള്ള എഴുത്തുകൾ തന്നു. എഴുത്തിനിടയിൽ പലരും നിരാശരായി പിന്മാറി. ദളിത് പതിപ്പിൽ എഴുതാൻ താല്പര്യമില്ല എന്ന് ചിലർ പറഞ്ഞു. ദളിത്ഫെമിനിസത്തിൽ വിശ്വാസമില്ലാത്തതിനാൽ ദളിത്ഫെമിനിസ്റ്റിന്റെ ശ്രമത്തോട് സഹകരിക്കാൻ ചിലർ മടിച്ചു. രേഖയെന്തിന് ദളിത്സ്ത്രീകളെക്കുറിച്ച് പതിപ്പ് ചെയ്യണം, സ്ത്രീകളെക്കുറിച്ച് അല്ലെങ്കിൽ പൊതുവായ എന്തിനെയെങ്കിലും കുറിച്ച് ചെയ്യൂ എന്ന് ചിലർ രാഷ്ട്രീയ വിയോജിപ്പ് പ്രകടിപ്പിച്ചു. പൊതുവായ വിഷയത്തിൽ എഴുതിത്തരാം. എന്ന് ചിലർ... ആരെയും വിലക്കിയില്ല... എഴുതിയും എഴുതാതെയും ഇതൊരു രാഷ്ട്രീയ സംവാദമാക്കിയ എല്ലാവർക്കും നന്ദി.

ദളിത്സ്ത്രീ എന്നത് ഒരു ഏകമാനകമായ സ്വത്വം അല്ല എന്നതാണ് ദളിത്സ്ത്രീരാഷ്ട്രീയം ഉയർത്തുന്ന പുതിയ വാദം. പലതരം അനുഭവങ്ങളാലും സന്ദർഭങ്ങളാലും വ്യത്യസ്തമാണ് ഈ ദളിത്സ്ത്രീത്വം. മറ്റേത് സ്വത്വം എന്നതുപോലെയും അതിനുള്ളിലും കൂടുതൽ വ്യത്യസ്തതകൾ നിലനിൽക്കുന്നു. മതവും വിശ്വാസവും പ്രദേശവും ലിംഗാവസ്ഥയും ഒക്കെ ദളിത്സ്ത്രീ അവസ്ഥകളെ വ്യത്യസ്തമാക്കുന്നു. ദളിത്സ്ത്രീ രാഷ്ട്രീയം പോലെ തന്നെ ദളിത്സ്ത്രീവാദത്തിലും വ്യത്യസ്തമായ ധാരകൾ കാണാൻ കഴിയും. ദളിത്സ്ത്രീത്വത്തെ ഒരു സാമുദായികസ്വത്വമായി കാണുന്നതു മുതൽ ഒരു തന്ത്രപരമായ തിരഞ്ഞെടുപ്പായി കാണുന്നവരുമുണ്ട്. ദളിത്സ്ത്രീരാഷ്ട്രീയത്തിന്റെയും ദളിത്ഫെമിനിസ്റ്റിന്റെയും മുൻഗണനകളെക്കുറിച്ചും വ്യത്യസ്തനിലപാടുകൾ ഉണ്ട്. പറഞ്ഞുവരുന്നത് ദളിത്സ്ത്രീരാഷ്ട്രീയമെന്നത് അനേകം ഉൾപ്പിരിവുകൾ ഉള്ള പലധാരകളുടെ ഒരു സഞ്ചയമാണ്. ഇരകളെന്ന നിലയിലുള്ള പ്രബല വാർപ്പ് മാതൃകകളെ ചെറുക്കാനുള്ള സൂക്ഷ്മശ്രമങ്ങൾ ഇവിടെ കാണാം. അതേസമയം ദളിത്സ്ത്രീകൾ നേരിടുന്ന ബഹുമുഖമായ ഹിംസകളെ പലകുറിപ്പുകളും ചർച്ച ചെയ്യുന്നുമുണ്ട്. ഇപ്രകാരം ദളിത്സ്ത്രീ അനുഭവങ്ങളുടെ സൂക്ഷ്മതകളെയും സാധ്യതകളെയും വൈരുദ്ധ്യങ്ങളെയും അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് ഒരു പ്രാരംഭം എങ്കിലും ആകാൻ കഴിയുക എന്നതായിരുന്നു ആഗ്രഹം.

ചരിത്രത്തെയും സമീപഭൂതകാലത്തെയും സമകാലികതയെയും പ്രതിനിധാനം ചെയ്യുന്ന കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളനവോത്ഥാനചരിത്രത്തിൽ രേഖപ്പെടാതെപ്പോയ ചില ചെറുത്തുനിൽപ്പുകളെക്കുറിച്ചുള്ളതും കേരളത്തെ കേരളമാക്കിയ ജാതിവിരുദ്ധ ആത്മീയപ്രസ്ഥാനങ്ങളെക്കുറിച്ചും ഉള്ള രണ്ടുകുറിപ്പുകൾ– കല്ലയും മാലയും പൊട്ടിച്ചെറിയൽ സമരത്തിൽ അയ്യങ്കാളിയുടെ ഒപ്പം പങ്കെടുത്ത കാളിയമ്മയെക്കുറിച്ചുള്ള സതിയുടെ കുറിപ്പ്. രണ്ടാമതായി പൊയ്കയിൽ അപ്പച്ചന്റെ ഒപ്പം പ്രവർത്തിച്ച കുമരകം ചിന്നമ്മയുടെ ഓർമ്മകൾ മകൾ കുമരകം ചെല്ലമ്മ ഓർക്കുന്നു. കൂടാതെ ജ്ഞാനമ്മയുടെ ജീവിതരേഖയും.

ദളിത്സ്ത്രീകളുടെ സമകാലിക അനുഭവപരിസരങ്ങളെക്കുറിച്ചുള്ള രജനിയുടെ കുറിപ്പ് ദളിത്സ്ത്രീകളുടെമേലുള്ള അടിച്ചമർത്തലുകളെയും സാംസ്കാരികമായ പ്രതിസന്ധികളെയും അടയാളപ്പെടുത്തുന്നു.

മതേതരവിദ്യാഭ്യാസസ്ഥാപനങ്ങളിലെ ജാതിഹിംസകളെയും അതിനെച്ചെറുക്കാൻ ജാതിസ്വത്വത്തെ വൃഥാ മറച്ചുവെക്കാൻ ശ്രമിക്കുന്ന ധർമ്മസങ്കടങ്ങളുടെയും കഥപറയുന്നു സുനിത.

ചെങ്ങറസമരത്തിന്റെ പശ്ചാത്തലത്തിൽ ദളിത്ഫെമിനിസ്റ്റ്പ്രസ്ഥാനത്തിന്റെ പരിമിതികളെ ആഴത്തിൽ വിമർശനവിധേയമാക്കുന്നു സോണിമ.

വിശ്വാസം, ലിംഗം, പദവി എന്നിവയെ അടിസ്ഥാനപ്പെടുത്തി പി.ആർ.ഡി.എസിന്റെയും ദളിത് ക്രിസ്തീയതയുടെയും സന്ദർഭത്തിൽ എഴുതുന്നു അമ്പിളിയും സജിനിയും.

നിയമവും ജാതിയും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളുടെ ചരിത്രങ്ങളിൽക്കൂടെയൊരു സഞ്ചാരം നടത്തുന്നു അഡ്വ.പ്രീത.

നാടകം, വേദി, പരീക്ഷണങ്ങൾ, കോളനികളിലെ രാഷ്ട്രീയം, സാംസ്കാരിക പ്രവർത്തനത്തിന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു ആദ്യകാല ദളിത്സ്ത്രീപ്രവർത്തകരായ ലൗലിസ്റ്റീഫൻ, റസ്‌ലി ഏബ്രഹാം, ഷൈലമ്മ എന്നിവർ.

രമ്യയും സബിതയും ദളിത്സ്ത്രീ ജീവിതത്തിനുമേലുള്ള ഹൈന്ദവ അധിനിവേശങ്ങളെ വിശകലനം ചെയ്യുന്നു. സരിത കറുത്ത ശരീരത്തിന്റെ വിഹ്വലതകളെയാണ് ചർച്ച ചെയ്യുന്നത്.

കഴിഞ്ഞ കുറേ വർഷങ്ങളിലെ ദളിത്മുന്നേറ്റങ്ങളുടെ കൂടി ഫലമാണ് എഴുത്തുകൾ. പരമാവധി എഴുത്തുകളെയും ആളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിലും അധികം ആകാം ഉൾപ്പെടുത്താത്തവർ... ഇത് അവർക്കും പ്രചോദനമാകട്ടെ.

ജാതിയെക്കുറിച്ചും ലിംഗരാഷ്ട്രീയത്തെക്കുറിച്ചുമുള്ള ചില ഉൾക്കാഴ്ചകൾ ഈ കുറിപ്പ് മുന്നോട്ടുവയ്ക്കുന്നു. ഇവയുടെ രാഷ്ട്രീയ ഉള്ളടക്കത്തെ അഭിസംബോധനചെയ്യാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. അതിലേക്കുള്ള ശ്രമങ്ങൾ തീർച്ചയായും വിഷമം പിടിച്ചതാണ്. എങ്കിലും വ്യത്യസ്തതകളെ തിരിച്ചറിയാനും അംഗീകരിക്കാനും ആഘോഷിക്കാനും നമുക്ക് കഴിയട്ടെ, രാഷ്ട്രീയജാഗ്രത പുലർത്താനും. ഈ പതിപ്പ് സ്നേഹാദരങ്ങളോടെ സാഭിമാനം സമർപ്പിക്കുന്നു.



രജനി ജാനു



# ദളിത്സ്ത്രീ അനുഭവ പരിസരങ്ങൾ

**മുഖ്യധാരാ** മാധ്യമങ്ങൾ സ്ത്രീവിഷയങ്ങൾ വ്യാപകമായിട്ടല്ലെങ്കിലും ചർച്ച ചെയ്യുന്നതിന്റെ പ്രധാനകാരണങ്ങളിലൊന്ന് അവയുടെ ദൃശ്യതയാണ്. എന്നാൽ ദളിത് സ്ത്രീ അനുഭവങ്ങൾക്ക്/പ്രശ്നങ്ങൾക്ക് ഇത്തരം ഒരു ദൃശ്യതയില്ല. ഇത് കീഴാളസ്ത്രീഅനുഭവങ്ങൾ ഒറ്റപ്പെട്ടതാണെന്ന ധാരണയുണ്ടാക്കുന്നു. പൊതുസമൂഹത്തിന്റെ അരികുകളിലേക്ക് മാറ്റപ്പെട്ട് കോളനി, ചേരിപ്രദേശങ്ങളിലായി ഒറ്റപ്പെട്ട ഒരു ജനതയുടെ പ്രതിനിധികളായവരുടെ പ്രശ്നങ്ങൾ സവിശേഷതകളില്ലാത്ത സ്വാഭാവിക അനുഭവങ്ങളായി വിലയിരുത്തപ്പെടുന്നു. ദളിത്പക്ഷ ചിന്തകർ ഇത്തരം അനുഭവങ്ങളെ സാമുദായികപ്രശ്നമായി വിലയിരുത്തുമ്പോൾ ദളിത്സ്ത്രീ അനുഭവങ്ങളിലെ രാഷ്ട്രീയപരമായ വ്യത്യസ്തതയെ നിരാകരിക്കുകയും അവയെ പൊതുസ്ത്രീഅനുഭവങ്ങളോട് ചേർത്തുവയ്ക്കാനുമാണ് മുഖ്യധാരാസ്ത്രീപക്ഷവാദികൾ ശ്രമിക്കുന്നത്.

ദളിത്സ്ത്രീകൾ ഒരു ഹോമോജീനിയസ് ഗ്രൂപ്പ് ഏകകമായ സമൂഹമല്ല. പൊതുവായ ചില സമാനതകൾ നിലനിൽക്കുമ്പോൾ തന്നെ വർഗ്ഗം, വിദ്യാഭ്യാസം, ലൈംഗികത തുടങ്ങിയവയനുസരിച്ച് അനുഭവങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണമായി മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, ഭിന്ന ലൈംഗികതയുള്ളവർ മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ തുടങ്ങിയവരുടെ അനുഭവങ്ങൾ പ്രശ്നങ്ങൾ എന്നിവ സാധാരണ ദളിത്സ്ത്രീകളിൽ നിന്നും വ്യത്യസ്തവും സങ്കീർണ്ണവുമാണ്. ദളിത്സ്ത്രീയെ വിലയിരുത്താനുള്ള മാനദണ്ഡമായി ഇന്നും ഉപയോഗിക്കപ്പെടുന്നത് അവളുടെ കീഴാള പാരമ്പര്യമാണ്.

**ദളിത്സ്ത്രീകൾ ഒരു ഹോമോജീനിയസ് ഗ്രൂപ്പ് ഏകകമായ സമൂഹമല്ല. പൊതുവായ ചില സമാനതകൾ നിലനിൽക്കുമ്പോൾ തന്നെ വർഗ്ഗം, വിദ്യാഭ്യാസം, ലൈംഗികത തുടങ്ങിയവയനുസരിച്ച് അനുഭവങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു.**

ഇതര സാമൂഹികസ്ഥാപനങ്ങളി ലെന്ന പോലെ വിദ്യാഭ്യാസ സ്ഥാപ നങ്ങളിലും ദളിത്‌വിദ്യാ ർത്ഥികളേ ക്കാൾ ജാതീയതയുടെ പേരിൽ നിശ്ശബ്ദരാക്കപ്പെടുന്നത് ദളിത്‌വിദ്യാർത്ഥിനികളാണ്. അവ ളുടെ നിറം, വേഷം, കഴിവ്, പെരു മാറ്റം തുടങ്ങിയ ഘടകങ്ങൾ ഇത്തരം വിവേചനങ്ങൾക്ക് കാരണ മാകുന്നു. ഇത്തരം വിവേചനങ്ങൾ മൂലം ദളിത്‌വിദ്യാർത്ഥികൾ പല പ്പോഴും വ്യക്തിഹത്യയിലേക്ക് വരെ നയിക്കപ്പെടുന്നു. രജനി.എസ് ആന ന്ദിന്റേയും നീതുവിന്റേ യും ആത്മ ഹത്യകൾ ഇത്തര ത്തിലുള്ളവയാ യിരുന്നു. ഇതിൽ രജനി.എസ്.ആന ന്ദിന്റെ ആത്മഹത്യയെക്കുറിച്ചുള്ള വാർത്ത പൊതുസമൂഹത്തിന് പരി ചിതമായ ഒന്നാണ്. നീതുവിന്റെ ആത്മഹത്യ ശ്രദ്ധിക്കപ്പെടാതെ വന്നു. സാധാരണ ദളിത്പെൺകുട്ടി കളിൽ നിന്ന് വ്യത്യസ്തമായി നീതു വിന്റെ നിറം വെളുപ്പാണ് എന്നതാ യിരുന്നു പ്രധാന ആരോപണം. ഈ ആരോപണം യഥാർത്ഥത്തിൽ അവ ളുടെ അമ്മയുടെ സദാചാരത്തെ ചോദ്യം ചെയ്യുന്ന ഒന്നായിരുന്നു. തലചുറ്റൽ മൂലം കുറച്ചുദിവസം ക്ലാസ്സിൽ പോകാൻ കഴിയാതിരുന്ന നീതുവിനെ അസന്മാർഗ്ഗികതയുടെ പേരിൽ സ്കൂളിൽ നിന്നു പുറത്താ ക്കുകയും ഈ ആരോപണം നീതു വിനെ അപമാനിതയാക്കുകയും ഈ മാനസിക അവസ്ഥയെ മറികട ക്കാനാവാതെ ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്തു. അർഹ മായ ശ്രദ്ധനേടാതെ പോയ ഈ ആത്മഹത്യ പക്ഷേ (പഠിക്കാൻ ഏറെ മിടുക്കിയായിരുന്നു നീതു) പഠിക്കാത്ത കുറ്റത്തിന് ടീച്ചറുടെ വഴക്കു കേൾക്കേണ്ടിവന്ന കുട്ടി യുടെ വിവേകശൂന്യമായ സ്വാഭാ വിക അനുഭവമായാണ് വിലയിരു ത്തപ്പെട്ടത്. രജനി.എസ്.ആനന്ദിന്റെ ആത്മഹത്യ ദളിത് വിദ്യാർത്ഥിനിക ളുടെ പ്രശ്നം എന്നതിലുപരി വിദ്യാ ഭ്യാസരംഗത്തെ കച്ചവടവത്ക്കരണ ത്തിനിരയായവരുടെ പ്രശ്നമാ യാണ് വിലയിരുത്തപ്പെട്ടത്. മരണ ത്തിന്റെ തലേദിവസം രജനി എവി ടെയായിരുന്നു എന്ന അന്വേഷ ണവും മരണശേഷം നടത്ത പ്പെട്ട കന്യകാത്വപരിശോധന യും അവ ളെ ചരിത്രപാരമ്പര്യ ത്തിൽ അടയാളപ്പെടുത്തുന്ന തിന്റെ ഭാഗമാണ്. കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിലെ ക്യാമ്പസുകളിൽ ദളിത് പെൺകുട്ടി sexualy easily available ആണെന്ന ധാരണ പരക്കെ നിലനിൽക്കുന്നുണ്ട്. കോളേജ് സൗഹൃദ പ്രണയബന്ധങ്ങളിലെല്ലാം ജാതി ഒരു പ്രധാനഘടകമായി വരുന്നത് കാണാം. താരത മ്യേന സാമ്പത്തിക നിലവാര മുള്ള വിദ്യാർത്ഥിനികൾ സവർണവിദ്യാർത്ഥിനികളുടെ സ്വീകാര്യതയ്ക്കായി സ്വന്തം ഐഡന്റിറ്റി മറച്ചുവയ്ക്കാൻ ശ്രമിക്കുന്നു. വിവേചനങ്ങളെ പ്രതിരോധിക്കാൻ ശ്രമിക്കുന്ന ദളിത് വിദ്യാർത്ഥിനികളെ ഒറ്റ പ്പെടുത്തുകയും ചെയ്യുന്നു. സ്കൂൾ തലം മുതലുള്ള ഇത്തരം അനുഭവങ്ങൾ ദളിത് വിദ്യാർത്ഥികളേക്കാൾ ദളിത് വിദ്യാർത്ഥിനികളുടെ വ്യക്തി ത്വത്തെ പ്രതികൂലമായി ബാധി ക്കുന്നു. വിദ്യാഭ്യാസം ദളിത് പെൺകുട്ടിയെ പൊതുമണ്ഡല ങ്ങളിൽ സ്വീകാര്യയാക്കാൻ ഒരുക്കുന്നില്ല.

ദളിത്സ്ത്രീകൾ ഭൂരിഭാ ഗവും സാമൂഹിക സാമ്പത്തിക ലൈംഗിക ചൂഷണങ്ങൾ നേരി ടുന്ന അസംഘടിത മേഖലക ളിൽ തൊഴിലെടുക്കുന്നവരാ ണ്. തൊഴിൽ പ്രശ്നങ്ങൾക്കെ തിരെ ശബ്ദമുയർത്തുന്ന മുഖ്യധാരാ തൊഴിൽ സംഘട നകളൊന്നും തന്നെ ദളിത് സ്ത്രീപ്രശ്നങ്ങളെ കാര്യമായി എടുക്കുന്നില്ല. പരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്ന് പുറത്തുകടക്കാൻ ശ്രമിക്കുന്ന വർക്ക് പൊതുസമൂഹത്തിന്റെ അസഹിഷ്ണുത നേരിടേണ്ടി വരുന്നു എന്നതിനുദാഹരണ മാണ് ചിത്രലേഖയുടെ അനുഭ വം. പരമ്പരാഗത തൊഴി ൽമേഖലയിൽ നിന്നും ഓട്ടോ തൊഴിലാളിയായി മാറിയ ചിത്രലേ ഖയ്ക്ക് കേരളത്തിലെ പ്രമുഖ തൊഴിലാളി സൗഹൃദപാർട്ടി എന്ന റിയപ്പെടുന്ന മാർക്സിസ്റ്റു പാർട്ടിഅനുയായികൾ ഓട്ടോ ഓടി ക്കുന്നതിന് വിലക്കു കൽപ്പിച്ചു. ഇതിനെ ചോദ്യം ചെയ്ത ചിത്രലേ ഖക്കെതിരെ പ്രതികാര നടപടികൾ സ്വീകരിക്കുകയും ഓട്ടോ കത്തിക്കു കയും ചെയ്തു. ഇവിടേയും ചിത്ര ലേഖക്കെതിരെ ജാതി–സദാചാര ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. കൂടാതെ വധഭീഷണിയും. ചിത്രലേ ഖയുടെ ഈ അനുഭവം പൊതു സ്ത്രീ അനുഭവങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ദൃശ്യമാ ധ്യമത്തിൽ അവതരിപ്പിക്കപ്പെട്ടത് കാണാൻ ഇടയായി. പക്ഷേ ഈ അവതരണം മറ്റൊരതിക്രമമായാണ് അനുഭവപ്പെട്ടത്.

ഗ്രാമീണ സ്ത്രീകൾക്കുള്ള തൊഴിൽ പരിശീലനങ്ങളൊന്നും തന്നെ ദളിത്സ്ത്രീക്ക് ഗുണകരമാ കുന്നില്ല. പരിശീലനത്തിനുശേഷം ഇതരസ്ത്രീകൾക്ക് സ്വന്തം സമു ദായസ്ഥാപനങ്ങളിൽ തൊഴിൽ അല്ലെങ്കിൽ സ്വയംസംരഭകത്വം ധന സഹായത്തിനുള്ള ഈടോ ലഭിക്കു ന്നു. പക്ഷേ ദളിത് സ്ത്രീക്ക് ഇവ രണ്ടും ലഭ്യമാകുന്നില്ല. ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതിയായ 'കുടും ബശ്രീ' പദ്ധതിയും ദളിത്സ്ത്രീയെ കാര്യമായി സഹായിച്ചില്ല. പല സ്വയംസഹായസംഘങ്ങളിൽ നിന്നും കൃത്യസമയത്ത് പണംതിരി ച്ചടക്കാത്തവർ ഗ്രൂപ്പിന്റെ നില നിൽപ്പിനുതന്നെ ഭീഷണിയായവർ തുടങ്ങിയ സാമൂഹികമായ ധാരണ കളാൽ പുറത്താക്കപ്പെടുകയും ദളിത്സ്ത്രീകൾക്ക് മാത്രമായി ഗ്രൂപ്പുണ്ടാക്കേണ്ടിവരികയും ചെയ്തു. കുടുംബശ്രീ വഴി ഇതര സമുദായങ്ങളിലെ സ്ത്രീകൾ അവ രുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചപ്പോൾ പരമ്പരാഗത വൃത്തിസങ്കല്പധാര ണകളാൽ ദളിത്സ്ത്രീകൾക്ക് ഇത്തരം ഒരു സാധ്യത നഷ്ടപ്പെട്ടു. സാധാരണക്കാർക്ക് തൊഴിൽ ഉറപ്പാ ക്കുന്ന തൊഴിലുറപ്പുപദ്ധതിയിൽ കൂലി കുറവുകാരണം ദളിത്സ്ത്രീ സാന്നിദ്ധ്യം പൊതുവെ കുറവായിരു



ന്നു. എങ്കിലും ഈ പദ്ധതിയിലുൾപ്പെട്ട ദളിത്സ്ത്രീകളെ ജാതി തിരിച്ച് ഗ്രൂപ്പുകളാക്കിയത് ചില പത്രങ്ങളിലെ വാർത്തകൾ മാത്രമായി ചുരുങ്ങി. വൃത്തിഹീനവും അസുരക്ഷിതവുമായ ഇടങ്ങളിൽ തൊഴിലെടുക്കുന്ന ദളിത്സ്ത്രീകൾക്ക് ആരോഗ്യകരമായ പ്രശ്നങ്ങളും നേരിടേണ്ടിവരുന്നു.

കേരളത്തിന്റെ കാർഷിക തൊഴിൽ മേഖലയിലെ ദളിത് തൊഴിലാളി പ്രത്യേകിച്ചും ദളിത് സ്ത്രീത്തൊഴിലാളിഅസാന്നിദ്ധ്യം ഈ രംഗത്തെ പ്രതിസന്ധിക്ക് കാരണമാകുന്നുവെന്ന വാദത്തിനു പിന്നിൽ ദളിത്സ്ത്രീ ഇന്നും ചൂഷണാത്മകമായ പരമ്പരാഗത തൊഴിലിടങ്ങളിൽ നിലനിൽക്കണമെന്ന ഫ്യൂഡൽ മനോഭാവമാണ്. അതേ സമയം ഭൂരഹിത കർഷകത്തൊഴിലാളിയായ സ്ത്രീക്ക് പാട്ടഭൂമി വരെ ലഭ്യമാകാത്ത സ്ഥിതിവിശേഷമാണ് ഉള്ളത്. ഭൂപരിഷ്ക്കരണം വൻപരാജയമായിരിക്കുമ്പോൾ ദളിത് കർഷകദമ്പതികൾക്ക് മാത്രം കൃഷി ഭൂമി വാങ്ങാൻ വായ്പ/ പണം നൽകുന്ന പദ്ധതി ദളിത് സ്ത്രീക്ക് തന്റെ വിഭവാധികാരസാധ്യത ഇല്ലാതാക്കി. ഇന്നും വീട്ടുവളപ്പിലെ കൃഷിക്കാരായ അംഗീകൃത മാതൃകകളായി ഇതരസമുദായങ്ങളിലെ സ്ത്രീകൾ അവതരിപ്പിക്കപ്പെടുമ്പോൾ വീടും വളപ്പുമില്ലാതെ മൂന്ന് നാലു സെന്റുകളിൽ കർഷകത്തൊഴിലാളികളായ ദളിത്സ്ത്രീകൾക്ക് ജീവിക്കേണ്ടിവരുന്നു. ആത്മവിശ്വാസം, ഒഴിവുസമയം തുടങ്ങിയവ മാത്രം ഉപയോഗിച്ച് ഉയർന്ന വരുമാനം നേടാവുന്നതെന്ന് പ്രചരിപ്പിക്കപ്പെട്ട എൽ.ഐ.സി ഏജന്റ്സ് തുടങ്ങിയ തൊഴിലുകളിലും സാമൂഹിക ബന്ധങ്ങളില്ലാത്ത ദളിത് സ്ത്രീ പരാജയപ്പെട്ടു. സർക്കാർ ജോലികളിലെ അവളുടെ പ്രാതിനിധ്യം പ്രധാനമായും ക്ലാസ് ഫോർ ജീവനക്കാരിയായാണ്. സവർണമധ്യവർഗ്ഗഉദ്യോഗസ്ഥകൾക്കിടയിൽ ദളിത്ഉദ്യോഗസ്ഥസ്ത്രീകൾ അന്യവത്ക്കരിക്കപ്പെടുന്നു. പ്രത്യേകിച്ച് ഒരു മാനദണ്ഡം ഇല്ലെന്ന് പറയപ്പെട്ടിരുന്ന സെയിൽസ് ഗേൾസ് തസ്തികകളിൽ നിന്നു പോലും ദളിത്പെൺകുട്ടികൾ/സ്ത്രീകൾ മാറ്റിനിർത്തപ്പെടുന്ന പ്രവണത ഏറി വരുന്നു. ജാതീയതയും വരേണ്യസൗന്ദര്യസങ്കൽപ്പങ്ങളും അധീശത്വം നേടുന്ന പുതിയ തൊഴിൽ മേഖലകളിൽ ദളിത് പെൺകുട്ടി/ സ്ത്രീകളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാകുന്നു.

ബസ്യാത്രകളിൽ ദളിത് സ്ത്രീകൾക്ക് സീറ്റ് നൽകാൻ വിസമ്മതിക്കുന്ന അസഹിഷ്ണുത മറ്റു പൊതു ഇടങ്ങളിലേക്കും വ്യാപിക്കുന്നതായി കാണാം. പൊതുസമൂഹത്തിന്റെ മാലിന്യങ്ങളേറ്റു വാങ്ങേണ്ടിവരുന്ന കനാൽ, തോട് തുടങ്ങിയ ദളിത്ജീവിതപരിസരങ്ങൾ ആരോഗ്യകേരളത്തെ രോഗാതുരമാകുന്ന പകർച്ച വ്യാധികളുടെ ഉറവിടങ്ങളാണെന്ന പ്രബലമായ ആരോപണം ദളിത്സമൂഹത്തിന്റെ പ്രത്യേകിച്ചും ദളിത് സ്ത്രീയുടെ വൃത്തിസങ്കല്പധാരണയെ ലക്ഷ്യം വയ്ക്കുന്നതാണ്. സമ്പൂർണ്ണ ശുചിത്വയജ്ഞങ്ങൾ വ്യാപകമായിരിക്കുന്ന കേരളസമൂഹത്തിൽ മതിയായ സാനിറ്റേഷൻ സൗകര്യങ്ങളില്ലാതെ ദളിത്സ്ത്രീകൾ ബുദ്ധിമുട്ടുന്നു. സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങൾ വെള്ളപ്പൊക്കം പോലുള്ള മഴക്കാല കെടുതികൾ തുടങ്ങിയവയുടെ ഭാഗമായ അഭയാർത്ഥി ക്യാമ്പുകളിലും മറ്റും തുടരുന്ന ഈ വൃത്തിസങ്കല്പധാരണ മിശ്രവിവാഹത്തിലെത്തുമ്പോൾ സാമുദായികശുദ്ധിയുടെ തന്നെ ചോദ്യമാകുന്നു. ആശുപത്രികളിൽ ദളിത്/ആദിവാസി സ്ത്രീകൾ ചികിത്സ കിട്ടാതെ മരിക്കേണ്ടിവരുന്നത് സ്വാഭാവികവാർത്തകളായി മാറ്റി നിർത്തപ്പെടുന്നു. ദളിത്സ് ത്രീയുടെ ശരീരഘടനയെ ലൈംഗികത്തൊഴിലാളികളുടേതിനു സമാനമായാണ് കാണുന്നത്. ഇത്തരം ധാരണകൾ അവളുടെ സഞ്ചാരസ്വാതന്ത്ര്യത്തേയും യാത്രാവേളകളിലെ അതിക്രമങ്ങളെയും സ്വാഭാവികവത്ക്കരിക്കുകയും ചെയ്യുന്നു.

പൊതുമണ്ഡലങ്ങളിലെ അനുഭവങ്ങൾക്കെതിരെ, മനോഭാവങ്ങൾക്കെതിരെ കലഹിക്കുന്ന ദലിത് ആൺകുട്ടിക്ക്/പുരുഷന് സംഘം ചേരൽ, എഴുത്ത്, വായനതുടങ്ങിയ സാധ്യതകൾ നിലനിൽക്കുമ്പോൾ Assertive ആയ ദലിത്പെൺകുട്ടിക്ക്/ സ്ത്രീക്ക് അതിജീവനത്തിനുള്ള അത്തരം സാധ്യതകൾ ദുർലഭമാണ്.

**പെൺപക്ഷം**





കെ.അജിത

# ഇന്ത്യ എങ്ങോട്ട്?

**ഇക്കഴിഞ്ഞ മാ**സം ലോകം ഏറെ ചരിത്രസംഭവങ്ങളിലൂടെ കടന്നുപോയി. അമേരിക്കൻ പ്രസിഡണ്ടായി ഒബാമ തന്നെ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ഗാസയിലെ പലസ്തീൻ ജനതക്കുമേൽ ഒരാഴ്ചയിൽ ആയിരമെന്നോണം ബോംബാക്രമണങ്ങൾ നടത്തി ഇസ്രായേൽ മാനവരാശിക്ക് ഒരിക്കലും ഉണങ്ങാത്ത, രക്തം വാർന്നൊലിക്കുന്ന ആഴമേറിയ മുറിവുകളുണ്ടാക്കി. ഡെമോക്രാറ്റായ, കറുത്തവർഗ്ഗക്കാരനായ ഒബാമ പക്ഷെ, ലോകജനതയുടെ അതിശക്തമായ പ്രതിഷേധങ്ങളെ ഒട്ടുംതന്നെ ഗൗനിക്കാതെ ഈ സയണിസ്റ്റ് കടന്നാക്രമണത്തെ അനുകൂലിച്ചു!

സവിത ഹാലപ്പനവർ എന്നു പേരുള്ള ഒരു യുവ ദന്തഡോക്ടർ അയർലന്റിൽ ഇതിനിടയ്ക്ക് ജീവിക്കാനുള്ള ഒരു മനുഷ്യന്റെ ഏറ്റവും പ്രാഥമികവും മൗലികവുമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടുകൊണ്ട് ദാരുണമായി മരണമടഞ്ഞു. സ്ത്രീയുടെ പ്രത്യുൽപാദനപരമായ അവകാശങ്ങളെ മതമൗലികവാദപരമായ സമീപനത്തിലൂടെ എല്ലായ്പ്പോഴും എതിർത്ത കത്തോലിക്കസഭ ഭരിക്കുന്ന ഐർലെന്റിൽ സെപ്റ്റിസെമിയ എന്ന മാരകരോഗം പിടിപെട്ട സവിതയുടെ ജീവൻ രക്ഷിക്കാനാണെങ്കിൽ പോലും ഗർഭഛിദ്രം നടത്തുകയില്ലെന്ന് ആശുപത്രി അധികൃതർ വാശിപിടിച്ചു. അത്യന്തം നീചമായ ഈ നടപടി പ്രത്യുൽപാദനഅവകാശങ്ങൾ സ്ത്രീക്ക് എപ്പോഴും നിഷേധിച്ചിട്ടുള്ള പുരുഷാധിപത്യതാല്പര്യങ്ങളും സ്ത്രീക്ക് ഒരു അടിമയുടെ പദവിമാത്രം നൽകിയിട്ടുള്ള മതതാല്പര്യങ്ങളും തമ്മിലുള്ള വിചിത്രവും അവിശുദ്ധവുമായ കൂട്ടുകെട്ടിന്റെ ഉത്തമദൃഷ്ടാന്തമാണ്. ഇതു മെഡിക്കൽഎതിക്സിനുതന്നെ എതിരാണ്. ഇതിനെതിരായി ലോകം മുഴുവനും ശക്തമായ പ്രതിഷേധങ്ങൾ ഇപ്പോഴും അലയടിച്ചുകൊണ്ടിരിക്കുന്നു. അയർലെന്റിന്റെ നിയമം ഭേദഗതി ചെയ്യാനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു.



ഇതിനിടെ ബാൽതാക്കറെ എന്ന ശിവസേനാമേധാവിയുടെ മരണമാണ് മറ്റൊരു 'സംഭവം'. ഒരു നേതാവു മരിച്ചാൽ രാജ്യം മുഴുവനും ബന്ദ് നടത്തുന്നത് എന്തിന് എന്ന് ഷാഹിൻ ദാദ എന്ന ഒരു പെൺകുട്ടി ഫെയ്സ് ബുക്കിലൂടെ ചോദിച്ചുപോയി. അവളുടെ കൂട്ടുകാരി അതിന് ലൈക്കും അടിച്ചു. ഒരു ജനാധിപത്യരാജ്യത്ത് കേട്ടുകേൾവി പോലുമില്ലാത്ത വിധത്തിൽ ഈ ഒറ്റ അഭിപ്രായപ്രകടനത്തിന്റെ പേരിൽ ഈ കുട്ടികളെ പോലീസ് അറസ്റ്റുചെയ്തു ലോക്കപ്പിലിട്ടു. മഹാരാഷ്ട്ര പ്രാദേശികവാദത്തിന്റെയും ഏറ്റവും തീവ്രമായ ഹിന്ദുവർഗ്ഗീയതയുടെയും, എല്ലാറ്റിലുമുപരി ഹിറ്റ്ലറുടെ ആരാധകനുമായ ബാൽതാക്കറെ മരിച്ചതിന് ഭൂമിയിലെല്ലാവരും ദുഃഖിക്കണമെന്ന് നിർബന്ധം പിടിക്കുന്ന ഈ സവർണ്ണ ഫാസിസ്റ്റ് തിട്ടൂരങ്ങളെ 'രാജാവ് നഗ്നനാണ്' എന്ന് വിളിച്ചുപറയുന്ന പുരാണകഥയിലെ കുട്ടിയെപ്പോലെ നിഷ്കളങ്കമായി ചോദ്യം ചെയ്ത ഈ കുട്ടികളെ ഇത്ര ക്രൂരമായി പീഡിപ്പിച്ച ഇന്ത്യൻ ഭരണകൂടം ഫാസിസത്തിന്റെ ദ്രംഷ്ട്രങ്ങളെയല്ലെ ഇപ്പോൾ വെളിവാക്കിയത്. കാലം മുന്നോട്ടുപോകുമ്പോൾ ഇന്ത്യയുടെ പോക്ക് എങ്ങോട്ടായിരിക്കുമെന്നതിന്റെ സൂചനകളാവാം ഇതെല്ലാം...



ഓർമ്മക്കുറിപ്പ്



# കല്ലയും മാലയുംസമരം

## -കൊച്ചുകാളി അമ്മയുടെ ഓർമ്മകളിലൂടെ



**സതി അങ്കമാലി**

**അടിമവംശത്തിൽ പിറന്നതുകൊണ്ട് സ്ത്രീകൾക്ക് മാറുമറയ്ക്കാൻ മുണ്ടും റൗക്കയും ഉപയോഗിക്കാൻ ജാതിമേധാവികൾ അനുവദിച്ചില്ല. പകരം വെള്ളാരം കല്ലു കെട്ടിയുണ്ടാക്കിയ മാലകളും ചെളിപുരണ്ട ഒറ്റമുണ്ട് മുട്ടിന് മുകളിൽ ഉടുക്കാനുമായിരുന്നു താഴ്ന്നജാതിയിലെ സ്ത്രീകളുടെ വിധി. ഇത്തരം ഹീനവിധികളെ തകർത്ത് തരിപ്പണമാക്കാൻ അയ്യൻകാളിയുടെ നേതൃത്വത്തിൽ കൊല്ലം ജില്ലയിലെ പെരിനാട് മുതൽ വടക്ക് തിരുവിതാംകൂറിന്റെ ഇങ്ങേയറ്റം വരെ പടർന്നുപിടിച്ച സമരാഗ്നി.**

**ആയിരത്താണ്ടുകളുടെ** മനുഷ്യാവകാശ ലംഘനത്തിനും ജാതീയതക്കുമെതിരെ മഹാത്മാഅയ്യൻകാളി ഊതിവിട്ട തീകാറ്റായിരുന്നു.1915ലെ കൊല്ലം പെരിനാട് കലാപം അഥവാ മാറുമറയ്ക്കൽ കലാപം.

അറിവും അധികാരവും അഭിമാനവും നഷ്ടപ്പെട്ട് ചന്തകളിൽ നിന്ന് ചന്തകളിലേക്ക് വിറ്റു – വാങ്ങേണ്ട ചരക്കായും കഴുത്തിൽ നുകം വെച്ച് കാലിക്കൊപ്പം നില മുഴാനും ജാതിമേധാവിത്വം വിധികൽപ്പിച്ച ഇൻഡ്യയിലെ അടിസ്ഥാനവർഗ്ഗം. അതോടെ ഒരു മാറ്റത്തിന്റെ പാതയിൽ പ്രവേശിച്ചു. 1857ൽ അടിമത്വ നിരോധനനിയമം നിലവിൽവന്നെങ്കിലും കറുത്ത മനുഷ്യരായ അടിമകൾക്ക് സാമൂഹിക ജീവിതത്തിന് മാറ്റം വരുത്തുവാൻ ക്രൂരന്മാരായ ഹൈന്ദവരാജാക്കന്മാർ അനുവദിച്ചില്ല. അടിമവംശത്തിൽ പിറന്നതുകൊണ്ട് സ്ത്രീകൾക്ക് മാറുമറയ്ക്കാൻ മുണ്ടും റൗക്കയും ഉപയോഗിക്കാൻ ജാതിമേധാവികൾ അനുവദിച്ചില്ല. പകരം വെള്ളാരംകല്ലു കെട്ടിയുണ്ടാക്കിയ മാലകളും ചെളിപുരണ്ട ഒറ്റമുണ്ട് മുട്ടിന് മുകളിൽ ഉടുക്കാനുമായിരുന്നു താഴ്ന്നജാതിയിലെ സ്ത്രീകളുടെ വിധി. ഇത്തരം ഹീനവിധികളെ തകർത്ത് തരിപ്പണമാക്കാൻ അയ്യൻകാളിയുടെ നേതൃത്വത്തിൽ കൊല്ലം ജില്ലയിലെ പെരിനാട് മുതൽ വടക്ക് തിരുവിതാംകൂറിന്റെ ഇങ്ങേയറ്റം വരെ പടർന്നുപിടിച്ചു സമരാഗ്നി.

ആയിരക്കണക്കിന് സ്ത്രീകൾ കല്ലുമാലകൾ പൊട്ടിച്ചെറിഞ്ഞ് മുണ്ടും റൗക്കയും ധരിച്ചു. വിറളിപിടിച്ച ജാതി ഭ്രാന്തന്മാർ നിരവധി അമ്മമാരുടെയും സഹോദരിമാരുടെയും മുലകൾ ഛേദിച്ചു കളഞ്ഞു. മാനംമറച്ച കുറ്റത്തിന് നിരവധി പേർക്ക് സ്വന്തം ഭവനവും അമ്മയും അച്ഛനും സഹോദരന്മാരും നഷ്ടപ്പെട്ടു. ചോരയിലും കണ്ണീരിലും കുതിർന്ന ഓർമ്മകളുമായി 'ഒരമ്മ' സാക്ഷ്യപ്പെടുത്തുന്നു....! അടയാളപ്പെടുത്തുന്നു!

എറണാകുളം ജില്ലയിൽ ആലുവ താലൂക്ക് കീഴ്മാട് പഞ്ചായത്തിലെ മൊളകോളി വീട്ടിൽ പേങ്ങന്റേയും



കാളിയമ്മ

**സമ്മേളനസ്ഥലത്ത് കൊച്ചുകാളിയെന്ന അമ്മയുടെ കല്ലുമാലയും തോടയും വലിച്ചു പൊട്ടിച്ചെറിഞ്ഞ അയ്യങ്കാളി "ഇതൊന്നുമിനിവേണ്ട, റൗക്കയും മുണ്ടും ധരിക്കണം" എന്നു പറഞ്ഞുകൊണ്ട് കുറച്ചുരൂപ കൊച്ചുകാളിയെ ഏൽപ്പിച്ചു. ഇതുപറയുമ്പോൾ ആ അമ്മയുടെ മുഖത്ത് അഭിമാനവും ആദരവും മാറിമാറി ഉദിച്ചുയരുന്നുണ്ടായിരുന്നു.**

പള്ളികുറുംബയുടെയും 7 മക്കളിൽ മൂന്നാമത്തെ മകളാണ് കൊച്ചുകാളി. 100ലേറെ വയസ്സുപ്രായമുള്ള ഈ അമ്മയ്ക്ക് കല്ലുമാല സമരത്തെക്കുറിച്ച് പറയുമ്പോൾ വാക്കുകൾ തികയുന്നില്ല! 21-ാം വയസ്സിൽ കീഴ്മാട് പഞ്ചായത്തിലെ ബംഗ്ലാവുപറമ്പു വീട്ടിലെ പള്ളിയുടെ ജീവിതപങ്കാളിയായി. 24-മത്തെ വയസ്സിൽ ആദ്യകുഞ്ഞ് ജനിച്ചു. ഇതേ കാലഘട്ടത്തിലാണ് പെരിനാട് കലാപം തിരുവിതാംകൂറിന്റെ വടക്കേ ഭാഗത്തേക്ക് പടർന്നു പിടിച്ചത്. അയ്യൻകാളി ബംഗ്ലാവുപറമ്പിൽ വീട്ടിൽ വന്നു താമസിച്ചതും സാധുജനപരിപാലനസംഘത്തിലേക്ക് യുവാക്കളെ ബോധവത്ക്കരിച്ചതും ഈയവസരത്തിൽ തന്നെയാണ്.

സമ്മേളനസ്ഥലത്ത് കൊച്ചുകാളിയെന്ന അമ്മയുടെ കല്ലുമാലയും തോടയും വലിച്ചുപൊട്ടിച്ചെറിഞ്ഞ അയ്യങ്കാളി "ഇതൊന്നുമിനിവേണ്ട, റൗക്കയും മുണ്ടും ധരിക്കണം" എന്നുപറഞ്ഞുകൊണ്ട് കുറച്ചുരൂപ അവരെ ഏൽപ്പിച്ചു. ഇതുപറയുമ്പോൾ ആ അമ്മയുടെ മുഖത്ത് അഭിമാനവും ആദരവും മാറിമാറി ഉദിച്ചുയരുന്നുണ്ടായിരുന്നു. കേൾക്കുന്നവരുടെ നെഞ്ചിലൂടെ വിപ്ലവത്തിന്റെ ഓട്ടുമണി കിലുക്കി ആ അമ്മ പറഞ്ഞുകൊണ്ടേയിരുന്നു. തുടർച്ചയായ മൂന്നു രാപ്പകലുകൾ അയ്യങ്കാളി സ്ത്രീകളും കുട്ടികളും യുവാക്കളുമടങ്ങുന്ന സംഘത്തോട് അറിവ് ആർജ്ജിക്കേണ്ട ആവശ്യകതയെപ്പറ്റിയും, മനുഷ്യരെന്ന നിലയിൽ തുല്യരായി ജീവിക്കാനുള്ള അവകാശത്തെപ്പറ്റിയും സംസാരിച്ചു. പിറക്കാനിരിക്കുന്ന തലമുറകൾക്കുവേണ്ടി ചോരയും ജീവനും നൽകാൻ യുവാക്കളെ ആഹ്വാനം ചെയ്തശേഷം അദ്ദേഹം സംഘത്തിന്റെ പ്രചരണാർത്ഥം 'നമ്പിയഗമ്പി' എന്ന വീട്ടിലേക്ക് പോയി. കഴിഞ്ഞുപോയ മൂന്നുദിവസം മഹാത്മാ അയ്യങ്കാളിക്ക് ചെമ്മീൻപൊടിച്ച ചമ്മന്തി കൂട്ടി ചോറു കൊടുത്തതും മറ്റു പെണ്ണുങ്ങളെപ്പോലെ അടിയാളപ്പെണ്ണുങ്ങളും അഭിമാനത്തോടെ മുണ്ടും റൗക്കയും ധരിച്ചതും ഇന്നും വ്യക്തമായി ഓർത്തുകൊണ്ട് കൊച്ചുകാളിയെന്ന അമ്മ പറഞ്ഞുകൊണ്ടേയിരുന്നു... "കർത്ത് പൊക്കൊള്ള ആളാണ് അയ്യങ്കാളി. മോത്ത് നോക്കണോങ്കി... ദേ ഇങ്ങനെനോക്കണം (തലയുയർത്തി മുകളിലേക്ക് നോക്കുന്നു). റൗക്കേം മുണ്ടും ഉടുത്തപ്പോ പേടീണ്ടാർന്ന്. ജാതിക്കാര് നുമ്മളെ വട്യോണ്ട് തല്ലേം കുത്തേം ഒക്കെ ചെയ്യോ. എങ്കിലും അയ്യങ്കാളി പറഞ്ഞപ്പോ പേട്യൊക്കെ പോയി. ചെർപ്പം മൊതല് അച്ഛന്റേം അമ്മേടേം കോടെ പാടത്തെറങ്ങീതാ. കൊയ്തുംമെതിച്ചും ഞാറു നട്ടും... അന്ന് കൂല്യൊന്നുംല്ല്യ... അന്തിപ്പാതിരക്ക് പണി കേറുമ്പം നാഴി നെല്ലുകിട്ടും. അതു വറുത്ത് കുത്തി കഞ്ഞിവെക്കുമ്പോഴേക്കും പുള്ളങ്ങളൊക്കെ ഒറങ്ങീണ്ടാവും.... മഴക്കാലത്ത് പെരേലൊക്കെ വെള്ളംകേറും. മഴമാറണ നോക്കി വെള്ളം കോരിക്കളഞ്ഞ് ചാക്കുവിരിച്ച് പുള്ളങ്ങളെ കെടത്തുമ്പളേക്കും നേരം പെലാലിയായിണ്ടാവും.... പിന്നെ പോണ്ടെ പാടത്തേക്ക്".

ഇന്ത്യ എന്ന രാജ്യം നമ്മുടെയൊക്കെ മനസ്സിൽ സ്ത്രീരൂപകമായിട്ടാണ് നിലകൊള്ളുന്നത്. മാതൃഭൂമിയായി, ഭാരതാംബയായി, അമ്മയായി ആദരിക്കപ്പെടുമ്പോൾ ഇത്തരം അമ്മമാർ ഇന്നും കാഴ്ചക്കപ്പുറമാണ്, തീണ്ടാപ്പാടകലെയാണ്. ഭരണഘടനയുടെ പ്രാരംഭത്തിൽ നാല് മൂല്യവത്തായ ആദർശങ്ങളെപ്പറ്റി എടുത്തുപറഞ്ഞിട്ടുണ്ട്. നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം. ഇത് ഇന്ത്യക്കാരുടെ സ്വപ്നങ്ങളുടെ പവിഴം നിറച്ച കടലാണ്. ഇന്നത് വറ്റിവരണ്ടിരിക്കുന്നു.

അതുകൊണ്ടാണല്ലോ.

കാലാന്തരപെരുക്കങ്ങളുടെ പെരുമയായി കൂട്ടുമ്പോഴും കൊച്ചുകാളിയെന്ന കർഷകതൊഴിലാളിക്ക് അർഹിക്കുന്നതൊന്നും ലഭിച്ചിട്ടില്ലാ എന്ന് പറയേണ്ടി വരുന്നത്.

ഭരണഘടനയും ഭരണവർഗ്ഗവും തമ്മിലുള്ള അകലം കൂടുന്തോറും സാമൂഹ്യനീതിയുടെ വിത്ത് കിളിർപ്പിച്ച ഈ പച്ചമണ്ണ്... ഉണങ്ങിവരണ്ട് വേരുകളില്ലാതാവും...

പിന്നീട്,

''ഉന്മൂലനത്തിനുശേഷം
ടതളിവെടുപ്പും വിളവെടുപ്പും കഴിഞ്ഞ്
ആഖ്യാനവും വ്യാഖ്യാനവും കഴിഞ്ഞ്
അവലോകനവും പരമ്പരയും കഴിഞ്ഞ്
പ്രതികരണവും പംക്തിയും.
വിമർശനവും കഴിഞ്ഞ്
പൊതുഇടങ്ങളിലങ്ങനെ
ശുദ്ധസത്യത്തെ പറഞ്ഞ് നിങ്ങൾ...''

(ഡോ.എം.ബി മനോജിന്റെ 'സത്യം' എന്ന കവിതയിൽ നിന്ന്)

ഓർമ്മക്കുറിപ്പ്



ചെല്ലമ്മ

# അമ്മവഴി ഓർമ്മകൾ

## കൊമരകം ചെല്ലമ്മയുടെ ഓർമ്മകൾ

**അമ്മയുടെ** പേര് ചിന്ന. കൊമരകം ചിന്നയെന്ന് വിളിച്ചിരുന്നു. പിന്നീട് കൊമരകത്തമ്മയെന്നും അറിയപ്പെട്ടു. അപ്പൻ കൊച്ചാല. കൊമരകത്തായിരുന്നു താമസം. അമ്മ ചെങ്ങളത്തുകാരിയും. പത്ത് പതിനാറ് വയസ്സുള്ളപ്പോൾ അമ്മയുടെ കല്യാണം കഴിഞ്ഞു. ഒരു വള്ളത്തിലാണ് കൊമരകത്തേക്ക് പോയത്. നാടുനീളെ സുവിശേഷ പ്രസംഗങ്ങൾ നടക്കുന്ന കാലമായിരുന്നു അത്. അയിരൂർ വല്യച്ചനും പുഞ്ചമണ്ണിൽ മാമനുപദേശിയും കെ.വി സൈമണുമെല്ലാം അക്കാലത്തെ പ്രശസ്തരായ സുവിശേഷകരാണ്. രക്ഷയെ കുറിച്ചാണ് സുവിശേഷം. പള്ളിക്കാരിൽ ഏറെയും തമ്പുരാക്കൻമാരായിരുന്നു. തമ്പുരാനൊരുപള്ളി. അടിയാനൊരുപള്ളി. പള്ളിയിൽ പോയാലും ഇല്ലെങ്കിലും തമ്പുരാന്റെ അടിമകൾക്കെല്ലാം ക്രിസ്ത്യൻ പേര്. അവർ ക്രിസ്ത്യാനികളായിരുന്നു. അവർ അമ്മയെ സാറയെന്ന് വിളിച്ചു.

**2. മലവെള്ളത്തിന്റെ ഇരമ്പൽ**

മലവെള്ളത്തിന്റെ ഇരമ്പൽ പോലെയായിരുന്നു അപ്പച്ചന്റെ ശബ്ദം മുഴങ്ങിയത്. വേദമെടുത്തവരും വേദമില്ലാത്തവരും ആകെ കുഴങ്ങിപ്പോയി. അവരു പറഞ്ഞു. തെക്ക് നിന്നൊരു പറയനുപദേശി വരും. പറയനുപദേശി വന്നാൽ യോഗം നടത്തും. പൊയ്കയുടെ ഉപദേശം ദുരുപദേശമാണ്. അവൻ അന്തിക്രിസ്തുവാണ്. എന്നാൽ യോഗത്തിനുണ്ടോ കുറവ്. അപ്പച്ചന്റെ യോഗമുണ്ടെങ്കിൽ ആ വിവരം കാട്ടുതീപോലെ പടരും. പാടത്ത് പണിയെടുക്കുമ്പോൾ ചെവിമാറി പറഞ്ഞ് പറഞ്ഞ് നമ്മുടെ ആൾക്കാരെല്ലാം അതറിയും. ചിലപ്പോൾ വീടുകളിൽ, അല്ലെങ്കിൽ വെളിമ്പ്രദേശത്ത്, ചന്തയിൽ, കാളചന്തയിൽ ഒക്കെയാണ് യോഗം നടക്കുന്നത്. പുല്ലുവിൽക്കാൻ അമ്മമാരും കാളയെ കൊണ്ടുവരുന്ന അപ്പൻമാരും ചന്തയിൽ എത്തുമ്പോൾ അപ്പച്ചന്റെ പാട്ട് മുഴങ്ങും. പാട്ട് കേട്ട് അവർ സങ്കടപ്പെടും. ഉല്ലാസപ്രസംഗം കേട്ട് ചിന്ത നിലച്ചു പോകും. ഒടുവിൽ മിക്കയോഗങ്ങളും അടിലഹളയിലാണ് അവസാനിക്കാറ്.

**3. നിലവിളികളുടെ രാത്രികൾ**

പാത്തുംപതുങ്ങിയുമാണ് പലരും യോഗം കേൾക്കാൻ വരുന്നത്. തമ്പുരാക്കൻമാരെ ഭയപ്പെട്ട് പാത്തും പതുങ്ങിയും വരുന്നവരുണ്ട്. രഹസ്യമാറിയാൻ ഒളിച്ചുവരുന്നവരുമുണ്ട്. കൊമരകത്ത് ഒരു രാത്രിയിലാണ് എന്റെ അമ്മയും അപ്പച്ചന്റെ യോഗം കേൾക്കുന്നത്. അടിമയുടെ നിലവിളി കേട്ട് ചങ്ക് തകർന്നുപോയെന്നാണ് അമ്മ പറഞ്ഞത്. നിലവിളക്കുമില്ല. മെഴുകുതിരിയുമില്ല. പെരുവെള്ളത്തിന്റെ ഇരമ്പൽ പോലെ ഒരു ശബ്ദം മാത്രം. കറുത്തുകുറുകിയ ഒരു ശരീരം മാത്രം. അടിമ സഹിച്ചതും കരിഞ്ഞ ശരീരവും കഴുത്തിൽ നുകം വെച്ച തഴമ്പുകളും. കൂട്ടനിലവിളിയുടെ ആ രാത്രിയിൽ അമ്മയും പൊയ്കയിൽ അപ്പച്ചനെ ദൈവമായി സ്വീകരിച്ചു.

**4. പൊയ്കകൂട്ടർ**

പൊയ്ക കൂട്ടരെ പെട്ടെന്ന് തിരിച്ചറിയാൻ കഴിയും. മുഖത്തൊരു പ്രകാശമാണ്. തല ഉയർത്തിപിടിച്ചേ നടക്കൂ. അലക്കിവെളുപ്പിച്ച തുണിയേ ഉടുക്കൂ. കാളയിറച്ചിയും പോത്തിറച്ചിയും ഭക്ഷിക്കില്ല. ആരോടും തർക്കിക്കാൻ തയ്യാറാണ്. എന്തിന്, ഭക്ഷണം കഴിക്കുമ്പോൾ ഒരു മണി ചോറു പോലും നിലത്തുവീഴുകയില്ല. അത്രയ്ക്ക് വെടിപ്പും വൃത്തിയുമാണ്. പൊയ്ക കൂട്ടരാണന്നറിഞ്ഞാൽ തമ്പുരാക്കൻമാർ പണിക്ക് വിളിക്കില്ല. തക്കം കിട്ടിയാൽ ഉപദ്രവിക്കും. നമ്മുടെ വർഗ്ഗക്കാർക്കും പൊയ്കകൂട്ടരെ വെറുപ്പാണ്. പറയന്റെ പിന്നാലെ പോയവരെന്നു പുലയർ പഴിക്കും. പുലയരോടും കുറവരോടും കൂടുന്നവരെന്ന് പറയർ പറയും. കുറവരും അങ്ങനെതന്നെ പറയും. വെച്ചാരാധനയെ എതിർക്കുന്നവരെന്ന് മടവതിമാർ പറയും. ദുഷ്ടസന്തതികളെന്ന് ക്രിസ്ത്യാനികൾ വിളിക്കും. അപ്പച്ചന്റെ പിന്നാലെ ഇറങ്ങി തിരിച്ചവരെല്ലാം ഒരു കൂട്ടമായിട്ടാണ് നിലകൊണ്ടത്. പൊയ്കുട്ടരെന്നും അപ്പച്ചൻ സഭക്കാർ എന്നും അവരെ വിളിച്ചു. നമ്മുക്ക് കെട്ടുറപ്പ് ആയതിന് ശേഷമാണ് പ്രത്യക്ഷരക്ഷാദൈവസഭക്കാർ എന്ന് അറിയപ്പെടാൻ തുടങ്ങിയത്.

5. നടത്തിപ്പുകാർ അമ്മ പ്രത്യക്ഷരാക്ഷാദൈവസഭയുടെ നടത്തിപ്പുകാരിയായി മാറി. ഓരോ പ്രദേശത്തും സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് നടത്തിപ്പുകാരാണ്. ആണും പെണ്ണമടങ്ങുന്ന ഒരു ചെറിയ സംഘമാണ് നടത്തിപ്പുകാർ. അന്ന് അങ്ങനെയാണ് നടത്തിപ്പുകാർ, പാട്ടുകാരുണ്ട്, സഞ്ചരിച്ച് യോഗം നടത്തുന്ന ഉപദേഷ്ടാക്കൾ ഉണ്ട്. രക്ഷാ നിർണ്ണായ യോഗം നടത്താൻ ചുമതലപ്പെട്ടവർ വേറെയുണ്ട്. കൂടാതെ അപ്പച്ചന് അംഗരക്ഷകരുമുണ്ട്. യോഗം നടത്തുന്നതിന്റെ ചുമതല നടത്തിപ്പുകാർക്കാണ്. സ്ഥലം കണ്ടുപിടിക്കണം. പന്തലും പന്തവും തയ്യാറാക്കണം. ഭക്ഷണം പാകം ചെയ്യാൻ സ്ഥലമൊരുക്കണം. അരിയും വിറകും ശേഖരിക്കണം. അപ്പച്ചന് താമസിക്കാൻ വീടൊരുക്കണം. അപ്പച്ചൻ തന്നെയല്ല വരുന്നത്. ഒരു സംഘമായിട്ടാണ് വരവ്. എതിർപ്പുകൾ ഉണ്ടാകുമോ എന്ന് മുൻകൂട്ടി അറിയണം. അങ്ങിനെ ഒട്ടേറെ ജോലികളുണ്ട് നടത്തിപ്പുകാരിൽ പ്രധാനികളും യോഗം നടത്തും. അമ്മയും യോഗങ്ങൾ നടത്തിയിട്ടുണ്ട്. നല്ലപോല പാട്ടും പാടും കുഴിയടിയമ്മയും തേക്കാട്ടിലമ്മയും ആഞ്ഞിലിമൂട്ടിലമ്മയും കുറ്റിപൂവത്തുങ്കലമ്മയും ഒക്കെ ഠയാഗം നടത്തുമായിരുന്നു. കുഴിയടിയമ്മയെ രക്ഷാനിർണ്ണയയോഗം നടത്തുന്നതി

ന് അപ്പച്ചൻ ചുമതലപ്പെടുത്തിയിരിക്കും. അങ്ങനെയുള്ളവർക്ക് വേണ്ടി അപ്പച്ചൻ പ്രത്യേക യോഗങ്ങളും നടത്തിയിരുന്നു. 314 പേരെയായിരുന്നു ഇതിനായി അപ്പച്ചൻ തെരഞ്ഞെടുത്തിരുന്നത്. രക്ഷാനിർണ്ണയയോഗത്തിലൂടെയാണ് ഒരാൾ പ്രത്യക്ഷരക്ഷാസഭയിൽ അംഗമാകുന്നത്. രക്ഷാനിർണ്ണയയോഗത്തിൽ രക്ഷയുടെ ഉറപ്പിനെകുറിച്ചാണ് സംസാരിക്കുന്നത്. ലോകത്തിന്റെ രക്ഷാനിർണ്ണയയോഗം. തേക്കാട്ടിലമ്മ ഒരു അഭ്യാസി കൂടിയായിരുന്നു. അങ്ങനെ എത്രയോ അമ്മമാർ കടന്നുപോയി. ഗുരുദേവനെശത്രുക്കളുടെ കൈയിൽനിന്ന് രക്ഷിക്കാൻ ആദിച്ചൻ എബ്രഹാമിന്റെ നിലവറകുഴിയിൽ ഒളിപ്പിച്ച് കൊയ്ത്തരിവാളുമായി കാവൽനിന്നത് അമ്മമാരാണ്. ശത്രുക്കളുടെ അടിയേറ്റ് വേട്ടിയാട് ഒരമ്മ മരിച്ചതും മറക്കാൻ കഴിയില്ല.

**6. മറ്റമ്മയുടെ മരണം**

പന്തലുകെട്ടിയുള്ള യോഗമാണ്. ആണും പെണ്ണും രണ്ട് വശത്തായി പന്തിയിരിക്കുന്നു. നടുവിലൂടെ ഒരു വഴിയാണ്. കുട്ടികളൊക്കെയായിട്ടാണ് അന്ന് യോഗത്തിനെത്തുന്നത്. യോഗം ചിലപ്പോൾ ആഴ്ച്ചകളോളം നീളും. പകൽ പണിക്ക് പോകും. പണി കഴിഞ്ഞ് കുളിച്ച് വൃത്തിയായി യോഗത്തിനെത്തും. വെപ്പുംകുടിയുമെല്ലാം അവിടെതന്നെ. രാവും പകലും നീണ്ടുനിലക്കുന്ന യോഗവുമുണ്ട്. യോഗം കാരണം വേലക്കിറങ്ങാനാളില്ലാതെ വന്നിട്ടുണ്ട്. അങ്ങിനെ ഞാറ് കിടന്നഴുകിയപ്പോൾ തമ്പുരാൻമാർ ചട്ടമ്പികളുമായി വന്ന് യോഗസ്ഥലം ആക്രമിച്ച സംഭവം വാകത്താനത്ത് നടന്നിട്ടുണ്ട്. വെള്ളപ്പട പോലെയാണ് യോഗത്തിന് വരുന്നത്. നാനാദേശത്തതുനിന്നും വെളളമൊഴുകുന്നപോലെ നമ്മുടെ വർഗ്ഗക്കാർ യോഗത്തിൽ വരുന്നത്. കരളലിയിന്നിക്കുന്ന പാട്ടുകളാണ് പാടുന്നത്. ഉപദേശിമാർ വിഷയം തിരിച്ച് സംസാരിക്കും. യോഗത്തിനൊടുവിൽ വിഷയത്തിന്റെ മർമ്മം തെളിയിക്കാൻ അപ്പച്ചൻ പന്തലിലെത്തും. ആ സമയം സൂചി വീണാൽ അറിയും അത്രയ്ക്ക് നിശബ്ദതയാണ്. അപ്പച്ചൻ പ്രസംഗിച്ചു തുടങ്ങും. മലവെള്ളം പോലെ ശബ്ദം.

**7. കൊമരകം യാത്ര**

അമ്മ നടത്തിപ്പുകാരിയായത് അപ്പന് അത്രക്ക് ഇഷ്ടമായില്ല. അതിന് ചില കാരണങ്ങളുണ്ട്. ഒന്ന് ബന്ധുമിത്രാദികളിൽ നിന്നുള്ള എതിർപ്പ്. രണ്ട് തമ്പുരാക്കൻമാരിൽനിന്നുള്ള എതിർപ്പ്. അമ്മ യോഗത്തിന് പോകുന്നത് അപ്പൻ വിലക്കി. എന്നാൽ അമ്മ കടുകുമണിയോളം പോലും വിട്ടുമാറിയില്ല. താമസം അപ്പോഴും അപ്പനോടൊപ്പം കൊമരകത്തുതന്നെ. ഞങ്ങൾ മൂന്ന് കുട്ടികളുമുണ്ട്. അങ്ങിനെയിരിക്കെ കൊമരകത്ത് വലിയ യോഗം നടത്താനുള്ള ഒരുക്കമാണ്. അമ്മയാണ് മുഖ്യ നടത്തിപ്പുകാരി. യോഗം നടത്താൻ അപ്പച്ചൻ വരുന്നുണ്ട്. നമ്മുടെ ആൾക്കാരെല്ലാം വലിയ ആവേശത്തിലാണ്. കായൽതീരത്തോട് ചേർന്ന ഒരു പാഴ്ഭൂമിയിലാണ് യോഗ സ്ഥലമൊരുക്കിയത്. നെലം ചെത്തി മിനുക്കി മണൽവിരിച്ചു. പന്തലുകെട്ടി. പതിനാലാം നമ്പർ വിളക്കുകളും കരുതി. സന്ധ്യക്ക് മുമ്പ് ആൾക്കാർ ഒക്കെ എത്തിതുടങ്ങി. എല്ലാവരും വെറ്റിലക്കെട്ടിന്റെ അടുക്കുപോലെ പന്തിയിരുന്നു. പാട്ടുകാർ പാടിത്തുടങ്ങി. അപ്പച്ചനും അനുയായികളും എത്തുന്നതിനു മുമ്പെ അക്രമികൾ ആയുധമായി പന്തലിലേക്ക് ഇരച്ചുകയറി. പതിനാലാം നമ്പർ വിളക്ക് ചിതറി വീണു. പന്തൽ ഒടിഞ്ഞു. ആൾക്കാർ ചിതറി തെറിച്ചു. ആകെ ബഹളമായി. അതിവേഗം അമ്മയൊരു വള്ളം കായൽതീരത്ത് അടുപ്പിച്ചു. അപ്പച്ചനേയും അംഗരക്ഷകരേയും വള്ളത്തിൽ കയറ്റി. ഞങ്ങൾ രണ്ട് കുട്ടികളെയും വള്ളത്തിലിരുത്തി. ഒരു കലത്തിൽ കഞ്ഞി തിളക്കുകയാണ്. അതുവാങ്ങി വെക്കാൻ നിന്നില്ല. കായലിൽ കഴുക്കോൽ കുത്തി. ആ രാത്രി വള്ളത്തിൽ ആലപ്പുഴയ്ക്ക് തിരിച്ചു. ആലപ്പുഴയിൽ അമ്മയുടെ ഒരു അനുജത്തിയുണ്ട്. അവിടെ നമ്മുടെ ആൾക്കാരുമുണ്ട്. വള്ളം കായലിലൂടെ നീങ്ങി. ഇരുട്ടാണ്. യാത്രാമധ്യേ അപ്പച്ചൻ ഒരു പാട്ടുപാടി. "ഹിമസമയം പോയ് മഴയിതാ ശമനമായി / ഭൂമിമേൽ പുഷ്പങ്ങൾ അതിരൂപിണി' എന്ന പാട്ടാണ് പാടിയത്. അന്ന് രാത്രി ആലപ്പുഴയിൽ താമസിച്ചു. പിറ്റേന്ന് ഇരവിപേരൂരിലേക്ക് യാത്ര തിരിച്ചു. പിന്നെ അമ്മ ഒരിക്കലും കൊമരത്തേക്ക് തിരിച്ചുപോയില്ല. ഞങ്ങളും വീടും കൂടും ഉപക്ഷേിച്ചു. കൂട്ടവും ശേഷവും ഉപേക്ഷിച്ചു. ഭർത്താവിനേയും ഉപേക്ഷിച്ചു. അപ്പച്ചന്റെ പിന്നലെ ഇറങ്ങിത്തിരിച്ചു.

**8. പൊതിച്ചോറ്**

ഒരിക്കൽ അമ്മ പാടത്ത് പണിയെടുക്കുമ്പോൾ ചെളിവെള്ളത്തിലൂടെ മിന്നായം പോലൊരു വരാൽ മീൻ. അതിനെകിട്ടിയിരുന്നെങ്കിൽ അപ്പച്ചന് കറിവെച്ച് കൊടുക്കാമായിരുന്നു അമ്മ ഓർത്തു. ഓർത്തതും അരിവാൾ കൊണ്ടൊരു വെട്ട്. വരാൽ പിടഞ്ഞു. വെട്ടി കഴുകി. കൊടം പുളിയിട്ട് കറിവെച്ചു. പൊതി കെട്ടി. മൺചട്ടിയിലെ മീൻകറി വാഴയില കൊണ്ട് മൂടികെട്ടി. ഇരവിപേരൂരിലേക്ക് യാത്രയായി. അപ്പച്ചൻ ചാടി എഴുന്നേറ്റു. അമ്മ വല്ലാതെ വിഷമിച്ചുപോയി. 'ചിന്നെ ഇതിലൊരു മുടി' അപ്പച്ചൻ പറഞ്ഞു ചോറിലും മീൻകറിയിലും നോക്കാൻ പോലും മെനക്കെടാതെ അമ്മ പറഞ്ഞു. 'അപ്പച്ചാ, രക്ഷിക്കപ്പെട്ടവൾ പാകം ചെയ്താൽ അതിലൊരു മുടിപോലും വീഴുകയില്ല.' ഗുരുദേവന് വലിയ സന്തോഷമായി. അകലെ ഒരു പേഴ്മരത്തിന്റെ ചുവട്ടിൽ പൊതിച്ചോറ് കെട്ടി അമ്മ കാത്തുനിൽപ്പുണ്ടായിരുന്നു.

**10. നിശ്ചയമുള്ള സന്തതി**

ഗുരുദേവന്റെ ശരീരം വേർപാടായി. പ്രഗ്ത്ഭരായ പല ഉപദേഷ്ടാക്കൻമാരും കടന്നുപോയി. അമ്മയും മരണകിടക്കയിലായി. അമരയിലാണന്ന് താമസം. ചെറിയ ഒരു വീട്. കഷ്ടതകൾ ഏറെ. അമ്മയുടെ കാര്യമോർത്ത് ഞങ്ങൾ സങ്കടപ്പെട്ടു. എന്നാൽ അമ്മയ്ക്ക് ഒരു സങ്കടവുമില്ല. മുഖചൈതന്യത്തിന് ഒരു കുറവുമില്ല. പ്രസന്നത മാത്രം. എന്നും ഞങ്ങളെകൊണ്ട് പാട്ടുകൾ പാടിക്കും. ഒരു ദിവസം ഞാൻ അമ്മയോട് ചോദിച്ചു, "അമ്മയ്ക്ക് മരണത്തെ ഭയമുണ്ടോ?" കൊമരകത്തുനിന്നും ഞാൻ ഇറങ്ങിപുറപ്പെട്ടത് ഒരു കരിമ്പറയന്റെ പിന്നാലെയല്ല. ഒരു സത്യത്തിന് പിന്നാലെയാണ്. "എനിക്ക് ദുഃഖമില്ല. ഭയമില്ല. കുറ്റബോധമില്ല" – അമ്മ പറഞ്ഞു. ഒരു ദിവസം രാവിലെ അമ്മ ഞങ്ങളോട് പറഞ്ഞു. എന്റെ ശരീരത്തിന് വല്ലാത്ത ക്ഷീണമാണ് നിങ്ങൾ ഇരവിപേരൂരിൽ ചെന്ന് വിവരം പറയുക. മറ്റമ്മയാണ് ഇരവിപേരൂരിന് പോയത്. അമ്മച്ചിയോട് വിവരങ്ങൾ പറഞ്ഞു. അമ്മച്ചി വിശുദ്ധമണ്ഡപത്തിൽ പ്രാർത്ഥന നടത്തി. വാഴപ്പഴവും ഓറഞ്ചും ജീരകവെള്ളവും ഒരു വെള്ളമുണ്ടും കൊടുത്തുവിട്ടു. കൊച്ചോലിക്കൽ അച്ചായനാണ് അത് കൊണ്ടുവന്നത്. രണ്ടു കൈയ്യും നീട്ടി അമ്മയത് വാങ്ങി. സന്തോഷം കൊണ്ട് കണ്ണുകൾ നിറഞ്ഞു. മംഗലത്തച്ചായൻ ഒരു വരി പാട്ട് പാടി പ്രാർത്ഥിച്ചു. അമ്മയ്ക്ക് ജീരകവെള്ളം കൊടുത്തു. അമ്മ ജീരകവെള്ളം കുടിച്ചു. കട്ടിലിൽ കിടന്ന് ഉറങ്ങി. പിന്നെ ഒരിക്കലും ഉണർന്നില്ല. എനിക്കന്ന് പത്ത് മുപ്പത് വയസായി കാണും. ***(അപ്പച്ചൻ പ്രസ്ഥാനത്തിലെ സജീവ പ്രവർത്തകയും, ആത്മീയാനുയായിയും ആയ കുമരകം ചിന്നമ്മയുടെ ഈ ഓർമ്മക്കുറിപ്പ് 'പ്രത്യക്ഷരക്ഷാദൈവസഭ ഓർമ്മ, ചരിത്രം, പാട്ടുകൾ' എന്ന , ഇ.വി. അനിൽ, വി.വി. സ്വാമി എന്നിവർ ചേർന്ന് എഡിറ്റ് ചെയ്ത പുസ്തകത്തിൽ നിന്നും.)***



**സമകാലികം**

**സജിനി മാത്യൂസ്**

# ദളിത്സ്ത്രീകളും വിശ്വാസവും സഭക്കകത്തെ വിവേചനവും

**ദളിത്സ്ത്രീകളുടെ ജീവിതത്തേയും വിശ്വാസത്തേയും വേർതിരിച്ച് കാണാൻ കഴിയില്ല. പിതാക്കന്മാരോടുള്ള പ്രാർത്ഥനകളായിരുന്നു മുമ്പ് ദളിതരുടെ വിശ്വാസം. അതു കുറഞ്ഞുവന്നാണ് എല്ലാവരും ക്രിസ്തുമതം സ്വീകരിച്ചത്. ഒരർത്ഥത്തിൽ ഹിന്ദുമതവും ദളിതർ സ്വീകരിക്കുക തന്നെയാണ് ചെയ്തത്. ഹിന്ദുമതം ദളിതരുടെ മതമല്ല. അതിലെ ദൈവങ്ങളും ദളിതരുടേതല്ല.**

ദളിത്സ്ത്രീകളുടെ ജീവിതത്തേയും വിശ്വാസത്തേയും വേർതിരിച്ച് കാണാൻ കഴിയില്ല. പിതാക്കന്മാരോടുള്ള പ്രാർത്ഥനകളായിരുന്നു മുമ്പ് ദളിതരുടെ വിശ്വാസം. അതു കുറഞ്ഞുവന്നാണ് എല്ലാവരും ക്രിസ്തുമതം സ്വീകരിച്ചത്. ഒരർത്ഥത്തിൽ ഹിന്ദുമതവും ദളിതർ സ്വീകരിക്കുക തന്നെയാണ് ചെയ്തത്. ഹിന്ദുമതം ദളിതരുടെ മതമല്ല. അതിലെ ദൈവങ്ങളും ദളിതരുടേതല്ല. അവയൊക്കെ സവർണ്ണരുണ്ടാക്കിയ ദൈവങ്ങളാണ്. ദളിതർ ഹിന്ദുമതത്തിലേക്കും ക്രിസ്തുമതത്തിലേക്കും പരിവർത്തനം ചെയ്തു എന്നു പറയാം. ഹിന്ദുക്കളായിരിക്കുമ്പോഴും അതിനകത്ത് ഇപ്പോഴും ദളിതർക്ക് വിവേചനം അനുഭവിക്കേണ്ടിവരുന്നുണ്ടല്ലോ. ക്ഷേത്രങ്ങളിൽ കയറാൻ പാടില്ലാത്ത അവസ്ഥയുണ്ടായിരുന്നു. ഇപ്പോഴും ക്ഷേത്രതീരുമാനങ്ങളിലും നടത്തിപ്പിലും ദളിതർക്ക് സാധ്യതയില്ലല്ലോ? ഇതിനേക്കാളധികമാണ് സമത്വത്തിനുവേണ്ടി നിലകൊള്ളുന്നതെന്നു പറയുന്ന ക്രിസ്തുമതത്തിനകത്ത് ദളിതർ അനുഭവിക്കുന്നത്. ഞാൻ മൂന്നാംക്ലാസ്സ്മുതൽ സി.എം.എസ് പള്ളിയിലായിരുന്നു പോയിരുന്നത്. വല്യച്ചാച്ചൻ ഉടുമ്പന്നൂരിൽ നിന്നും വാഴത്തോപ്പിലേക്ക് കുടിയേറിയപ്പോൾ സെവൻത്ഡേ (Seventhday) സഭയിലേയ്ക്ക് മാറി. അടുത്തവർഷം ദളിതരെല്ലാം ചേർന്ന് Seventhdayക്ക് വേണ്ടി തറ മുതൽ പണിത് പള്ളിയുണ്ടാക്കി. അവരെല്ലാവരും ഒരു പൊതുവായ വിശ്വാസത്തിന് വേണ്ടി ഒന്നിച്ച് നിൽക്കുന്ന സമയമായിരുന്നു അത്. ഒരുപക്ഷെ അതൊരു നല്ല കൂട്ടായ്മയായിരുന്നു. അതിൽനിന്ന് അവർക്കെന്തെങ്കിലും കിട്ടും എന്ന വിചാരവും ഉണ്ടായിരുന്നു. ദൈവമാണ് എല്ലാം പരിഹരിക്കുന്നവൻ എന്നാണല്ലോ വിശ്വാസം. ആ ഒരാശ്വാസം, ആശ്രയം തേടിയുള്ള പോക്ക് എന്നതിന് അപ്പുറത്ത് എന്റെ കുഞ്ഞുനാളിൽ മറ്റൊന്നും ഇല്ലായിരുന്നു.എന്നാൽ ഇടയ്ക്ക് നമ്മളെ പ്രലോഭിപ്പിക്കാൻ ചില കാര്യങ്ങളൊക്കെ കിട്ടും എന്നവർ പറയാറുണ്ടായിരുന്നു. ചാച്ചൻ അത് ഞങ്ങളോട് പറയാറുമുണ്ടായിരുന്നു. Seventhdayക്ക് ഒത്തിരി സ്ഥാപനങ്ങൾ ഉണ്ടെന്നും കുട്ടികൾക്ക് വിദ്യാഭ്യാസവും ജോലിയും കിട്ടുമെന്നും പറഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. എന്നെ കൊട്ടാരക്കരയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വിടുന്ന കാര്യമൊക്കെ പറഞ്ഞിരുന്നു. നമ്മൾ Seventhday ൽ ചേരും എന്നായതുമുതൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് അധികാരികൾ മൗനം പാലിച്ചു തുടങ്ങി. ഇപ്പോഴും ഇതൊ



ക്കെ തന്നെയാണ് നടക്കുന്നത്.

1993 ൽ ഞാൻ എസ്.എസ്.എൽ.സി പാസായി. പൂനയിൽ നിന്നും പത്താംക്ലാസ് ജയിച്ച കുട്ടികളെ നേഴ്സിങ്ങിന് ചേർക്കാനുള്ള അറിയിപ്പ് ലഭിച്ചു. അന്നവിടെ ജോസഫ് എന്ന സുറിയാനിയായ പാസ്റ്ററായിരുന്നു ഉണ്ടായിരുന്നത്. അന്ന് ആ പ്രദേശത്ത് ദളിത് കുട്ടികളിൽ എനിക്ക് മുമ്പേ പത്താംക്ലാസ് പാസാകുന്നത് ഇടശ്ശേരിയിലെ ഇ.എ. മാത്യുവാണ്. അത് വലിയൊരു വിദ്യാഭ്യാസം അല്ലെങ്കിലും അത്രയെങ്കിലും പഠിച്ചത് ഞങ്ങളായിരുന്നു. ഞാനും പള്ളിയിൽ വരാത്ത ഒരു സുറിയാനി പെൺകുട്ടിയും നഴ്സിങ്ങിനുള്ള അപേക്ഷ കൊടുക്കാൻ തീരുമാനിച്ചു. സഭയിലിരിക്കുന്ന ചർച്ച് പാസ്റ്ററുടെ ശുപാർശക്കത്ത് അപേക്ഷയോടൊപ്പം വേണം. അതിനിടയിൽ ഞാൻ പ്രീഡിഗ്രിക്ക് ചേർന്നു. ഇടയ്ക്ക് പണിക്കുപോകും, ബാക്കി ദിവസങ്ങളിൽ ക്ലാസിലും. അപേക്ഷ കിട്ടേണ്ട അവസാന ദിവസം ഒരു പതിനൊന്നാം തീയതിയായിരുന്നു. പത്താം തീയതി വരെ ഞാൻ പാസ്റ്ററുടെ അടുത്ത് ചെന്നു. കേളേജിൽ നിന്ന് പ്രിൻസിപ്പാളിനെ കണ്ട് അനുവാദം വാങ്ങി. കാശില്ലാത്ത കാരണം ചെറുതോണിവരെ നടന്നുവേണം പാസ്റ്റർ താമസിക്കുന്ന ഇടുക്കിയിലെത്താൻ. ഞാൻ അവിടെ എത്തുമ്പോഴേക്കും അയാൾ മറ്റെങ്ങോട്ടെങ്കിലും പോയിരിക്കും. ആദ്യമൊന്നും എനിക്ക് ഇത് മനസിലായില്ല. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ സുറിയാനിക്കുട്ടിക്ക് അയാൾ കത്ത് കൊടുത്തു. അവൾ അപേക്ഷ അയക്കുകയും ചെയ്തു. അപ്പോഴാണ് അയാൾ അയാളുടെ ജാതിക്കാരിക്കാണ് കത്ത് കൊടുത്തതെന്ന കാര്യം എനിക്ക് മനസിലായത്. കിട്ടില്ലെന്നറിഞ്ഞിട്ടും അവസാന ദിവസം ഞാൻ വീണ്ടും അവിടെ ചെന്നു. ഇനി അത് അയച്ചിട്ട് കാര്യമില്ലെന്നായിരുന്നു അയാൾ അന്ന് പറഞ്ഞത്. പിറ്റേദിവസം പള്ളിയിൽ ചെന്നപ്പോൾ ഞങ്ങൾ കുറെയധികം ആളുകൾ ഉണ്ടായിരുന്നു, എനിക്ക് ഭയങ്കര ദേഷ്യം തോന്നി. പള്ളിയിൽ ഞാൻ ചിലത് പറയുമെന്ന് വീട്ടിൽ നേരത്തേ സൂചിപ്പിച്ചിരുന്നു. പാസ്റ്റർ പള്ളിയിൽ പ്രസംഗിക്കാൻ കയറുന്നതിനു മുമ്പ് ഞാൻ എഴുന്നേറ്റ്

'ഇത് പുലയർക്ക് നിർമ്മിച്ച പള്ളിയാണല്ലോ എന്നിട്ട് എന്തുകൊണ്ട് എനിക്ക് കത്ത് തരാതെ ഈ സുറിയാനി കുട്ടിക്ക് കത്തു കൊടുത്തു. അതിന്റെ കാരണം പറഞ്ഞിട്ട് നിങ്ങൾ പ്രസംഗിച്ചാൽ മതി" എന്ന് പറഞ്ഞു. പള്ളിയിൽ സ്ത്രീകൾ മിണ്ടാൻ പാടില്ല എന്ന അവസ്ഥ മുറുകെ പിടിച്ചിരുന്ന സമയമാണത്. ഞാൻ സംസാരിക്കാൻ തുടങ്ങിയപ്പോൾ തന്നെ ഒരു മൂപ്പൻ എഴുന്നേറ്റ് ഇത് സൂചിപ്പിച്ചിരുന്നു.

ഇത് സ്ത്രീകളെ സംബന്ധിച്ചാണ്, ഞാൻ ബാല്യം പിന്നിട്ടതേ ഉള്ളൂ. അതുകൊണ്ട് എനിക്കിതിന് മറുപടി കിട്ടിയേ തീരൂ എന്ന വാശിയിലായിരുന്നു ഞാൻ. ഞാനും പാസ്റ്ററും തമ്മിലുണ്ടായ വഴക്കിൽ അന്നത്തെ ആരാധനമുടങ്ങി. മൂപ്പനും മറ്റുള്ളവരും ചേർന്ന് ആരാധനനടത്തി. സത്യത്തിൽ ഞാനന്ന് പ്രാർത്ഥിച്ചില്ല. എനിക്ക് ഭയങ്കര ദുഃഖം തോന്നി. എന്റെ അവസരം നഷ്ടമായതിലുള്ള അരിശവും. അതൊക്കെ കഴിഞ്ഞ് ഞാൻ പതിയെ പള്ളിയിൽ പോകാതായി. രണ്ടാംവർഷ പ്രീഡിഗ്രി പരീക്ഷ കഴിഞ്ഞു. പരീക്ഷയിൽ ഞാൻ തോറ്റു. രണ്ടാമത് എഴുതാൻ ചാച്ചന്റെ പെങ്ങളുടെ വീട്ടിലേക്ക് മാറി താമസിച്ചു. പണിക്ക് പോകാതിരുന്നാൽ അവർ പരീക്ഷയ്ക്ക് സഹായിക്കാമെന്ന് ഏറ്റിരുന്നു. വേദനിപ്പിക്കുന്ന ഒരുപാട് അനുഭവങ്ങൾ അവിടെ നിന്ന് ഉണ്ടായെങ്കിലും രണ്ടുവർഷം ഞാനവിടെ നിന്നു. ആ അനുഭവത്തിൽ നിന്ന് ഞാൻ മനസ്സിലാക്കിയ കാര്യം ഇതാണ്. നമ്മളിലൊരാൾ രക്ഷപ്പെടും എന്നു തോന്നിയാൽ സ്വന്തം ആളുകൾക്കുപോലും സഹിക്കാൻ കഴിയില്ല. ആ വർഷം ഒന്നാം വർഷ ഇംഗ്ലീഷ് പേപ്പർ ഒഴിച്ച് ബാക്കി എല്ലാം പാസായി. പിന്നെ ഞാനത് ഉപേക്ഷിച്ചു. ഹിന്ദി വിദ്വാന് ചേർന്ന് ഒരു വർഷം പഠിച്ചു. ആ വർഷം Anert- ൽ ജോലി ലഭിച്ചു.

## ദളിത് കോളനികളിലൂടെ നടപ്പും യാത്രയും

എന്റെ നടപ്പും യാത്രയും അധികവും ദളിതരുടെ ഇടയിലൂടെയും ദളിത് കോളനികളിലൂടെയും ആയിരുന്നു. എത്ര കഷ്ടപ്പെട്ടാലും പണിയെടുത്താലും അവർക്കൊന്നും മിച്ചം വെക്കാൻ കഴിയുന്നില്ല. അപ്രതീക്ഷിതമായുണ്ടാകുന്ന അസുഖവും. അതിൽ വിശ്വാസമൊക്കെ പ്രധാന സംഗതിയാണ്. മനസ്സിന്റെ പേടിയും ധൈര്യവുമൊക്കെയാണല്ലോ ഒരാളെ രോഗിയും അല്ലാതെയും ആക്കി മാറ്റുന്നത്. ശാപം എന്നൊക്കെ പറയുന്നത്, ഉണ്ടെന്ന് വിശ്വസിക്കുന്നവരാണ് ദളിതർ.

സ്ത്രീകളധികവും അടുത്ത പറമ്പിലോ വീടുകളിലോ പണിക്ക് പോകും. ഞാൻ പണിക്ക് പോയിക്കൊ

ണ്ടിരുന്നപ്പോൾ സ്ത്രീക്ക് 50 രൂപയും പുരുഷന് 75 രൂപയുമായിരുന്നു കൂലി. പുരുഷൻ സ്ത്രീകളേക്കാൾ 25 രൂപയുടെ പണി അധികം ചെയ്യുന്നില്ലെങ്കിലും കൂലിയിൽ വ്യത്യാസമുണ്ട്. അധികം കൂലി കിട്ടിയാലും അവർ കുടിച്ചും ചീട്ടുകളിച്ചും അത് കളയും. എന്തെല്ലാം വേണ്ടാത്ത കാര്യങ്ങൾ ആളുകൾ ചെയ്യുന്നുണ്ടോ അതെല്ലാം പരീക്ഷിക്കപ്പെടുന്നത് കോളനിയിലെ മനുഷ്യരുടെ മുകളിലാണ്. ഇതെല്ലാം കുട്ടികളെ നല്ല സാഹചര്യത്തിൽ നിന്ന് അകറ്റുന്നു. ചെറിയ വരുമാനത്തിന് പിന്നാലെ പോകുന്നതാണ് ദളിത് കുട്ടികളധികവും പഠിത്തത്തിൽ പിറകിലാകാൻ കാരണം. വീട്ടിലെ കഷ്ടപ്പാട് കൊണ്ട് പണിക്കുപോകുന്ന കുട്ടികളും ഇക്കൂട്ടത്തിലുണ്ട്. സ്ത്രീകളെ സംബന്ധിച്ചാണെങ്കിൽ ലോകത്ത് ഏറ്റവും കഷ്ടപ്പാട് അനുഭവിക്കുന്നത് ദളിത് സ്ത്രീകൾ ആണ്. പൊതുസമൂഹത്തിന്റെ ഭാഗമല്ലാത്തതുകൊണ്ട് ആദിവാസി സ്ത്രീകൾക്ക് ഒരു ജോഡി ഡ്രസിലൊതുങ്ങി ജീവിക്കാൻ പറ്റും. ദളിതർ നാട്ടിലുമല്ല കാട്ടിലുമല്ല എന്നൊരവസ്ഥയിലാണ്. നല്ല വസ്ത്രം, ഭക്ഷണം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ അവർ തുടങ്ങുന്ന ശ്രമങ്ങളെല്ലാം തന്നെ ആരംഭിക്കുന്നത് അവരുടെ ഒന്നുമില്ലായ്മയിൽ നിന്നാണ്. മൂന്ന് സെന്റിലോ പുറമ്പോക്കിലോ കുടിൽ കെട്ടി താമസിക്കുന്നവർക്ക് ഒരു നേരത്തെ പച്ചക്കറി കൃഷിചെയ്യാനോ കാന്താരി മുളക് നട്ടുവളർത്താൻ പോലുമോ ഉള്ള സ്ഥലം ഉണ്ടാകാറില്ല. എത്രസ്ഥലം കുറവുള്ളവരാണെങ്കിലും സവർണ്ണർ 10–15 സെന്റ് ഭൂമിയുള്ളവരായിരിക്കും. ആ സ്ഥലത്ത് പച്ചക്കറി കൃഷിചെയ്താൽ കിട്ടുന്ന കാശെങ്കിലും അവർക്ക് മിച്ചം കാണും. അവർക്കത് മൂലധനമാക്കി മാറ്റാൻ കഴിയും. ഇതുപക്ഷെ ദളിതർക്ക് സാധ്യമല്ല. എത്ര പണിയെടുത്തിട്ടും ഇവർക്ക് ഒന്നിനും തികയുന്നില്ലെന്നാണ് മറ്റുള്ളവർ ഇവരെക്കുറിച്ച് പൊതുവേ പറയാറുള്ളത്. ദളിതരെല്ലാവരും എല്ലാം ഒന്നിൽ നിന്നാണ് തുടങ്ങുന്നതെന്നാണ് ഇതിനുള്ള മറുപടി. അവർക്ക് അവരുടെ പിതാക്കൻമാരായിട്ട് ഒന്നും സമ്പാദിച്ച്



**ഒരാണും പെണ്ണും ഒന്നിച്ച് നടന്നുപോയാൽ അവർ താഴ്ന്ന ജാതിക്കാരാണെങ്കിൽ ഉടൻ സദാചാരപ്രശ്നമാകും. ദളിതരെല്ലാം ഇങ്ങനെയുള്ളവരാണെന്ന ഒരു പൊതുധാരണ പറഞ്ഞുവെച്ചിരിക്കുകയാണ്. ഇവളങ്ങനെയാണ് എന്നു പറഞ്ഞുവെക്കുമ്പോൾ അവനും പിറകെ വരാം എന്ന ലക്ഷ്യത്തിലേക്കാണ് ഇത് പറഞ്ഞുവെക്കുന്നത്.**

വെച്ചിട്ടില്ല. അവർക്കതിന് കഴിയാഞ്ഞിട്ടോ ആരോഗ്യമില്ലാഞ്ഞിട്ടോ ആണെന്നല്ല ഞാനുദ്ദേശിച്ചത്. മറ്റുള്ളവർ അവരെക്കൊണ്ട് പണിയെടുപ്പിച്ച് ചൂഷണം ചെയ്തതുകൊണ്ട് അവർക്ക് ഒന്നും മിച്ചം പിടിക്കാൻ കഴിഞ്ഞില്ല. പത്താംക്ലാസുപോലും പൂർത്തിയാക്കാൻ ആകാതെ എത്രയോ ദളിത് കുട്ടികൾ കൊഴിഞ്ഞു പോകുന്നു. പഠിക്കാതെ നടക്കുന്നു. അതിന് സാമ്പത്തികം മാത്രമല്ല കാരണം. വീട്ടിലെ അന്തരീക്ഷംകൂടി പ്രധാനമാണ്. അതെല്ലാം നമ്മുടെ കുട്ടികളെയും സ്ത്രീകളെയും ബാധിക്കുന്നുണ്ട്. ദളിത് സ്ത്രീകളധികവും മുപ്പത്തഞ്ച് വയസ് തികയുമ്പോഴെക്കും മാനസികമായി വാർദ്ധക്യത്തിലെത്തുന്നു. അവരുടെ യൗവനകാലം തീരുന്നതിനുമുമ്പേ അവരനുഭവിക്കുന്ന കഷ്ടപ്പാടും മാനസിക സമ്മർദ്ദവും മൂലവുമാണ് ഇത് സംഭവിക്കുന്നത്. ഒരാണും പെണ്ണും ഒന്നിച്ച് നടന്നുപോയാൽ അവർ താഴ്ന്ന ജാതിക്കാരാണെങ്കിൽ ഉടൻ സദാചാരപ്രശ്നമാകും. ദളിതരെല്ലാം ഇങ്ങനെയുള്ളവരാണെന്ന ഒരു പൊതുധാരണ പറഞ്ഞുവെച്ചിരിക്കുകയാണ്. ഇവളങ്ങനെയാണ് എന്നു പറഞ്ഞുവെക്കുമ്പോൾ അവനും പിറകെ വരാം എന്ന ലക്ഷ്യത്തിലേക്കാണ് ഇത് പറഞ്ഞുവെക്കുന്നത്. സമൂഹം വേശ്യാവൃത്തി എന്ന് വിളിക്കുന്ന തൊഴിൽ ഇന്ന് ചെയ്യുന്നത് അധികവും മദ്ധ്യവർഗ്ഗത്തിന് മുകളിലുള്ളവരാണ്. അതിലെത്ര ദളിത് സ്ത്രീകളുണ്ട്? ഇവർ ചെയ്യുന്നതിനെ വേശ്യാവൃത്തി എന്ന് പറയാറില്ല. ആസ്ഥാനത്ത് തൊലികറുത്തൊരു സ്ത്രീയാണെങ്കിൽ അവൾ വേശ്യ ആണ്. ദളിത് സ്ത്രീകൾ രണ്ട് തരത്തിലുള്ള അടിമത്തം അനുഭവിക്കുന്നു. ഒന്ന് ദളിത്സ്ത്രീ എന്ന ജാതീയമായ അടിമത്തം. രണ്ട് സ്വന്തം സമുദായത്തിനകത്ത് നിന്നും സ്ത്രീ എന്ന അടിമത്തം. ഇതിനോട് രണ്ടിനോടും ഇവർക്ക് പോരാടേണ്ടിയിരിക്കുന്നു. അതൊരു വലിയ മാ

നസിക സംഘർഷത്തിലേക്കാണ് ദ ളിത് സ്ത്രീകളെ നയിക്കുന്നത്. സ്ത്രീ എന്ന വാക്കിനകത്ത് ഒരിക്കൽ പോലും പൊതുസമൂഹം ദളിത് സ്ത്രീകളെ കാണാറുണ്ടോ ? സ്ത്രീകളുടെ ഒരു ഗ്രൂപ്പെന്ന് പറയുമ്പോൾ നമ്മുടെ മനസ്സിൽ വരുന്നത് സെറ്റ് സാരി ഉടുത്ത് സിന്ദൂരം തൊട്ട വെളുത്ത സ്ത്രീകളാണ്. ഇവിടത്തെ മാധ്യമങ്ങളും രാഷ്ട്രീയക്കാരും എല്ലാവരും അതിനെ കാണുന്നത് അങ്ങനെയാണ്. അതിനകത്ത് ദളിത്സ്ത്രീകൾ സ്ത്രീകൾ എന്ന കാഴ്ചയിൽ വരുന്നില്ല. ഇത് കൂടാതെയാണ് ദളിത്പുരുഷന്മാരുടെ അടുത്തുനിന്നും അനുഭവിക്കേണ്ടിവരുന്ന അടിമത്തം. ദളിത്സ്ത്രീകൾ എന്നത് മറ്റൊരു ജാതി കൂടിയാണല്ലോ. സ്ത്രീ എന്ന നിലയിലും ദളിത് എന്ന നിലയിലും പൊതുസമൂഹത്തോട് ഒരേസമയം ചെറുത്തു നിൽക്കേണ്ടി വരുന്നു. ഇത് ഞാനടങ്ങുന്ന ദളിത്സ്ത്രീകൾ മുഴുവൻ അനുഭവിക്കേണ്ടി വരുന്ന പ്രശ്നമാണ്.

പൊതുരംഗത്ത് കുടുംബശ്രീ യൂണിറ്റുകളിൽ കുറച്ചധികം ദളിത്സ്ത്രീകൾ ഉണ്ടെങ്കിലും ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ ഒന്നോരണ്ടോ മാത്രമേ ഉള്ളൂവെങ്കിൽകൂടി ഈ സംവിധാനത്തെ നിയന്ത്രിക്കുന്ന ഉന്നതതല ഗ്രൂപ്പുകളിലേയ്ക്ക് സവർണ്ണസത്രീകളായിരിക്കും തിരഞ്ഞെടുക്കപ്പെടുന്നത്.

ദളിത്സ്ത്രീകൾ പഞ്ചായത്തിൽ ആകെ സംസാരിക്കുന്നത് ഒന്നുകിൽ എന്തെങ്കിലും അനുവദിച്ച് കിട്ടാനും അല്ലെങ്കിൽ സഹികെട്ട് പറയുന്നതുമായിരിക്കും. അപൂർവ്വം ചിലരാണ് അവകാശങ്ങൾക്ക് വേണ്ടി സംസാരിക്കുന്നത്. കൂടുതൽ പേരും മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും വരുമ്പോൾ താലം പിടിക്കാനും എന്തെങ്കിലും ചെറിയ കാര്യങ്ങൾ നേടിയെടുക്കാനും മാത്രം ശ്രമിക്കുന്നവരാണ് അതുപോലും അവർക്ക് കിട്ടാറില്ലെന്നതാണ് സത്യം.

സർക്കാറിന്റെ വീടും സ്ഥലവും കൊടുക്കൽ പദ്ധതിയിലെ അനുവദിക്കപ്പെടുന്ന തുക വളരെ കുറവായതിനാൽ, പാറപ്പുറത്തോ കുന്നിൻമുകളിലോ ഒക്കെയാണ് സ്ഥലം വാങ്ങാൻ കിട്ടുക. പാറപ്പുറത്ത് ഒരടുക്കളയും ചെറിയ ഒരൊറ്റമുറിയുമുള്ള വീട് കൊടുത്താൽ അവിടെ മറ്റ് യാതൊരു സംവിധാനവും ഉണ്ടാകാറില്ല. ശുദ്ധജലമോ, കക്കൂസോ, ബാത്ത്റൂമോ ഒന്നും ഉണ്ടാക്കില്ല. ഈ കഷ്ടതകൾക്ക് നടുവിലാണ് ദളിത് സ്ത്രീകൾ ജീവിക്കുന്നത്. ഒരു ദിവസം നാലും അഞ്ചും വീടുകളിൽ രണ്ടുമണിക്കൂർ വീതം വീട്ടുജോലി ചെയ്യുന്ന സ്ത്രീകളെ എനിക്കറിയാം. ഒരു വീട്ടിൽ ഒരു ദിവസം കൊണ്ട് ചെയ്ത് തീർക്കുന്ന ജോലിയാണ് ഇവർ രണ്ട് മണിക്കൂറിനുള്ളിൽ ചെയ്ത് തീർത്ത് മടങ്ങുന്നത്. പക്ഷേ അവർക്ക് രണ്ട് മണിക്കൂറിന്റെ കൂലിമാത്രമേ കിട്ടുന്നുള്ളൂ. ഒരു ദിവസത്തെ ജോലിക്കുള്ള കൂലിയല്ല കിട്ടുന്നതെന്നർത്ഥം. അവരുടെ അദ്ധ്യാനത്തിന്റെ കാഠിന്യം എന്തുമാത്രമാണെന്ന് ആലോചിക്കണം.

ഈ കഷ്ടതകൾക്കും വിഷമങ്ങൾക്കുമിടയിൽ സ്വന്തം കുഞ്ഞുങ്ങളെ ശ്രദ്ധിക്കാനും വീട്ടിൽ സമാധാനത്തോടെ ഇരിക്കാനും അവർക്ക് കഴിയാറില്ല.

## വിശ്വാസം, പ്രാർത്ഥന, അതിജീവനം

പ്രാർത്ഥന എന്നത് ഒരർത്ഥത്തിൽ ഒരു ആശ്വാസം കണ്ടെത്തലാണ്. മനസ്സിന് വിഷമം വരുമ്പോൾ ഞാനും പ്രാർത്ഥിക്കാറുണ്ട്. ഞാൻ നിരീശ്വരവാദിയൊന്നുമല്ല. ഏതെങ്കിലും ഒരു സഭയിലാണ് ദൈവമുള്ളതെന്നും ഇന്നത് മാത്രമാണ് ദൈവമെന്നും കരുതാൻ എനിക്ക് കഴിയില്ല. ദൈവം ഏതെങ്കിലും സഭയിലുള്ളതും പറയുന്നതുകൊണ്ടുമാത്രം പ്രവർത്തിക്കുന്നതോ ആയ ഒന്നല്ല. നമ്മുടെ പ്രവൃത്തി അനുസരിച്ചാണ് അതിന്റെ ഗുണഫലം കിട്ടുക. ഞാനൊരു വിശ്വാസിയാണ്. ജീവനുള്ളൊരു ദൈവം ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ആ ദൈവത്തിന് നമ്മളേക്കാൾ കൂടുതൽ ചെയ്യാൻ കഴി

**ഒരു മനുഷ്യന് ഒരു ദിവസം ജീവിക്കാൻ ചുരുങ്ങിയത് കഞ്ഞിയും ഉപ്പും മുളകും എങ്കിലും വേണമല്ലോ. രണ്ടു രൂപയുടെ അഞ്ച് കിലോ അരിവാങ്ങിയാൽ നാലോ അഞ്ചോ അംഗങ്ങളുള്ള വീട്ടിൽ എത്രനേരം കഞ്ഞികുടിക്കാൻ കഴിയും? ഞങ്ങളുടെ വീട്ടിൽ ഏഴുപേരുണ്ട്. അഞ്ചുകിലോ അരികൊണ്ട് ഏഴുപേർക്ക് ഉച്ചക്കും വൈകീട്ടും എത്രനേരം തികയും? ഒന്നാമത്തെ കാര്യം നല്ല അരിയല്ല കിട്ടുന്നത്. ഇതൊക്കെ രാഷ്ട്രീയക്കാർക്ക് വോട്ടുപിടിക്കാനും പ്രസംഗിക്കാനുമുള്ള കാര്യങ്ങൾ മാത്രമാണ്.**



യുമെന്ന വിശ്വാസവുമുണ്ട്. ദളിതർ പൊതുവെ കാണാൻ കഴിയുന്ന ദൈവത്തിൽ വിശ്വസിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. കല്ലിനേയും കാവിനേയും പൂർവ്വപിതാക്കന്മാരുടെ രൂപങ്ങളിൽ ആരാധിച്ചിരുന്നത് അതുകൊണ്ടായിരിക്കാം. ആ ഒരു വിശ്വാസം പാരമ്പര്യമായിട്ട് നമ്മുടെ ഉള്ളിലുണ്ട്. ക്രിസ്തുമതത്തിൽ യേശുവിന്റെയും പുണ്യാളൻമാരുടെയും രൂപങ്ങളെ ആരാധിക്കുന്നു. ഞാനും മാത്യുവും പത്ത് വർഷത്തോളം പള്ളികളിലൊന്നും പോയിരുന്നില്ല. എന്നാൽ ഞങ്ങൾ നല്ല വിശ്വാസികളാണ്. ഞങ്ങൾ രണ്ടുപേരും മുട്ടുകുത്തി പ്രാർത്ഥിക്കും. അത് ദൈവത്തോടാണ്. നമ്മുടെ മനസ്സിലുള്ള ഒരു കാഴ്ച വെച്ചിട്ടാണ് പ്രാർത്ഥിക്കുന്നത്. അതൊരു ആശ്രയിക്കലാണ്. നമ്മുടെ കഷ്ടതയിൽ നിന്ന് ഒരാശ്വാസം. ഒരു ദിവസം മുഴുവൻ വിശ്രമിച്ചിരുന്ന് പ്രാർത്ഥിക്കാൻ ദളിത് സ്ത്രീകൾക്ക് കഴിയില്ല. ഇടക്ക് അവർ പ്രാർത്ഥിക്കുന്നു. അല്ലെങ്കിൽ മരിച്ചുപോയ പിതാക്കൻമാരെ വിളിക്കുന്നു. കഷ്ടത വരുമ്പോൾ അവർ ദൈവത്തെയും പിതാക്കൻമാരെയും ഓർക്കുന്നു. അതൊരു വിശ്വാസവും ആശ്വാസവുമാണ്. ഒരു രക്ഷപ്പെടലിന്റെ അനുഭവം. ഒന്നും സ്വർഗ്ഗത്തിൽ നിന്ന് നേരിട്ട് കിട്ടുമെന്നോ വരുമെന്നോ പ്രതീക്ഷിച്ചല്ല. എന്നാൽ കിട്ടില്ലെന്ന് വിചാരിച്ചിട്ടുമില്ല. ആശ്വാസം കണ്ടെത്തുക അല്ലെങ്കിൽ ധൈര്യത്തിന് ഒരാളെ കൂട്ടുപിടിക്കുക എന്നൊക്കെ പറയുന്നതാണല്ലോ ദൈവവിശ്വാസം എന്നു പറയുന്നതും. നമ്മളെ ഒരാൾ പീഡിപ്പിക്കാനോ, അടിക്കാനോ വരുമ്പോൾ നമ്മൾ ദൈവത്തെ ഓർത്തുപോകുന്നു. അതൊരു ധൈര്യത്തിന് വേണ്ടി ചെയ്യുന്നതാണ്. വിദ്യാഭ്യാസം കിട്ടുമെന്നും ജോലികിട്ടുമെന്നുമുള്ള കാരണങ്ങൾ കൊണ്ടാണ് ഞങ്ങൾ Seventhday സഭയിൽ ചേർന്നത്. സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കണം എന്ന് നമുക്ക് എപ്പോൾ തോന്നുന്നുവ്വോ അപ്പോൾ പ്രാർത്ഥിക്കുക എന്നേയുള്ളൂ. എപ്പൊഴും ഒന്നിച്ചുകൂടാനും നമുക്ക് മുകളിൽ നമ്മളെ കൂടി നിലനിർത്താൻ കഴിയുന്ന ആളുകളോ

**പാറപ്പുറത്ത് ഒരടുക്കളയും ചെറിയ ഒരൊറ്റമുറിയുമുള്ള വീട് കൊടുത്താൽ അവിടെ നിന്ന് പുറത്തേക്കുള്ള യാതൊരു സംവിധാനവും ഉണ്ടാകാറില്ല. ശുദ്ധജലമോ, കക്കൂസോ, ബാത്ത്റൂമോ ഒന്നും ഉണ്ടാക്കില്ല. ഗവൺമെന്റിന് ഇതിലൊന്നും താൽപര്യമില്ല.**

ഗ്രൂപ്പുകളോ ഉണ്ടെന്ന തോന്നൽ പ്രധാനമാണ്.

നമ്മുടെ ഇല്ലായ്മ കൊണ്ടാണ് നമുക്കു പലതും നഷ്ടമാകുന്നത്. എങ്ങനെയെങ്കിലും കുട്ടികളെ പഠിക്കാൻ സഹായിക്കണം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഞാൻ ട്യൂഷൻ സെന്റർ തുടങ്ങിയത്. എന്റെ മനസിലുണ്ടായിരുന്നത് ഡേ കെയർ (Day care) മുതൽ തുടങ്ങുക എന്നതായിരുന്നു. അത് നടന്നാൽ നമ്മുടെ കുറച്ചു സ്ത്രീകൾക്കെങ്കിലും രാവിലെ സമാധാനത്തോടെ പണിക്ക് പോകാം.

പകൽ സമയം നമ്മുടെ കോളനികളിൽ ചെന്നാൽ ദയനീയത തോന്നും. പ്രായമായ ഒന്നോ രണ്ടോ ആളുകളായിരിക്കും ഒരു കോളനിയിൽ ഉണ്ടാകുക. അവർക്ക് എത്രപേരെ ശ്രദ്ധിക്കാൻ കഴിയും. ദൈവം പക്ഷപാതിയല്ലെന്ന് പറയുന്നു. വലിയവനും ചെറിയവനും ദൈവം ഒരുപോലെ കൊടുക്കുമെന്നു പറയുമ്പോൾ ദളിതരെമാത്രം ശപിച്ചുവെന്ന് പറയുന്നതിൽ എന്തുശരിയാണുള്ളത്. ഇത്തരം ചില ധാരണകൾ ദളിതർക്കിടയിൽ മറ്റുള്ളവർ ഉണ്ടാക്കിയിട്ടുണ്ട്. ദൈവമെന്താണെന്നും വിശ്വാസമെന്താണെന്നും ദളിതരെ പഠിപ്പിക്കുന്നത് മറ്റുള്ളവരാണ്. അത് തെറ്റാണെന്നോ ശരിയാണെന്നോ പരിശോധിക്കാനോ പറയാനോ നമുക്ക് കഴിയുന്നില്ല. നമ്മുടെ കുട്ടികളെയും ഇതേ കാര്യം തുടരാൻ അനുവദിക്കുന്നു. സഭക്കകത്ത് സംഭവിക്കുന്നതും ഇതാണ്. ദളിതർ ഉണ്ടെങ്കിൽ മാത്രമേ അവരെ കാണിച്ചും തലയെണ്ണിയും കാശ് വാങ്ങാൻ കഴിയൂ. സഭകളിൽ ഇരിക്കുന്നത് ദൈവമല്ല. ആൾദൈവങ്ങളാണ്. എന്തിനാണ് ക്രിസ്തുമതം സ്വീകരിച്ചാലും ദളിത് കത്തോലിക്കൻ എന്ന് വേർതിരിവ് ഉണ്ടാക്കുന്നത്. എന്തുകൊണ്ടാണ് തെക്കൻ കത്തോലിക്കനെന്നോ വടക്കൻ കത്തോലിക്കനെന്നോ പറയാത്തത്?

ഒരു ദിവസം ഞങ്ങളുടെ അയൽപക്കത്തെ ഒരു കൊച്ച് മരിച്ചു. ആശുപത്രിയിൽ നിന്ന് രാവിലെ ശവം മറവുചെയ്യാൻ വീട്ടിലേക്ക് കൊണ്ടുവന്നു. ഉച്ചയായിട്ടും ചടങ്ങുകൾ നടത്താൻ പാസ്റ്റർ വന്നില്ല. ഞാൻ പ്രസവിച്ച് കിടക്കുകയായിരുന്നു. എനിക്ക് വല്ലാതെ ടെൻഷനായി. അന്വേഷിച്ചപ്പോൾ പാസ്റ്റർ വരില്ലെന്ന് ഒരാൾ പറഞ്ഞു. 1 മണിക്ക് മുമ്പ് കൊച്ചിനെ ഇവിടെ നിന്ന് എടുത്തില്ലെങ്കിൽ അയാളെക്കൊണ്ട് ഞാനിത് തീറ്റിക്കുമെന്നും ഇല്ലെങ്കിൽ അയാളും സഭയും ഇവിടെ കാണത്തില്ലെന്നും പറഞ്ഞപ്പോൾ ആൾക്കാർ വണ്ടിയുമായി ചെന്ന് അയാളെ കൂട്ടികൊണ്ടുവന്ന് ശവം മറവുചെയ്തു. മൂന്നുമാസം കഴിഞ്ഞ് ഞാൻ പള്ളിയിൽ ചെന്നപ്പോൾ തിരുവല്ലയിൽനിന്ന് പള്ളിയിലെ മേലധികാരികൾ വന്നിരുന്നു. ചില കാര്യങ്ങൾ അറിഞ്ഞിട്ടേ ഇനി പള്ളിയിൽ തുടരണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നുള്ളൂ എന്ന് ഞാൻ അവരോട് പറഞ്ഞു. അവരെന്നോട് കാര്യം അന്വേഷിച്ചു. ഒരു വീട്ടിൽ മരണം നടന്നാൽ എത്രകെട്ട പള്ളിയാണെങ്കിലും അവിടത്തെ പാസ്റ്ററോ അച്ചനോ വന്ന് ചടങ്ങ് സമയത്തിന് നടത്തും. ഇയാൾ എന്താ വരാതിരുന്നത് എന്ന എന്റെ ചോദ്യത്തിന് പാസ്റ്റർ ജാതി സൂചിപ്പിച്ചുകൊണ്ടുള്ള മറുപടിയാണ് പറഞ്ഞത്. ഞങ്ങളുടെ തലയെണ്ണി കാശും വാങ്ങിച്ച് ഞങ്ങളുടെ കാര്യം ചെയ്യാൻ സമയമില്ലാത്തവർ പള്ളിയിൽ നിന്ന് ഇറങ്ങിപ്പോ

കാൻ ഞാൻ പറഞ്ഞു. അയാളെ അവിടന്ന് സ്ഥലം മാറ്റുന്നതുവരെ ഞാനയാളെ ചോദ്യം ചെയ്തുകൊണ്ടിരുന്നു. ഏതു സഭയെടുത്ത് പരിശോധിച്ചാലും ഈ തരത്തിലുള്ള വിവേചനങ്ങൾ ഇപ്പൊഴും നടക്കുന്നുണ്ട്. ഈ വിവേചനം സഹിക്കാനാകാതെയാണ് ദളിതർ പെന്തക്കോസ്ത് സഭയിലേക്ക് മിക്ക സഭകളിൽനിന്നും ഇറങ്ങിപ്പോയത്.

പണത്തിന്റെ ഒഴുക്ക് വർദ്ധിച്ചതോടെ അവിടെ നിന്നും ദളിതർ പുറത്താക്കപ്പെടുകയാണ്. നല്ലരീതിയിൽ ഏതെങ്കിലും സ്ഥാപനമോ സ്കൂളുകളോ തുടങ്ങിയാലും ഇതുതന്നെയാണ് സംഭവിക്കുക. പുറത്ത് നിന്നുള്ളവർ കടന്നുകൂടി അത് പിടിച്ചെടുക്കും. പെന്തക്കോസ്ത് സഭയുടെ ഒരു പ്രത്യേകത ദശാംശം കൊടുക്കുന്നതിനുള്ള കണിശതയും വിവേചനവുമാണ്.

ആഴ്ചയിൽ നടക്കുന്ന പ്രാർത്ഥനയിലോ ആരാധനയിലോ ദശാംശത്തിന്റെ കാര്യം കൃത്യമായി ഓർമ്മിപ്പിക്കും. ഒരു ലക്ഷത്തിലധികം ശമ്പളം പറ്റുന്ന പാസ്റ്റർമാരെ എനിക്കറിയാം. അയാൾ 100 രൂപയും കൂലിപ്പണിക്കാരനായ ദളിതൻ 500 രൂപയും മുടങ്ങാതെ കൊടുക്കേണ്ടിവരുന്നു. ആളുകളെ ചൂഷണം ചെയ്യുന്ന വിശ്വാസത്തോട് എനിക്ക് താൽപര്യമില്ല. ഈ പ്രശ്നങ്ങളൊക്കെ നേരിട്ട് അനുഭവിക്കേണ്ടിവരുന്നത് ദളിത് സ്ത്രീകളാണ്. പുതിയ സഭകളിലേക്ക് ആശ്വാസം തേടിപോകുന്നത് അധികവും സ്ത്രീകളാണ്. സ്ത്രീകളുടെ മനഃസമാധാനമോർത്തും മരിച്ചാൽ മറവുചെയ്യാനുള്ള സ്ഥലമോർത്തും ദളിത് പുരുഷൻമാർ ഇത് തടയാറില്ല. അവരതിൽ അത്ര താൽപര്യമുള്ളവരുമല്ല.

വൈദ്യശാസ്ത്രം പറയുന്ന എല്ലാ പ്രതികൂലസാഹചര്യങ്ങളിലുമാണ് ദളിത് കുട്ടികൾ ജനിക്കുന്നത്. എന്നിട്ടും ആരോഗ്യവും ബുദ്ധിയും പ്രവൃത്തിക്കേണ്ട സമയത്ത് പ്രവർത്തിക്കാൻ ശേഷിയുമുള്ളവരായി തന്നെയാണ് ജനിക്കുന്നത്. ഏതു പ്രശ്നങ്ങളേയും അതിജീവിക്കാനുള്ള കഴിവ് അവർക്കുണ്ട്. മനഃപൂർവ്വം അവരെ തഴയാൻ ശ്രമിക്കുമ്പോൾ മാത്രമാണ് അവർ പിറകോട്ട് പോകുന്നത്. അല്ലാതെ അവർക്ക് കഴിവോ ബുദ്ധിയോ ഇല്ലാഞ്ഞിട്ടല്ല. ഇതൊക്കെ നിശ്ചയിക്കുന്നത് മറ്റുള്ളവരാണ്. അതിജീവിക്കണം എന്ന ആഗ്രഹം എല്ലാ ദളിത് അമ്മമാർക്കുമുണ്ട്. എപ്പോഴും പിടിച്ചുനിൽക്കുവാനുള്ള കഴിവ് ദളിത് സ്ത്രീകൾക്ക് അധികമാണ്. എത്ര ആരോഗ്യമില്ലാത്തവരാണെങ്കിലും എന്തു കാര്യത്തിനും പുരുഷന്മാരോടൊപ്പം നിൽക്കാനുള്ള അവരുടെ ആത്മധൈര്യത്തിൽ നിന്നാണ് അവരുടെ കുട്ടികൾ ശക്തിയും ബുദ്ധിയുമുള്ളവരായി ജനിക്കുന്നത്. അതവരുടെ അമ്മമാരിൽനിന്നും പിതാക്കൻമാരിൽനിന്നും ലഭിക്കുന്നതാണ്. ഇത്തരം ചില അനുകൂലഘടകങ്ങൾ നമുക്കുള്ളതുകൊണ്ടാണ് ഇത്രയെല്ലാം പ്രശ്നങ്ങൾക്ക് നടുവിലും ദളിത് സ്ത്രീകൾ പിടിച്ചുനിൽക്കുന്നത്.

സുരക്ഷിതമായ വീടോ, നോക്കാൻ ആളുകളോ അംഗൻവാടി പോലുമോ ഇല്ലാത്ത സാഹചര്യത്തിലാണ് കുട്ടികളെ കോളനികളിൽ ഉപേക്ഷിച്ച് അവർ പണിക്ക് ഇറങ്ങുന്നത്.അഴിച്ച് വിട്ട അമ്മയ്ക്ക് യോഗമുണ്ടെങ്കിൽ കൂട്ടിവാതുക്കൽ വരും എന്നുപറയും പോലെയാണത്. ദൈവം കാത്തുകൊള്ളും എന്ന അവസ്ഥ. അതൊരു ധൈര്യം കൂടിയാണ്. ഇത്രയും സഹനശേഷി ദളിത്സ്ത്രീകൾക്ക് മാത്രമേ കാണൂ. അതുപോലെ മാനസികസംഘർഷവും അവരനുഭവിക്കുന്നുണ്ട്.

**ആദിവാസി സ്ത്രീക്ക് അവരെ ചൂഷണം ചെയ്യാതെ നോക്കാനുള്ള ഊരുസഭ പോലുള്ള സാമൂഹ്യസംവിധാനം ചെറുതായെങ്കിലും അവർക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഇതൊന്നും ഇല്ലാത്ത വിഭാഗം ദളിത് സ്ത്രീകളാണ്. ദളിത് പജരുഷന്മാർക്ക് ഇത് മനസ്സിലാക്കാൻ കഴിയുന്നില്ല.**



ആദിവാസി സ്ത്രീക്ക് അവരെ ചൂഷണം ചെയ്യാതെ നോക്കാനുള്ള ഊരുസഭ പോലുള്ള സാമൂഹ്യസംവിധാനം ചെറുതായെങ്കിലും അവർക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഇതൊന്നും ഇല്ലാത്ത വിഭാഗം ദളിത് സ്ത്രീകളാണ്. ദളിത്പുരുഷന്മാർക്ക് ഇത് മനസ്സിലാക്കാൻ കഴിയുന്നില്ല. കാരണം സവർണ്ണരുടെ കീഴിലാണല്ലോ പണിചെയ്തും അവർ പറയുന്നതുകേട്ടും ദളിത് പുരുഷന്മാർ കഴിയുന്നത്. വെളുപ്പിന്റെ അധികാരം ശക്തമായാണ് അവരിൽ പ്രവർത്തിക്കുന്നത്. തൊലിവെളുത്തവൻ പറയുന്നതും ഞാൻ നിന്ന് പറയുന്നതും തമ്മിൽ അവർക്ക് വ്യത്യാസമുണ്ട്. ദളിത്പുരുഷൻമാരുടെ ഈ അടിമത്തംമൂലം ദളിത്സ്ത്രീകൾക്ക് ശാരീരികവും മാനസികവുമായ നിരവധി പീഡനങ്ങളാണ് അനുഭവിക്കേണ്ടിവരുന്നത്.





ഖദീജാമുംതാസ്

**കീഴാളവർഗ്ഗത്തിന്റെ ദേശങ്ങളിൽ നിന്ന് നിഷ്കാസിതരാവുന്നവരുടെ, അധഃകൃതരെന്നു മുദ്രകുത്തപ്പെടുന്നവരുടെ കഥകൾ പറഞ്ഞുകൊണ്ടാണ് മലയാളത്തിന്റെ ഫെമിനിസ്റ്റു എഴുത്തുകാരി തന്റെ ആവിഷ്കാരലോകത്തിന്റെ അതിരുകൾ അതിശയകരമായി വിസ്തൃതപ്പെടുത്തുന്നത്.**

# സാറാജോസഫിന്റെ നോവലുകൾ - ദേശം-സംസ്കാരം-പ്രതിരോധം

ഭാഗം -1

**കീഴാളവർഗ്ഗത്തിന്റെ,** ദേശങ്ങളിൽ നിന്ന് നിഷ്കാസിതരാവുന്നവരുടെ, അധഃകൃതരെന്നു മുദ്രകുത്തപ്പെടുന്നവരുടെ കഥകൾ പറഞ്ഞുകൊണ്ടാണ് മലയാളത്തിന്റെ ഫെമിനിസ്റ്റുഎഴുത്തുകാരി തന്റെ ആവിഷ്കാരലോകത്തിന്റെ അതിരുകൾ അതിശയകരമായി വിസ്തൃതപ്പെടുത്തുന്നത്. സാറാജോസഫ് ജനിച്ചുവളർന്നത് സർവ്വനന്മകളുടേയും വിളനിലമായ ഒരു ഗ്രാമീണ രമണീയതയിലല്ല. അത്തരമൊരു ഗ്രാമത്തിലേക്ക് വിവാഹത്തിലൂടെ പറിച്ചുനടപ്പെട്ടപ്പോൾ സാറാജോസഫ് വാസ്തവത്തിൽ കഠിനമായ ഒറ്റപ്പെടൽ അനുഭവിക്കുകയായിരുന്നു. തൃശൂർ പട്ടണത്തിലെ കുരിയച്ചിറയിൽ ജനിച്ചു വളർന്ന കഥാകാരി ദേശത്തെയും സംസ്കാരത്തെയും അടയാളപ്പെടുത്തുമ്പോൾ അതുകൊണ്ടു തന്നെ ഒരു പട്ടണത്തിന്റെ ആവിർഭാവകാലവും അതിന്റെ വളർച്ചയും വികാസവും അരികുഗ്രാമങ്ങളിലേക്കുള്ള അതിന്റെ കടന്നുകയറ്റങ്ങളും ഒക്കെത്തന്നെയാകുന്നു ആവിഷ്കരിക്കേണ്ടിവരുന്നത്. തൃശൂർപട്ടണത്തിന്റെ ഇന്നത്തെരീതിയിലുള്ള വികാസത്തിനുമുമ്പുനടന്ന അധിനിവേശങ്ങളും കുന്നുകൾ ഇടിച്ചുനിരത്തലും പാടങ്ങൾ നികത്തലും പാർശ്വവത്ക്കൃതരുടെ ചെറുചെറുപ്രതിഷേധങ്ങളും ചിന്നിച്ചിതറലും ഇംഗ്ലീഷ് സ്കൂളുകളുടേയും പള്ളികളുടേയും ടാർറോഡുകളുടേയും സിനിമാശാലകളുടേയും ആവിർഭാവങ്ങളും കാലബോധത്തോടെ നമ്മുടെ മുമ്പിലേക്കെത്തുകയാണ് അവരുടെ നോവലുകളിലൂടെ. 1999-ൽ ഇറങ്ങിയ ആലാഹയുടെ പെൺമക്കളും 2003-ൽ ഇറങ്ങിയ മാറ്റാത്തിയും 2005-ലെ ഒതപ്പും ഈ സ്ഥലപരവും, സാംസ്കാരികവുമായ അധിനിവേശത്തിന്റേയും നിഷ്കാസനത്തിന്റേയും ചെറുത്തുനില്പുകളുടേയും സത്യസന്ധമായ, കാലാനുക്രമമായ ആവിഷ്കാരങ്ങളായിത്തീരുന്നു. 2008 ൽ ഇറങ്ങിയ ഊരുകാവലിലാകട്ടെ ഇത്തരം അധിനിവേശങ്ങളുടെ വേദനകളെയും സംഘർഷങ്ങളെയും രാമായണകഥയുടെ

**ദേശം പുരോഗമിച്ചതിന്റെ അടയാളമായി വന്നെത്തിയ പകിട്ടേറിയ കുറിസ്ഥാപനങ്ങളിൽ എഴുതിവെച്ച 'നിശ്ശബ്ദത പാലിക്കുക' എന്ന ബോർഡ് ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ അവർ തനതുഭാഷയിൽ അത്ഭുതപ്പെട്ടു. "നിശബ്ദാ? അത് എന്തൂട്ട്ണ്" മിണ്ടാൻപാടില്ലെന്ന് വിശദീകരിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞു പിന്നേ നിന്റപ്പന്റെ വകയല്ല്യോ ഈ സലം! ഒന്നുപോടാ ഡാവടിക്കാണ്ട്" പക്ഷേ കോക്കാഞ്ചറക്കാർക്ക് നിശ്ശബ്ദത പാലിക്കേണ്ടിതന്നെ വന്നുവെന്ന് നാം കാണുന്നു.**

തികച്ചും വ്യത്യസ്ഥമായ നോട്ടങ്ങളിലൂടെ അനുഭവിപ്പിക്കുകയാണ്. അധിനിവേശഗാഥകളിലെല്ലാം ഏറ്റവും കഠിനമായി വേദനിപ്പിക്കപ്പെടുകയും ഏറ്റവും ധീരമായി പ്രതിരോധിക്കുകയും ചെയ്യുന്നത് സ്ത്രീത്വം തന്നെ. 'ഊരുകാവലിൽ' അധിനിവേശസംസ്കാരത്തിന്റെ മനുഷ്യവിരുദ്ധത ഉടനീളം അനുഭവിപ്പിക്കുന്നത് കീഴാളനായ ബാലീപുത്രൻ അംഗദന്റെ മനഃസംഘർഷങ്ങളിലൂടെയാണെങ്കിലും മണ്ണിന്റെ, കലപ്പയുടെ പുത്രിയായ മൈഥിലിയുടെ അപമാനിക്കപ്പെടലിലും അവളുടെ സൗമ്യമായ ചെറുത്തുനിൽപ്പിലും ചെന്നവസാനിക്കുകയാണ് രാമായണകഥയുടെ ഈ സ്ത്രൈണഭാഷ്യം. 'ആതി' യിലെത്തുന്നതോടെ വികസനത്തിന്റെ ഏറ്റവും ക്രൗര്യമേറിയ മുഖഭാവങ്ങൾ നാം കാണുന്നു. ആഗോളീകരണത്തിന്റെ ഏറ്റവും ക്രൗര്യമേറിയ കാലികമായ ആക്രമണത്വരയോടെ, ഇന്നും ഒറ്റപ്പെട്ടു കിടക്കുന്ന നന്മകളായ കൊച്ചുതുരുത്തുകളെ ലോഹക്കൈകൾകൊണ്ടു വാരിയെടുത്തു കളഞ്ഞ് നഗരങ്ങളെ വിസർജ്ജിച്ചുവെക്കുന്നതിലെ ബീഭത്സത നമ്മെ അനുഭവിപ്പിക്കുകയാണ് നോവലിസ്റ്റ്. അന്ധമായ വികസനം ഭൂമിയുടെ ജൈവികതയിലും ജീവജാലങ്ങളുടെ നിലനില്പിലുമേല്പിക്കാവുന്ന ദൂരവ്യാപകമായ ആഘാതങ്ങൾ വളരെ സൂക്ഷ്മമായി ആവിഷ്കരിച്ച് 'ഇക്കോഫെമിനിസ'ത്തിന്റെ മലയാളത്തിലെ ശക്തമായ പ്രതിനിധാനമായി സാറാജോസഫിന്റെ എഴുത്ത് അസാധാരണമായ ഔന്നത്യം പ്രാപിക്കുന്നു.

## ആലാഹയുടെ പെൺമക്കൾ

### തോല്പിക്കപ്പെടുന്നവരുടെ ഗൂഢമന്ത്രങ്ങൾ

ഒരുകാലത്ത് അതിദ്രുതം വികസിച്ചുകൊണ്ടിരുന്ന നഗരത്തിലാണ് വൃത്തികേടുകൾ വലിച്ചെറിയുന്നയിടമായിരുന്നു ഗോസായിക്കുന്നിന്റെ മടിയിലെ ജനവാസമില്ലാത്ത കോക്കാഞ്ചറയെന്ന ദേശം. മൃഗങ്ങളുടെയും അനാഥമനുഷ്യരുടെയും മൃതശരീരങ്ങളും മനുഷ്യവിസർജ്ജ്യങ്ങളും വലിച്ചെറിയുമായിരുന്ന അളിഞ്ഞപ്രദേശം. എവിടെക്കിളച്ചാലും ഒരുതലയോട്ടിയോ എല്ലോ പൊന്തിവരുന്ന ശപിക്കപ്പെട്ട മണ്ണ്. അവിടേക്ക് നഗരം പുറന്തള്ളിയവർ ക്രമേണകുടിയേറാൻ തുടങ്ങി. തോട്ടികളും റിക്ഷാവലിക്കാരും ഇറച്ചിവെട്ടുകാരും ചാരായം വാറ്റുകാരും ചുമട്ടുകാരും കേഡികളും പിന്നെ മറിയഞ്ചേടത്തിയുടെ കുടുംബത്തെപ്പോലെ ലോകയുദ്ധം നടക്കുന്ന കാലത്ത് പട്ടിണിയും പരിവട്ടവുമായി കിടപ്പാടം വിറ്റു കുടിയേറിയ മാർക്കംകൂടികളും ഒക്കെ ഉൾപ്പെട്ടതാണ് അവിടുത്തെ ആദ്യവാസികൾ. അതിസാഹസികവും പീഡനാപരവുമായിരുന്നു ആ കുടിയേറ്റം. എങ്കിലും ആ ദേശത്തിനുമുണ്ടായിവന്നു തനതായ ഒരു സ്വത്വം, ഐഡന്റിറ്റി. ഭൂമിയോളം താഴ്ന്ന മനുഷ്യരുടെ ജീവിത സമീപനങ്ങളിലെ തുറസ്സ്, ജീവിതദുരിതങ്ങളെ നേരിടുന്നതിലെ കരുത്ത്, പെരുമാറ്റത്തിലെ വക്രതയില്ലായ്മ, വികാരങ്ങളുടെ സ്വതസിദ്ധമായ ഒഴുക്ക്, തികച്ചും ഗ്രാമ്യമായ ഭാഷ, പിന്നെ തുറന്നു വിട്ട അവരുടെ ഒച്ച! കോക്കാഞ്ചറക്കാർക്ക് നിശ്ശബ്ദത പാലിക്കാനാവില്ല എന്ന് എഴുത്തുകാരി. ദേശം പുരോഗമിച്ചതിന്റെ അടയാളമായി വന്നെത്തിയ പകിട്ടേറിയ കുറിസ്ഥാപനങ്ങളിൽ എഴുതിവെച്ച 'നിശ്ശബ്ദത പാലിക്കുക' എന്ന ബോർഡ് ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ അവർ തനതുഭാഷയിൽ അത്ഭുതപ്പെട്ടു. "നിശബ്ദാ? അത് എന്തൂട്ട്ണ്" മിണ്ടാൻപാടില്ലെന്ന് വിശദീകരിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞു "പിന്നേ, നിന്റപ്പന്റെ വകയല്ല്യോ ഈ സലം! ഒന്നു പോടാ ഡാവടിക്കാണ്ട് " പക്ഷേ കോക്കാഞ്ചറക്കാർക്ക് നിശ്ശബ്ദത പാലിക്കേണ്ടിതന്നെ വന്നുവെന്ന് നാം കാണുന്നു. കോക്കാഞ്ചറ മാറുകയായിരുന്നു. മറിയഞ്ചേടത്തിയുടെ പേരക്കുട്ടി ആനിയുടെ കൗമാരകാലമാകുമ്പോഴേക്കും നഗരം ആ അധഃസ്ഥിത ദേശത്തേയും സ്വന്തം കാൽക്കീഴിലൊതുക്കുകയാണ്.

ആനിയെന്ന പെൺകുട്ടിയുടെ കണ്ണുകളിലൂടെ, തൃശൂരിന്റെയും കോക്കാഞ്ചറയുടെയും ചരിത്രമറിയുന്ന അവളുടെ അമ്മാമയുടെ ആഖ്യാനങ്ങളിലൂടെ വായനക്കാർ ആ പാർശ്വവത്കൃതരുടെയും ഒരിക്കൽ അവരുടെ സ്വന്തമായിരുന്ന ഇടങ്ങളിലേക്കുള്ള വരേണ്യരുടെ അധിനിവേശങ്ങളുടെയും യഥാതഥമായ കഥകളറിയുന്നു. ക്ഷയരോഗം ബാധിച്ച് രോഗക്കിടക്കയിലായ ആനിയുടെ കുട്ടിപ്പാപ്പനിലൂടെ, അയാളുടെ പഴയ ചർക്കയിലൂടെ, സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ അയാളും ആ ചെറിയ ദേശത്തിലെ ചെറിയ മനുഷ്യരും വഹിച്ച ഇത്തിരിപങ്കിനെപ്പറ്റിയും നാമറിയുന്നു.

'കോക്കാഞ്ചറയിലെ പിശാശുക്കളെ'ന്ന് നിരന്തരം അപമാനിക്കപ്പെടുന്നുണ്ട് പഠിക്കുന്ന വിദ്യാലയ

ത്തിൽ, അദ്ധ്യാപികമാരാൽ പോലും, ആനിയും കൂട്ടുകാരും. ഒരു കുട്ടി അവളുടെ നാടിന്റെ പേരിൽ ഇങ്ങനെ അപമാനിക്കപ്പെട്ടുകൂടാ എന്ന് പ്രതിഷേധിക്കുന്നുണ്ട് ആനിയുടെ ഹൃദയം. പക്ഷേ അവൾക്ക് അതിന് പ്രതിവിധി എന്തെന്നറിയില്ല. അമരവള്ളികൾ പിടിച്ചുവലിച്ചു കളഞ്ഞും പ്ലാവിനെ പിച്ചുകയും മാന്തുകയും ഒക്കെ ചെയ്തുമാണ് അവൾ അവളുടെ അമർഷവും സങ്കടവും പ്രകടിപ്പിക്കുന്നത്. തന്റെ നാടിന്റെ കോക്കാഞ്ചറയെന്ന പേര് മാറണം. എന്നാലെ ഇവിടെ ജീവിക്കുന്നവർ കോക്കാന്മാരല്ല മനുഷ്യരാണ് എന്ന് വരുത്തിത്തീർക്കാനാവൂ എന്നാലോചിക്കുന്നുമുണ്ട് അവൾ. കോക്കാഞ്ചറയുടെ പേര് പിന്നീട് മാറുന്നുണ്ട്. പക്ഷേ അത് സാക്ഷാത്കൃതമാകുന്നതിന് മുമ്പ് അവൾ അനുഭവിക്കേണ്ടി വന്ന അധിനിവേശത്തിന്റെ കാഴ്ചകളും പീഡനങ്ങളും തിരിച്ചറിവുകളും സങ്കടകരങ്ങളായിരുന്നു. ഠകാക്കാഞ്ചറക്കാരുടേതല്ലാതായി മാറുന്നു എന്ന നടുക്കുന്ന തിരിച്ചറിവിൽ ആനി ആ ദേശത്തെ അതിന്റെ പേരോടു കൂടി തന്നെ അതിശക്തമായി സ്നേഹിക്കുന്നു.

തൃശൂർ പട്ടണത്തിൽ ജോലിയും കച്ചവടവും ഒക്കെയുള്ളവർക്ക് താമസിക്കാൻ ഏറ്റവും പറ്റിയ സ്ഥലമായി ഗോസായിക്കുന്നിന്റെ താഴ്വാരത്തിലെ കോക്കാഞ്ചറമാറുകയാണ്. ആദ്യം എട്ടുമുറി ലൈൻ വീട്ടിലെ പാവങ്ങളെ വ്യാജരേഖകളുണ്ടാക്കി തുരത്തിയത് എമണ്ടൻ വാറുവെന്ന സമ്പന്നൻ. മറിയഞ്ചേടത്തിയുടെ ചരിത്രവിജ്ഞാനത്തിന്റെ ബലത്തിൽ ഒഴിപ്പിക്കാൻ വന്നവരെ ലൈൻമുറിയിലെ പെണ്ണുങ്ങൾ ചൂലും വിറകുകൊള്ളിയുമെടുത്തു പ്രതിരോധിച്ചു. പക്ഷേ പള്ളീലച്ചന്റെ മധ്യസ്ഥതയിൽ പുരുഷന്മാരെ മാത്രം ഒത്തുതീർപ്പു ചർച്ചയ്ക്കുവിളിച്ച് നക്കാപ്പിച്ച നഷ്ടപരിഹാരത്തുകയിൽ മയക്കിയെടുക്കാൻ പാറുവിനാകുന്നു. കാക്കക്കൂട്ടത്തിൽ കല്ലിട്ട മാതിരി അങ്ങനെലൈൻമുറിക്കാർ ദേശത്തിൽ നിന്ന് ചിതറിപ്പോയി. അപ്പോഴേക്കും പൊന്നും വിലകിട്ടിത്തുടങ്ങിയ സമീപസ്ഥലങ്ങളും ഓരോന്നോരോന്നായി വിറ്റ് കോക്കാഞ്ചറക്കാർ പോവുകയായി. പണക്കാർ കഷണങ്ങളാക്കി വാങ്ങി മതിലുകെട്ടിത്തിരിച്ച് കോക്കാഞ്ചറയെ സ്വന്തമാക്കാൻ തുടങ്ങി. കന്യാസ്ത്രീ മഠവും ഇംഗ്ലീഷ് സ്കൂളും പുതുക്കിപണിഞ്ഞ പള്ളിയും അതിശയകരമായ ലാഭമുള്ള കുറികളുമൊക്കെയായി കോക്കാഞ്ചറ വികസിച്ചുകൊണ്ടിരുന്നു. പുതിയ റോഡ് നിർമ്മാണത്തിനായി വരുന്ന 'കല്ലിഞ്ചൻ' എന്ന റോഡ് റോളറിനെ നോക്കി ഇതിനകം ഭാഗികമായി സ്മൃതിനാശം സംഭവിച്ച മറിയഞ്ചേടത്തി പറയുന്നു. 'നല്ല അസ്സല് കവാത്ത്' കല്ലിഞ്ചൻ അങ്ങനെഒരു പ്രതീകമാകുന്നു. ദുർബലരെ, പഴമകളെ, അതിന്റെ നന്മകളെ, ഭീകരമായ ആരവത്തോടെ അരച്ചു മുന്നേറുന്ന ആധുനിക വികസനത്തിന്റെ പ്രതീകം. ആനിയുടെ അമരപ്പന്തലിനെയും പൊളിച്ചരച്ചുകൊണ്ട് കല്ലിഞ്ചൻ അങ്ങനെമുന്നേറുകയാണ്.

സ്ഥലവില്പനക്കാരൻ ചാക്കുണ്ണി വികൃതച്ചിരിയുമായി ആനിയുടെ വീട്ടിനുമുമ്പിലും എത്തിയ ദിവസമാണ് തോരാത്ത മഴയും അതുകൊണ്ടുവന്ന പ്രതീകാത്മക പ്രളയവും തുടങ്ങുന്നത്. രോഗിയായ കൊച്ചച്ചൻ അന്ത്യകൂദാശപോലും കൈകൊള്ളാനാകാതെ ആ മഴദിനങ്ങളിലൊന്നിൽ ജീവൻവെടിയുന്നു. ക്രിസ്തീയ ജീവിതത്തിലേക്ക് മാർഗ്ഗം കൂടിയിട്ടും സ്വന്തം മരുമകളാൽത്തന്നെ പരിഹസിക്കപ്പെട്ടിട്ടും അധഃകൃത പാരമ്പര്യത്തിന്റെ ബാക്കിയിരിപ്പുകളായ മന്ത്രം ചൊല്ലലും അന്നദ വെള്ളം കുടിപ്പിക്കലും കൈവിടാതെ കൊണ്ടുനടന്ന മറിയഞ്ചേടത്തിയുടെ ഗൂഢമന്ത്രോച്ചാരണം മഴയുടെ ആരവത്തിനു മീതെ ഉയർന്നു പൊങ്ങുന്നത് ആനി കേൾക്കുന്നു. ആലാഹയുടെ മന്ത്രം! പുതുനാഗരികതയുടെ ചിഹ്നങ്ങളെ കടപുഴക്കി ഒഴുക്കികൊണ്ടുവരുന്ന മഴയുടേയും പ്രളയത്തിന്റേയും പ്രചണ്ഡതയിൽ നിന്ന് ഉലയുന്ന വീടിനകത്തിരിക്കുന്ന നിസ്സഹായരായ അഞ്ചു സ്ത്രീജന്മങ്ങളെ ആ മന്ത്രോച്ചാരണം സംരക്ഷിക്കുമോ? ആലാഹയുടെ അഞ്ചു പാവം പെൺമക്കളെ?

തിരസ്കൃതത്വത്തിന്റേയും ദുരിതങ്ങളുടേയും തീവ്രമായ വേദനകൾ മനസ്സിലവശേഷിപ്പിച്ചുകൊണ്ടാണ് 'ആലാഹയുടെ പെൺമക്കൾ' അവസാനിക്കുന്നത്.

*(തുടരും)*


**സൃഷ്ടികൾ ക്ഷണിക്കുന്നു**

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ)**


*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

**സംഘടിത മാസിക**

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |

ജീവിതരേഖ



# വി. ഇഞ്ഞാനമ്മ

(1910 - 1985)

> **ദളിത് നവോത്ഥാന കാലഘട്ടത്തിൽ തന്നെ ആരംഭിച്ച ദളിത് ഉപജാതി സംഘങ്ങളും അവയുടെ ആശയങ്ങളും 1940 കളോടെ കേരളത്തിൽ വമ്പിച്ച തോതിൽ ശക്തി പ്രാപിക്കുകയാണ് ഉണ്ടായത്. ഇത് അയ്യങ്കാളിയുടെ സാധുജനപരിപാലന സംഘവും പൊയ്കയിൽ അപ്പച്ചന്റെ പ്രത്യക്ഷരക്ഷാ ദൈവസഭയും മുന്നോട്ടു വച്ച ദളിത് താത്പര്യങ്ങളിൽ നിന്ന് ദളിത് വിഭാഗങ്ങളെ പിന്നോട്ടാക്കുകയും നിരവധി സെക്ടറുകളായി അവർ വിഭജിക്കപ്പെടുകയും ചെയ്തു.**

**കേരളത്തിലെ** നവോത്ഥാനപ്രസ്ഥാനങ്ങളിൽ ശ്രദ്ധേയമായ പ്രത്യക്ഷരക്ഷാദൈവസഭയുടെ 1939 ന് ശേഷമുള്ള സംഭവബഹുലമായ ചരിത്രം വളർന്ന് വികസിക്കുന്നത് വി.ഇഞ്ഞാനമ്മയിലൂടെയാണ്. 1939 ജൂൺ 29 ന് പ്രത്യക്ഷരക്ഷാദൈവസഭാസ്ഥാപകനായ പൊയ്കയിൽ അപ്പച്ചന്റെ ദേഹവിയോഗം സംഭവിച്ചു. അപ്പച്ചന്റെ ദേഹവിയോഗത്തിന് മുമ്പുതന്നെ പ്രത്യക്ഷരക്ഷാദൈവസഭ തിരുവിതാംകൂറിന് അകത്തും പുറത്തുമായി വ്യാപിക്കുകയും വലിയ ഒരു വിഭാഗം കീഴാളവിഭാഗങ്ങൾ ഇതോടൊപ്പം അണിനിരക്കുകയും ചെയ്തിരുന്നു. സ്വന്തമായി ഭൂമി, സ്കൂളുകൾ, ചെറുകിട വ്യവസായ ശാലകൾ, ആരാധനാലയങ്ങൾ, പൗരോഹിത്യശൃംഖല തുടങ്ങിയ വിപുലമായ സംവിധാനങ്ങൾ അക്കാലത്തുണ്ടായിരുന്നു. ദളിത്മണ്ഡലങ്ങളിലും പൊതുമണ്ഡലങ്ങളിലും നിരന്തരം സജീവമായി ഇടപെട്ടു കൊണ്ട് രൂപം കൊണ്ട പ്രത്യക്ഷരക്ഷാദൈവസഭയുടെ ഏറ്റവും വലിയ പ്രത്യേകത അതിന് ദളിത് കേന്ദ്രീകൃതമായി ആത്മീയദർശനവും ജാതിരഹിതമായ ഒരു ജീവിതമണ്ഡലവും സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതാണ്.

ദളിത്നവോത്ഥാനകാലഘട്ടത്തിൽ തന്നെ ആരംഭിച്ച ദളിത്ഉപജാതി സംഘങ്ങളും അവയുടെ ആശയങ്ങളും 1940 കളോടെ കേരളത്തിൽ വമ്പിച്ച തോതിൽ ശക്തി പ്രാപിക്കുകയാണ് ഉണ്ടായത്. ഇത് അയ്യങ്കാളിയുടെ സാധുജനപരിപാലനസംഘവും പൊയ്കയിൽ അപ്പച്ചന്റെ പ്രത്യക്ഷരക്ഷാദൈവസഭയും മുന്നോട്ടു വച്ച ദളിത് താത്പര്യങ്ങളിൽ നിന്ന് ദളിത് വിഭാഗങ്ങളെ പിന്നോട്ടാക്കുകയും നിരവധി സെക്ടറുകളായി അവർ വിഭജിക്കപ്പെടുകയും ചെയ്തു. തന്നെയുമല്ല ദളിത് വിഭാഗങ്ങൾ വലിയ തോതിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കീഴിൽ അണിനിരക്കുകയും ദളിത്ചോദ്യങ്ങൾ അവസാനിക്കുകയും ചെയ്തു തുടങ്ങി. പ്രത്യക്ഷരക്ഷാദൈവസഭയെ സംബന്ധിച്ച് അകത്തും പുറത്തുമായി ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന കാലഘട്ടം കൂടിയാണ് 40-കൾ. പൊയ്കയിൽ അപ്പച്ചന്റെ കാലഘട്ടം മുതൽ ആരംഭിച്ച കേസുകളുടെയും വിചാരണകളുടെയും തുടർച്ചകൾ, ഭാരിച്ച കടബാദ്ധ്യതകൾ, സഭയുടെ അധികാരത്തെ സംബന്ധിച്ചുള്ള തർക്കങ്ങൾ കൂടാതെ 40 കളിലും 50 കളിലും ഇന്ത്യയുടേയും കേരളത്തിന്റേയും സാമൂഹ്യരാഷ്ട്രീയഘടനയിലുണ്ടായ മാറ്റങ്ങളും പുതിയ വെല്ലുവിളികളുമെല്ലാം നിറഞ്ഞ ഈ കാലഘട്ടത്തിൽ പ്രത്യക്ഷരക്ഷാദൈവസഭ

നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി അപ്പച്ചന്റെ ദേഹവിയോഗം സൃഷ്ടിച്ച ശൂന്യതയാണ്. ഈ ഘട്ടത്തിലാണ്, അതായത് 1941–ൽ പൊയ്കയിൽ അപ്പച്ചന്റെ ഭാര്യ വി. ജ്ഞാനമ്മ തന്റെ 30–ാം വയസ്സിൽ പ്രത്യക്ഷരക്ഷാദൈവസഭയുടെ അദ്ധ്യക്ഷയായി തിരഞ്ഞെടുക്കപ്പെടുന്നത്. 1985–ൽ മരണം സംഭവിക്കും വരെ ആ പദവിയിൽ അവർ തുടരുകയും ചെയ്തു.

1910–ൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ പെട്ട മര്യാപുരം കുന്നുവിള വീട്ടിലായിരുന്നു വി. ജ്ഞാനമ്മയുടെ ജനനം. വേദമാണിക്യവും റാഹേലും മായിരുന്നു മാതാപിതാക്കൾ. നാലാം ക്ലാസ്സുവരെ മാത്രമാണ് വിദ്യാഭ്യാസം ചെയ്യാൻ കഴിഞ്ഞത്. 1925–ൽ പൊയ്കയിൽ അപ്പച്ചൻ വി. ജ്ഞാനമ്മയെ വിവാഹം ചെയ്തു. 1939 വരെ പ്രത്യക്ഷരക്ഷാദൈവസഭയുടെ ഔദ്യോഗിക പദവികൾ ഒന്നും അലങ്കരിച്ചിരുന്നില്ല എങ്കിലും പൊയ്കയിൽ അപ്പച്ചന്റെ യോഗങ്ങളിലും പ്രവർത്തനങ്ങളിലും സാധാരണ പി.ആർ.ഡി.എസ് കാരെപോലെ അവർ പങ്കെടുക്കുക പതിവായിരുന്നു. പ്രത്യക്ഷരക്ഷാദൈവസഭയുടെ ആസ്ഥാനമായ ഇരവി പേരൂരിൽ അപ്പച്ചനോടൊപ്പമായിരുന്നു താമസം.

1939 മുതൽ 40 വരെ നീണ്ടുനിന്ന ആഭ്യന്തരക്കുഴപ്പങ്ങൾ പരിഹരിച്ച് സഭയെ വീണ്ടെടുക്കുക, സഭയ്ക്കു പുറത്ത് ശക്തി പ്രാപിച്ചു വരുന്ന ജാതി–ഉപജാതി വാദങ്ങൾക്ക് എതിരെ പോരാടുക, സഭയ്ക്ക് ആത്മീയ നേതൃത്വം നല്കുക, സഭയ്ക്കെതിരെ രൂപം കൊണ്ട കേസുകളെയും വിചാരണകളെയും അതിജീവിക്കുക, വമ്പിച്ച കടബാദ്ധ്യതകളിൽ നിന്ന് സഭയെ വീണ്ടെടുക്കുക, സഭയെ സംഘടനാപരമായി ശക്തിപ്പെടുത്തുക, പൊതുമണ്ഡലത്തിൽ സഭയുടെ പദവി വീണ്ടെടുക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലാണ് തന്റെ ജീവിതകാലമത്രയും വി.ജ്ഞാനമ്മ മുഴുകിയത്. ക്ലേശകരമായ ഈ പ്രവർത്തനങ്ങളിലൂടെയാണ് ഇപ്പോൾ നാം കാണും വിധമുള്ള പ്രത്യക്ഷരക്ഷാദൈവസഭയെ ജ്ഞാനമ്മ മാറ്റി തീർത്തത്. സഭയ്ക്ക് സർക്കുലറുകളും ആദിയർ ദീപം എന്ന സ്വതന്ത്ര മാസികയും ഉണ്ടാകുന്നത് ഈ കാലഘട്ടത്തിലാണ്. വിവിധ പ്രദേശങ്ങളിൽ കൂടുതൽ ശാഖകൾ രൂപീകരിക്കുകയും ആരാധനാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. വയനാട്, കാസർകോഡ്, ജില്ലകളിലെ ട്രൈബൽ മേഖലകളിൽ ഇക്കാലഘട്ടത്തിലാണ് പ്രത്യക്ഷ ഇക്ഷാസഭയുടെ പ്രവർത്തനങ്ങൾ വ്യാപിക്കപ്പെട്ടത്. സഭക്ക് ജനാധിപത്യ സ്വഭാവമുള്ള ഭരണ സംവിധാനരീതികളും നടപടിക്രമങ്ങളും ഇക്കാലത്തുണ്ടായി. പ്രത്യക്ഷരക്ഷാദൈവസഭയ്ക്ക് മഹിളാസമാജം, യുവജനസംഘം, കുട്ടികളുടെ പഠനം ( സ്റ്റഡി ക്ലാസ്സ്) , കലാസമിതി, (ആചാര്യ കലാക്ഷേത്രം), എന്നീ പോഷകഘടകങ്ങൾ സഭയിൽ ആരംഭിച്ചു. ഇക്കാലഘട്ടത്തിലാണ്. പൊയ്കയിൽ അപ്പച്ചന്റെ ഭൗതികശരീരം അടക്കം ചെയ്ത സ്ഥലത്ത് വിശുദ്ധമണ്ഡപം പണിയുകയും മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ഹെഡ് ഓഫീസ് സ്ഥാപിക്കുകയും ചെയ്തു.


**പലമേഖലകളിലും ദളിത്ഉപജാതി വേർതിരുവുകൾ ശക്തമായിരുന്ന കാലത്താണ് ഇത്തരം സമ്മേളനങ്ങൾ വിളിച്ചു ചേർത്തത് എന്നത് ശ്രദ്ധേയമാണ്. അക്കാലത്ത് കേരളത്തിൽ പ്രവർത്തിച്ചിരുന്ന ദളിത്സംഘടനകളോടും, ദളിത് നേതൃത്വങ്ങളോടും സഭ ആത്മബന്ധം പുലർത്തിയിരുന്നു.**

50 കളിൽ തന്നെ പ്രത്യക്ഷരക്ഷാദൈവസഭയുടെ നേതൃത്വത്തിൽ ഓൾ കേരള പട്ടികജാതി/വർഗ്ഗ ഫെഡറേഷൻ രൂപം നൽകിയത് മറ്റൊരു ശ്രദ്ധേയമായ പ്രവർത്തനമാണ്. നാല്പതുകൾ മുതൽ 60 കൾ വരെയുള്ള കാലഘട്ടത്തിലെ പ്രത്യക്ഷരക്ഷാദൈവസഭയുടെ നോട്ടീസുകൾ പരിശോധിച്ചാൽ കാണാവുന്ന ഒരു ശ്രദ്ധേയമായ കാര്യം പൊയ്കയിൽ അപ്പച്ചന്റെ ജന്മദിനസമ്മേളനത്തോട് അനുബന്ധിച്ച് പ്രത്യേക പട്ടിക ജാതി/വർഗ്ഗ സമ്മേളനങ്ങൾ നടന്നു എന്നതാണ്. പലമേഖലകളിലും ദളിത് ഉപജാതി വേർതിരിവുകൾ ശക്തമായിരുന്ന കാലത്താണ് ഇത്തരം സമ്മേളനങ്ങൾ വിളിച്ചു ചേർത്തത് എന്ന് ശ്രദ്ധേയമാണ്. അക്കാലത്ത് കേരളത്തിൽ പ്രവർത്തിച്ചിരുന്ന ദളിത്സംഘടനകളോടും, ദളിത് നേതൃത്വങ്ങളോടും സഭ ആത്മബന്ധം പുലർത്തിയിരുന്നു. അതോടൊപ്പം കേരളത്തിലെ മുഖ്യധാരാ സാമൂഹ്യരാഷ്ട്രീയമേഖലയിലെ വ്യക്തിത്വങ്ങളോടും പ്രസ്ഥാനങ്ങളോടും സഭയ്ക്ക് ദളിത് പക്ഷത്തു നിന്നും കൊണ്ട് ഒരു വിനിമയം ഉണ്ടാക്കുന്നതിനു കഴിഞ്ഞു.1960 കളിൽ സഭ നേരിട്ട ഏറ്റവും സുപ്രധാനമായ ഒരു വെല്ലുവിളിയായിരുന്നു പ്രത്യക്ഷരക്ഷാദൈവസഭ ക്രിസ്തുമതത്തിന്റെ ഭാഗമാണോ അല്ലയോ എന്നുള്ള കോടതിയിലെ കേസ്. കേരള ഹൈക്കോടതി ഈ കേസിന്റെ വാദപ്രതിവാദങ്ങൾ കേൾക്കുകയും സഭ ക്രിസ്തുമതത്തിന്റെ ഭാഗമല്ലെന്ന് വിധിക്കുകയും ചെയ്തു. പ്രത്യക്ഷരക്ഷാദൈവസഭയുടെ Identity അടിവരയിട്ട് ഓർപ്പെടുത്തുന്ന വിധിയായിരുന്നു ഇത്. നിയമ മന്ത്രിയായിരിക്കെ ഡോ. വി.ആർ. അംബേക്കർ

കേരളം സന്ദർശിച്ചപ്പോൾ വി. ജ്ഞാനമ്മ അദ്ദേഹത്തെ നേരിൽ കാണുകയും നിവേദനങ്ങൾ നൽകുകയും ചെയ്തു.

കേരളത്തിലെ ദളിത്സ്ത്രീകൾ ആദ്യമായി ആത്മീയനേതൃത്വത്തിലേയ്ക്കും സംഘടനാനേതൃത്വത്തിലേയ്ക്കും കടന്നു വരുന്നത് വി. ജ്ഞാനമ്മയോടുകൂടിയാണ്. ആത്മീയയോഗങ്ങളുടെ ഒരു പരമ്പരതന്നെ വി. ജ്ഞാനമ്മ നടത്തുകയുണ്ടായി. പൊയ്കയിൽ അപ്പച്ചന്റെ ഭൗതികശരീരം അടക്കം ചെയ്ത വിശുദ്ധമണ്ഡപത്തിൽ വി. ജ്ഞാനമ്മ നടത്തിയ പ്രത്യേക ആത്മീയപ്രഭാഷണങ്ങൾ ഗുരുദേവപ്രഭാഷണങ്ങൾ എന്നാണ് പ്രത്യക്ഷ രക്ഷദൈവസഭക്കാർ വിളിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി ഒട്ടേറെ പാട്ടുകളും രചിക്കുകയുണ്ടായി. ഈ പാട്ടുകളിൽ ബഹുഭൂരിപക്ഷവും ജാതിയെ ചോദ്യം ചെയ്യുന്നതും പൊയ്കയിൽ അപ്പച്ചന്റെ ആത്മീയദർശനങ്ങളെ വ്യാഖ്യാനിക്കുന്നവയുമായിരുന്നു. പ്രഭാഷണങ്ങളുടെ സംഗ്രഹങ്ങളും പാട്ടുകളും പ്രത്യക്ഷ രക്ഷാദൈവസഭ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ദളിത് എന്ന അർത്ഥത്തിലും കീഴാളസ്ത്രീയെന്ന അർത്ഥത്തിലും നേരിടുന്ന ഒട്ടേറെ വെല്ലുവിളികളെ അതിശയകരമായി അതിജീവിച്ചുകൊണ്ടാണ് വി. ജ്ഞാനമ്മ 1939ന് ശേഷം പ്രത്യക്ഷരക്ഷാദൈവസഭയെ നാമാവശേഷമാവാതെ സൂക്ഷിച്ചത് വി. ജ്ഞാനമ്മയെ പ്രത്യക്ഷരക്ഷാദൈവസഭക്കാർ അമ്മച്ചി, അഭിവന്ദ്യമാതാവ്, ദിവ്യമാതാവ് എന്നിങ്ങനെആരാധനപൂർവ്വം വിളിക്കുന്നു.



# തൊലിക്കടിയിൽ വേരുള്ള മണങ്ങൾ ...



ധന്യ.എം.ഡി

**തലയ്ക്ക്** പിന്നിൽ നിന്ന്
ഒരു ചോദ്യമിഴഞ്ഞ് വന്ന്
വലത്തെ ചെന്നിയിൽ കടിക്കും
രാത്രികളിലാണങ്ങനെ. . .
ഓർക്കാപ്പുറത്ത്
ഒരു കൊള്ളിമീൻ പൊട്ടി
അക്കണ്ണിൽത്തന്നെ വീഴും . . .
ഞരമ്പുകളിൽ
എണ്ണമറ്റ മാലപ്പടക്കങ്ങൾ പൊട്ടുന്നത്
അന്നത്തെ അടയാളം . . .
കണ്ണുപുളിച്ച്
കൊതിച്ചൊന്നുറങ്ങുമ്പൊഴേക്കും
കരിങ്കല്ലിൽ തണുപ്പൊത്ത കയ്യാലെ
തൊട്ടുതൊട്ടോരോ
വിളികളാകും . . .
പിന്നെ
കുറ്റിച്ചൂട്ടിന്റെ വെളിച്ചത്തിൽ
കൈതക്കാടുകളെ
തട്ടിയും മുട്ടിയും
ഉന്മേഷം നിറഞ്ഞ ഈണങ്ങൾ . . .
പേരില്ലാത്ത
പച്ചയിലമണങ്ങളുടെ
പരുത്ത കൈത്തലങ്ങൾക്കൊണ്ട്
മുടി കോതിയും അനുഗ്രഹിച്ചും
മതിയാവില്ല അവർക്ക് . . .
ഉപ്പൂറ്റി നിലം തൊടാത്ത
ധൃതിപിടിച്ച നടത്തങ്ങളാൽ
തട്ടും തടവുമില്ലാത്ത
ചില നൃത്തച്ചുവടുകൾ
പണിഞ്ഞു വെച്ച
കനം വെച്ച മന്ത്രങ്ങൾ കൊണ്ട്
ഇടത്തെ ചെവിപ്പാടയിൽ
ചർക്കോളിനാൽ
ചിത്രം വരക്കും . . . .
ഉരുണ്ട മൂക്കറ്റങ്ങളുടെയും
ചുരുൾമുടിയുടെയും
കരിന്തൊലിയാഴത്തിന്റെയും
മഹിമകളെ വാഴ്ത്തി
ഉച്ചിയിൽ കൈവച്ച്
പരമ്പരകളെ
ഉള്ളിലേക്കൂതി നിറയ്ക്കും . . . .
ഒടുക്കം
ചെവിക്കല്ലു പൊട്ടുന്ന പോലത്തെ
രണ്ടടികൾകൊണ്ട്
ചെന്നിയിൽ കടിച്ചിഴഞ്ഞ ചോദ്യത്തിനെ
വലത്തെ ചെവിയിലൂടെ
ഒരൊറ്റപ്പറത്തലാണ് . . .
അങ്ങനെ,
അടയാളങ്ങളുടെയും
ഓർമ്മകളുടെയും
മഴക്കാടുകളിൽ നിന്നും
ഒട്ടും നോവിക്കാത്ത
മദ്ധ്യരേഖാവെയിലിൽ നിന്നും
വിശപ്പിന്റെയും
വേട്ടയുടെയും
മണങ്ങൾ പറ്റി
തിരിച്ചു വന്നുറങ്ങുമ്പോൾ
അപ്പനപ്പൂപ്പന്മാരുടെ
പേരുചൊല്ലി
അമ്മ
തലയിൽ കൈ വയ്ക്കുന്നത്
അറിയാറുണ്ട് ഞാൻ !!!

സമകാലികം





ലവ്ലി സ്റ്റീഫൻ

# നമുക്കു പാർക്കാൻ കോളനികൾ

**പൊതുസമൂഹത്തിലെ** അദളിതമനസ്സിന് ദളിതരെ സംബന്ധിച്ചും അവരുടെ അവസ്ഥയെ സംബന്ധിച്ചും പുരുഷമനസ്സിന് സ്ത്രീകളെയും അവരുടെ നിലനിൽപിനെയും സംബന്ധിച്ചും ചില ധാരണകളും ഉറച്ച വിശ്വാസങ്ങളും ഉണ്ട്. ഈ ധാരണകളേയും വിശ്വാസങ്ങളേയും അതേപടി സ്വീകരിച്ചു മുന്നോട്ടുപോകുന്ന ദളിതനും സ്ത്രീയും സമൂഹത്തിന്റെ അംഗീകാരം നേടുന്നു. മറിച്ച് ഈ ധാരണകളേയും വിശ്വാസങ്ങളേയും തിരുത്തി, ചോദ്യം ചെയ്ത് മുന്നോട്ടു പോകുവാൻ ദളിതനും സ്ത്രീക്കും കഴിഞ്ഞാൽ അവരുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടുകയും സമൂഹം അവയ്ക്ക് ഉത്തരം തേടുകയും ചെയ്യും. ദളിതനും സ്ത്രീയും തങ്ങളുടെ അനുഭവങ്ങളും അവസ്ഥയും മറയ്ക്കുന്ന അഥവ തങ്ങളെ ബാധിക്കാത്ത മുദ്രാവാക്യങ്ങൾ ഏറ്റുവിളിക്കുമ്പോഴാണ് പൊതുസമൂഹത്തിന് അവർ സ്വീകാര്യരാകുന്നത്. ജാതി ഇല്ലെന്നും ജാതി വ്യത്യാസം ഇല്ലെന്നും ദളിത്സ്ത്രീ വിശ്വസിക്കുമ്പോഴാണ് അഥവാ വിശ്വസിക്കുമ്പോലെ ഭാവിക്കുമ്പോഴാണ് പൊതുരാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സ്ത്രീ പ്രസ്ഥാനങ്ങളിലും ഓരങ്ങളിൽ നിൽക്കാൻ 'പരിമിതമായ ഇടം' പോലും ദളിത്സ്ത്രീക്ക് ലഭിക്കുന്നത്. മറിച്ച് ദളിത്സ്ത്രീ തന്റെ അവസ്ഥയെക്കുറിച്ച് ബോധ്യം പ്രകടിപ്പിച്ചാൽ എല്ലാ പ്രസ്ഥാനങ്ങളിലും ഒരു അസഹിഷ്ണുത പ്രകടമാകും. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വന്ന സ്ത്രീകളും നസ്രാണിസ്ത്രീകളും അവരുടെ സമ്മേളനങ്ങൾ നടത്തിയാൽ അവ പുരോഗമനപരമായും ദളിത്സ്ത്രീകൾ അവരുടേത് മാത്രമായ സമ്മേളനങ്ങൾ നടത്തിയാൽ അവ വിഭാഗീയമായും കാണുന്ന സമീപനം നമ്മുടെ രാഷ്ട്രീയ /സ്ത്രീപ്രസ്ഥാനങ്ങൾക്കുള്ളത് ഇക്കാരണം കൊണ്ടാണ്. സ്ത്രീ സംവരണത്തിനുള്ളിൽ പിന്നാക്കവിഭാഗസംവരണം എന്ന നിർദ്ദേശത്തോട് 'വിപ്ലവ' പ്രസ്ഥാനങ്ങൾക്കുള്ള അസഹിഷ്ണുതയും ഇതേ കാരണം കൊണ്ടുതന്നെയാണ്.

ചില ജീവിതാനുഭവങ്ങൾ പ്രത്യേകമായ ചില തിരിച്ചറിവുകളിലേക്കും നിലപാടുകളിലേക്കും നമ്മെ നയിക്കാറുണ്ട്. പുരോഗമനപ്രസ്ഥാനങ്ങൾക്കും അവയിലെ പ്രവർത്തകർക്കും അവർ എതിർക്കുന്നു എന്നു പറയുന്ന മൂല്യങ്ങളോടും ആശയങ്ങളോടും പൂർണ്ണമായും വിടപറയാൻ കഴിയില്ല എന്ന തിരിച്ചറിവ് എനിക്ക് ലഭിക്കുന്നത് 1980–84 കാല

ഘട്ടത്തിലാണ്. സാമൂഹ്യ പ്രവർത്തനത്തിന്റെ വിവിധതലങ്ങളിലുള്ള പ്രസ്ഥാനങ്ങളുമായുള്ള സഹകരണമാണ് ഈ തിരിച്ചറിവ് നൽകിയത്. സാമൂഹ്യമാറ്റത്തിന്റെയും പുരോഗമനത്തിന്റെയും ധാരാളം വാക്തോരണികൾ മുഴക്കുമ്പോഴും ഒരു സവർണ്ണപുരോഗമനകാരിയുടെ ഉള്ളിന്റെ ഉള്ളിൽ തന്റെ സാമൂഹ്യ അവസ്ഥയെക്കുറിച്ച് (Social Position in the hirarchy) അഭിമാനമുണ്ടെന്ന തിരിച്ചറിവും ഇതേ സഹകരണമാണ് എനിക്ക് തന്നത്. "എന്റെ കൊച്ചേ, എത്രയൊക്കെ ആണെങ്കിലും നമ്മുടെ വീട്ടിലേക്ക് ഒരച്ചി കയറിവരുന്നത് എങ്ങനെസഹിക്കും!" എന്ന് തന്റെ സഹോദരന്റെ മിശ്രവിവാഹത്തെക്കുറിച്ച് നസ്രാണി പുരോഗമനപ്രവർത്തക പറഞ്ഞപ്പോൾ എന്റെ മനസ്സിൽ വീണ ഇടിത്തീ അവരറിഞ്ഞില്ല. ഒരു 'അച്ചി' വീട്ടിൽ മരുമകളായി വന്നാൽ സഹിക്കാൻ കഴിയാത്തപ്പോൾ ഒരു ദളിത ആയിരുന്നുവെങ്കിൽ എന്താകുമായിരുന്നു സ്ഥിതി, ഞാനോർത്തുപോയി.

കുറിച്ചി കേന്ദ്രമായി 1992ൽ ദളിത്സ്ത്രീകളുടേതു മാത്രമായ ഒരു സംഘം രൂപീകരിക്കുന്നതിന് അനുകൂലം കുറിച്ച എന്റെ മാനസികാവസ്ഥ രൂപപ്പെട്ടത് ഈ തിരിച്ചറിവുകളോടെയാണ്. സ്നേഹിത

**"കഴിഞ്ഞ കുറേ ദിവസങ്ങളായി ഞങ്ങൾക്ക് സ്വസ്ഥമായി ഉറങ്ങാൻ കഴിയുന്നില്ല. നിർഭയമായി വഴിയിലൂടെ സഞ്ചരിക്കാൻ കഴിയുന്നില്ല. പണിയിടങ്ങളിലേക്കും കടകമ്പോളങ്ങളിലേക്കും പോകാൻ കഴിയുന്നില്ല. സുരക്ഷിതരായി കഴിയുമ്പോൾ ഞങ്ങൾ തീർത്തും അരക്ഷിതാവസ്ഥ നേരിടുകയാണ്."**



റസ്‌ലി ഏബ്രഹാമിനോടൊത്ത് സംഘരൂപീകരണം നടത്തിയത് വളരെ പ്രതീക്ഷകളോടെയാണ്. 100 ദളിത് കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക സർവ്വേയുടെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി വിവിധ പ്രവർത്തനപദ്ധതികളിൽ ഞങ്ങളേർപ്പെട്ടു. കുട്ടികൾക്കു ട്യൂഷൻ, സ്ത്രീകൾക്കും കുട്ടികൾക്കും സമ്പാദ്യപദ്ധതി, നഴ്സറി, ചിൽഡ്രൻ ക്ലബ്ബ്, സർവ്വകാലാശാല വിദ്യാർത്ഥികൾക്കായി പഠനങ്ങൾ, സ്ത്രീ സമ്മേളനങ്ങൾ, ദളിത്സ്ത്രീ നാടകവേദി, ക്രെഡിറ്റ് യൂണിയൻ, സ്വയംതൊഴിൽ സംരംഭങ്ങൾ, ന്യൂസ്ലെറ്റർ തുടങ്ങി നിരവധി പ്രവർത്തനങ്ങളിലൂടെ ഞങ്ങൾ മുമ്പോട്ടു വന്നു. സ്ത്രീ സമ്മേളനങ്ങളിലും കോളേജ് വിദ്യാർത്ഥികൾക്കായുള്ള പഠനങ്ങളിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളും വിദ്യാർത്ഥികളും പങ്കെടുത്തുവന്നു. ഒരു വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച സംഘത്തിന് 11 സെന്റ് ഭൂമിയും ഒരു സെന്ററും ഇന്ന് സ്വന്തമായുണ്ട്.

1995ൽ വളരെ ശ്രദ്ധേയമായ ഒരു ഇടപെടൽ ഞങ്ങൾ നടത്തിയത് ഓർക്കാതെ വയ്യ. ജാതി വഴക്കുകൾ സാധാരണമായ ഒരു പ്രദേശമായിരുന്നു കുറിച്ചി. ദളിത്-ഈഴവ സംഘർഷങ്ങൾ പലപ്പോഴും ഉണ്ടായിരുന്നു. അത്തരമൊരു സംഘർഷാവസരത്തിൽ ആയിരക്കണക്കിന് ദളിത്സ്ത്രീകളെ പങ്കെടുപ്പിച്ച് കൊണ്ട് ഒരു സമാധാനറാലിയും പൊതുസമ്മേളനവും നടത്താൻ ഞങ്ങൾക്കു കഴിഞ്ഞു എന്നത് അഭിമാനത്തോടെ ഓർക്കുകയാണ്. ദളിത് വീടുകളിൽ പുരുഷന്മാർക്ക് പുറത്തേക്കിറങ്ങാൻ വയ്യാത്ത അവസ്ഥ. 'കറുത്ത' വനെകണ്ടാൽ അടിക്കും എന്ന അവസ്ഥ. ഇരുവിഭാഗത്തിലുമുള്ള സാമൂഹ്യവിരുദ്ധരുടെ വഴക്കാണ് ഇത്തരമൊരു അന്തരീക്ഷത്തിലേക്ക് നയിച്ചത്. 'ദളിത്വനിതാ ആക്ഷൻ കൗൺസിൽ' രൂപീകരിച്ച് 1995 ജനുവരി 3ന് സമാധാനറാലിയും പൊതുസമ്മേളനവും നടത്തി. കുറിച്ചിഗ്രാമം ഇന്നുവരെ കാണാത്ത സ്ത്രീക്കൂട്ടത്തെയാണ് അന്ന് റാലിയിലും പൊതുസമ്മേളനത്തിലും കണ്ടത്. കുറിച്ചിമന്ദിരം കവല നിറഞ്ഞുനിന്ന സ്ത്രീക്കൂട്ടങ്ങൾ ഗ്രാമത്തോട് പറഞ്ഞു.

"കഴിഞ്ഞ കുറേ ദിവസങ്ങളായി ഞങ്ങൾക്ക് സ്വസ്ഥമായി ഉറങ്ങാൻ കഴിയുന്നില്ല. നിർഭയമായി വഴിയിലൂടെ സഞ്ചരിക്കാൻ കഴിയുന്നില്ല. പണിയിടങ്ങളിലേക്കും കടകമ്പോളങ്ങളിലേക്കും പോകാൻ കഴിയുന്നില്ല. സുരക്ഷിതരായി കഴിയുമ്പോൾ ഞങ്ങൾ തീർത്തും അരക്ഷിതാവസ്ഥ നേരിടുകയാണ്."

ഈ സംഘട്ടനങ്ങളിലെല്ലാം തന്നെ പ്രകടമായി കാണുന്ന ഒരു കാര്യം ഒരു ന്യായീകരണവുമില്ലാത്ത മർദ്ദനങ്ങൾക്ക് ഇരയാവുന്നത് ദളിത്സമുദായത്തിലെ നിരപരാധികൾ ആണെന്നതാണ്!

മില്ലുകവലയിൽ നിന്നാരംഭിച്ച് എണ്ണയ്ക്കാച്ചിറ ഔട്ട്പോസ്റ്റ് വഴി മന്ദിരംകവലയിലെത്തിയ സമാധാനറാലിയിൽ സ്ത്രീകൾ മുദ്രാവാക്യങ്ങൾ ഏറ്റുപറഞ്ഞു.

മാറ് മുറിച്ചും മാനം നശിച്ചും
നേടിയെടുത്തൊരവകാശം
സഞ്ചാരത്തിൻ അവകാശം
സ്വാതന്ത്ര്യത്തിൻ അവകാശം
സംരക്ഷിക്കും സംരക്ഷിക്കും

വനിതകൾ ഞങ്ങൾ സംരക്ഷിക്കും

പെട്ടെന്നുള്ള സംഘാടനമായതിനാൽ മറ്റു സംഘങ്ങളെ അറിയിക്കാനോ ബന്ധപ്പെടുത്താനോ ഞങ്ങൾക്കു കഴിഞ്ഞില്ല. കോട്ടയത്ത് 'സഹജ'യിൽ നിന്ന് എലിസബത്ത് ഫിലിപ്പിന് മാത്രമാണ് ഞങ്ങളോട് ഐക്യദാർഢ്യം പറയുവാൻ സാധിച്ചത്. റാലിയിലും പൊതുസമ്മേളനത്തിലും എലിസബത്ത് ആദ്യാവസാനം ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. പൊതുസമ്മേളനത്തിൽ സംസാരിക്കുകയും ചെയ്തു. ജാതി സംഘർഷങ്ങൾക്കൊരറുതി വരുത്താൻ ഞങ്ങളുടെ ഇടപെടലിന് കഴിഞ്ഞുവെന്നത് ദളിത്സ്ത്രീ ഐക്യത്തിന്റെയും കൂട്ടായ്മയുടെയും ഉത്തരമായി ഞങ്ങൾ കാണുന്നു.

പക്ഷേ, ദളിത്സ്ത്രീകൾ കൂടുതലായി ഓരങ്ങളിലേക്ക് മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന വസ്തുത നമ്മെ ചിന്തിപ്പിക്കുന്നു. ദളിതരുടെ അവസ്ഥയിൽ ഗുണപരമായ മാറ്റം കാര്യമായി ഉണ്ടായിട്ടില്ല എന്ന വസ്തുതയും നമ്മെ ചിന്തിപ്പിക്കുന്നു. 1997ൽ പുറത്തിറങ്ങിയ 'കുറിച്ചി ഗ്രാമപഞ്ചായത്ത് വികസനരേഖ' പ്രകാരം പഞ്ചായത്തിൽ 9 കോളനികളാണുള്ളത്. 2012ൽ ഇരുപതോളം കോളനികൾ ഈ പഞ്ചായത്തിൽ ഉള്ളതായി പഠനങ്ങൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസനരേഖ 'പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം' എന്ന അധ്യായത്തിൽ ദളിത് വിമൻസ് സൊസൈറ്റി 1992ൽ നടത്തിയ സർവ്വേയിലെ വിവരങ്ങളെയും സ്വീകരിച്ചിട്ടുണ്ട്. 2012ൽ ദളിത്വിമൻസ്സൊസൈറ്റിയും ക്രൈഇൻഡ്യയും സംയുക്തമായി കുറിച്ചിപഞ്ചായത്തിലെ കോളനികളിലെ കുട്ടികളുടെ അവകാശനിഷേധങ്ങളെ സംബന്ധിച്ച പഠനം നടത്തി പൂർത്തീകരിച്ചുവരുന്നു. ദളിത് ജീവിതാവസ്ഥയുടെ ചിന്തിപ്പിക്കുന്ന സത്യം നമ്മെ അത്ഭുതപ്പെടുത്തും.

പഠനവിധേയമായ കോളനികളിൽ താമസിക്കുന്നവരിൽ ഏകദേശം 92% ആളുകളും ദളിതരാണ്. ഒന്നോ, രണ്ടോ, മൂന്നോ സെന്റുകളിലായി ഒറ്റമുറി വീടുകൾ ഉണ്ടാക്കി അവർ താമസിക്കുന്നു. നിവർത്തികേടു കൊണ്ട് ഇവിടെ വന്നുപെട്ടവരാണ് എല്ലാവരും. ഈ പ്രദേശങ്ങൾ എല്ലാം ഒന്നുകിൽ സമതലത്തിൽ നിന്ന് വളരെ പൊക്കത്തിലോ അതല്ലെങ്കിൽ വളരെ താഴെയോ സ്ഥിതി ചെയ്യുന്നു. ശുദ്ധജലസംവിധാനം ഒരിടത്തുമില്ല. ഉദ്ദേശം 35%ശതമാനം ആളുകൾക്ക് മാത്രമാണ് സ്വന്തം കിണറുള്ളത്. താഴ്ന്ന പ്രദേശങ്ങളിൽ മഴപെയ്താൽ ജീവിതം ദുരിതപൂർണ്ണമാകും. 7%ത്തോളം ജനങ്ങൾക്ക് കക്കൂസില്ല. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ പകുതി ആളുകളും തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തുന്നു. പക്ഷേ കേരളത്തിൽ ഇത് 3.8%ശതമാനം ആണത്രേ. കോളനികളിലേക്ക് വന്നപ്പോൾ ഇത് 7%വും ആയി.


കോളനിവാസം പെൺകുട്ടികളേയും സ്ത്രീകളേയും സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ദുരിതമാണ്. കക്കൂസില്ലാത്തതിനാൽ തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തേണ്ടി വരുന്നു എന്ന സത്യം പറഞ്ഞ പെൺകുട്ടികൾ വിവരശേഖരണം നടത്തിയ സാമൂഹ്യപ്രവർത്തകരുടെ പിന്നാലെ ഓടി വന്ന് അടക്കം പറഞ്ഞു. "ഞങ്ങളങ്ങനെ പറഞ്ഞെങ്കിലും ചേച്ചിമാർ എഴുതുമ്പോൾ ഇതൊന്നും എഴുതരുതേ. ഞങ്ങൾക്കത് നാണക്കേടല്ലേ" എന്ന്. പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്ന കാര്യത്തിലെ സമയനിയന്ത്രണവും വൃത്തിഹീനമായ പരിസരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന തുണികൾ മാസമുറ സമയത്ത് വീണ്ടും വീണ്ടും ഉപയോഗിക്കുന്നതിനാലും ഒക്കെ പലവിധ ആരോഗ്യപ്രശ്നങ്ങളും സ്ത്രീകൾക്കുണ്ട്. പെൺകുട്ടികൾക്ക് യാതൊരു സ്വകാര്യതയും സംരക്ഷണവും ഇവിടെയില്ല. മദ്യം ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്നത് ഇവിടെ പതിവാണ്. ഭൂരിഭാഗം പുരുഷന്മാരും മദ്യപാനികളും സ്ത്രീകളെയും കുട്ടികളെയും മർദ്ദിക്കുന്നവരുമാണ്. പക്ഷേ ഇതു പറയുവാൻ സ്ത്രീകൾക്കിഷ്ടമില്ല. വിദ്യാഭ്യാസവും വളരെ പിന്നിലാണ്. ഏകദേശം 24%സ്ത്രീകൾ മാത്രമാണ് പത്താംതരം ജയിച്ചിട്ടുള്ളത്. പുരുഷന്മാരുടെ കാര്യത്തിലിത് 19% മാത്രമാണ്. മാതാപിതാക്കളുടെ താഴ്ന്ന വിദ്യാഭ്യാസനിലവാരം കുട്ടികളുടെ പഠനത്തെയും സാരമായി ബാധിക്കുന്നു. വീടിന്റെ പരിമിത സാഹചര്യങ്ങളിൽ കുട്ടികൾക്ക് നന്നായി പഠിക്കാൻ സാധിക്കുന്നില്ല. ഭൂരിഭാഗം കുട്ടികൾക്കും അക്ഷരം കൂട്ടിവായിക്കാൻ അറിയില്ല. ഹിന്ദി, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങൾ അവർക്ക് കട്ടിയാണ്.

പോഷകാഹാരക്കുറവും കോളനികളിലെ കുട്ടികളിൽ സർവ്വസാധാരണമാണ്. പൊതുവിതരണ സമ്പ്രദായം വഴി ലഭിക്കാവുന്ന ആനുകൂല്യങ്ങൾ പോലും ശരിയായ വിധത്തിൽ ജനങ്ങളിലെത്തുന്നില്ല. കാരണം കോളനികളിലെ 50%ത്തിലധികം പേരും എ.പി.എൽ വിഭാഗത്തിലാണ്.

പകർച്ചവ്യാധികൾ കോളനികളിലെ മറ്റൊരു പ്രശ്നമാണ്. ശുദ്ധജലക്ഷാമവും മലിനജലം ഒഴുകിപ്പോകാനുള്ള സംവിധാനമില്ലായ്മയും പ്രശ്നം രൂക്ഷമാക്കുന്നു. എല്ലാ പ്രശ്നങ്ങളുടെയും ഏറ്റവും തിക്തമായ അനുഭവങ്ങൾ പങ്കിടുന്നത് സ്ത്രീകളും പെൺകുട്ടികളുമാണ്. ഗൃഹനാഥൻ ബിവറേജസ് കോർപ്പറേഷനിൽ ക്യൂനിൽക്കുമ്പോൾ അമ്മയും പെൺമക്കളും റേഷൻകടയിൽ ക്യൂനിൽക്കുന്നു. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പെടാപ്പാടുപെടുകയാണ് സ്ത്രീകൾ.

പലവിധപ്രശ്നങ്ങൾ നേരിടുമ്പോഴും തങ്ങളുടെ അവകാശങ്ങളെക്കുറിച്ചോ അവകാശനിഷേധങ്ങളെക്കുറിച്ചോ തങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചോ വ്യക്തമായ ധാരണ ഇന്നും ദളിത്സ്ത്രീകൾക്കില്ല. തങ്ങളുടെ എല്ലാ അനുഭവങ്ങളെയും 'സ്വാഭാവിക'മായാണ് ഇവർ കാണുന്നത്. അതുകൊണ്ടുതന്നെ മനുഷ്യാവകാശങ്ങളും സാമാന്യനീതിയും തങ്ങൾക്ക് നിഷേധിക്കപ്പെടുന്നതുകൊണ്ടാണ് കോളനികളിൽ ദുരിതപൂർണ്ണമായ ജീവിതം നയിക്കേണ്ടി വരുന്നതെന്ന ബോധ്യം ഇവർക്കില്ല. തങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച ശരിയായ തിരിച്ചറിവിലേക്ക് ദളിത്സ്ത്രീകളെ നയിക്കുക എന്ന ദൗത്യം നമ്മുടെ മുന്നിൽ നിൽക്കുന്നു. അതേറ്റെടുക്കുവാൻ നമുക്ക് കഴിയണം.

സമകാലികം



# എന്റെ ജീവിതം എന്റെ രാഷ്ട്രീയം



റസ്‌ലി ഏബ്രഹാം

**കഴിഞ്ഞ** 35 വർഷമായി സാമൂഹ്യരംഗത്ത് പ്രവർത്തിച്ച അനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ കുറുപ്പ്.

തിരുവല്ലാ ഗ്രാമീണ വനിതാപ്രസ്ഥാനത്തിലെ ആദ്യകാല പ്രവർത്തനങ്ങൾ, ക്രിസ്ത്യൻ സഭയിലെ ദളിത്‌വിഭാഗങ്ങളുടെ അവകാശങ്ങൾക്കും പങ്കാളിത്തത്തിനുമായി ജനകീയ വിമോചനവിശ്വാസപ്രസ്ഥാനത്തിലൂടെ പ്രവർത്തിച്ചത്. 1979 ൽ ബാഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജിലെ മൂന്നു വർഷത്തെ ദൈവശാസ്ത്ര പഠനം, ഒരു ക്രിസ്ത്യാനിയായി തുടർന്നുകൊണ്ട് 'ഹിന്ദു'വായ ഒരാളെ വിവാഹം ചെയ്ത് ഇരുപത്തിയാറു വർഷമായി തുടരുന്ന കുടുംബജീവിതം, തിരുവല്ലയിൽ 'ടെറാഫെസ്റ്റ്', 'ജലയാത്ര' തുടങ്ങിയ വിപുലമായ വേറിട്ട പ്രവർത്തനങ്ങളിലെ പങ്കാളിത്തം, 1993 ൽ തിരുവല്ലയിൽ ആരംഭിച്ച 'അന്വേഷി' എന്ന ദളിത്‌സ്ത്രീ പഠന കേന്ദ്രത്തിന്റെ അന്വേഷണങ്ങളും പഠനങ്ങളും, 'നാഷണൽ ഫെഡറേഷൻ ഓഫ് ദളിത്‌വിമൻ' എന്ന ദേശീയപ്രസ്ഥാനവുമായി പ്രവർത്തനം എന്നിവ എന്റെ പ്രധാനശ്രമങ്ങളായിരുന്നു.

ഒരു ദളിത്‌സ്ത്രീ പൊതുസമൂഹത്തിൽ എങ്ങനെഇടപെട്ടു എന്ന ഈ അനുഭവം വിപുലമായിത്തന്നെ എഴുതേണ്ടതാണ്. എന്നാൽ ഇപ്പോൾ കുറിക്കുന്നത്-സ്ത്രീ പ്രശ്നങ്ങളും ദളിത് വിഷയവും എങ്ങനെയാണ് തുല്യപ്രാധാന്യത്തോടെ കണക്കാക്കി പ്രവർത്തിച്ചത് എന്നു മാത്രമാണ്.

ഗ്രാമീണ വനിതാപ്രസ്ഥാനത്തിലാണ് പ്രവർത്തിച്ചു തുടങ്ങിയതെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. 1976 നവംബറിൽ ശ്രീമതി അന്നമ്മ ജോസഫ് തിരുവല്ലായിൽ വിളിച്ചുകൂട്ടിയ ആദ്യ സമ്മേളനത്തിൽ വിവിധ മേഖലയിൽനിന്ന് എൺപതിലധികം സ്ത്രീകൾ പങ്കെടുത്തിരുന്നു. സാർവ്വദേശീയ വനിതാവർഷവും അതേ തുടർന്നുള്ള ചർച്ചകളും ഗ്രാമീണതലങ്ങളിലും സ്ത്രീകളുടെ അവകാശങ്ങളെ ബോധ്യപ്പെടുത്തുന്ന തരത്തിലായിരുന്നു സമ്മേളനം. ആ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതുകൊണ്ട് പുതിയൊരു ദിശാബോധം എനിക്കുണ്ടായി. തിരുവല്ല, പുനലൂർ, മാവേലിക്കര, ഇരവിപേരൂർ, ചിങ്ങവനം എന്നീ പ്രദേശങ്ങളിൽ രൂപപ്പെട്ട സ്ത്രീകളുടെ ഗ്രൂപ്പുകൾ 'ഗ്രാമീണ വനിതാപ്രസ്ഥാന'മായി പ്രവർത്തിച്ചുതുടങ്ങി. അതിലൂടെ വിവിധസ്ഥലങ്ങളിലെ സ്ത്രീകളുടെ ജീവിതസാഹചര്യങ്ങൾ ബോധ്യപ്പെടുവാനും അവരോടൊപ്പം പ്രവർത്തിച്ചവരുടെ അനുഭവങ്ങളെ നേരിട്ടറിയാനും കൂട്ടായ തീരുമാനങ്ങളിലൂടെ പല പ്രശ്നങ്ങളിലും സ്ത്രീകളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനും കഴിഞ്ഞിരുന്നു.

സാമൂഹ്യനീതിക്കുവേണ്ടി പ്രവർത്തിക്കുന്നത് ദൈവീകമാണ് എന്ന അറിവും സമൂഹത്തെപ്പറ്റിയുള്ള വർഗ്ഗവിശകലനവും മറ്റും എന്റെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായി. ആദ്യകാലത്ത്

തികച്ചും സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന പ്രസ്ഥാനം ക്രമേണ ഇടതുപക്ഷ രാഷ്ട്രീയപാർട്ടിയുടെ താല്പര്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നതായി അനുഭവപ്പെട്ടു. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പലപ്പോഴും സ്വതന്ത്രമായ നിലപാടെടുക്കാൻ കഴിയാതെ വന്നു. കൂടാതെ ചില പ്രത്യേക സാഹചര്യങ്ങളാൽ 1988 ൽ ആ പ്രസ്ഥാനത്തിൽ നിന്നും മാറി നിന്നു. പ്രസ്ഥാനത്തിൽനിന്നും മാറി നിന്നിരുന്നുവെങ്കിലും സ്വതന്ത്ര സ്ത്രീവിമോചനപ്രസ്ഥാനങ്ങളുടെ നാലാം ദേശീയ സമ്മേളനം കോഴിക്കോട്ടു വെച്ചു നടത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതിനായി ശ്രീമതി അജിത വിളിച്ചു കൂട്ടിയ ആലോചനായോഗത്തിൽ പങ്കെടുത്തു. സ്വതന്ത്രമായി നിന്നതുകൊണ്ട് അതിൽ സജീവമായി പ്രവർത്തിക്കുവാൻ കഴിഞ്ഞു. ഗ്രാമീണവനിതാപ്രസ്ഥാനമാകട്ടെ അതിൽ സഹകരിച്ചില്ല. എന്നെ സംബന്ധിച്ചിടത്തോളം കോഴിക്കോട് എല്ലാ മാസവും നടത്തിയിരുന്ന ആലോചനായോഗങ്ങൾക്ക് പോകുന്നതിന് വേണ്ടുന്ന സാമ്പത്തിക വരുമാനമൊന്നും ഇല്ലായിരുന്നു. എങ്കിലും എന്റെ കുടുംബാംഗങ്ങളും ചില സുഹൃത്തുക്കളും ഇക്കാര്യത്തിൽ എന്നെ പിൻതുണച്ചു.

പല ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിരുന്നുവെങ്കിലും പങ്കെടുക്കുവാൻ തീരുമാനിച്ചത്, ഈ സമ്മേളനം കേരളത്തിൽ വെച്ചു നടക്കുന്നത് സ്ത്രീകൾക്ക് സ്വതന്ത്രമായ നിലപാട് ഉണ്ടാകുന്നതിനു സഹായകരമാകും എന്നു ബോധ്യപ്പെട്ടതുകൊണ്ടാണ്. സ്ത്രീകൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും, മറ്റു സാമ്പത്തികസഹായമൊന്നും സ്വീകരിക്കാതെ നടത്തുന്ന സമ്മേളനം സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കാൻ സാഹചര്യമൊരുക്കി. രണ്ടായിരത്തോളം സ്ത്രീകൾ പങ്കെടുത്ത ആ സമ്മേളനം ഒരു ചരിത്ര വിജയമായിത്തീർന്നത് അതിൽ സഹകരിച്ച എല്ലാവരും സാമ്പത്തിക താല്പര്യങ്ങളോ മറ്റ് സ്വകാര്യ താല്പര്യങ്ങളോ ഇല്ലാതെ ഒരേ മനസ്സോടെ പ്രവർത്തിച്ചതുകൊണ്ടാണ്.

**സാമൂഹ്യനീതിക്കുവേണ്ടി പ്രവർത്തിക്കുന്നത് ദൈവീകമാണ് എന്ന അറിവും സമൂഹത്തെപ്പറ്റിയുള്ള വർഗ്ഗവിശകലനവും മറ്റും എന്റെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായി. ആദ്യകാലത്ത് തികച്ചും സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന പ്രസ്ഥാനം ക്രമേണ ഇടതുപക്ഷ രാഷ്ട്രീയപാർട്ടിയുടെ താല്പര്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നതായി അനുഭവപ്പെട്ടു.**

സമ്മേളനത്തിനുശേഷം ഒന്നു ഞാൻ തീരുമാനിച്ചു. സ്ത്രീപ്രശ്നങ്ങൾ ഉന്നയിക്കാനും നേതൃത്വം കൊടുക്കാനും ചെറുപ്പക്കാരായ നിരവധി സ്ത്രീകളുണ്ട്. എന്നാൽ ദളിത്സ്ത്രീകളുടെ പ്രത്യേകമായ പ്രശ്നങ്ങളെ ശ്രദ്ധയിൽപ്പെടുത്തുവാനും ആ രംഗത്തു പ്രവർത്തിക്കുവാനും വളരെക്കുറച്ചു പേർ മാത്രമേയുള്ളൂ. എന്റെയുംകൂടി സമയവും ഉൾപ്പെടലും ദലിത് സ്ത്രീകളുടെ വിഷയങ്ങളിലേക്കു കേന്ദ്രീകരിക്കേണ്ടതാണെന്നു ഉറപ്പിച്ചു. 1993 ൽ 'അന്വേഷി' എന്ന ദളിത്സ്ത്രീ പഠനകേന്ദ്രം തിരുവല്ലയിൽ പ്രവർത്തനം ആരംഭിച്ചത് അങ്ങനെയാണ്.

ശ്രീമതി ലൗലി സ്റ്റീഫന്റെ ചുമതലയിൽ കുറിച്ചി കേന്ദ്രമാക്കിക്കൊണ്ട് ദളിത്വിമെൻ സൊസൈറ്റി ശ്രീമതി അച്ചാമ്മ ജോണിന്റെ ചുമതലയിൽ കടമ്പനാട് ദളിത്ഡവലപ്മെന്റ് സൊസൈറ്റി എന്നീ സംഘങ്ങൾ ആരംഭിക്കുന്നതിനും കൂട്ടായ ആലോചനയും സഹകരണവും ഉണ്ടായിരുന്നു. കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ ആരംഭിച്ച ഈ സ്വതന്ത്ര ദളിത്സ്ത്രീ സംഘങ്ങൾ മുഖാന്തിരം ദളിത്സ്ത്രീകളുടെ പ്രത്യേക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും പ്രശ്നങ്ങൾ പൊതുശ്രദ്ധയിൽ കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. കവിയൂർ മുരളി സാറിന്റെ സാഹിത്യരചനകൾ പ്രസിദ്ധീകരിച്ചുവന്നത് വ്യാപകമായി ദളിത് ജനതയിലേക്ക് എത്തിക്കുന്നതിനും വ്യാപകമായി ചർച്ചചെയ്യുന്നതിനും സാഹചര്യമൊരുക്കി. പല പ്രദേശങ്ങളിലും ദളിത് കൂട്ടായ്മകൾ നടത്തുന്നതിനും ദളിതർക്ക് അനുകൂലമായ നിയമങ്ങളെപ്പറ്റി അവബോധം വളർത്തുന്നതിനും സാധിച്ചു.

1995 ൽ നടന്ന ബീജിങ്ങ് സമ്മേളനത്തിൽ ദളിത്സ്ത്രീകളുടെ പ്രശ്നങ്ങൾ ഉന്നയിച്ച ഒരു ഡോക്യുമെന്ററി തയ്യാറാക്കിയത് വിപുലമായ ചർച്ചയ്ക്കു സാധ്യമാക്കി.

യു.എന്നിന്റെ അൻപതാം വാർഷികത്തിൽ "ദളിത്അവകാശങ്ങൾ മനുഷ്യാവകാശങ്ങളാണ്" എന്ന പ്രഖ്യാപനത്തോടെ ദേശീയതലത്തിലും സംസ്ഥാനതലത്തിലും വ്യാപകമായ കാമ്പയിൻ നടത്തി.

ഇന്ന് പൊതുവെ സ്ത്രീകൾക്ക് ലഭ്യമായിരിക്കുന്ന അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തിയെടുക്കാൻ അവർക്ക് കഴിയുന്നുണ്ട്. എന്നാൽ ദളിത്സ്ത്രീകളുടെ സ്ഥിതി അതല്ല, ദളിത്സ്ത്രീകൾ അനുഭവിക്കുന്ന ജാതീയമായ വിവേചനത്തിന്റേയും അപമാനത്തിന്റേയും പ്രശ്നങ്ങൾ സ്ത്രീ എന്ന തരത്തിൽ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കാൾ എത്രയോ ഇരട്ടിയാണ്. ദളിത്സ്ത്രീകൾ അവരുടെ സമുദായം അനുഭവിക്കുന്ന നിന്ദയും പരിഹാസവും ഏറ്റുകൊണ്ടാണ് വളർച്ചയിലേക്കുള്ള ചുവടുകൾ വെക്കുന്നത്.

ഓർമ്മക്കുറിപ്പ്



# ഒളിവിലെ ഓർമ്മകൾ



സുനിത തോപ്പിൽ

**കട്ടെടുത്ത** ഒരു തൊണ്ടി മടിയിലൊളിപ്പിച്ച് വെച്ചിട്ട് ഏതുനിമിഷവും പിടിക്കപ്പെടാവുന്ന ഒരു കുറ്റവാളിയെപ്പോലെ ജാതി ഒളിച്ചുനടന്നാണ് എന്റെ കൗമാരവും യവ്വനാരംഭവും നിറംകെട്ടുപോയത് അപ്രതീക്ഷിതമായി ജാതി വെളിപ്പെട്ടതിന്റെ പൊള്ളുന്ന ഓർമ്മകൾ നിരവധിയുണ്ട്. ദളിത് ആക്ടിവിസ്റ്റായ ഒരാളെ വിവാഹം ചെയ്തതിനു ശേഷം നേടിയ മാനസികസ്വാതന്ത്ര്യം കൊണ്ടു മാത്രമാണ് ഇത്തരത്തിലൊന്നു കുറിക്കാൻ ധൈര്യപ്പെടുന്നത്.

മൂലമറ്റത്ത് സാമാന്യം ഭേദപ്പെട്ട സാമ്പത്തികസ്ഥിതിയുള്ള കുടുംബമായിരുന്നു ഞങ്ങളുടേത്. അത്ര കറുപ്പല്ലാത്ത നിറവും കിട്ടിപ്പോയതിനാൽ ജാതി ഒളിച്ചുവെക്കേണ്ട ഒന്നായി എങ്ങനെയോ ചെറുപ്പത്തിലേ മനസ്സിലുറച്ചു. വിവാഹം പിന്നെ ജീവിത ലക്ഷ്യം തന്നെ അതായി മാറി...

പള്ളിക്കാര്, അമ്പലക്കാര്, പെലേര്, പറേര്, ആദിവാസികൾ എന്നീ വിഭജനങ്ങൾ ചെറിയ ക്ലാസ്സിലേ കുട്ടികൾ സംസാരിച്ചു തുടങ്ങും. ലെംസംഗ്രാന്റ് വാങ്ങിക്കുന്നവരേക്കാൾ മെച്ചപ്പെട്ടവരാണ് തങ്ങളെന്ന് തിരിച്ചറിയുന്ന ജാതിബോധം പ്രൈമറി ക്ലാസ്സിലെ മറ്റുകുട്ടികൾ എസ്.സി കുട്ടികൾക്ക് മേൽപുലർത്തും. മറ്റു കുട്ടികൾ ഇല്ലാത്ത തക്കം നോക്കി വന്ന് ലെംസംഗ്രാന്റ് വാങ്ങാൻ വീട്ടുകാരും ശ്രദ്ധിച്ചിരുന്നു.

അറക്കുളം സെന്റ്മേരീസ് സ്കൂളിലായിരുന്നു ഹൈസ്ക്കൂൾ വിദ്യാഭ്യാസം. എട്ടാംക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു സഹപാഠി എങ്ങനെയോ എന്റെ ജാതി തിരിച്ചറിഞ്ഞു.

"പട്ടികജാതി
കഴുക്കോലുപെറുക്കി
പലകജാതി
പട്ടികപെറുക്കി" എന്നൊരു പാട്ടുംപാടി ഒരു കൂട്ടംകുട്ടികൾ എനിക്കു ചുറ്റും കൈകൊട്ടിപാടിക്കളിച്ചത് പേടിസ്വപ്നം പോലെയാണ് ഓർക്കാൻ കഴിയുന്നത്.

എസ്.സി., എസ്.ടി കുട്ടികൾ ഏറെയും മൂലമറ്റം ഗവ.ഹൈസ്കൂളിൽ പഠിക്കുന്നതുകൊണ്ട് പത്താംക്ലാസ്സിലെത്തുമ്പോൾ സെന്റ്മേരീസിൽ ഞാൻ മാത്രമേ എസ്.സിആയി ഉണ്ടായിരുന്നുള്ളൂ. അക്കാര്യം

സഹപാഠികൾക്ക് അറിയില്ലായിരുന്നു. അങ്ങനെയിരിക്കെ വാങ്ങാൻ വിട്ടുപോയ സ്റ്റൈപ്പന്റിന്റെ ലിസ്റ്റുമായി വന്ന് ടീച്ചർ എന്റെ പേരു വിളിക്കുന്നു. ഞാൻ എഴുന്നേറ്റ് നിൽക്കുമ്പോൾ ഒരുപരിഹാസചിരിയോടെ ഒരു വിചിത്രജീവിയെപോലെ മുഴുവൻ സഹപാഠികളും എന്നെ തുറിച്ചു നോക്കുന്നു. ജനമധ്യത്തിൽ ഉടുതുണി അഴിഞ്ഞപോലൊരു തോന്നലായിരുന്നു. നിന്നിടം പിളർന്ന് താഴ്ന്ന് പോകാൻ കഴിഞ്ഞിരുന്നെങ്കിലെന്നുവരെ ഓർത്തുപോയി.

**പത്തുമണിക്ക് ഇന്റർവ്യൂവിന് ഹാജരാകാനാണ് മെമ്മോ ലഭിച്ചത്. ഉയർന്ന മാർക്കുണ്ടായിട്ടും സംവരണ ക്വാട്ടയിലാണ് എന്നെ പരിഗണിച്ചത്. എല്ലാ കാറ്റഗറിയെയും വിളിച്ചതിനൊടുവിൽ നാലുമണിക്കു ശേഷമാണ് എസ്.സികുട്ടികളെ വിളിക്കുന്നത്. അതുവരെക്കും എസ്.സികുട്ടികളും രക്ഷകർത്താക്കളും വരാന്തയിൽ സീറ്റു പോലും കിട്ടാതെ പമ്മിപമ്മി നിന്നു. സഹപാഠികളാകേണ്ട എസ്.സികുട്ടികളെ തിരിച്ചറിയാൻ ഈ പമ്മി നിൽപ്പ് അവസരം നൽകി.**

പ്രീഡിഗ്രിക്ക് മൂലമറ്റം സെന്റ്ജോസഫ് കോളേജിൽ ചേർന്നപ്പോഴും ജാതി ഒളിക്കൽ തന്നെയായിരുന്നു മുഖ്യഅജണ്ട. സ്റ്റൈപ്പന്റ് വാങ്ങാൻ കുട്ടികൾ പഠിക്കാൻ വരാത്ത ശനിയാഴ്ചകൾ മാത്രം തിരഞ്ഞെടുത്തു. ഡിക്ഷണറി എസ്.സിക്കാർക്ക് വിതരണം ചെയ്തപ്പോൾ വാങ്ങാൻ പേരുകൊടുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. കോളേജ് യൂണിയനിൽ എസ്.സി/എസ്.ടി പ്രതിനിധി ആക്കാൻ സംഘടനക്കാർ ശ്രമിച്ചപ്പോൾ അതും നിരസിച്ചു. പാല അൽഫോൺസാ കോളേജിൽ ബി.എക്കു പഠിച്ച മൂന്നുവർഷക്കാലമാണ് ഒളിച്ചുവെക്കാൻ എത്രശ്രമിച്ചിട്ടും കഴിയാതെ പോയ ജാതി അനുഭവങ്ങൾ ഏറെ തീക്ഷണമാവുന്നത്. അഡ്മിഷനു ചെന്ന ദിവസം മുതൽ അതു തുടങ്ങുന്നു. പത്തുമണിക്ക് ഇന്റർവ്യൂവിന് ഹാജരാകാനാണ് മെമ്മോ ലഭിച്ചത്. ഉയർന്ന മാർക്കുണ്ടായിട്ടും സംവരണ ക്വാട്ടയിലാണ് എന്നെ പരിഗണിച്ചത്. എല്ലാ കാറ്റഗറിയെയും വിളിച്ചതിനൊടുവിൽ നാലുമണിക്കു ശേഷമാണ് എസ്.സികുട്ടികളെ വിളിക്കുന്നത്. അതുവരെക്കും എസ്.സികുട്ടികളും രക്ഷകർത്താക്കളും വരാന്തയിൽ സീറ്റു പോലും കിട്ടാതെ പമ്മി പമ്മി നിന്നു. സഹപാഠികളാകേണ്ട എസ്.സികുട്ടികളെ തിരിച്ചറിയാൻ ഈ പമ്മി നിൽപ്പ് അവസരം നൽകി.

അൽഫോൺസ, അഡോറേഷൻ, അസംഷൻ, എസ്.എച്ച്. കാർമ്മൽ എന്നീ ഹോസ്റ്റലുകളാണ് കോളേജിനുള്ളത്. പണം കൊണ്ടും ജാതി കൊണ്ടും കുട്ടികളെ തരംതിരിക്കാൻ മൂന്നുനിലയുള്ള അൽഫോൺസാ ഹോസ്റ്റലിലാണ് എനിക്ക് അഡ്മിഷൻ. കൂടുതൽ പണം നൽകുന്ന കുട്ടികൾക്ക് ഒറ്റമുറി, അതിൽ കുറവു നൽകുന്ന കുട്ടികൾക്ക് രണ്ടുപേർ മാത്രമുള്ള മുറി. ഇതെല്ലാം രണ്ടാം നിലയിലാണ്. ഒന്നാംനിലയിലെയും മൂന്നാംനിലയിലെയും ഡോർമെറ്ററികളിൽ അഭയാർത്ഥി ക്യാമ്പുപോലെയും കുട്ടികളെ താമസിപ്പിക്കും. മൂന്നാംനിലയിലെ ഡോർമെറ്ററി മഹാമോശമായിരുന്നു. പലകയും കാർഡ്ബോഡുമൊക്കെ അടിച്ചുണ്ടാക്കിയ മുറിയെന്നു തോന്നിക്കുന്ന ഇരുട്ടുമാത്രമുള്ള ഇടം. അവിടെ താമസിക്കുന്നവരോട് എല്ലാവർക്കും പുച്ഛമായിരുന്നു.

എസ്.സി കുട്ടികളുടെ അവകശങ്ങൾക്കായി ദളിത്സംഘടനകൾ സമരം ചെയ്യുന്ന കാര്യമൊന്നും അക്കാലത്ത് ഞങ്ങൾക്ക് കേട്ടുകേൾവിപോലുമില്ലായിരുന്നു. ഡിപ്പാർട്ട്മെന്റിൽ നിന്നും ഞങ്ങളുടെ തലയെണ്ണി പണം വാങ്ങിയിരുന്ന കാര്യം എപ്പോഴും രഹസ്യമാക്കി വെക്കുന്നതിലായിരുന്നു മഠത്തിന് താൽപര്യം. അവരുടെ ഔദാര്യം കൊണ്ട് കഴിയുന്നവർ എന്ന് അവരെപ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

അന്നൊക്കെ എന്തുപ്രശ്നമുണ്ടായാലും വെൽഫെയർ കുട്ടികളെമാത്രം സ്റ്റഡീഹാളിൽ വിളിച്ചുവരുത്തി മെക്കിട്ടുകേറുന്ന രീതി കന്യാസ്ത്രീമാർക്കുണ്ടായിരുന്നു. ഇല്ലായ്മയിൽ നിന്നു വരുന്നവരെല്ലാം കള്ളികളാണെന്നാണ് അവർ കരുതിയിരുന്നത്. അതിലൊരു സംഭവം മാത്രം രേഖപ്പെടുത്തുന്നു.

പേരൻസ് ദുബായിലുള്ള നിതിൻ എന്ന കുട്ടിയുടെ വിലകൂടിയ ഷൂസ് കാണാതാകുന്നു. വെൽഫയർ കുട്ടികൾ എല്ലാവരും സംശയത്തിന്റെ നിഴലിലാകുന്നു. 'ഒരു കള്ളിയിതാ പോകുന്നു' എന്ന മട്ടിലായി ജനറലുകാരുടെയും സിസ്റ്ററുമാരുടേയും ഞങ്ങൾക്കു നേരെയുള്ള നോട്ടം. വെൽഫെയർകുട്ടികളെ മാത്രം സ്റ്റഡിഹാളിൽ വിളിച്ചു വരുത്തി സിസ്റ്റർമാരുടെ ചോദ്യം ചെയ്തത്, തുടർന്നു നടന്ന ഗിരിപ്രസംഗത്തിൽ പറഞ്ഞ വാചകം ഒരിക്കലും മറക്കാനാകുന്നതല്ല. നിങ്ങളൊക്കെ ഇല്ലായ്മയിൽ നിന്നു വരുന്നവരല്ലെ. ഇത്രയും വിലയുള്ള ഷൂസ് നാട്ടിലിട്ടാൽ ഇത് കട്ട മുതലാണെന്ന് നാട്ടുകാർക്ക് പെട്ടെന്ന് മനസ്സിലാകും. ആരെങ്കിലും എടുത്തുപോയിട്ടുണ്ടെങ്കിൽ ആരുമറിയാതെ എന്നെയേൽപ്പിക്കണം. ഈയവസ്ഥ ദിവസങ്ങളോളം തുടർന്നു. ഒടുവിൽ അരുവിത്തുറപ്പള്ളിയിൽ കുർബാനകഴിക്കാൻ തീരുമാനിക്കുന്നു. എല്ലാ കുട്ടികളിൽ നിന്നും അമ്പതുപൈസവീതം പിരിച്ച് ആ തുക കുർബാനക്ക് കൊടുക്കാൻ നിയോഗിക്കപ്പെട്ടത് ഞാനും എന്റെ സുഹൃത്ത് സലീനയുമാണ്. ഞങ്ങളെ ഇങ്ങനെ ദ്രോഹിക്കുന്ന പള്ളിക്കാർക്ക് ആ പൈസകൊടുക്കാൻ ഞങ്ങൾക്കപ്പോൾ മനസ്സുവന്നില്ല. പാലായിലെ കടപ്പാട്ടൂർ അമ്പലത്തിൽ ആ പൈസ നേർച്ചയിട്ട് സത്യം തെളിയിക്കണമേ എന്ന് ഉള്ളുരുകി പ്രാർത്ഥിച്ചു.

സത്യം തെളിഞ്ഞു. ബോസ്കോ എന്നവസാനിക്കുന്ന പേരുള്ള ഒരു ബാംഗ്ലൂർകാരിക്കുട്ടി സിസ്റ്റർമാരുടെയെല്ലാം സ്നേഹഭാജനം. അവളുടെ പെട്ടിയിൽ നിന്നാണ് ഷൂസ് കിട്ടുന്നത്. ഇക്കാര്യം ആരോടും പറയരു

തെന്ന് സിസ്റ്റർമാർ ഞങ്ങളോട് താണുപറയുന്നുണ്ടായിരുന്നു.

രണ്ടുവർഷം ഞങ്ങൾ താഴെ നിലയിലായിരുന്നു. മൂന്നാംവർഷമാണ് ജയിലുപോലെയുള്ള "തക്കാളിപ്പെട്ടി" യിലേക്ക് പോകേണ്ടിവരിക. ഞാനും സലീനയും ആ മുറിയിലേക്ക് ഞങ്ങളെ മാറ്റാതിരിക്കാൻ ഒത്തിരി നേർച്ചകൾ നേർന്നു. ചേർപ്പുങ്കൽ പള്ളിയിലെ ഉണ്ണിയീശോക്ക് അതിനുവേണ്ടി കത്തിച്ച മെഴുകുതിരികൾക്ക് എണ്ണമില്ല... അതുകൂടാതെ ഷൂ കിട്ടിയത് ബാംഗ്ലൂർകാരിയുടെ മുറിയിൽ നിന്നാണെന്ന് ഞങ്ങൾ വെളിപ്പെടുത്തിയാലോ എന്നുകൂടി ഓർത്താവണം കൂടുതൽ പൈസ ചെലവുണ്ടെങ്കിൽ തന്നേക്കാം എന്ന ഉറപ്പുകൂടി കൊടുത്ത് ഞങ്ങൾ കുറച്ചുപേർ അവസാനവർഷവും താഴെ നിലയിൽ തന്നെ താമസിച്ചു.

വാർഡന്മാരായി മൂന്ന് സിസ്റ്റർമാരാണ് അന്നുണ്ടായിരുന്നത്. അവർ തമ്മിൽ ഏതുനേരവും വഴക്കായിരുന്നു. രണ്ടുപേർ കൂടുമ്പോൾ മൂന്നാമത്തെ ആളിന്റെ കുറ്റംപറയും. ഈ വഴക്ക് ഞങ്ങൾ മുതലെടുത്തിട്ടുണ്ട്. പുറത്തുപോകേണ്ടി വരുമ്പോഴൊക്കെ മറ്റേ സി സ്റ്റർ വിട്ടില്ല എന്ന ആമുഖവുമായാണ് ചോദിക്കുക. അങ്ങനെ ചോദിക്കുമ്പോൾ ഒരു കാരണവുമില്ലെങ്കിലും അതു കേൾക്കുന്ന സിസ്റ്റർ ഞങ്ങളെ വിട്ടിരിക്കും. പള്ളിയിൽ പോകാനാണെന്ന് നുണ പറഞ്ഞ് ഞങ്ങൾ അമ്പലത്തിലും ഷോപ്പിംഗിനുമൊക്കെ പോയിരുന്നു.

കോട്ടയത്ത് ബി.എഡിനു പഠിക്കുമ്പോഴും സ്ഥിതികൾക്ക് മാറ്റമില്ലായിരുന്നു. അവിടെവെച്ച് നല്ല വണ്ണം കറുത്ത ഒരു എസ്.സി കുട്ടി ഡെമോൺസ്ട്രേഷൻ ക്ലാസ്സെടുത്തപ്പോൾ അതുശരിയായില്ല എന്നുപറഞ്ഞ് ഒരു കന്യാസ്ത്രീ ഭ്രാന്തിയെപ്പോലെ അലറിയത്, "ഒന്നുമറിയാത്ത നിങ്ങളെപ്പോലെയുള്ളവർ സർക്കാർ സ്കൂളുകളിൽ ജോലി നോക്കുന്നതുകൊണ്ടാ ഈ സ്കൂളുകളൊക്കെ കുട്ടികളെ കിട്ടാതെ പൂട്ടിപ്പോകുന്നത്'' എന്നായിരുന്നു. അക്കാലത്തായിരുന്നു അവിടെ 'നാക്ക്' (NAAC) വരുന്നത്. അവരോട് സംസാരിക്കാനായി 'തത്തമ്മേ പൂച്ച പൂച്ച' എന്ന പോലെ പഠിപ്പിച്ചിരിക്കുന്നത് ജനറലുകാരെ മാത്രമായിരുന്നു. ഒടുവിൽ 'നാക്കു' കാർ ഇവിടെ ഗ്രാന്റുകിട്ടുന്ന കുട്ടികൾ എഴുന്നേൽക്കാൻ ആവശ്യപ്പെട്ടപ്പോൾ എഴുന്നേറ്റത് ആകെ നാലുപേർ മാത്രമായിരുന്നു. ഏറെ എസ്.സികുട്ടികളും എഴുന്നേറ്റില്ല. ഈ ഒളിച്ചിരിപ്പ് എന്നിൽ മാത്രമുള്ളതല്ലെന്ന തിരിച്ചറിവാണ് ആ സംഭവം. ആൾക്കൂട്ടത്തിനു മുമ്പിൽ അപമാനമാണ് എന്റെ ജാതിയെന്ന് വീണ്ടുമുറപ്പിക്കുന്നു.

ബി.എഡിന് ഇന്റേർണൽ മാർക്കിട്ടപ്പോഴും സ്ഥാപനത്തിന്റെ ജാതിബോധം തിരിച്ചറിയാൻ കഴിഞ്ഞു. ഞങ്ങൾക്ക് വളരെ കുറച്ചേ ഇന്റേർണൽ മാർക്ക് ലഭിച്ചുള്ളൂ. അത്രയൊന്നും കാര്യങ്ങൾ ചെയ്യാത്ത സിസ്റ്റർമാരുടെ 'പെറ്റു'കൾക്ക് കൂടുതൽ ഇന്റേർണൽ മാർക്ക് ലഭിച്ചു. എറണാകുളം സെന്റ്തെരേസാസ് കോളേജിൽ ഡോർമെറ്ററികളിൽ എസ്.സി കുട്ടികളെ പാർപ്പിച്ചതിനെഎതിർത്തുണ്ടായ പ്രക്ഷോഭത്തിന്റെ വാർത്ത വായിച്ച ശേഷം ഇവിടുത്തെ ഒരു സിസ്റ്റർ ഞങ്ങൾക്കു നേരെ കുരച്ചുചാടിയ സംഭവവുമുണ്ട്. "സൗജന്യമായി തിന്നുന്നതും പോര പരാതിയും പറയുന്ന അഹങ്കാരികൾ. ഇവരുടെ കാരണവന്മാരുടെ സംസ്കാരം തന്നെയാണ് ഇവിടെയും കാണിക്കുന്നത്.'' ഇന്റേണൽമാർക്ക് പേടിച്ച് ഞങ്ങൾ ശരിവെച്ചു.

കഴിഞ്ഞവർഷം ഐരാണിക്കുളം ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ അമ്മയോടൊപ്പം ഒരു പെൺകുട്ടി വന്നു. പ്ലസ്വണ്ണിന് അഡ്മിഷൻ കിട്ടാൻ എനിക്ക് എസ്.സി സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്തെങ്കിലും വഴിയുണ്ടോ? ആ കുട്ടിയുടെ സർട്ടിഫിക്കറ്റിൽ ഈഴവ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കുട്ടിയുടെ അച്ഛനും അമ്മയും പുലയവിഭാഗത്തിൽപ്പെട്ടവരാണ്. പിന്നെ സർട്ടിഫിക്കറ്റിൽ എങ്ങനെ'ഈഴവ' വന്നു. 'പാലക്കാട് താമസിക്കേണ്ടി വന്ന കാലത്ത് ഞങ്ങൾ ഈഴവരാണ് എന്ന് നുണപറയേണ്ടതായി

**വാർഡന്മാരായി മൂന്ന് സിസ്റ്റർമാരാണ് അന്നുണ്ടായിരുന്നത്. അവർ തമ്മിൽ ഏതുനേരവും വഴക്കായിരുന്നു. രണ്ടുപേർ കൂടുമ്പോൾ മൂന്നാമത്തെ ആളിന്റെ കുറ്റംപറയും. ഈ വഴക്ക് ഞങ്ങൾ മുതലെടുത്തിട്ടുണ്ട്. പുറത്തുപോകേണ്ടി വരുമ്പോഴൊക്കെ മറ്റേ സിസ്റ്റർ വിട്ടില്ല എന്ന ആ മുഖവുമായാണ് ചോദിക്കുക. അങ്ങനെ ചോദിക്കുമ്പോൾ ഒരുകാരണമില്ലെങ്കിലും അതു കേൾക്കുന്ന സിസ്റ്റർ ഞങ്ങളെ വിട്ടിരിക്കും.**

വന്നു. അത് സർട്ടിഫിക്കറ്റിലും വന്നു.' എന്നായിരുന്നു കുട്ടിയുടെ അമ്മയുടെ വിശദീകരണം. സ്വാഭാവികമായും ലഭിക്കേണ്ട അവകാശങ്ങൾകൂടി വേണ്ടന്നുവെച്ചു ജാതി മറച്ചുവെക്കേണ്ട അവസ്ഥ വന്ന ആ കുട്ടിയിൽ ഞാൻ എന്റെ പഴയ കാലം കണ്ടു.

പാലക്കാട് സ്ഥിരതാമസമാക്കിയ എന്റെ അമ്മായിയുടെ മകൾ മൂലമറ്റത്തുള്ള ഒറ്റ ഫംഗ്ഷനുപോലും സംബന്ധിക്കാറില്ല. കാരണമന്വേഷിച്ചപ്പോൾ ഈഴവരാണെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് അവിടെ ജീവിക്കുന്നത്. അതുകൊണ്ടു തന്നെ അവരുടെ മക്കളെ വിവാഹം ചെയ്തിരിക്കുന്നതും ഈഴവരാണ്. ഇനി സത്യം പുറത്തുവന്നാൽ തകരുന്നത് അവരുടെ കൂടി കുടുംബജീവിതം ആവുമല്ലോ. ആയുഷ്കാലം മുഴുവൻ ഒളിവിൽ കഴിയേണ്ടി വരുന്ന അവരെയൊക്കെവെച്ചു നോക്കുമ്പോൾ കുറച്ചുകാലം മാത്രം ഒളിവിൽ കഴിയേണ്ടി വന്ന എന്റെ ജീവിതം മുഴുവനായും പോയില്ല എന്നു കരുതുന്നു.



അഡ്വ.പ്രീത.കെ.കെ

# ദളിത്സ്ത്രീകളും നിയമസംവിധാനവും

**തൊഴിൽസ്ഥലത്തെ** ലൈംഗിക അതിക്രമങ്ങൾക്കെതിരെ തദ്ദേശീയ നിയമം ഇല്ലാത്തതിനാൽ അന്തർദേശീയ ഉടമ്പടിയിൽ നിന്നും മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ഇന്ത്യയിലുണ്ടായ സുപ്രധാനവിധിയാണ് 'വിശാഖ' കേസ്സിലേത്. വിശാഖ ഒരു എൻ.ജി.ഒ ആണ്. ഈ പ്രധാനവിധിയ്ക്കു പിന്നിൽ 'ബൻവാരിദേവി'യെന്ന ദളിത്സ്ത്രീ ബലാത്സംഗത്തിന് ഇരയായതു മാത്രമല്ല പോലീസ്‌സ്റ്റേഷൻ മുതൽ വിചാരണ കോടതി വരെ വീണ്ടും ജാതീയമായും ലിംഗപരമായും അനുഭവിച്ച വിവേചനത്തിന്റേയും തീരാത്ത കഷ്ടതകളുടേയും നിഴലുണ്ട്- 'ജാതി' എപ്രകാരം നിയമവ്യവസ്ഥയെ സ്വാധീനിക്കുന്നു എന്നതിനു മാത്രമല്ല, ഒരു ദളിത്സ്ത്രീക്ക് നിയമപരിരക്ഷ അപ്രാപ്യമാണ് എന്നതിനും 'ബൻവാരിദേവി'. രാജസ്ഥാൻ സർക്കാരിന്റെ സ്ത്രീക്ഷേമ പദ്ധതിയിൽ ചേർന്ന ഒരു പ്രവർത്തക ആയിരുന്നു 'ബൻവാരിദേവി' ഉത്തമഉദാഹരണമാണ്. 1985ൽ ഗുജ്ജാർ സമുദായക്കാരന്റെ ഒരു വയസ്സായ മകളുടെ വിവാഹം രാജസ്ഥാൻ സർക്കാരിൽ ബൻവാരിദേവി അറിയിച്ചു. അതിന് പ്രതികാരമായി ഭർത്താവുമൊന്നിച്ച് വയലിൽ പണിയെടുക്കവേ ബൻവാരിദേവി കൂട്ടബലാത്സംഗത്തിനിരയായി. രക്തമൊലിക്കുന്ന ശരീരവുമായി പോലീസ് സ്റ്റേഷനിൽ ഒരു രാത്രി മുഴുവനും അവൾ കഴിച്ചുകൂട്ടി. ചെറുപ്പക്കാരെ ആകർഷിക്കുവാൻ തക്ക സൗന്ദര്യമില്ലായ്മയും പ്രായക്കൂടുതലും കാരണം അവൾ ബലാത്സംഗത്തിനിരയാവില്ല എന്നതായിരുന്നു പോലീസ് ഭാഷ്യം. പ്രതികളെ വെറുതെവിട്ടുകൊണ്ട് വിചാരണ കോടതിയുടെ കണ്ടെത്തൽ, ബലാത്സംഗം സാധാരണയായി കൗമാരക്കാരാണ് ചെയ്യുന്നത്. ഇവിടെ പ്രതികൾ മദ്ധ്യവയസ്കരായതിനാൽ ബഹുമാനാർഹരാണ്; അവർ കുറ്റം ചെയ്യില്ല. ഉന്നതകുലജാതരായ പുരുഷന്മാർ താഴ്ന്ന ജാതിക്കാരിയെ ബലാത്സംഗം ചെയ്യില്ല എന്നുമായിരുന്നു! ഈ വിധി വളരെയധികം വിമർശിക്കപ്പെടുകയും ഉത്തരേന്ത്യയിലെ സ്ത്രീ സംഘടനകൾ ബൻവാരികേസ്സ് ഏറ്റെടുക്കുകയും ചെയ്തു.

ബലാത്സംഗനിയമത്തിൽ ഭേദഗതി വരുത്തുവാൻ ഇടയാക്കിയ സുപ്രിംകോടതിയെ പോലും വിമർശിച്ച് കത്തയച്ച ചരിത്രവിധിയാണ് 'മധുരകേസ്സ്'. ദളിത്സ്ത്രീയാണ് മധുര-കേരളത്തിലും പല കോടതി വിധികളും ദളിത്‌വിരുദ്ധമാണ്. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുവാൻ പോലീസ് വിമുഖത കാണിക്കുകയാണ്. അഥവാ രജിസ്റ്റർ ചെയ്താലും കോടതികളിൽ



**വർഗ്ഗം, ലിംഗപദവി എന്നീ അടിസ്ഥാനത്തിൽ ഏറ്റവുമധികം വിവേചനം അനുഭവിക്കുന്നത് ദളിത്സ്ത്രീകളാണ്. സാംസ്കാരികം, സാമൂഹികം, സാമ്പത്തികം എന്നിവയിലും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ദളിത്സ്ത്രീകൾ ലൈംഗിക അതിക്രമങ്ങൾ, ബലാത്സംഗം മറ്റു രീതിയിലുള്ള അതിക്രമങ്ങൾക്കും തുടങ്ങിയവക്ക് ഏറ്റവുമധികം വിധേയമാകുന്നു.**

നിന്ന് പ്രതിക്ക് മുൻകൂർ ജാമ്യവും, ജാമ്യവും ലഭിക്കുവാൻ പ്രയാസമുണ്ടാവുന്നില്ല. ഇത്തരം സാമൂഹ്യ സാഹചര്യങ്ങളിൽ നിന്ന് ആണ് ദളിത്സ്ത്രീകൾക്ക് അനുകൂലമായ നിയമത്തെപ്പറ്റി അവബോധമുണ്ടാക്കേണ്ടത്.

### ഇന്ത്യൻ ജാതിവ്യവസ്ഥ:

വർഗ്ഗം, ലിംഗപദവി എന്നീ അടിസ്ഥാനത്തിൽ ഏറ്റവുമധികം വിവേചനം അനുഭവിക്കുന്നത് ദളിത്സ്ത്രീകളാണ്. സാംസ്കാരികം, സാമൂഹികം, സാമ്പത്തികം എന്നിവയിലും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ദളിത്സ്ത്രീകൾ ലൈംഗിക അതിക്രമങ്ങൾ, ബലാത്സംഗം, മറ്റു രീതിയിലുള്ള അതിക്രമങ്ങൾ തുടങ്ങിയവക്ക് ഏറ്റവുമധികം വിധേയരാകുന്നു. എല്ലാ സ്ത്രീ സുരക്ഷിത നിയമവും പട്ടികജാതിക്കാർക്ക് ഉണ്ടാവുകയും ചെയ്തു. അപ്രകാരം സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി-വർഗ്ഗക്കാർക്ക് പ്രത്യേക നിയമങ്ങളും ചട്ടങ്ങളും ഉണ്ടായി.

### ഇന്ത്യൻ ഭരണഘടനയിൽ ദളിത്സ്ത്രീകൾ :

ഇന്ത്യൻ ഭരണഘടനയിൽ ഒപ്പുവെച്ച ദളിത്സ്ത്രീയാണ് എറണാകുളം സ്വദേശിയായ ദാക്ഷായണി. ഭരണഘടനയുടെ അനുച്ഛേദം 14ൽ നിയമത്തിനു മുന്നിൽ തുല്യതയും തുല്യനിയമസംരക്ഷണവും വിഭാവനം ചെയ്യുന്നു. അനുച്ഛേദം 15-ജാതി, മതം, വർഗ്ഗം, ലിംഗം, ജനനസ്ഥലം തുടങ്ങിയവയുടെ പേരിൽ വിവേചനം പാടില്ല. എന്നാൽ 15(3) അനുച്ഛേദ പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി അനുകൂലമായ നിയമനിർമ്മാണം നടത്താം.

16(4) : പൊതുനിയമനങ്ങളിൽ പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം വ്യവസ്ഥചെയ്യുന്നു.

17-ാം അനുച്ഛേദം ഇന്ത്യയിൽ ഒരു വിധത്തിലുള്ള അയിത്താചരണവും പാടില്ലെന്നു വ്യവസ്ഥ ചെയ്യുന്നു. അയിത്തോച്ചാടനവുമായി ബന്ധപ്പെട്ട് 'പൗരാവകാശ സംരക്ഷണനിയമം' നിലനിൽക്കുന്നു. സ്റ്റേറ്റിനു വേണ്ടിയുള്ള നിർദ്ദേശകതത്വങ്ങളിൽ 'തുല്യ ജോലിക്കു തുല്യവേതനവും' ഓരോ പൗരനും സ്ത്രീകളുടെ അന്തസ്സും മാന്യതയും കാത്തുസൂക്ഷിക്കണം എന്നും വ്യവസ്ഥ ചെയ്യുന്നു. 46-ാംഅനുച്ഛേദം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ എല്ലാവിധ ചൂഷണങ്ങളിൽ നിന്നും സാമൂഹ്യ അനീതിയിൽ നിന്നും സ്റ്റേറ്റ് സംരക്ഷണം നൽകേണ്ടതാകുന്നു.

### പട്ടികജാതി-വർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം:

ജാമ്യം ലഭിക്കാത്ത കുറ്റകൃത്യമാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നേരെയുള്ള എല്ലാവിധ അതിക്രമങ്ങളും. നഗ്നനായി നടത്തുക, മലം തീറ്റിക്കുക, നിർബന്ധിച്ചു വോട്ടുചെയ്യിപ്പിക്കുക, ഭൂമി തട്ടിയെടുക്കുക, അവരുടെ ആവാസസ്ഥലം മലിനപ്പെടുത്തുക, കുടിവെള്ളം നിഷേധിക്കുക, പൊതുമധ്യത്തിൽ ജാതിപ്പേരു വിളിച്ച് അധിക്ഷേപിക്കുക തുടങ്ങി പട്ടികജാതി-വർഗ്ഗവിഭാഗത്തിൽപ്പെടുന്ന സ്ത്രീകളെ ചൂഷണം ചെയ്യുന്നതും അവരുടെ അന്തസ്സിന് കോട്ടം വരുത്തുന്നരീതിയിൽ പെരുമാറുന്നതും കുറ്റകരമാണ്.

### പൗരാവകാശസംരക്ഷണനിയമം:

എല്ലാ രീതിയിലുമുള്ള അയിത്താചരണം കുറ്റകരമാണ് എന്ന് ഈ നിയമം വ്യവസ്ഥചെയ്യുന്നു.

### ദളിത്മനുഷ്യാവകാശങ്ങളും അന്തർദേശീയ നിയമങ്ങളും:

1948ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച മനുഷ്യാവകാശങ്ങളുടെ സാർവ്വദേശീയ പ്രഖ്യാപനം (യൂണിവേഴ്സൽ ഡിക്ലറേഷൻ ഓഫ് ഹ്യൂമൻ റൈറ്റ്സ്- UDHR) ആണ് 20ാംനൂറ്റാണ്ടിലെ ഏറ്റവും വലിയ മനുഷ്യാവകാശ പ്രമാണം. പൗര-രാഷ്ട്രീയം, സാമ്പത്തികം, സാമൂഹികം, സാംസ്കാരികം എന്നീ അഞ്ചിനങ്ങളിൽപ്പെട്ടതും അന്തർദേശീയ സമൂഹത്തിലെ അംഗങ്ങൾക്ക് നിറവേറ്റുവാൻ ബാധ്യത ഉള്ളവയുമാണ് ഈ അവകാശങ്ങൾ. ജീവിക്കാനുള്ള അവകാശം, വിവേചനരാഹിത്യം, അധിവാസവും സംരക്ഷണവും, ആരോഗ്യം, തൊഴിൽ, വിദ്യാഭ്യാസം, നീതിയുക്തമായ ജീവിത നിലവാരം എന്നിവ സാർവ്വദേശീയ പ്രഖ്യാപനത്തിൽ ഇനം തിരിച്ചിട്ടുള്ള അവകാശങ്ങളുടെ ഉദാഹരണങ്ങളാണ്. മനുഷ്യാവകാശങ്ങളുടെ രണ്ട് പ്രാഥമികഉടമ്പടികളായ പൗര-രാഷ്ട്രീയ അവകാശങ്ങളെക്കുറിച്ചുള്ള സാർവ്വദേശീയ ഉടമ്പടി (ICCPR), സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങളെക്കുറിച്ചുള്ള സാർവ്വദേശീയ ഉടമ്പടി (ICESCR) എന്നിവയിലാണ് യു.ഡി.എച്ച്.ആർ തത്വങ്ങൾ നിർവ്വചിക്കപ്പെട്ടിരിക്കുന്നത്.

വംശം, വർണ്ണം, ലിംഗം, ഭാഷ, മതം ദേശീയമോ സാമൂഹികമോ ആയ ഉത്ഭവം, സ്വത്ത്, ജനനം അല്ലെങ്കിൽ മറ്റുപദവി തുടങ്ങിയ യാതൊരു വ്യത്യാസങ്ങളും കൂടാതെ എല്ലാ മനുഷ്യർക്കും സ്വന്തമായതും അനുഭവിക്കാവുന്നതുമായ അവകാശങ്ങളെയാണ് സാർവ്വദേശീയം എന്നുപറയുന്നത്. ഇതിൽ സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ വിവേചനങ്ങളും അവസാനിപ്പിക്കുന്നതിനുള്ള ഉടമ്പടി (CEDAW) എല്ലാതരത്തിലുമുള്ള വംശീയ വിവേചനങ്ങളും അവസാനിപ്പിക്കുന്നതിനുള്ള ഉ

*ശേഷം പേജ് 40 ൽ*



അംബിക പ്രഭാകരൻ

# ട്രാപ് വണ്ടി കാത്ത്

ലൂക്കാച്ചൻ മരിച്ചപ്പോ
പെട്ടിക്കാത്ത് ഇരുപത്തയ്യായിരം
രൂപ ഉണ്ടായിരുന്നു.
മരണച്ചെലവിന് ഉള്ളത്

പെട്ടിക്കകത്ത് അമേരിക്കൻ ഡോളർ
വിലകൂടുമ്പോ വിക്കാൻ വച്ചത്
എപ്പോഴും മരിച്ചാൽ
മതിയെന്നു പറയും,പുള്ളിക്കാരൻ,

ശ്വാസം മുട്ടൽ വരുമ്പോൾ ഓടും
ആശുപത്രിയിൽ
ഈ സ്വത്ത് എല്ലാം ഇട്ടിട്ട്
പോകാൻ മനസ്സില്ല

കാര്യം പറഞ്ഞാൽ പുള്ളി
എന്റെ ബന്ധുവാണ്
വർത്തമാനം പറയാൻ വിളിക്കും
പക്ഷേ നൂറുരൂപ പോലും തരില്ല

എന്റെമകൾക്ക്  കടയിൽ
എടുത്തുകൊടുക്കുന്നജോലിയാ
പക്ഷേ കടയിൽ വരുന്ന
എല്ലാകെട്ടുകളും
ചുമപ്പിക്കും

ഇപ്പോൾ അവൾ പോകുന്നത്
വേറൊരു കടയിലാ
ഞങ്ങളുടെ ആൾക്കാരെടെയാ.
ക്രിസ്ത്യാനികളുടെ കിഴിൽ
കിടക്കണ്ടല്ലോ

പിന്നെ, ജാതിക്ക് ജാതി പറയരുതെന്നാ
അവളുടെ ആൾക്കാരും പണമുള്ളവര്
ഇങ്ങനെ തന്നെയാ

അടുക്കള കഴുകാനാ എന്നെ വിളിച്ചത്
പക്ഷേങ്കി അവർ എന്നെ കൊണ്ട്
ഗ്യാസ്കുറ്റി ചൊമപ്പിക്കും ടയറും ചൊമപ്പിക്കും
മരത്തേലും കേറ്റിക്കും

എറച്ചിക്കൊറക് പീസ് പീസ് ആക്കി വെപ്പിക്കും
എല്ലാ പണക്കാരും ഇങ്ങനെതന്നെയാണ്.



ഇന്ദുശ്രീ എരവിമംഗലം

# പെണ്ണുടലുകൾ

പൊക്കിൾച്ചുഴി മറയ്ക്കാതെ
തുള്ളിച്ചാടി നടക്കേണ്ടെന്ന്
അമ്മൂമ്മ.
കണ്ണ് കമലമായി
വിടരുന്ന പ്രായത്തിൽ
കണ്ണ് താഴത്തു
വേണമെന്നമ്മയും
മാറു കൂമ്പി വിരിയുന്ന
കാലത്ത്
മുദ്ര കാട്ടി നടക്കേണ്ടെ-
ന്നമ്മാവൻ.
പാവാട ചിറ്റുന്ന
പുത്തനിളക്കങ്ങൾ
പടിപ്പുരയ്ക്കപ്പുറം
വേണ്ടെന്ന് വല്യമ്മ.
ഓരോ പീലിക്കണ്ണ്
തുറക്കുന്നതും
അടയുന്നതും കണ്ട്
ഉത്തരത്തിലെ പല്ലി
തലതല്ലിച്ചിരിച്ചു.

# മുള



അമ്മുദീപ

കൊടിക്കമ്പായ് മെരുക്കുവാൻ
മുളന്തണ്ടായ് പിറന്നവർ
ഈ വഴിക്കെങ്ങാനും പോണ കണ്ടോ
സൂചിക്കു കുത്താനിടം തേടിയീ മണ്ണിൽ
മേൽവിലാസങ്ങൾ തേടണുണ്ടോ

വാക്കോണ്ടടച്ചിട്ടും ചോരുന്ന കൂരയിൽ
കോരന്റെ മെല്ലിച്ച കുട്ട്യോളുണ്ടോ
കുമ്പിളിൽ പിന്നെയും കോരുന്ന കഞ്ഞിയിൽ
കണ്ണീരോ കർക്കടകോ കറുത്തവാവോ

കാട്ടിലോ മേട്ടിലോ ചെങ്ങറച്ചെരുവിലോ
അവർ പിന്നേം മുളന്തണ്ടായ് പൊട്ടണുണ്ടോ
മണ്ണിലുമല്ലാതെ മാനത്തുമല്ലാതെ
പൊട്ടിവിരിഞ്ഞ് മരിക്കണുണ്ടോ

# കൂട്ടുകാരി



വിജില ചിറപ്പാട്

കവിതയിലൂടെ കടന്നുവന്ന
കൂട്ടുകാരി
വീട്ടിലതിഥിയായി
കവിതയെ മാറ്റിനിർത്തി
ഞങ്ങൾ മൊബൈലിലൂടെ
പങ്കുവെച്ചതത്രയും
വീണ്ടും പങ്കുവെയ്ക്കുന്നു.
സ്വപ്നങ്ങളിലാവർത്തിക്കുന്ന
ഞങ്ങളുടെ പരീക്ഷാദിനങ്ങൾ,
ബസു കിട്ടാത്ത നേരങ്ങൾ,
പതിനേഴാം വയസിലെ പ്രണയം
പതിനെട്ടാം വയസിലെ പ്രസവം
പഞ്ചായത്തിലെയും
പത്രത്തിലെയും ജോലി...

അവളുടെ മകളെ കാണുമ്പോൾ
വായനകാണുമ്പോൾ
കുട്ടിക്കാലം
കൺമുമ്പിൽ
അടുക്കളയിൽ
കരിയരുതാത്ത കവിതകൾ
മകൾ പച്ചയോടെ
പുറത്തെടുക്കുമായിരിക്കും.

ഞങ്ങളുടെ മ്യൂസിയം കാണലിൽ
ഇളയകുട്ടി ഇടയ്ക്കൊക്കെ കരയുന്നു.
ഒരു തണൽമരം ചാരി
കഥകൾ തുടരുന്നു.
"വിജിലേ നിന്റെ കൂട്ടുകാരികൾ" എന്ന്
ഒരു കൂട്ടുകാരി കളിയാക്കിയ
മീൻകാരികളെ ഞാനവൾക്ക്
കാട്ടിക്കൊടുത്തു.

ഞങ്ങൾ വെള്ളമെടുക്കുന്ന കിണറും
അവളുടെ പണിപൂർത്തിയാവാത്ത
വീട്ടിലേക്ക് ഞങ്ങളെ ക്ഷണിക്കുമ്പോൾ
ലോൺ കിട്ടുമെന്നും
ലാപ്ടോപ് വാങ്ങുമെന്നും
അവളുടെ കണ്ണുകളിൽ
മിനിമൈസ് ചെയ്തുവച്ച
പ്രതീക്ഷകൾ.
പങ്കുവയ്ക്കപ്പെടാതെ പോയതത്രയും
ഇനിയുള്ള നാളുകളിൽ
പൂരിപ്പിക്കപ്പെടും
അതുവരെ ഇതൊരു
അപൂർണകവിത തന്നെയാണ്.

37 -ാം പേജ് തുടർച്ച

ടമ്പടി എന്നിവയും ഉൾപ്പെടുന്നു.

## ഹേഗ് പ്രഖ്യാപനം : (Hague declaration) -2006

ദളിത്സ്ത്രീകളുടെ അന്തസ്സും മനുഷ്യാവകാശങ്ങളും ഉയർത്തിപ്പിടിക്കുന്നതിനായി ഇന്ത്യ, പാകിസ്ഥാൻ, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ചേർന്ന് 2006ൽ താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചു :

ഓരോ രാജ്യത്തിലെയും ജനസംഖ്യാനുപാതികമായി ദളിതർക്ക് മിച്ചഭൂമി കണ്ടെത്തുക, ദളിത്പുരുഷനൊപ്പം സ്ത്രീയുടേയും പേരിൽ ഭൂമി രജിസ്ട്രർ ചെയ്തുകൊടുക്കുക. അംബേക്കർ ഭൂമി വീതം ദളിത്സ്ത്രീയുടേയും പുരുഷന്റേയും പേരിൽ നൽകുന്നതിനൊപ്പം തുല്യവേതനവും ജീവിതസാഹചര്യവും സ്ത്രീകൾക്കുറപ്പുവരുത്തുക.

തോട്ടിപ്പണി നിർത്തലാക്കുക.

ജാതി, വർഗ്ഗം, ലിംഗം എന്നിവയിലുള്ള വിവേചനം ഇല്ലാതാക്കുന്നതിനായി ദേശീയ തലത്തിൽ കാമ്പയിൻ നടത്തുന്നതിനുള്ള സഹായം ചെയ്യുക.

## യഥാർത്ഥ നിയമ-സാമൂഹ്യ അവസ്ഥ:

സവർണ്ണസ്ത്രീകളുടെ തീണ്ടാരി തുണി കഴുകിയും മലം ചുമന്നും ജീവിക്കുന്ന അവസ്ഥ ദളിത്സ്ത്രീകൾക്കുണ്ട്. ദേവദാസിയാകുന്നതും ദളിത്സ്ത്രീകളാണ്. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമവും പൗരവകാശസംരക്ഷണനിയമവും മറ്റു സാമൂഹ്യസംരക്ഷണനിയമം പോലെയല്ല. സാമൂഹ്യനീതിയും വ്യക്തിഗത അന്തസ്സും ഉറപ്പുവരുത്തുന്നതിൽ ഇവരണ്ടും വളരെയധികം പ്രാധാന്യമുള്ളവയാണ്. പക്ഷേ ഇന്ത്യയിൽ സാമൂഹ്യപരവും ചരിത്രപരവുമായ കാരണങ്ങളാൽ നിയമപരമായ ആവശ്യങ്ങളും അർഹതകളും ദളിതർക്ക് അനുഭവിക്കുവാൻ സാധ്യമാകുന്നില്ല. 1988ൽ കർണ്ണാടകയിൽ ഡോ.അംബേദ്ക്കറുടെ പ്രതിമക്കു മുന്നിലിട്ട് ഗീതയെന്ന ദളിത്പെൺകുട്ടി ബലാത്സംഗം ചെയ്യപ്പെട്ടപ്പോൾ ഇന്ത്യൻ എക്സ്പ്രസ്സിൽ വന്ന വാർത്ത, 'ഉയർന്ന ഹിന്ദുജാതിക്കാർക്ക് ദളിതരുടെ അഭിവൃദ്ധി അസഹിഷ്ണുതയുണ്ടാക്കുന്നു' എന്നാണ്.

ദളിത്സ്ത്രീകൾക്ക് നിയമസംവിധാനം അപ്രാപ്യമാകുന്നതിനുള്ള കാരണങ്ങൾ മിക്കവാറും അവരുടെ നിയമത്തെപ്പറ്റിയുള്ള അജ്ഞതയാണ്. ഈ അജ്ഞത ചൂഷണം ചെയ്യപ്പെടുകയാണ്. സമൂഹം, പോലീസ്, നിയമസംവിധാനങ്ങൾ തുടങ്ങി സർക്കാർ-സർക്കാരേതര തലങ്ങളിൽ ഈ ചൂഷണം നടക്കുന്നു. കേസുകൾ രജിസ്റ്റർ ചെയ്യുന്നില്ല: അഥവാ ചെയ്താൽ തന്നെ പര്യാപ്തമായ തെളിവുകൾ ശേഖരിക്കപ്പെടുന്നില്ല. അല്ലെങ്കിൽ ജാതിയോ ലിംഗപക്ഷപാതത്വമോ കാരണം കേസുകൾ വെറുതെ വിടുന്നു. ഇപ്രകാരം സാക്ഷികളെയോ തെളിവുകളെയോ പരിഗണിക്കാതെ പര്യാപ്തമായ രീതിയിൽ പ്രോസിക്യൂട്ട് ചെയ്യപ്പെടാത്തതു കാരണം ബലാത്സംഗകേസുകൾ പോലും വെറുതെ വിടുന്നു.

ഒരുവശത്ത് സാമൂഹ്യസുരക്ഷിതനിയമങ്ങളുടെ വാഗ്ദാനവും മറുവശത്ത് അവ നിരുപാധികം നേടിയെടുക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു എന്ന ഈ സാമൂഹ്യാവസ്ഥ ദളിത്സ്ത്രീകൾക്കായുള്ള നിയമസംരക്ഷണത്തിലെ ഏറ്റവും വലിയ വെല്ലുവിളിയാണ്.


രാഷ്ട്രീയ ഇച്ഛാശക്തി, സാമൂഹികവും ചരിത്രപരവുമായി ദളിത്സ്ത്രീകളെപ്പറ്റി അവബോധമുള്ള നിയമസംവിധാനം എന്നിവയും പൊതുസമൂഹത്തിന്റെ നിരന്തരമായ ഇടപെടലുകളും ദളിത്സ്ത്രീകൾക്ക് നിയമസംരക്ഷണത്തിന് ആവശ്യമാണ്.

## കേരളീയ അവസ്ഥ

അറസ്റ്റുചെയ്യപ്പെടുന്നവരെ 24 മണിക്കൂറിനുള്ളിൽ തൊട്ടടുത്ത മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കണം എന്ന് ക്രിമിനൽ നടപടി ചട്ടം നിലനിൽക്കുന്ന ഈ രാജ്യത്താണ് മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട് സി.കെ.ജാനു ഉൾപ്പെടെ നിരവധി ആദിവാസി സ്ത്രീകളെ അറസ്റ്റു ചെയ്യുകയും പീഡനത്തിനിരയാക്കുകയും ചെയ്തത്. അടികൊണ്ട് വീർത്ത ജാനുവിന്റെ മുഖം ദളിത്-ആദിവാസി സ്ത്രീകളെ എപ്രകാരം ഭരണകൂടം നിയമപരമായി നേരിടുന്നു എന്നതിന്റെ തെളിവാണ്.

**ഓരോ രാജ്യത്തിലെയും ജനസംഖ്യാനുപാതികമായി ദളിതർക്ക് മിച്ചഭൂമി കണ്ടെത്തുക, ദളിത്പുരുഷനൊപ്പം സ്ത്രീയുടേയും പേരിൽ ഭൂമി രജിസ്ട്രർ ചെയ്തുകൊടുക്കുക, അംബേക്കർ ഭൂമി വീതം ദളിത്സ്ത്രീയുടേയും പുരുഷന്റേയും പേരിൽ നൽകുന്നതിനൊപ്പം ദളിത്സ്ത്രീകളുടെ തുല്യവേതനവും ജീവിതസാഹചര്യവും സ്ത്രീകൾക്കുറപ്പുവരുത്തുക.**





സോണിമ ജേക്കബ്

**എഴുതിയതിനേക്കാൾ എഴുതപ്പെടാത്ത ചരിത്രത്തിന്റെ ഉടമകളാണ് ദളിത് സ്ത്രീകൾ. കാരണം ജാതിയുടെയും ലിംഗപദവിയുടെയും വേർതിരിവുകൾ അവരുടെ നിത്യജീവിതത്തിന്റെ മാത്രമല്ല സാമൂഹിക–സാംസ്കാരിക മേഖലകളേയും 'പൊതു' സമൂഹത്തിന്റേതാക്കത്തവണ്ണം ഒഴിവാക്കി നിർത്തപ്പെട്ടു.**

**ദളിത്സ്ത്രീ** ജീവിതങ്ങളേയും അവരുടെ സമരങ്ങളേയും പറ്റിയുള്ള 'എഴുതപ്പെട്ട ചരിത്രം' ആ സ്ത്രീകളുടെ ജീവിതങ്ങളെ അതിലെ സാമൂഹികതലങ്ങളെ ആഴത്തിൽ മനസ്സിലാക്കിയവ ആണെന്നു പറയാൻ ആകില്ല. എഴുതിയതിനേക്കാൾ എഴുതപ്പെടാത്ത ചരിത്രത്തിന്റെ ഉടമകളാണ് ഈ സ്ത്രീകൾ. കാരണം ജാതിയുടേയും ലിംഗപദവിയുടേയും വേർതിരിവുകൾ അവരുടെ നിത്യജീവിതത്തെ മാത്രമല്ല സാമൂഹിക-സാംസ്കാരിക മേഖലകളേയും 'പൊതു' സമൂഹത്തിന്റേതാക്കത്തവണ്ണം ഒഴിവാക്കി നിർത്തപ്പെട്ടു. കേരള ചരിത്രത്തിലെ എടുത്തു പറയത്തക്കതായ പല മുന്നേറ്റങ്ങളിലും ചുവടുവെയ്പ്പുകളിലും സ്ത്രീ പങ്കാളിത്തം നമുക്കു വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. കേരളത്തിലെ ദളിത് വിഭാഗത്തിന്റെ അടിമത്വത്തിൽ നിന്നുമുള്ള സാമൂഹികമാറ്റത്തിന് മുന്നോടിയാണെന്ന് കരുതപ്പെടാവുന്ന മതപരിവർത്തനം ഉൾപ്പെടെ അയ്യൻകാളി നയിച്ച ജാതിവിവേചനങ്ങൾക്കെതിരെ നടന്ന സമരങ്ങളിലും കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ നേതൃത്വം വഹിച്ച കാർഷിക സമരങ്ങളിലും വ്യത്യസ്ത ദളിത്/ഇതര സംഘടനകൾ നടത്തിയ സമരങ്ങളിലും മുന്നേറ്റങ്ങളിലുമെല്ലാമുള്ള ദളിത്സ്ത്രീകളുടെ സംഭാവനകൾ പറയപ്പെടാതെയും എഴുതപ്പെടാതെയും പോയതായി/പോകുന്നതായി നമുക്കു കാണുവാൻ സാധിക്കും. തെളിവുകളുടെ/രേഖപ്പെടുത്തലുകളുടെ അപര്യാപ്തതമൂലം അദൃശ്യവത്ക്കരണത്തിന്റെ ഇരകൾ ആക്കപ്പെടുകയാണ് ഈ സ്ത്രീകൾ. അതു

# ചെങ്ങറ ഭൂസമരം :
## ദളിത്സ്ത്രീ രാഷ്ട്രീയത്തിന്റെ പുതുവഴികൾ





**'ചെങ്ങറ ഭൂസമരം' ഭൂരഹിതരുടെ സമരമെന്നതിലുപരി ഭൂരഹിതരായ ദളിതരുടെ മുന്നേറ്റം എന്ന നിലയിൽ കാണപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്ത ഒന്നാണ്. ഈ സമരവും അതിന്റെ ഭാഗമാകുന്ന ദളിതരായ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഇന്ന് വിസ്മരിക്കപ്പെട്ട അവസ്ഥയിലാണ്.**

കൂടാതെ കേരളത്തിലെ ജാതീയതയുടെ തരം തിരിക്കലും അതിനെവിശദീകരിക്കുന്നതിലെ വ്യക്തതക്കുറവും 'മനസ്സിലാക്കലുക ളിൽ' തെറ്റിദ്ധാരണ വളർത്തുന്നതിന് കാരണമാകുന്നു. ഉദാഹരണ ത്തിന് ചില പഠനങ്ങളിലും എഴുത്തുകളിലും താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകളെ എല്ലാം പൊതുവേ 'കീഴാളസ്ത്രീകൾ, ദരിദ്രസ്ത്രീകൾ, തൊഴിലാളി സ്ത്രീകൾ' എന്ന രീതിയിലൊക്കെ വിശദീകരിക്കാറുണ്ട്. ഇത്തരം പദപ്രയോഗങ്ങൾ പൊതുവേ സൃഷ്ടിക്കുന്ന ആശയങ്ങളും ഏറ്റവും താഴേത്തട്ടിലുള്ള താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ എന്നാ ണ്. പക്ഷേ കേരളത്തിലെ ജാതിവ്യവസ്ഥയിൽ ഈഴവ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർ 'കീഴാള' വിഭാഗത്തിൽപ്പെട്ടവരായാണ് കണക്കാക്ക പ്പെട്ടിരുന്നത്. അതുകൊണ്ടു തന്നെ ഇത്തരം എഴുത്തുകളിൽ നിന്ന് ദളിത്സ്ത്രീ ജീവിതങ്ങളെ തിരിച്ചറിയണമെങ്കിൽ ഇത്തരം പഠന ത്തിലെ സമയം, കാലം, സ്ഥലം, ആചാരങ്ങൾ, ജീവിതരീതികൾ എന്നിവ ഉപയോഗിച്ച് ഗഹനമായ അപഗ്രഥനം ആവശ്യമായി വരുന്നു.

ഇത് എഴുത്തുകളിലേയും പഠനങ്ങളിലേയും കാര്യമാണെങ്കിൽ 80 കൾക്കു ശേഷം കേരളത്തിൽ രൂപം കൊണ്ട ദളിത് ഫെമിനിസ്റ്റ് പ്രസ്ഥാ നങ്ങൾക്കും കാര്യമായ ചലനം ഈ മേഖലയിൽ സൃഷ്ടിക്കാനായില്ല. കാരണം പൊതുവായ ഫെമിനിസ്റ്റ് ചിന്താപദ്ധതികളിൽ നിന്ന് രൂപം കൊണ്ട അടിത്തറയും വളർച്ചയുമാണ് ദളിത് ഫെമിനിസത്തിനുമുള്ള ത്. സ്ത്രീ-പുരുഷ തുല്യതയും, പുരുഷ കേന്ദ്രീകൃത സാമൂഹിക ചുറ്റു പാടുകളെ എതിർക്കേണ്ടതിന്റെ ആവശ്യകതയും മറിച്ചും തിരിച്ചും പറഞ്ഞ് കാലംകഴിക്കുന്ന അവസ്ഥയിലാണ് ഇത്തരം പ്രസ്ഥാനങ്ങൾ. ഈ വിഷയം പ്രാധാന്യം അർഹിക്കുന്നവയാണെങ്കിലും അതിന്റേയും അപ്പുറം യാഥാർത്ഥ്യബോധത്തോടെ പ്രായോഗികതലത്തിൽ വസ്തു തകളെ കാണേണ്ടതും മനസ്സിലാക്കേണ്ടതും ആവശ്യമാണ്. കേരള ത്തിലെ സ്ത്രീകൾക്ക് പൊതുവായ സ്ത്രീത്വാദർശങ്ങൾ ഇല്ല എന്നും ജാതീയമായ വ്യത്യാസങ്ങളിൽ അധിഷ്ഠിതമാണ് അവരുടെ ജീവിത ങ്ങൾ എന്ന് പൊതുവെ നിരീക്ഷിക്കപ്പെടാറുണ്ട്. എന്നാൽ ഫലത്തിൽ 'പൊതുവായ' ചില കാഴ്ചപ്പാടുകൾ/മനസ്സിലാക്കലുകൾകൊണ്ട് 'പൊതുസ്ത്രീ പ്രശ്നങ്ങൾ' അളക്കാനും, മാറ്റാനും, ശ്രമിക്കുന്നതിലെ അപാകതകൾ- കൂടുതൽ വ്യക്തമായി പറഞ്ഞാൽ സ്ത്രീകൾ ജോലി ചെയ്യുന്ന ഇടങ്ങളിലെ ടോയ്ലെറ്റ് സൗകര്യങ്ങളും വസ്ത്രധാരണനിയ ന്ത്രണങ്ങളും സിനിമകളിലേയും നോവലുകളിലേയും സ്ത്രീ ഇടങ്ങളു മൊക്കെ- 'പൊതുസ്ത്രീ പ്രശ്നം' എന്ന നിലയിൽ പൊതുസമൂഹം ചർച്ചക്ക് വിധേയമാക്കുകയും അതിനെ സിദ്ധാന്തവത്ക്കരിക്കുകയു മാണ് പതിവ്. എന്നാൽ യാതൊരു സൗകര്യങ്ങളുടേയും പിൻബലമി ല്ലാതെ നിലനിൽപ്പിനായുള്ള സമരങ്ങളിൽ പുറംപോക്കുകളിലും റോഡരികുകളിലും കാടുകളിലും സമരങ്ങൾ ചെയ്യുകയും ജീവിക്കു കയും ചെയ്യുന്ന ആയിരക്കണക്കിന് ദളിത്/ഇതര പിന്നോക്ക വിഭാഗ ത്തിൽപ്പെട്ട സ്ത്രീ ജീവിതങ്ങൾ 'വിഷയങ്ങൾ ആക്കപ്പെടാതെ പോകു കയും അത്തരം വിഷയങ്ങൾ വളരെ എളുപ്പം വിസ്മരിക്കപ്പെടു കയും ചെയ്യുന്നു.

'ചെങ്ങറ ഭൂസമരം' ഭൂരഹിത രുടെ സമരമെന്നതിലുപരി ഭൂരഹി തരായ ദളിതരുടെ മുന്നേറ്റം എന്ന നിലയിൽ കാണപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്ത ഒന്നാ ണ്. ഈ സമരവും അതിന്റെ ഭാഗമാ കുന്ന ദളിതരായ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഇന്ന് വിസ്മരിക്കപ്പെട്ട അവസ്ഥയിലാ ണ്. പുറംപോക്കുകളിലും കോളനി കളിലും തങ്ങളുടെ ജീവിതങ്ങളെ കണ്ടുമടുത്ത ഒരു കൂട്ടം ദളിത് കുടുംബങ്ങളുടെ ചെറുത്തു നിൽപ്പിന്റെ സമരം കൂടിയാണിത്. 'കുടുംബമായി' ദളിതർ പങ്കെടുത്ത സമരമായതുകൊണ്ടു തന്നെ സ്ത്രീകളുടേയും കുട്ടികളുടേയും പങ്കാളിത്തം ഈ സമരത്തിന്റെ ശ്രദ്ധ ആകർഷിച്ചു. അതു കൂടാതെ സമര നേതൃത്വസ്ഥാനത്തേക്ക് ഉയർന്നു വന്ന രണ്ട് ദളിത് സ്ത്രീക ളായ തട്ടേൽ സരസ്വതിയും സെലീനാ പ്രക്കാനവും ഈ സമര ത്തിന്റെ മുഖ്യ ആകർഷണമായിരു ന്നു. സമരം തുടങ്ങിയ കാലം മുതൽ സമരത്തിന്റെ എല്ലാ ചെറുത്തു നിൽപ്പുകളിലും സ്ത്രീ പുരുഷഭേദമന്യേയുള്ള പങ്കാ ളിത്തം നമുക്കു കാണാൻ സാധി ക്കും. ട്രേഡ് യുണിയൻ ഉപരോധ ത്തിലും സർക്കാരുകളുടേയും കോടതിയുടേയും ഇടപെടലുക ളിലും പ്രദേശനിവാസികളുടെ ഭാഗത്തു നിന്നുണ്ടായ എതിർപ്പുക ളേയും ഒരേ മനസ്സോടെയാണ് സമ രത്തിലെ ജനങ്ങൾ നേരിട്ടത്. സമര ഭൂമിയിലെ പതിനായിരക്കണക്കി

നാളുകളെ നിയന്ത്രിച്ചിരുന്നതും സമരത്തിലുള്ളവരുടെ വിശപ്പിനെഅതിജീവിക്കാൻ റബ്ബർതോട്ടങ്ങളിൽ ഉണ്ടായിരുന്ന പുല്ലും ചെടികളും ഭക്ഷണമായി കണ്ടെത്തിയതും സമരത്തിലെ വ്യത്യസ്ത സ്ത്രീപങ്കാളിത്തത്തെ കാട്ടിത്തരുന്നതാണ്. ചെങ്ങറ ഭൂസമരം ഇന്നും ഒരു സജീവമായ സമരമായി മാറ്റുന്നതിൽ ഈ സ്ത്രീകളുടെ പങ്ക് വലുതാണ്. കൗണ്ടറുകളായി തിരിച്ചിരിക്കുന്ന സമരഭൂമിയിലെ ഓരോ കൗണ്ടറുകളിലേയും പ്രാർത്ഥനയും ഉപവാസവും നയിക്കുന്നതോടൊപ്പം കുടുംബം നൽകുന്ന ഉത്തരവാദിത്വങ്ങളിൽ നിന്നും സമരഭൂമിയിലെ സ്ത്രീകൾ മുക്തരല്ല. കുട്ടികളെയും ഭർത്താവിനെയും പരിചരിക്കൽ, പാചകം, മറ്റു വീട്ടുജോലികൾ എന്നിവയും അവർക്ക് അവിടെ ചെയ്യേണ്ടതായി വരുന്നു. ഒരു പ്രത്യേക ലക്ഷ്യത്തോടെ കുറേയാളുകൾ സംഘടിക്കുകയും, സമരം ചെയ്യുകയും ചെയ്യുന്ന ഒരിടമാണ് ചെങ്ങറസമരഭൂമി. അതുകൊണ്ടുതന്നെ ഒരു 'പൊതു ഇടത്തി' ന്റെ ചില സവിശേഷതകളും അത് ഉൾക്കൊള്ളുന്നു. അത്തരം ഇടങ്ങളും ഒരു സാധാരണ ദളിത്സ്ത്രീയുടെ ജീവിതത്തിനപ്പുറം ഒന്നും ഈ സ്ത്രീകൾക്കു നൽകുന്നില്ല എന്ന് നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. 'സ്ത്രീ–പുരുഷ തുല്യത' എന്ന കേട്ടും പറഞ്ഞും പഴകിയ 'അവകാശം' പോലും ഈ സ്ത്രീജീവിതങ്ങളിൽ എത്തപ്പെട്ടിട്ടില്ല എന്നതാണ് സത്യം. അത് കുടുംബം എന്ന സ്ഥാപനം സംരക്ഷിക്കാൻ ശ്രമിക്കുന്നതിലെ 'തെറ്റ്' എന്നുവേണമെങ്കിൽ വ്യാഖ്യാനിക്കാം. പക്ഷേ കുടുംബം എന്ന സ്ഥാപനവും അതിലെ അസമത്വങ്ങളെ സിദ്ധാന്തവത്ക്കരിക്കുന്നതിനും മുമ്പേ ഇത്തരം സ്ത്രീകൾ സമരമുഖത്തുള്ള പ്രാഥമിക ആവശ്യങ്ങളുടെ നിറവേറ്റലുകൾ സാധ്യമാക്കണം. വിധവകളും പ്രായമായവരും ഭർത്താവിനോടും കുഞ്ഞുങ്ങളോടൊപ്പവും സമരഭൂമിയിൽ എത്തിയതുമായ വ്യത്യസ്ത പ്രായത്തിലും ജീവിതാനുഭവങ്ങളിലുമുള്ള ദളിതരായ സ്ത്രീകളെ ചെങ്ങറസമരത്തിൽ കാണുവാൻ സാധിക്കും. "നിങ്ങൾ കുറച്ചു കഷ്ടപ്പെട്ടാലും വരുംതലമുറയെയെങ്കിലും വൃത്തിഹീനവും ഇടുങ്ങിയതും ശ്വാസംമുട്ടിക്കുന്നതുമായ ചുറ്റുപാടിൽ ജീവിക്കേണ്ട സാഹചര്യങ്ങളിൽ നിന്ന് രക്ഷപ്പെടുത്താമല്ലോ" എന്ന പ്രതീക്ഷയും വിശ്വാസവുമാണ് ചെങ്ങറസമരഭൂമിയിലെ ഒരോ സ്ത്രീയിലും കാണുന്നത്. അതുകൂടാതെ നേതൃത്വസ്ഥാനത്തേക്ക് ഉയർന്നുവന്ന തട്ടേൽ സരസ്വതിയും സെലീനപ്രക്കാനവും സമരസ്വഭാവത്തിന്റെ മറ്റൊരു വശവും നമുക്ക് കാട്ടിത്തരുന്നു. തട്ടേൽ സരസ്വതിക്ക് സമരം തുടങ്ങി പത്തുമാസത്തിനുള്ളിലും സെലീനപ്രക്കാനത്തിന് ഒരു വർഷത്തിനുള്ളിലും സമരം ഉപേക്ഷിച്ചുപോകേണ്ടതായി വന്നു. സമരത്തിനുള്ള പുരുഷകേന്ദ്രീകൃത കാഴ്ചപ്പാടുകളും നിലപാടുകളും നിയമങ്ങളും ചോദ്യം ചെയ്യപ്പെടേണ്ടതുപോലെ തന്നെ പ്രധാനമാണ് സമരത്തിലെ ഇത്തരം വ്യത്യസ്ത സ്ത്രീ അനുഭവങ്ങളെ രേഖപ്പെടുത്തേണ്ടതും വിശകലനം ചെയ്യേണ്ടതും. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഭൂമി, വെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങളുടെ നിറവേറലിനായി സമരം ചെയ്തുകൊണ്ടിരിക്കുന്ന സ്ത്രീ ജീവിതങ്ങളുടെ ബോധ/അബോധതലങ്ങളെ/തിരിച്ചറിവുകളെ/അറിവില്ലായ്മകളെ മനസ്സിലാക്കുന്നതോടൊപ്പം ഒരു പൊതുസമൂഹത്തിന്റെ 'ശ്രദ്ധ'യിൽപെടുന്നതിലൂടെ മാത്രമേ ഒരു 'പൊതുസ്ത്രീ' സങ്കല്പം പോലും നമുക്കു ലഭിക്കൂ. അത്തരം ചിന്തകളുടെ/കാഴ്ചപ്പാടുകളുടെ രക്ഷപ്പെടുത്തലുകൾ അക്കാദമിക്/ആക്ടിവിസ്റ്റ് മേഖലകളിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. കാരണം ഏതൊരു വലിയ 'ചിന്താപദ്ധതികൾ' പോലെയും ദളിത് ഫെമിനിസവും അതിന്റെ ചിന്താതലങ്ങളും ഇന്നും കേരളത്തിലെ ഒരു സാധാരണ ദളിത്സ്ത്രീയുടെ ജീവിതത്തിൽ നിന്ന് ഒരുപാടകലെയാണ്.



**നിങ്ങൾ കുറച്ചു കഷ്ടപ്പെട്ടാലും വരും തലമുറയെയെങ്കിലും വൃത്തിഹീനവും ഇടുങ്ങിയതും ശ്വാസംമുട്ടിക്കുന്നതുമായ ചുറ്റുപാടിൽ ജീവിക്കേണ്ട സാഹചര്യങ്ങളിൽ നിന്ന് രക്ഷപ്പെടുത്താമല്ലോ" എന്ന പ്രതീക്ഷയും വിശ്വാസവുമാണ് ചെങ്ങറ സമരഭൂമിയിലെ ഒരോ സ്ത്രീയിലും കാണുന്നത്.**

അതുകൊണ്ടുതന്നെ ഈ സ്ത്രീ ജീവിതങ്ങൾ വീണ്ടും വീണ്ടും അദൃശ്യവത്ക്കരിക്കപ്പെടുകയും വിസ്മരിക്കപ്പെടുകയും ചെയ്തുകൊണ്ടേയിരിക്കും. ഇത്തരം വിസ്മരിക്കപ്പെടലുകൾ നാളെ ചെങ്ങറ സമരഭൂമിയിലെ ദളിതരായ സ്ത്രീകൾക്കും സംഭവിച്ചേക്കാം. കാരണം അവർ ഭൂതകാലത്തിലും വർത്തമാനകാലത്തിലും "കൂട്ടം" ആയി കണക്കാക്കപ്പെട്ടവരും/കണക്കാക്കപ്പെടുന്നവരുമാണ്. അത്തരം കൂട്ടങ്ങൾക്ക് ഒരു പേരും ഒരു ഐഡന്റിറ്റിയും ഒരു സ്വഭാവവുമാണ് ഉള്ളതെന്ന് കരുതപ്പെടുകയും ചെയ്യുന്നു. അത്തരം കരുതലുകളെ പൊളിച്ചെഴുതുന്നുണ്ട് ചെങ്ങറയിലെ ദളിതരായ സ്ത്രീകൾ എങ്കിലും ജാതിയെപ്പറ്റിപറയുന്നതും ചിന്തിക്കുന്നതും സങ്കുചിതമനോഭാവത്തിന്റേയും വർഗ്ഗീയതയുടേയും ഒക്കെ ഭാഗമായി കണക്കാക്കുന്ന കേരള സമൂഹത്തിൽ ഭൂമിക്കുവേണ്ടി സമരം ചെയ്യുന്ന കുറച്ചു സ്ത്രീകൾ എന്ന ലേബലിൽ ഈ ദളിത്സ്ത്രീകളും നാളെ പേരു ചേർക്കപ്പെട്ടേക്കാം.



# പി.ആർ.ഡി.എസ് പ്രസ്ഥാനത്തിലെ ദളിത് സ്ത്രീകൾ

സമകാലികം



അമ്പിളി.ടി.കെ

**കേരളത്തെ** ജനാധിപത്യ പ്രക്രിയയിലേക്ക് നയിച്ച നവോത്ഥാനമുന്നേറ്റങ്ങളിൽ നിർണ്ണായക സ്ഥാനമാണ് ദളിത് നവോത്ഥാനപ്രസ്ഥാനങ്ങൾക്ക് ഉള്ളത്. ദലിത് നവോത്ഥാനപ്രസ്ഥാനങ്ങളെക്കുറിച്ച് ഇതിനോടകം നിരവധി പഠനങ്ങൾ പുറത്ത് വന്നിട്ടുണ്ട്. എന്നാൽ നവോത്ഥാനദളിത് മുന്നേറ്റങ്ങളുടെ സ്ത്രീ സമീപനം, ഈ പ്രസ്ഥാനങ്ങളിലെ സ്ത്രീ പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളിൽ വിപുലമായ പഠനങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ ചില ഒറ്റപ്പെട്ട ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നത് വിസ്മരിക്കുന്നില്ല. നവോത്ഥാനകേരളത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ച പ്രത്യക്ഷരക്ഷാദൈവസഭയുടെ ചരിത്രത്തിലൂടെ ദളിത് സ്ത്രീകൾ എങ്ങനെ കന്ന് പോയി എന്നാണ് ഇവിടെ പരിശോധിക്കാൻ ശ്രമിക്കുന്നത്.

പ്രത്യക്ഷരക്ഷാദൈവസഭയെ മറ്റ് നവോത്ഥാനമുന്നേറ്റങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് അത് ദളിത്കേന്ദ്രീകൃതമായ ഒരു നവ ആത്മീയദർശനം അവതരിപ്പിച്ചിരുന്നു എന്നതാണ്. അടിമവിഷയം എന്ന് അറിയപ്പെടുന്ന ഈ ആത്മീയ ദർശനം അവതരിപ്പിച്ചത് പ്രത്യക്ഷരക്ഷാദൈവസഭാസ്ഥാപകനായ പൊയ്കയിൽ ശ്രീകുമാരഗുരുദേവനാണ്. ഇന്ത്യയിലെ ദളിതുകളുടെ ചരിത്രഭൂതകാലങ്ങളിലും ചരിത്രാനുഭവങ്ങളിലും വേരൂന്നിയാണ് ഈ ആത്മീയദർശനം രൂപം കൊണ്ടത്. സവർണ്ണ പാശ്ചാത്യ ആത്മീയദർശനങ്ങളോടും ദളിത്ഗോത്ര ആത്മീയ സങ്കൽപ്പങ്ങളോടും കലഹിച്ചും സംവാദപ്പെട്ടുമാണ് പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ തന്റെ ആത്മീയചിന്ത കേരളത്തിൽ അവതരിപ്പിച്ചത്. ഈ ആത്മീയദർശനമാണ് പ്രത്യക്ഷരക്ഷാദൈവസഭ രൂപം കൊള്ളുന്നതിനും സഭയെ കേന്ദ്രമാക്കി കേരള നവോത്ഥാനകാലഘട്ടത്തിൽ വമ്പിച്ച സാമൂഹ്യചലനങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമായത്. സ്ത്രീകൾ എന്ന അർത്ഥത്തിലും കീഴാളസ്ത്രീകൾ എന്ന അർത്ഥത്തിലും അടിമജാതിയിൽപ്പെട്ട സ്ത്രീകൾ അനുഭവിച്ച അസ്വാതന്ത്ര്യത്തേയും അടിമത്തത്തെയും അവഹേളനങ്ങളെയും കൂടി ചോദ്യം ചെയ്ത് കൊണ്ടാണ് സ്വാതന്ത്ര്യത്തിന്റെയും വിശ്വമാനവികതയുടേയും പുതിയ ആത്മീയ ദർശനം പ്രത്യക്ഷരക്ഷാദൈവസഭാ സ്ഥാപകനായ പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ അവതരിപ്പിച്ചത്. സവർണ്ണ ആത്മീയദർശനങ്ങളേയും പാശ്ചാത്യ ദൈവശാസ്ത്രങ്ങളേയും നിരാകരിച്ചുകൊണ്ട് ഗുരുദേവൻ അവതരിപ്പിച്ച ഈ ആത്മീയദർശനം തന്നെയാണ് പരമ്പരാഗതമായ കീഴാള സ്ത്രീസങ്കൽപ്പങ്ങളെ കീഴ്മേൽ മിറക്കുന്നതിനും ദളിത്സ്ത്രീജീവിതങ്ങളെ പുതുക്കി പണിയുന്നതിനും അടി


അമ്മച്ചി പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ ആദ്യകാല ആത്മീയ ഉപദേഷ്ടാക്കന്മാരോടൊപ്പം

സ്ഥാനമായത്. പ്രത്യക്ഷരക്ഷാദൈവസഭയുടെ പാട്ടുകൾ പരിശോധിക്കുമ്പോൾ സ്ത്രീകളുടെയും കുട്ടികളുടേയും ഒടുങ്ങാത്ത സങ്കടങ്ങൾ ആർത്തലച്ച് ഒഴുകുന്നത് നമുക്ക് കാണാം. ലോകത്ത് മറ്റാരും തന്നെ ഇത്ര തീവ്രമായി സ്ത്രീകളുടെ സങ്കടത്തെ ലോകത്തിന്റെ മഹാസങ്കടമായി പ്രഖ്യാപിച്ചിട്ടില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ കീഴാള സ്ത്രീകളെ മനുഷ്യസ്ത്രീയായി കാണുകയും അവർക്ക് മനസും അഭിമാനവുമുണ്ട് എന്ന് ഇത്രമേൽ പഠിപ്പിക്കുകയും മറ്റൊരു ജ്ഞാനധാര ഇല്ല എന്നു തന്നെ പറയാം. അടിമവിഷയത്തിൽ അനാഥരാക്കപ്പെട്ട സ്ത്രീകളുടെയും കുട്ടികളുടേയും സങ്കടം ചരിത്രത്തിന്റെ മുറിവുകളായി നിറഞ്ഞ് നിൽക്കുന്നത് കാണാം. ''മുൻപിതാക്കൾക്ക് വന്നൊരല്ലൽ" എന്ന പൊയ്കയിൽ ശ്രീ കുമാരഗുരുദേവന്റെ പാട്ട് ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ്. പാടത്ത് മുലപ്പാൽ പിഴിഞ്ഞൊഴിക്കുന്ന അമ്മയും പാടവരമ്പത്ത് കെട്ടിയ പഴന്തുണിയിൽ നിന്ന് ഉറുമ്പരിക്കുന്ന അസ്ഥിക്കഷണങ്ങൾ വാരിയെടുക്കുന്ന അമ്മയും വിറ്റ വില വാങ്ങി പോയ ഭർത്താവിനെയോർത്ത് നിലവിളിക്കുന്ന സ്ത്രീയും തമ്പുരാന്റെ ലൈംഗികാക്രമണങ്ങൾക്ക് വിധേയരാവുന്ന സ്ത്രീയും സഹോദരങ്ങൾ നഷ്ടപ്പെട്ട സ്ത്രീയും കാളയോടൊപ്പം കുട്ടിക്കെട്ടി നിലമുഴുമ്പോൾ പാടത്ത് വീണ് മരിക്കുന്ന ഭർത്താവിനെ അല്ലെങ്കിൽ സഹോദരനെ ഓർത്ത് നിലവിളിക്കുന്ന സ്ത്രീയും എല്ലാം പി.ആർ.ഡി.എസിന്റെ അടിസ്ഥാനവിഷയത്തിൽ നമുക്ക് കാണാൻ കഴിയും. 'വേലസ്ഥലത്ത് കരഞ്ഞതെന്റെമ്മ കൂലിപടിക്കൽ കളഞ്ഞേച്ചുപോയി' എന്നാണ് ഗുരുദേവൻ പാടിയത്. ഇപ്രകാരമുള്ള ഒട്ടേറെ സന്ദർഭങ്ങളുടെ ദീർഘമായ വിവരണങ്ങൾ പി.ആർ.ഡി പാട്ടുകളിലും വിഷയങ്ങളിലും നിറഞ്ഞ് നിൽക്കുന്നുണ്ട്. ഇത്തരം നീചകൃത്യങ്ങൾ ന്യായമാണ് എന്ന് വിധിക്കുന്നത് തന്നെയായിരുന്നു നൂറ്റാണ്ടുകളായി ഇന്ത്യയിൽ/ലോകത്ത് നിലനിന്നിരുന്ന എല്ലാ ആത്മീയദർശനങ്ങളും നിയമസംഹിതകളും. കീഴാളസ്ത്രീഅനുഭവങ്ങളെ ഗുരുദേവൻ പ്രത്യക്ഷപ്പെടുത്തുന്നതിലൂടെ വാസ്തവത്തിൽ ചെയ്തത് ഈ ജ്ഞാനധാരകളെ തന്നെ തിരസ്കരിക്കുകയായിരുന്നു.

ഇതിനർത്ഥം പുരുഷന്മാരെ ഒഴിവാക്കിയുള്ള ഒരു സ്ത്രീലോകം സൃഷ്ടിക്കുക എന്നായിരുന്നില്ല. പകരം സ്വാതന്ത്ര്യത്തിന്റേയും സമാധാനത്തിന്റേയും ഒരു പുതിയ ലോകം സൃഷ്ടിക്കുക എന്നതായിരുന്നു. സ്ത്രീ–പുരുഷബന്ധങ്ങളേയും കുടുംബത്തേയും ജാതിഘടനയുടെ അധികാരശ്രേണിയിൽ നിന്ന് മറ്റൊരു ജീവിതം സാധ്യമാക്കുക എന്നതായിരുന്നു സഭയുടെ ലക്ഷ്യം. അതുകൊണ്ടു തന്നെ വ്യക്തി പരിഷ്ക്കരണങ്ങൾക്കും കുടുംബ പരിഷ്ക്കരണങ്ങൾക്കും ആണ് സഭ പ്രഥമസ്ഥാനം നൽകിയത്. സ്ത്രീയും ദൈവീക ചൈതന്യമാകയാൽ അവർക്ക് തുല്യ പ്രാധാന്യം നൽകണം എന്നത് ഗുരുദേവന്റെ അടിസ്ഥാനഉപദേശങ്ങളിൽ ഒന്നാണ്. സ്ത്രീകൾ അബലകൾ എന്നും കീഴാള സ്ത്രീകൾ "അയിത്തമാംസങ്ങൾ'' എന്നുമുള്ള പ്രാചീനസങ്കൽപങ്ങളിൽ നിന്ന് മാറി ശക്തിയും ശബ്ദവുമുള്ള സ്ത്രീയായിരിക്കണം എന്ന കാഴ്ചപ്പാടാണ് ഗുരുദേവൻ അവതരിപ്പിച്ചത്. കീഴാള സ്ത്രീകളുടെ വിദ്യാഭ്യാസം, തൊഴിൽ, അവസരസമത്വം അധികാരസ്ഥാനങ്ങളിലെ പങ്കാളിത്തം, സ്ത്രീ അതിക്രമങ്ങളെ തടയുക, സ്ത്രീകളുടെ സുരക്ഷിതത്വം, സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യം, വസ്ത്രസ്വാതന്ത്ര്യം, സ്ത്രീകളുടെ പൗരോഹിത്യ സ്ഥാനം എന്നീ മേഖലകളിലെല്ലാം ദൈവസഭ വിലക്കപ്പെട്ട ഈ മേഖലകളിലേക്ക് കീഴാളരായതിന്റെ ചരിത്രം കൂടിയാണ് പ്രത്യക്ഷരക്ഷാദൈവസഭയുടെ ചരിത്രം. ഇതാകട്ടെ, ജാതിയുടേയും സ്ത്രീവിരുദ്ധ സാമൂഹ്യമനോഘടനയുടേയും തായ്‌വേരുകൾ അറുത്ത് മാറ്റുന്നതും കൂടിയായിരുന്നു. നവോത്ഥാനസ്ത്രീകളുടെ വമ്പിച്ച പങ്കാളിത്തം കൊണ്ട് ചരിത്രം കൂടിയാണ് പ്രത്യക്ഷരക്ഷ.

'പറയാമോ പറക്കളിയെന്ന്' 'പറയാമോ പുലക്കളിയെന്ന്' എന്ന പൊയ്കയിൽ ശ്രീകുമാരഗുരുദേവന്റെ പാട്ട് ഏറ്റ് പാടിക്കൊണ്ട് ആയിരക്കണക്കിന് ദളിത്സ്ത്രീകളാണ് പള്ളികൾ വിട്ടിറങ്ങിക്കൊണ്ട് കീഴാള സ്ത്രീകൾ അഭിമാനമുള്ളവരായിരുന്നു. ജാതിമൂല്യങ്ങളുടെയും കീഴാള ഗോത്രമൂല്യങ്ങളുടേയും നിഷേധം കൂടിയായിരുന്നു ഇത്. പൊയ്കയിൽ ശ്രീകുമാര ഗുരുദേവൻ സമാധാനജാഥ(1914), കോഴഞ്ചേരിയിൽ നിന്ന് ഇരവിപേരൂരിലേക്ക് നടത്തിയ സ്വാതന്ത്ര്യപ്രഖ്യാപനജാഥ (1921) തുടങ്ങിയ ജാഥകളിൽ ആയിരക്കണക്കിന് സ്ത്രീകൾ വെള്ളവസ്ത്രമുടുത്ത് പൊതുവഴിയിൽ അണിനിരന്നത് നവോത്ഥാനചരിത്രത്തിലെ അവിസ്മരണീയമായ അദ്ധ്യായമാണ്. സമൂഹം വിധിച്ച വൃത്തിഹീനമായ വസ്ത്രങ്ങൾ ഉപേക്ഷിച്ച് വെള്ളവസ്ത്രമുടുത്തുകൊണ്ട് നൂറ്റാണ്ടുകൾ നിലനിന്ന ജാതിമൂല്യങ്ങളെ പ്രത്യക്ഷരക്ഷാ ദൈവസഭയിലൂടെ ദളിത് സ്ത്രീകൾ കീഴ്മേൽ

**പ്രത്യക്ഷരക്ഷാദൈവ സഭയുടെ ചരിത്രത്തിന് സ്ത്രീയുടെ വിയർപ്പിന്റേയും രക്തത്തിന്റേയും ഗന്ധമുണ്ട്. 1905ൽ നടന്ന വാകത്താനം ലഹളയിൽ നിന്നും ഗുരുദേവനെ സ്ത്രീവേഷം കെട്ടിച്ച് രക്ഷപ്പെടുത്തുന്നത് സ്ത്രീകൾ ആണ്.**

മറിക്കുകയായിരുന്നു.

1931ൽ ശ്രീമൂലം പ്രജാസഭയിൽ ദളിത് സ്ത്രീകളുടെ പങ്കാളിത്തം ആവശ്യപ്പെട്ടുകൊണ്ട് പ്രത്യക്ഷ രക്ഷാദൈവസഭയുടെ നേതൃത്വ ത്തിൽ കീഴാളസ്ത്രീകൾ ഒപ്പിട്ട് നൽകിയ നിവേദനം നവോ ത്ഥാനകേരളചരിത്രത്തിലെ മറ്റൊരു അവിസ്മരണീയസംഭവമാ ണ്. സ്ത്രീകൾക്ക് വേണ്ടി സഭ ആരംഭിച്ച നെയ്ത്ത് ശാലകളിലും ഈറ്റ, മുറം, പായ് നിർമ്മാണശാല കളിലും തമ്പുരാക്കന്മാരുടെ വില ക്കുകളെ മറികടന്ന് കൊണ്ട് പ്രവേ ശിച്ചത് ദളിത് സ്ത്രീകൾ കേരള ത്തിലെ സ്ത്രീ മുന്നേറ്റചരിത്ര ത്തിലെ വിസ്മരിക്കാൻ പറ്റാത്ത അധ്യായമാണ്.

മറ്റൊരു പ്രധാനകാര്യം സഭാ പ്രവർത്തനത്തിൽ വലിയ സംഭാവ നകൾ നൽകിയവരാണ് പ്രത്യക്ഷ രക്ഷാദൈവസഭയിലെ സ്ത്രീകൾ എന്നുള്ളതാണ്. അകത്തും പുറ ത്തുമുള്ള പിന്തിരപ്പന്മാരോട് കല ഹിച്ചുകൊണ്ടാണ് സഭാ പ്രവർത്തനമേഖലയിലേക്ക് ദളിത്സ്ത്രീകൾ പ്രവേശിക്കുന്ന ത്.ചുരുക്കിപ്പറഞ്ഞാൽ പ്രത്യക്ഷ രക്ഷാദൈവസഭയുടെ ചരിത്ര ത്തിന് സ്ത്രീയുടെ വിയർപ്പി ന്റേയും രക്തത്തിന്റേയും ഗന്ധമു ണ്ട്. 1905ൽ നടന്ന വാകത്താനം ലഹളയിൽ നിന്നും ഗുരുദേവനെ സ്ത്രീവേഷം കെട്ടിച്ച് രക്ഷപ്പെടു ത്തുന്നത് സ്ത്രീകൾ ആണ്. കൊമരകത്ത് നടന്ന യോഗം ശത്രുക്കളാൽ ആക്രമിക്കപ്പെട്ട പ്പോൾ അതിസാഹസികമായി ഗുരുദേവനെ രക്ഷിച്ച് കായലി ലൂടെ യാത്ര ചെയ്തത് കൊമ രകം ചിന്ന എന്ന അമ്മയാണ്. വെട്ടിയാട് ലഹളയിൽ (1916) വെച്ച് രക്തസാക്ഷിത്വം വരിച്ചത് വെട്ടിയാട്ട് ഏലി എന്ന അമ്മയാ ണ്. സഭയുടെ നടത്തിപ്പുകാർ, പുരോഹിതർ തുടങ്ങിയ സ്ഥാന ങ്ങളിലേക്ക് കീഴാളസ്ത്രീകൾ പ്രവേശിച്ചത് കീഴാളരുടെ അതി ജീവനത്തിലെ മറക്കരുതാത്ത ചരിത്രപഠനമാണ്. ആഞ്ഞിലിമൂ ട്ടിൽ അമ്മ, കുളകുറ്റിയമ്മ, കുഴി യടി അമ്മ, കുറ്റിപൂവത്തുങ്കൽ അമ്മ, തേക്കട്ടിൽ അമ്മ തുട ങ്ങിയ ഒട്ടേറെ സ്ത്രീകൾ അക്കാ ലത്ത് പ്രത്യക്ഷരക്ഷാദൈവസഭ യുടെ ആത്മീയഉപദേഷ്ടാ ക്കളും നടത്തിപ്പുകാരുമായി ശ്രദ്ധിക്കപ്പെട്ടവരാണ്. എന്നിട്ടും നമ്മുടെ ചരിത്രകാരന്മാരും സ്ത്രീപക്ഷ എഴുത്തുകാരും ഈ സ്ത്രീമുന്നേറ്റചരിത്രത്തെ കാണാതെ പോകുന്നത് ഖേദകര മാണ്. വാസ്തവത്തിൽ കേരളത്തെ ആധുനികതയിലേക്ക് ജനാധിപത്യ പ്രക്രിയയിലേക്ക് ന യിച്ചതിൽ പി. ആർ. ഡി. എസ്‌ലെ സ്ത്രീകൾ വഹിച്ച പങ്ക് വിലപ്പെട്ടതാണ്.

1939ന് ശേഷമുള്ള സഭയുടെ ചരിത്രം തന്നെ പൂർണ്ണമായും ഒരു സ്ത്രീയെ കേന്ദ്രീകരിച്ചുള്ളതായി രുന്നു. 1939 മുതലുള്ള 46 വർഷ ക്കാലം കൊണ്ട് അക്ഷീണപരിശ്രമ ത്തിലൂടെ ഈ സഭയെ വളർത്തി യത് പൊയ്കയിൽ ശ്രീ കുമാരഗു രുദേവന്റെ പത്നി വി.ജ്ഞാനമ്മ (അമ്മച്ചി)യാണ്. പ്രത്യക്ഷരക്ഷാ ദൈവസഭയെ ലോകമെമ്പാടുമുള്ള അടിമകളുടെ അഭിമാനസ്തംഭ മാക്കി മാറ്റുന്നതിന് വിലപ്പെട്ട സംഭാവന നൽകിയത് ഈ അമ്മ യാണ്. നവോത്ഥാനകാലഘട്ട ത്തിൽ ആരംഭിച്ച പ്രസ്ഥാനങ്ങൾ എല്ലാം ചരിത്രപുസ്തകത്തിൽ മാത്രമായി അവശേഷിച്ചപ്പോൾ പി. ആർ.ഡി.എസ് ഇപ്പോഴും ജീവസ്സുറ്റ തായി നിലനിൽക്കാനുള്ള പ്രധാന കാരണം അമ്മച്ചിയുടെ പ്രവർത്തനവൈഭവവും കഠിനപ്രയ ത്നവുമാണ്.

## പ്രിയ വായനക്കാരോട്

***സംഘടിതയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ, കഥ, കവിത മുതലായവയെക്കുറിച്ച് നിങ്ങൾക്കുള്ള നിർദ്ദേശ ങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുന്നു. സഹകരിക്കുമല്ലോ.***

എഡിറ്റർ



# ആധിപത്യസംസ്കാരത്തിന്റെ ഇരകൾ

സബിത സോമൻ

**സാക്ഷരകേരളം**, സാംസ്കാരികകേരളം എന്നു നാം സ്വയം അഭിമാനിക്കുമ്പോൾ, സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ അടിമത്തത്തിലേക്ക് കൂപ്പുകുത്തുകയാണ് സ്ത്രീകൾ. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പ്രതികരണശേഷിയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും കേരളത്തിലെ സ്ത്രീകളാണ് എന്നു നിസംശയം പറയാം. സാമൂഹിക പ്രശ്നങ്ങൾക്കുനേരെ വിരൽചൂണ്ടുവാൻ പലപ്പോഴും മലയാളി സ്ത്രീയുടെ പ്രതിച്ഛായ വിലങ്ങുതടിയാകുന്നു. സാമ്പത്തികമായും രാഷ്ട്രീയമായും പുരുഷനു തുല്യം പദവി ആവശ്യപ്പെടുന്നവർ പലപ്പോഴും നിലവിലുള്ള പുരുഷ നിർമ്മിത സാമൂഹികവ്യവസ്ഥിതിയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുതന്നെയാണ് പരിഹാരം കാണാൻ ശ്രമിക്കുന്നത്. അതുകൊണ്ടു തന്നെ ദളിത് ഫെമിനിസം വേറിട്ട് നില്ക്കന്നു. ദളിതരിൽ ദളിതർ എന്നു വിശേഷിപ്പിക്കുന്ന ദളിത്സ്ത്രീകളെ, വർഗ്ഗ-വർണ്ണ-ജാതി-ലിംഗ വ്യത്യാസത്തിന്റെ പേരിൽ അകറ്റി നിർത്തുമ്പോൾ ഭൗതികവും ആത്മീയവുമായ മൂല്യങ്ങൾ അവർക്ക് നേരെ കൊട്ടിയടച്ചുകൊണ്ട് നിർജ്ജീവമായ ഒരു വിഭാഗത്തിനു ജന്മം കൊടുക്കുന്നതിൽ ഈ രാജ്യത്തെ സവർണ്ണാധിപത്യം പുലർത്തുന്ന ജാഗ്രത പരാമർശിക്കേണ്ടിയിരിക്കുന്നു.

സിന്ധു നദീതീരത്തു താമസിച്ചിരുന്ന ജാതിരഹിതമതരഹിത സംസ്ക്കാരത്തിനുടമകൾ പ്രത്യുല്പാദനത്തെ ആദരിക്കുകയും സ്ത്രീകളെ ബഹുമാനിക്കുകയും ചെയ്തിരുന്നു. ഒരു മാതൃദായക്രമത്തിലുള്ള സംസ്കാരത്തിലൂടെ സ്ത്രീകളുടെ കാഴ്ചപ്പാടിലൂടെ. സ്ത്രീയും പുരുഷനും സമസ്തമേഖലകളിലും തുല്യപദവി വഹിച്ചതായി തന്നെ കാണാം. സിന്ധു നദീതട സംസ്കാരത്തിന്റെ തകർച്ചയും സവർണാധിപത്യവും സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനു വിലക്കുകൾ കല്പിക്കുകയും അടിച്ചമർത്തുകയും ചെയ്യുകയായിരുന്നു. പുരാണകഥകളിലായാലും ചരിത്രമെടുത്താലും ദളിത് സംസ്ക്കാരം സ്ത്രീകൾക്കു നൽകുന്ന പ്രാധാന്യം വളരെ വലുതാണ്. (സ്ത്രീകളോട് മാന്യമായി പെരുമാറിയ രാവണനിൽ കുറ്റം പഴിചാരി സീതയുടെ പരിശുദ്ധിയിൽ സംശയിക്കുന്ന

രാമനെവാഴ്ത്തുമ്പോൾ, സ്ത്രീകളുടെ പരിരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് നിയമനിർമ്മാണസഭ വിഭാവനം ചെയ്ത ഭരണഘടന അംഗീകരിക്കാതെ സ്ത്രീയെ ആദരിക്കുന്ന സംസ്കാരത്തെ ചവിട്ടിത്താഴ്ത്തികൊണ്ടാണ് പുരുഷാധിപത്യസംസ്ക്കാരം ഊട്ടിയുറപ്പിക്കുന്നത്. കാലാനുസൃതമായ മാറ്റങ്ങളോടെ തങ്ങളുടെ സംസ്ക്കാരം പുനഃസ്ഥാപിക്കുവാനും തെറ്റുകളെ മൂടിവെക്കാനുമാണ് സവർണ്ണാധിപത്യസംസ്ക്കാരം അതീവശ്രദ്ധ പുലർത്തുന്നത്.

സ്ത്രീകളുടെ പരിരക്ഷ ഉറപ്പുവരുത്തുന്ന നിയമനിർമ്മാണസഭ വിഭാവനം ചെയ്ത ഭരണഘടന അംഗീകരിക്കാതെ കാലാനുസൃതമായ മാറ്റങ്ങളോടെ തങ്ങളുടെ സംസ്ക്കാരം പുനഃസ്ഥാപിക്കുവാനും തെറ്റുകളെ മൂടിവെക്കുവാനുമാണ് ആധിപത്യസംസ്ക്കാരം അതീവശ്രദ്ധ പുലർത്തുന്നത്.

സ്ത്രീസമൂഹത്തിന്റെ കാഴ്ചപ്പാടും പുരുഷസമൂഹത്തിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്. സമൂഹത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ട് നയിക്കാൻ വളരെയധികം പ്രാപ്തയാണ് അവൾ. പക്ഷെ പലപ്പോഴും ആധിപത്യസമൂഹം വിലക്കുകൾ കല്പിക്കുന്നത് അവളുടെ ചിന്തകൾക്കുപോലുമാണ്.

ആചാരങ്ങളിലൂടെയും സംസ്കാരങ്ങളിലൂടെയും ഒരു ബൗദ്ധിക അടിമത്തത്തിലൂടെ സ്ത്രീയുടെ അവകാശങ്ങൾക്ക് അതിർവരമ്പുകൾ സൃഷ്ടിക്കുവാൻ ആധിപത്യസമൂഹം അതീവ ജാഗ്രത പുലർത്തുന്നുണ്ട്.

ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും വിവാഹത്തിന്റെ അടയാളം താലികെട്ട് ആണ്. ഒരു കാലഘട്ടത്തിൽ വാഴനൂലിലോ ചരടിലോ ബന്ധിച്ചിരുന്നത് മാറി ഇന്നു സ്വർണനൂലിലായി. വടക്കേ ഇൻഡ്യയിൽ താലികെട്ട് (രംഗത്തിനുശേഷം) പുരുഷന്റേയും സ്ത്രീയുടേയും വസ്ത്രങ്ങൾ തമ്മിൽ കൂട്ടിക്കെട്ടി അഗ്നിയുടെ ചുറ്റും പ്രദക്ഷിണം വെച്ചതിനു

**സ്ത്രീ സമൂഹത്തിന്റെ കാഴ്ചപ്പാടും പുരുഷ സമൂഹത്തിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്. സമൂഹത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ട് നയിക്കാൻ വളരെയധികം പ്രാപ്തയാണ് അവൾ. പക്ഷെ പലപ്പോഴും ആധിപത്യസമൂഹം വിലക്കുകൾ കല്പിക്കുന്നത് അവളുടെ ചിന്തകൾക്കു പോലുമാണ്.**



ശേഷം പുരുഷൻ സ്ത്രീയുടെ തിരുനെറ്റിയിൽ സിന്ദൂരം അണിയിക്കുന്നു. കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഈ പുരുഷനിർമ്മിതമായ ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും വിധേയയായി സ്ത്രീ നിൽക്കുമ്പോൾ എന്നും പുരുഷനടിമയായി നിലകൊള്ളുവാനായി സ്ത്രീയുടെ ഉപബോധമനസ്സിനെപ്രേരിപ്പിക്കുകയാണ്. പുരുഷന്റെ ആയുസ്സ് കാക്കുക എന്നത് സ്ത്രീ ധർമ്മമെങ്കിൽ മറിച്ചങ്ങിനെയൊന്നില്ലാത്തതും അതിശയാവഹം തന്നെ. ഇന്നും തൊണ്ണൂറുകഴിഞ്ഞ സ്ത്രീകളുടെ നെറ്റിയിലും ഈ സിന്ദൂരക്കുറി കാണാവുന്നതാണ്.

ഈ സംസ്കാരങ്ങളും ആചാരങ്ങളും പല ദളിത്സംഘടനകളും അനുകരിക്കുന്നത് ദയനീയമായ കാഴ്ചയാണ്. സൈന്ധവ സംസ്കാരത്തിന്റെ പിൻതലമുറ ഇവിടുത്തെ ജാതിശ്രേണിയിൽപ്പെടുന്നില്ലെന്നറിയാതെ, തങ്ങളെയാണ് പുറംലോകം ഹിന്ദുവെന്ന് വിളിച്ചതെന്നറിയാതെ ദളിതരുടെ സംസ്ക്കാരമറിയാതെ സവർണ്ണാധിപത്യത്തിന്റെ ബലിക്കല്ലിൽ തലവെക്കുമ്പോൾ ഇല്ലാതാകുന്നത് ഒരു 'മാതൃസംസ്ക്കാര'മാണ്. സമൂഹത്തിലെ എല്ലാ വിഭാഗത്തിലെയും സ്ത്രീകളുടെ പ്രശ്നങ്ങൾ മുഖ്യധാരയിൽ ചർച്ചചെയ്താൽ മാത്രമേ സ്ത്രീക്ക് വിമോചനത്തിന്റെ പാതയിൽക്കൂടി സഞ്ചരിക്കുവാൻ കഴിയൂ.

മേൽ സൂചിപ്പിച്ച നീതിബോധത്തിന്റെ അഭാവം കൊണ്ടാണ് സൗമ്യ മരിച്ചപ്പോൾ ഉയർന്ന നാവുകൾ പലതും രജനി എസ്.ആനന്ദിന്റെ മരണത്തിലും, മുത്തങ്ങയിൽ സ്ത്രീകളുടെ നേരെ ആക്രമം നടന്നപ്പോഴും, വർക്കല കൊലപാതകത്തിന്റെ മറവിൽ സുജാഗോപാലൻ എന്ന യുവതിയുടെ ഗർഭപാത്രം വരെ തകർത്ത് വരുംതലമുറയെ ദാരുണമായി കൊലചെയ്ത കമ്മ്യൂണിസ്റ്റ് ജാതി രീതിയ്ക്കെതിരേയും, ചെങ്ങറ സമരത്തിൽ പങ്കുകൊണ്ട സ്ത്രീകൾ ചന്തയിൽ സാധനം വാങ്ങാൻ പോയ സമയം നോക്കി ബലാൽക്കാരമായി തട്ടിക്കൊണ്ടു പോയി മുതലാളിത്ത ഗോഡൗണുകളിൽ പീഡിപ്പിക്കപ്പെട്ടപ്പോഴും പൊതുസമൂഹം നിശബ്ദത പാലിച്ചത്.

# ദളിത്സ്ത്രീയുടെ മനം മാറ്റം;
## കോതറാണിയിൽ നിന്ന് ആധുനികതയിലേയ്ക്ക്



രമ്യ.കെ.ആർ

**ഗോത്രസംസ്കാരത്തിൽ ഭരണത്തിലും സാംസ്കാരിക കാര്യങ്ങളിലും മതപരമായ ചടങ്ങുകളിലും തൊഴിലിടങ്ങളിലും സാഹിത്യമേഖലയിലും സ്ത്രീകൾ പദവികൾ പങ്കിട്ടിരുന്നു. തങ്ങളുടെ കഴിവുകൾക്കനുസരിച്ചുള്ള സ്ഥാനങ്ങൾ തന്നെയാണ് ഇവർ അലങ്കരിച്ചിരുന്നത്.**

**മഹത്തായ** ഒരു ഭൂതകാലം ഉണ്ടായിരുന്നവരാണ് ദളിതരെന്നത് തർക്കമില്ലാത്ത കാര്യമാണ്. ആ സുവർണ്ണ കാലഘട്ടത്തിൽ നാഗരികജീവിതം നയിച്ചിരുന്ന ജനതയിൽ തുല്യമായ സ്ഥാനമാനങ്ങളാണ് സ്ത്രീ–പുരുഷന്മാർ പങ്കിട്ടിരുന്നത്. ഗോത്രസംസ്കാരത്തിൽ ഭരണത്തിലും സാംസ്കാരിക കാര്യങ്ങളിലും മതപരമായ ചടങ്ങുകളിലും തൊഴിലിടങ്ങളിലും സാഹിത്യമേഖലയിലും സ്ത്രീകൾ പദവികൾ പങ്കിട്ടിരുന്നു.

തങ്ങളുടെ കഴിവുകൾക്കനുസരിച്ചുള്ള സ്ഥാനങ്ങൾ തന്നെയാണ് ഇവർ അലങ്കരിച്ചിരുന്നത്. ആ കാലഘട്ടത്തിന്റെ സാമൂഹികസ്ഥിതി; തെളിവുകളിലൂടെ സമർത്ഥിക്കാൻ കഴിയാത്ത തരത്തിൽ ചരിത്രപരമായ ഏടുകൾ നശിപ്പിക്കപ്പെട്ടു. ശേഷിപ്പുകളിൽ ഇന്ന് എടുത്ത് പറയാവുന്നത് സംഘകാല കൃതികളാണ്. പതിറ്റുപ്പത്ത്, എട്ടുത്തൊകൈ, പത്തുപ്പാടൽ... എന്നിങ്ങനെ വ്യാകരണ ഗ്രന്ഥമായ തോൽക്കാപ്പിയം വരെ അടങ്ങിയ അനേകം ഗ്രന്ഥങ്ങൾ ഇന്ന് ആ ചരിത്രം നമുക്ക് മുന്നിൽ തുറന്ന് വയ്ക്കുന്നു. ഈ ചരിത്ര പുസ്തകങ്ങളിൽ എല്ലാം തന്നെ സ്വതന്ത്രരും ബഹുമാനിക്കപ്പെടുന്നവരുമായ സ്ത്രീകളെ കാണുവാൻ കഴിയും കാക്കൈപാടിനിയാർ, നച്ചെള്ളൈയാർ എന്നീ കവയത്രികൾ എഴുതിയ കവിതകൾക്ക് ഉന്നതമായ സ്ഥാനമാണ് ഈ വിഷയത്തിൽ ഗവേഷണം നടത്തിയിട്ടുള്ളവർ നൽകിയിരിക്കുന്നത്. അതുപോലെ സംഘം കൃതികളിൽ പരാമർശിക്കുന്ന സ്ത്രീ കഥാപാത്രങ്ങളെ പരിശോധിച്ചാൽ തന്നെ അവർക്ക് സമൂഹത്തിലുള്ള മഹനീയസ്ഥാനം മനസ്സിലാക്കാം. അതുപോലെ എടുത്തു പറയേണ്ട ഒരു വ്യക്തിത്വമാണ് കോതറാണിയുടേത്. കൊക്കോതമംഗലം ഭരിച്ചിരുന്ന ഇവരുടെ വീരചരിത്രം ഇന്നത്തെ സ്ത്രീകൾ പഠിച്ചിരിക്കേണ്ടതാണ്. തന്റെ മകളുമായി സംബന്ധം ആഗ്രഹിച്ച ആറ്റിങ്ങൽ രാജാവിനോട് യുദ്ധം ചെയ്യുകയും അതിൽ വിജയം വരിക്കും എന്ന ഘട്ടത്തിൽ ചതിയിൽ കൊല്ലപ്പെടുകയും ചെയ്ത കോതറാണി ചരിത്രത്തിലെ ഒരു അനുകരണീയ വ്യ



ക്തിയാണ്. എന്നാൽ ഇന്ന് പഠിക്കപ്പെടേണ്ട ചരിത്രം കെട്ടുകഥകളായി തഴയപ്പെടുകയും മനുഷ്യർ ഒരിക്കലും പഠിക്കേണ്ടാത്ത മിത്തുകളും കെട്ടുകഥകളും ചരിത്രമായി മാറുകയും ചെയ്യുന്ന കാഴ്ചയാണ് നമുക്ക് മുന്നിലുള്ളത്. പരശുരാമൻ മഴുവെറിഞ്ഞാണ് കേരളം ഉണ്ടാക്കിയത് എന്ന കഥ ഒട്ടുമുക്കാൽ കേരളീയർക്കും അറിയാവുന്ന ഒന്നായി മാറുന്നത് അവിടെയാണ്. ബ്രാഹ്മണിസത്തിന്റെ കടന്നാക്രമണമാണ് ഗോത്രജനതയുടെ തകർച്ചയ്ക്കും ഇത്തരം കഥകളുടെ വളർച്ചയ്ക്കും കാരണമായത്.

ദളിതർ നേരിട്ട തകർച്ചയ്ക്കും അനുഭവിച്ച അയിത്തത്തിനും പീഡനങ്ങൾക്കും ഏറ്റവും അധികം ഇരയായത് ഈ വിഭാഗത്തിലെ സ്ത്രീകളാണ്. അടിമത്ത കാലഘട്ടത്തിൽ തുടങ്ങിയ ഭീകരമായ പീഡനം ആധുനിക ജനാധിപത്യകാലത്തും നിർബാധം തുടരുന്നു. അക്കാലത്ത് പൂർണ്ണ ഗർഭിണികളെ വരെ നുകത്തിൻ കീഴിൽ വച്ചുപൂട്ടിയ സവർണ്ണമനസ് ഇക്കാലത്തും ആ രീതി തുടരുന്നു. അടിമത്തനിരോധനത്തിനു മുമ്പ് ലൈംഗികപീഡനം മാത്രമാണ് ദളിത്സ്ത്രീകൾക്ക് അധികം ഏൽക്കേണ്ടി വന്നിട്ടില്ലാത്തത്. അത് ഹിന്ദുമതത്തിലെ കഠിനമായ വർണ്ണാശ്രമധർമ്മങ്ങൾ മൂലമാണ്. എന്നാൽ ജനാധിപത്യത്തിൽ ശാരീരികചൂഷണത്തിനും കൂടി വഴങ്ങും വിധമാണ് സവർണ്ണ സമൂഹം ദളിത്സ്ത്രീകളെ പാകപ്പെടുത്തുന്നത്. അത് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും തൊഴിലിടങ്ങൾ വഴിയുമാണ് പ്രധാനമായും നടത്തുന്നത്. സ്വന്തം രൂപത്തോടു പോലും അറപ്പ് തോന്നിപ്പിക്കുന്ന വിധത്തിൽ സൗന്ദര്യബോധം വരെ മാറ്റി എടുക്കുന്ന ടെലിവിഷൻ പരിപാടികൾ, ഇരു നില വീടും രണ്ട് കാറുമുള്ളവരുടെ വേദന ഓർത്ത് മഴപെയ്താൽ ചോരുന്ന കൂരയിലിരുന്ന് കരയാൻ വരെ ദളിതരെ പരിശീലിപ്പിക്കുന്നു. ബ്രാഹ്മണാധിപത്യകാലത്താണ് സ്ത്രീകളെ ഉപഭോഗ വസ്തുവായി മാത്രം കാണുന്ന പുരുഷമനസുകൾ ആദ്യമായി ഇവിടെ സൃഷ്ടിക്കപ്പെടുന്നത്. ബ്രാഹ്മണർ തങ്ങളുടെ കഥകളിലും മറ്റു

**ദളിതർ നേരിട്ട തകർച്ചയ്ക്കും അനുഭവിച്ച അയിത്തത്തിനും പീഡനങ്ങൾക്കും ഏറ്റവും അധികം ഇരയായത് ഈ വിഭാഗത്തിലെ സ്ത്രീകളാണ്. അടിമത്ത കാലഘട്ടത്തിൽ തുടങ്ങിയ ഭീകരമായ പീഡനം ആധുനിക ജനാധിപത്യ കാലത്തും നിർബ്ബാധം തുടരുന്നു. അക്കാലത്ത് പൂർണ്ണ ഗർഭിണികളെ വരെ നുകത്തിൻ കീഴിൽ വച്ചുപൂട്ടിയ സവർണ്ണ മനസ് ഇക്കാലത്തും ആ രീതി തുടരുന്നു.**



സാഹിത്യ സൃഷ്ടികളിലും നിയമങ്ങളിലുമെല്ലാം സ്ത്രീകൾ ഭോഗവസ്തുവായി മാത്രം മാറുന്ന തരത്തിലുള്ള ഗൂഢാലോചനകൾ നടത്തി സമൂഹത്തിൽ അത് പ്രാവർത്തികമാക്കി. സംബന്ധത്തിനും ദേവദാസിയാകാനും സാധനവുമാക്കി വർണ്ണത്തിൽപ്പെടുന്ന സ്ത്രീകളെ അവർ മാറ്റി. ഇത്തരം പുരുഷമനസ് ഇന്നും മാറാതെ നിലനിൽക്കുന്നതാണ് സമൂഹത്തിൽ സ്ത്രീ നേരിടുന്ന കടന്നുകയറ്റങ്ങൾക്കും ആക്രമണങ്ങൾക്കും പ്രധാന കാരണം. ഈ തുടർച്ചയെ നശിപ്പിക്കുകയാണ് മർമ്മപ്രധാനമായ പ്രതിരോധം. സാംസ്കാരികലോകം സ്ത്രീയിൽ മാനസികമായ വിധേയത്വമാണ് ഉണ്ടാക്കി എടുക്കുന്നത്.

'ഒന്നുമില്ലെങ്കിലും നമ്മൾ കുറച്ച് താഴെ നിൽക്കുന്നതല്ലേ നല്ലത്' എന്ന തരത്തിലുള്ള ചിന്ത ഇതിന്റെ ഉൽപന്നമാണ്. ഈ കേരളത്തിലും ഭൂരിപക്ഷം വരുന്ന ആദിമനിവാസികളെ ന്യൂനപക്ഷം വരുന്ന അധിനിവേശക്കാരായ ജനത അടിച്ചമർത്തി കഠിനമായ ചൂഷണങ്ങൾക്ക് വിധേയമാക്കിയിരുന്നു. ജനാധിപത്യഭരണത്തിലും ഇതിനെ പുതിയ രൂപങ്ങളിലാക്കി സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നു. എന്നാൽ പ്രതിരോധങ്ങളുടെ അളവ് കൂടുന്നു എന്നത് ആശ്വാസകരമാണ്.

ബ്രാഹ്മണിസം ഇന്ന് നിയമമല്ലാത്തതിനാലാണ് ഇത് സാധ്യമാകുന്നത്. പീഡിപ്പിക്കപ്പെടുന്നവർക്കുള്ള നിയമസഹായത്തിനും സർക്കാർ ജോലിക്കുമായി സമരം നടത്തുന്നതിനൊപ്പം ഉറവിടത്തെ നശിപ്പിക്കുന്ന പ്രക്രിയയിലും കൂടി ഇടപെടുകയാണ് സ്വാതന്ത്ര്യമോഹികൾ ചെയ്യേണ്ടത്.

ഇക്കാലത്തെ പല ആത്മീയ കേന്ദ്രങ്ങളിലും സ്ത്രീകൾ കച്ചവടച്ചരക്കാകുന്നതാണ് കാണാൻ കഴിയുന്നത്. അവരുടെ പണമോ അദ്ധ്വാനമോ ശരീരമോ ചൂഷണം ചെയ്യുന്ന തരത്തിലുള്ള ആത്മീയ പ്രവർത്തനമാണ് പലതിലും നടക്കുന്നത്. അതിനാലാണ് ഒട്ടുമുക്കാൽ ആത്മീയസ്ഥാപനങ്ങളും സ്



**ഖൈർലാഞ്ചി കൂട്ടക്കൊലയിൽ നാൽപ്പതു വയസുള്ള അമ്മയെ അക്രമി സംഘം 'കാര്യമായി' ഒന്നും ചെയ്യാത്തതു കണ്ട് അവൾ കിഴവി ആയതു കൊണ്ടാണോ വെറുതേ നിർത്തിയിരിക്കുന്നത് എന്ന് വിളിച്ചു പറഞ്ഞ് അവരെ നഗ്നയാക്കിച്ച് ഉഭാരി എന്ന ലോഹമുള്ളുകളുള്ള ചാട്ടകൊണ്ട് അടിച്ചു കൊല്ലാൻ പ്രേരിപ്പിച്ചത് അവിടെ നിന്ന സവർണ്ണസ്ത്രീകളുടെ കൂട്ടമാണ്.**

ത്രീകേന്ദ്രീകൃതമായിരിക്കുന്നത്. പുതിയതായി സൃഷ്ടിക്കപ്പെടുന്ന പല ആചാരങ്ങളും ലക്ഷ്യം വയ്ക്കുന്നത് ഇക്കൂട്ടരെയാണ്.

മുഖ്യധാരാസ്ത്രീ എന്ന പേരിലറിയപ്പെടുന്ന സവർണ്ണസ്ത്രീകളിൽ നിന്നുമുള്ള അടിച്ചമർത്തലും ഇതിന് കാരണമായിട്ടുണ്ട്. ഖൈർലാഞ്ചി കൂട്ടക്കൊലയിൽ നാൽപ്പതു വയസുള്ള അമ്മയെ അക്രമി സംഘം 'കാര്യമായി' ഒന്നും ചെയ്യാത്തതു കണ്ട് "അവൾ കിഴവി ആയതുകൊണ്ടാണോ വെറുതേ നിർത്തിയിരിക്കുന്നത്" എന്ന് വിളിച്ചുപറഞ്ഞ് അവരെ നഗ്നയാക്കിച്ച് ഉഭാരി എന്ന ലോഹമുള്ളുകളുള്ള ചാട്ടകൊണ്ട് അടിച്ചു കൊല്ലാൻ പ്രേരിപ്പിച്ചത് അവിടെ നിന്ന സവർണ്ണസ്ത്രീകളുടെ കൂട്ടമാണ്. ഇത്തരം മാനസികാവസ്ഥ ഇപ്പോഴും തുടരുന്നു. ഇതെല്ലാം മറികടന്ന് വിരലിലെണ്ണാവുന്നവർ ഉയർന്ന് വന്നിട്ടുമുണ്ട്. സ്വന്തം സമൂഹത്തിൽ പുരുഷനൊപ്പം അദ്ധ്വാനിക്കുകയും അഭിപ്രായം പറയുകയും ചെയ്യുന്നതുകൊണ്ടാകാം ചിലർക്കെങ്കിലും അങ്ങിനെ കഴിഞ്ഞത്. ജാനുച്ചേച്ചിയെപ്പോലെ പോരാട്ടത്തിന്റെ മുൻനിരയിൽ എത്തിയവരും ഉണ്ട്. ദളിത്സ്ത്രീ ഏറ്റെടുക്കേണ്ടത് കോതറാണിയുടെ പോരാട്ടത്തിന്റെ പിൻതുടർച്ചയാണ്. സ്വന്തം അഭിമാനത്തിനും ശരീരത്തിനും നേരെ ഉയരുന്ന ഏതൊരുവന്റെ കൈയും തകർക്കുവാൻ ഇന്ന് ദളിത്സ്ത്രീയ്ക്ക് ശക്തിയുണ്ട്. അത് തിരിച്ചറിയാൻ ശരിയായ പഠനത്തിന്റേയും പോരാട്ടത്തിന്റേയും പാതയിലേയ്ക്ക് കടന്നു വരികയാണ് ഓരോരുത്തരും ചെയ്യേണ്ടത്. ഇത് കേവലം നിലനിൽപ്പിനുള്ള പോരാട്ടമല്ല യഥാർത്ഥ സ്വത്വവും പാരമ്പര്യവും നിലനിർത്തുന്നതിനുള്ള പോരാട്ടമാണ്.


വീട്ടകങ്ങളിലും
പൊതുഇടങ്ങളിലും
പെണ്ണിന്
വിവേചനമുണ്ടെന്ന്
തോന്നുന്നുവോ? എങ്കിൽ



ANWESHI

സമത്വം നിറഞ്ഞ
പെണ്ണിനെ
ആദരിക്കുന്ന
നല്ലൊരു നാളേക്കായി
നമുക്കൊരുമിക്കാം
അന്വേഷിയോടൊപ്പം
അണിചേരൂ....
അംഗത്വമെടുക്കൂ...



സമകാലികം

# ദളിത്സ്ത്രീ നാടകവേദി

**ശൈലമ്മ സൈമൺ**

**ലോകം** പുരോഗതിയിലേക്ക് അതിവേഗത്തിൽ നീങ്ങുമ്പോൾ അതൊന്നുമറിയാതെ, നമ്മളും ഈ സമൂഹത്തിന്റെ ഭാഗമാണെന്നോ അവകാശികളാണെന്നോ ചിന്തിക്കാതെ ദളിത് സ്ത്രീകൾ ജീവിക്കുന്ന സാഹചര്യത്തിൽ ഈ ഭൂമി തങ്ങൾക്കും മാന്യമായി ജീവിക്കുവാൻ അവകാശപ്പെട്ടതാണെന്നും സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും സാമ്പത്തികമായും മറ്റുള്ളവരോടൊപ്പം എല്ലാതലത്തിലും വളരണം എന്നുമുള്ള കൂട്ടായ ചിന്തയിലൂടെയാണ് 1992ൽ കേന്ദ്രമായി ദളിത് വിമൻസ് സൊസൈറ്റി (ഉണ്ട) നിലവിൽ വന്നത് ഇതിന്റെ ആദ്യത്തെ പ്രസിഡണ്ടായിരുന്നു ഞാൻ. സ്ത്രീകളുടെയും കുട്ടികളുടെയും എല്ലാതരത്തിലുമുള്ള പുരോഗതി ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പ്രാരംഭഘട്ടം മുതൽ നടത്തി വന്നിരുന്നത്. സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി 'സോദരി സേവിംഗ്സ്' എന്ന ലഘു സമ്പാദ്യപദ്ധതി ആരംഭിച്ചു. വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകിയിരുന്നു. സ്കൂൾ കുട്ടികൾക്കായി ട്യൂഷൻ ക്ലാസ്സുകൾ നടത്തിയിരുന്നു.

ദളിത് സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഗവേഷണമേഖല ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് വളർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ പരിശീലനം എന്നനിലയിലാണ് സെന്റർ ഫോർ കേരള ദളിത് സ്റ്റഡീസിന്റെ കീഴിൽ കീഴാളപഠനങ്ങൾ ആരംഭിച്ചത്. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും ധാരാളം കുട്ടികൾ ഈ അവസരം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കലാശാല വിദ്യാർത്ഥികൾക്കുള്ള സാഹിത്യമത്സരങ്ങൾ, ദളിത് സ്ത്രീ സംസ്ഥാനകൺവെൻഷനുകൾ ഇവയെല്ലാം ഡി.ഡബ്ല്യു.എസ് കേന്ദ്രമാക്കി നടത്തിയിട്ടുണ്ട്. ഈ കൂടിവരവുകളിലെല്ലാം തങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗൗരവമായ ചർച്ചകൾ നടത്തി. കലാസാംസ്കാരികമേഖലകളിലേക്ക് ദളിതർ കടന്നുവന്ന് തങ്ങളുടെ ചുവടുറപ്പിക്കേണ്ട കാലം ആസന്നമായിരിക്കുന്നു എന്ന് ഞങ്ങൾ ചിന്തിച്ചു. ശക്തമായ ആശയപ്രസരണവും ആത്മാവിഷ്കാരവും ഉറപ്പാക്കുന്ന ഒരു നാടകവേദി എന്ന

സ്വപ്നം അങ്ങനെപങ്കുവെക്കപ്പെട്ടു. സങ്കീർണ്ണത നിറഞ്ഞ പ്രശ്നങ്ങളെ പ്രത്യേകിച്ച് ദളിത്സ്ത്രീ പ്രശ്നങ്ങളെ ഒരു നാടകത്തിലൂടെ എങ്ങനെ ജനങ്ങളിലെത്തിക്കാം എന്ന വിഷയം ചർച്ചചെയ്യുന്നതിനിടയിൽ സി.അയ്യപ്പന്റെ പ്രേതഭാഷണം എന്ന കഥ ആധാരമാക്കി നാടകം ചെയ്യാമെന്ന് ടി.എം.യേശുദാസൻ അഭിപ്രായപ്പെട്ടു. അദ്ദേഹം തന്നെ സ്ക്രിപ്റ്റ് തയ്യാറാക്കി. 'വേഴ്ച' എന്നായിരുന്നു ആ നാടകത്തിന്റെ പേര്. പ്രശസ്ത നാടകസംവിധായകൻ സാംകുട്ടി പട്ടംകേരി, സണ്ണി എം.കപിക്കാട്, ലവ്‌ലി സ്റ്റീഫൻ, ഡി.ഡബ്ള്യു.എസ് പ്രവർത്തകർ എന്നിവർ ഈ സ്ക്രിപ്റ്റ് ചർച്ച ചെയ്തു. ഇത്തരത്തിൽ ഒരു നാടകം ചെയ്യാൻ ആവശ്യമായ അഭിനയപരിചയമോ നാടകാനുഭവമോ ഉള്ള ആളുകൾ ഞങ്ങളോടൊപ്പം ഇല്ലായിരുന്നു. തങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ സമൂഹത്തിൽ ചർച്ചാവിഷയമാക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ് എന്ന ബോധ്യത്തിലാണ് നാടകത്തിലഭിനയിക്കുവാൻ ഞാനും തീരുമാനിച്ചത്. ഈ നാടകത്തിൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് ചേരിയിലേക്ക് പറിച്ചെറിയപ്പെടുന്നവർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ജാതി, മതം, ലിംഗം, കുടിവെള്ളം, മദ്യം ഇവയുടെ എല്ലാം ദൂഷ്യവശങ്ങളും ഏറ്റുവാങ്ങുന്നവരാണ് സ്ത്രീകൾ. സന്ധ്യമയങ്ങുമ്പോൾ കോളനിയിൽ കാണുന്ന പച്ചയായ ജീവിതം ഈ നാടകത്തോടെ അരങ്ങത്തെത്തുന്നു. ഈ നാടകവുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകളും ക്യാമ്പുകളും ഡി.ഡബ്ല്യു.എസ് കേന്ദ്രമാക്കി നടത്തിയിട്ടുണ്ട്. ആദ്യമായി നാടകം ചെയ്യുന്നതിന്റെ പേടിയും സദസ്സിനെ അഭിമുഖീകരിക്കാനുള്ള ധൈര്യക്കുറവും എല്ലാവർക്കുമുണ്ടായിരുന്നു. റിഹേഴ്സലിന്റെ ഓരോ ഘട്ടത്തിലും സഹപ്രവർത്തകരുടെ പ്രോത്സാഹനവും സംവിധായകന്റെ നിർദ്ദേശങ്ങളും ഞങ്ങളുടെ അഭിനയത്തിന് വഴിത്തിരിവായി. ഈ നാടകത്തിലെ എന്റെ വേഷം താഴ്ന്ന ജാതിയിൽപ്പെട്ട ഒരു ടീച്ചറുടേതാണ്. എനിക്ക് സവർണ്ണ ക്രിസ്ത്യാനിയായ കുഞ്ഞാക്കോയോട് (അച്ഛനുമമ്മയും ജോലിചെയ്യുന്ന തമ്പുരാന്റെ വീട്ടിലെ) പ്രേമം ആണ്. പലപ്പോഴും കുഞ്ഞാക്കോയുടെ വീടിന്റെ തട്ടുമ്പുറത്ത് ഞങ്ങൾ ഒന്നിച്ചിട്ടുണ്ട്. ഇതേ സമയം എന്റെ ജാതിയിൽപ്പെട്ട ഗോപി സാറിനെ എന്നെ വലിയ ഇഷ്ടമാണ്. എന്നാൽ ആ സ്നേഹം ഞാൻ നിരസിക്കുന്നു. കുഞ്ഞാക്കോയിൽ നിന്ന് ഗർഭിണിയായ എന്നെ വിവാഹം കഴിക്കുവാൻ കുഞ്ഞാക്കോയോട് ഞാൻ ആവശ്യപ്പെടുന്നു. ഞാനൊരു തമാശ പറഞ്ഞപോലെ എന്റെ അപേക്ഷ നിരസിച്ച കുഞ്ഞാക്കോ എനിക്കൊരു ഉപദേശം തന്നു. ''നിനക്ക് ആ ഗോപിയെ'' അപ്പോൾ വളരെ രോഷത്തോടെ ഞാൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. "സ്കൂൾ ടീച്ചറാണെങ്കിലും വീട്ടിൽ പണിക്കുവന്നിരുന്ന പെലക്കള്ളിയുടെ മകളെ ഒരു ക്രിസ്ത്യാനി എങ്ങനെകല്യാണം കഴിക്കും അല്ലെ?'' ഈ വാക്കുകളിൽ രോഷം കൊണ്ട കുഞ്ഞാക്കോ എന്നെ മർദ്ദിക്കുന്നു. അപമാനം താങ്ങാൻ വയ്യാതെ റെയിൽപാളത്തിൽ ഞാൻ ആത്മഹത്യ ചെയ്യുന്നു. മരണശേഷം ദൈവവുമായുള്ള കൂടിക്കാഴ്ച സമൂഹത്തിന്റെ കണ്ണുതുറപ്പിക്കുന്നതാണ്. കുഞ്ഞാക്കോയുടെ അപ്പൻ തന്നെയാണ് എന്റെയും അപ്പൻ എന്ന് പറഞ്ഞപ്പോൾ ഞാൻ ഞെട്ടുമെന്ന് ദൈവം കരുതി. അടിമവ്യവസ്ഥയിൽ രക്തബന്ധത്തിന് സ്ഥാനമില്ലെന്ന കാര്യം അഥവാ സമത്വം ഇല്ലാതെ സാഹോദര്യം ഇല്ലെന്ന വസ്തുത അങ്ങേർക്ക് അറിയില്ലെന്നുണ്ടോ? ദൈവത്തിന്റെ അറിവും നമ്മുടെ അനുഭവവും തമ്മിലുള്ള പൊരുത്തക്കേടാണ് എന്റെ ശ്രദ്ധയിൽപ്പെട്ട ഒരേ ഒരു കാര്യം.

ദൈവം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. സഹോദരനോടൊപ്പം ശയിച്ച പാപീ, മാറൂ എന്റെ വഴിയിൽ നിന്ന്. ഇതിനുള്ള മറുപടി ദൈവത്തിന്റെ മുഖത്തു നോക്കി പറഞ്ഞത് "ഫൂ... ക്രിസ്ത്യാനിക്കെങ്ങനെയാ മൂപ്പീന്നേ പെലക്കള്ളി പെങ്ങളാകുന്നത്." ഭ്രാന്തിയായി തുടലിൽ കിടന്ന പെങ്ങളുടെ നഗ്നതയിൽ ഒട്ടിക്കിടന്ന കുഞ്ഞാക്കോയെ അവന്റെ അപ്പൻ ഒറ്റവെട്ടിനു കൊന്നു.

ശരിക്കും സ്വന്തം ജീവിതത്തിലുണ്ടാകുന്ന അനുഭവം പോലെ അതേ വികാരത്തോടെ മേഴ്സിയെ അവതരിപ്പിക്കുവാൻ എനിക്കു കഴിഞ്ഞു. കോളനിവാസികളായി വേഷമിട്ട ജലജ ജോൺസൺ കുഞ്ഞമ്മാൾ പി.എം., രജ്ഞിനി കെ.കെ, മല്ലിക എം., നാടകത്തിനുള്ളിൽ നാടകസ്ക്രിപ്റ്റ് പറയുന്ന പ്രിയമോൾ കെ.സി, ഗോപി സാറായി വേഷമിട്ട മനോജ് കൊട്ടാരക്കര, പട്ടവാസു ആയി രംഗത്തു വന്ന ഡി.രാജൻ, പ്രധാനകഥാപാത്രം ആയി വേഷമിട്ട അപ്പുക്കുട്ടൻ (കുഞ്ഞാക്കോ) കുഞ്ഞാക്കോയുടെ അപ്പനായി അഭിനയിച്ച രാജൻ ജോർജ്ജ്, രംഗസജ്ജീകരണത്തിൽ സഹകരിച്ച ജോസ് എം.ജെ, എം.ടി.ജയൻ മേമുറി, ബിന്ദുമോൾ വി.ടി, വി.എം.സണ്ണി, എത്സമ്മ തോമസ്, ലീലാമ്മ.എസ്, രേഖാരാജ്, ശശി മേമ്മുറി, അനിയൻ കെ.സി എന്നിവർ ഈ നാടകത്തിൽ അഭിവാജ്യഘടകങ്ങളാണ്.

പ്രൊഫഷണൽ നാടകം പോലെയുള്ള സ്റ്റേജ് സജ്ജീകരണങ്ങൾ. പശ്ചാത്തല സംഗീതം ചെയ്തത് അനിയൻ കെ.സി, എം.ആർ.രേണുകുമാർ എന്നിവർ ആയിരുന്നു. നാലുവേദികളിൽ നാടകം അവതരിപ്പിക്കുവാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു.

1997 മെയ്മാസം 29 മുതൽ ജൂൺ 1 വരെ കുറിച്ചി ദളിത് വിമൻസ് സൊസൈറ്റിയിൽ വെച്ച് നടന്ന ദളിത് സ്ത്രീ സംസ്ഥാനകൺവെൻഷനിൽ 'വേഴ്ച' അരങ്ങേറി. തുടർന്ന് ബാഗ്ലൂർ ISI യിൽ നടന്ന 50 ഇയേഴ്സ് ഓഫ് സ്ട്രഗിൾ എന്ന പ്രോഗ്രാമിലും ചങ്ങനാശ്ശേരി യൂത്ത് സെന്ററിലും കോട്ടയം ദർശനഓഡിറ്റോറിയത്തിലും 'വേഴ്ച' അവതരിപ്പിച്ചു. ഓരോ അവതരണത്തിനു ശേഷവും ചർച്ചകളും വിലയിരുത്തലുകളും നടത്തപ്പെട്ടു. പൊതുജനങ്ങളിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിച്ചത്. ഈ നാടകാവതരണത്തിന് ശേഷം 2000 ത്തിൽ പുറത്തിറങ്ങിയ മലയാള വിശേഷാൽ പതിപ്പിൽ സി.എസ്.ചന്ദ്രിക എഴുതിയ 'കേരളത്തിന്റെ സ്ത്രീചരിത്രം' എന്ന ലേഖനത്തിൽ നാടകത്തെക്കുറിച്ച് പരാമർശിച്ചിരുന്നു. 1997 ആഗസ്റ്റ് ലക്കം ഭാഷാപോഷിണിയിൽ നാടകം പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ നാടകം അവതരിപ്പിച്ചതിലൂടെയും മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചതിലൂടെയും സി.അയ്യപ്പന്റെ കഥകൾ കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. പക്ഷെ നാടകം കൂടുതൽ സ്ഥലങ്ങളിൽ അവതരിപ്പിക്കുവാനോ നാടകവേദിയുടെ പ്രവർത്തനം തുടരുവാനോ ഞങ്ങൾക്ക് കഴിഞ്ഞില്ല. തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അന്ന് അവിവാഹിതകളായിരുന്ന ഞങ്ങൾക്ക് ജീവസന്ധാരണത്തിനായി വിവിധ മേഖലകളിലേക്ക് പ്രവേശിക്കേണ്ടി വന്നു. ഞങ്ങളിൽ പലരും വിവാഹിതരായി പലസ്ഥലങ്ങളിലേക്കും പറിച്ചു നടപ്പെട്ടു. ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയും വേണ്ടത്ര ഭദ്രമല്ലായിരുന്നു. എങ്കിലും കേരളത്തിലെ ആദ്യത്തെ ദളിത്സ്ത്രീ നാടകം എന്നും എല്ലാവർക്കും ഒരു പ്രചോദനമായി നിലകൊള്ളും എന്നുറപ്പുണ്ട്. പതിനഞ്ചു വർഷത്തിനുശേഷം ഞങ്ങളുടെ സംഘം കുറിച്ചി ഗ്രാമത്തിലെ കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുമ്പോൾ മനസ്സിലാക്കുന്നു ജനങ്ങളുടെ ജീവിതത്തിന് കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല എന്ന്. മാറ്റത്തിനായുള്ള ശ്രമങ്ങൾ ഞങ്ങൾ തുടരുകയാണ്.


ചിന്തിക്കാൻ ധൈര്യപ്പെടുന്നവർക്ക് മാത്രമായി ഒരു മാസിക

# യുക്തിയുഗം

സ്വതന്ത്ര ചിന്തയ്ക്ക് മലയാളത്തിൽ ഒരിടം

മാസിക

**2013 ജനുവരി ആദ്യം പ്രസിദ്ധീകരിക്കുന്നു**

"നിരീക്ഷണവും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള യുക്ത്യാധിഷ്ഠിതമായ ചിന്തനവും" മാത്രമാണ് സാധുവായ അറിവിനുള്ള മാർഗം എന്ന ബോധ്യവുമായി ഓരോ ലക്കത്തിലും ഓരോ വിഷയത്തെ കേന്ദ്രമാക്കിയുള്ള പഠനങ്ങൾ.

**ആദ്യം ലക്കം ചർച്ച ചെയ്യുന്നു. ജ്ഞാനോദയം** (Enlightenment)

ഒറ്റപ്രതി – 15 രൂപ, വാർഷികം – 160 രൂപ, രണ്ട് വർഷം – 300 രൂപ
വരിസംഖ്യ M.O. അയക്കുക. ഏജൻസിക്കും ബന്ധപ്പെടുക

ചീഫ് എഡിറ്റർ
**ഡോ. വിശ്വനാഥൻ. സി**
**9447277122**

എഡിറ്റർ
**ഇ.എ. ജബ്ബാർ**
**9447704772**

മാനേജർ
**പ്രൊഫ. എൻ.എ. ഹമീദ്**
**9446258085**

**Yukthi Yugam Monthly**
Chalappuram P.O, Calicut - 673002 E-mail: yukthiyugam@gmail.com
Enquiries: **7736681042 (Office), 9349106171, 94466782468**



സമകാലികം



സരിത.കെ.വേണു

# മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു

**സൗഹൃദങ്ങൾ** ബാഹ്യരൂപത്തിന്റെ സ്വാധീനത്തിൽ സംഭവിക്കുന്നു എന്നുപറഞ്ഞാൽ നാം അത് നൂറാവർത്തി തിരുത്താൻ നോക്കും. എത്ര ആണയിട്ടാലും അതും ഒരു യാഥാർത്ഥ്യമാണ് എന്നു പറയാതെ വയ്യ.

ജീവിതത്തിൽ ബാഹ്യരൂപത്തിനുള്ള പങ്ക് വളരെ പ്രധാനമാണ്. ഭംഗിയാണ് എല്ലാത്തിന്റേയും മാനദണ്ഡം എന്നു വിശ്വസിക്കുമ്പോഴാണ് ബാഹ്യരൂപത്തിൽ നാം വീണുപോകുന്നത്. പണ്ട് പണ്ട് ഒരിടത്ത് ഒരു സുന്ദരിയായ രാജകുമാരിയുണ്ടായിരുന്നു. അവളുടെ നിറം തനിത്തങ്കത്തിന്റേതായിരുന്നു... അങ്ങിനെപോവുകയാണ് നാം ചെറുപ്പം മുതലേ കേട്ടുവളർന്ന കഥകളുടെ ആരംഭം. കേൾക്കുമ്പോഴും വായിക്കുമ്പോഴുമൊന്നും യാതൊരു അത്യാഹിതങ്ങളും ഇല്ലാത്ത നല്ല കഥ എന്നു തോന്നുമെങ്കിലും യഥാർത്ഥത്തിൽ അവ നമ്മളിൽ കുത്തിവയ്ക്കുന്നത് നിറവും സുന്ദരമായ മുഖവുമാണ് സൗന്ദര്യത്തിന്റെ അടിസ്ഥാനമെന്നാണ്. ഇത്തരം കഥകളും സങ്കൽപ്പങ്ങളും കാലങ്ങളായി തലമുറകളിലൂടെ കൈമാറ്റംചെയ്യപ്പെട്ടുകൊണ്ടുമിരിക്കുന്നു. അപ്പോൾ വെളുത്തനിറം തന്നെയാണ് എല്ലാത്തിന്റേയും അടിസ്ഥാനം. കൂടാതെ ഒരാളുടെ സംസാരരീതിയും ശരീരഭാഷയും അവർ ജനിച്ചു വളർന്ന ജീവിതസാഹചര്യത്തെ പ്രതിഫലിപ്പിക്കുന്നുണ്ടാവാം. അതുകൊണ്ടാണ് വെളുത്ത നിറവും സൗന്ദര്യവും ഒത്തിണങ്ങിയ, പോളിഷ്ഡ് ആയി സംസാരിക്കുന്നവർക്ക് പലരും ഉന്നതകുലജാതരുടെ ടാഗ് പതിച്ചു നൽകുന്നത്. ഒരാൾക്ക് മാർക്കിടാൻ അവരുടെ നടപ്പും ഇരിപ്പും വസ്ത്രധാരണവും, സംസാരരീതിയും എല്ലാം അടിസ്ഥാനമാവുന്നു. ഇല്ലാത്ത ധൈര്യം സംഭരിച്ച് ഒരു സവർണ സമൂഹത്തെ ആത്മവിശ്വാസത്തോടെ നേരിടുന്ന പല ദളിതു യുവതി-യുവാക്കളെയും, കാണാൻ മൊഞ്ചില്ലാത്തവരെയും പിന്നിൽ നിന്ന് കളിയാക്കുന്നത് എത്രയോ തവണ കണേണ്ടതായും അനുഭവിക്കേണ്ടതായും വന്നിട്ടുണ്ട്. ഉദാഹരണത്തിന് ഫെയ്സ്ബുക്കിൽ നാം ഫോട്ടോകൾ അപ്ലോഡ് ചെയ്യുമ്പോൾ പലരും അത് ലൈക് ചെയ്യുകയും അതിഗംഭീരമെന്നു പറയുകയും അതോടൊപ്പം തന്റെ അരികെ ഇരിക്കുന്നവരോട് ചിത്രത്തിലെ ആളുടെ കറുപ്പിനെക്കുറിച്ചും ഭംഗിയില്ലായ്മയെക്കുറിച്ചും കളിയാക്കി പറയുകയും ചെയ്യും. ഒരിക്കൽ നാട്ടിലേക്ക് പോകുമ്പോൾ ബസ്സിൽ ഒരു നാടൻ പാട്ടിന്റെ താളത്തിൽ ഒരു ഗാനം കേൾക്കാനിടയായി. പാട്ടിന്റെ ഇതിവൃത്തം ഇങ്ങനെയാണ്, കോഴിക്കോട്ടെ അമ്മായി വന്നപ്പോൾ, കൂടെ രണ്ടു പെൺകുട്ടികളും ഉണ്ടായിരുന്നു. അതിൽ ഒരുവൾ മുറപ്പെണ്ണാണ്, ചെറുപ്പത്തിലേ ഈ പാട്ടുപാടുന്നവനെ വിവാഹം ഉറപ്പിച്ച് വച്ചരിക്കുന്നവൾ. കൂടെയുള്ളവൾ സുന്ദരിയാണെന്നത് സ്വാഭാവികം. സത്യത്തിൽ പാട്ടിന്റെ മധ്യരംഗത്തേക്ക് വരുമ്പോഴാണ് കഷ്ടം തോന്നുന്നത്, നമ്മുടെ മുറപ്പെണ്ണിന് കോങ്കണ്ണാണ്. അതുകൊണ്ടുതന്നെ അവളെ കെട്ടാൻ ഇവന് താൽപ്പര്യമില്ലത്രെ. എനിക്കുമില്ലേ അമ്മായി ആശകളൊക്കെ എന്നാണ് ഇവന്റെ വിലാപം. സത്യത്തിൽ ഈ ഗാനമാണ് ഇന്നത്തെ മലയാളിയുടെ ആത്മഗതമെന്നു തോന്നി ബസ്സിലിരുന്നപ്പോൾ. സിനിമയും സാഹിത്യവും മറ്റു പോപ്പുലർ സംസ്കാരങ്ങളും പോളിഷ്ഡ് സൗന്ദര്യത്തിന് ഓശാനപാടുന്നവയാണ്.

**ബീനമോളുടെ കഥ**

ഒരാളുടെ ജാതി നോക്കി, കഴിക്കുന്ന ഭക്ഷണം നോക്കി, അവരുടെ സൗന്ദര്യം നോക്കിയൊക്കെ സൗഹൃദമുണ്ടാക്കുന്നവരും ഏറെയുണ്ട്. ലേഡീസ് ഹോസ്റ്റൽ അത്തരമൊരു ഇടമാണ്. എന്റെ റൂമിൽ ഒരുകുട്ടി താമസത്തിനുവന്നപ്പോൾ സംസാരത്തിനിടയിൽ പേരു ചോദിക്കുന്നതിനുമുമ്പ് അവൾ ചോദിച്ചത് എന്റെ ജാതിയാണ് (ജാതി ചോദിക്കരുത്, പറയരുത് എന്നൊക്കെ വിശ്വസിക്കുന്ന സമുദായത്തിലെ അംഗമാണ് ടി കക്ഷി എന്നു പിന്നീട് മനസിലായി). ഒരുപക്ഷെ അത് മനപ്പൂർവം ചോദിച്ചതാവില്ല, എങ്കിലും അവളുടെ മനസ്സിൽ ജാതി അത്ര മേൽ പതിഞ്ഞുപോയ

**എന്നുമുതലാണ് ബീന എന്ന പെൺകുട്ടി എന്റെ ഏറ്റവും അടുത്ത സുഹൃത്തായത് എന്നു എനിക്കറിയില്ല. ഹോസ്റ്റലിൽ ആദ്യമായി കണ്ടപ്പോൾ ചോദിച്ചു, ഇവിടെയാണോ കുടിക്കാനുള്ള വെള്ളം വയ്ക്കുന്നത്. അതെയെന്ന മറുപടിയിലൊതുങ്ങിയ പ്രഥമ കൂടിക്കാഴ്ച. എന്നാലും എന്നിൽ ഒരു ജേണലിസ്റ്റിക് ക്യൂരിയോസിറ്റിയുണ്ടായിരുന്നു. അവൾ ആരാണ്, ആരുടെ മുറിയിലാണ് എന്നൊക്കെ അറിയാനുള്ള ആകാംക്ഷ.**

ഒന്നാണ് എന്നു മനസിലാക്കാം. അപ്പോൾ പറഞ്ഞുവന്നത് ഇതാണ് ഒരു ഹോസ്റ്റലിന്റെ രീതി എന്നാണ്.

എന്നുമുതലാണ് ബീന എന്ന പെൺകുട്ടി എന്റെ ഏറ്റവും അടുത്ത സുഹൃത്തായത് എന്നു എനിക്കറിയില്ല. ഹോസ്റ്റലിൽ ആദ്യമായി കണ്ടപ്പോൾ ചോദിച്ചു, ഇവിടെയാണോ കുടിക്കാനുള്ള വെള്ളം വയ്ക്കുന്നത്. അതെയെന്ന മറുപടിയിലൊതുങ്ങിയ പ്രഥമ കൂടിക്കാഴ്ച. എന്നാലും എന്നിൽ ഒരു ജേണലിസ്റ്റിക് ക്യൂരിയോസിറ്റിയുണ്ടായിരുന്നു. അവൾ ആരാണ്, ആരുടെ മുറിയിലാണ് എന്നൊക്കെ അറിയാനുള്ള ആകാംക്ഷ.

പിന്നെയും ദിവസങ്ങൾ കഴിഞ്ഞാണ് ഞങ്ങൾ സൗഹൃദത്തിലായത്. അവളുടെ മുറിയിൽ എന്റെ ഒരു സുഹൃത്ത് ഉണ്ടായിരുന്നു. അവളെ കാണാൻ പോകുമ്പോഴൊക്കെ ഞാൻ ബീനയെ ശ്രദ്ധിക്കും. ആരോടും മിണ്ടാതെ, അലക്കിയ തന്റെ തുണികൾ മടക്കിയോ, മുടിചീകിയോ, ഫോണിൽ ഉറക്കെ സംസാരിച്ചോ ഇരിക്കുന്നുണ്ടാവും അവൾ. ഒരു ദിവസം അവിടെ ചെന്നപ്പോൾ എന്റെ സുഹൃത്ത് വീട്ടിൽ നിന്നും കഴിക്കാൻ എന്തൊക്കയോ കൊണ്ടുവന്നിരുന്നു. എല്ലാവരും കൂടിയിരുന്നു കഴിക്കുന്നു, സംസാരിക്കുന്നു, ചിരിക്കുന്നു. അപ്പോഴും മാറിയിരിക്കുന്ന ബീനയെയാണ് ഞാൻ കണ്ടത്. ഞാൻ എത്ര വിളിച്ചിട്ടും ആ കുട്ടി വന്നില്ല. അവളുടെ ഉള്ളുകരയുന്നത് എനിക്ക് അറിയാൻ പറ്റുന്നുണ്ടായിരുന്നു. ഞാൻ വിചാരിച്ചതു പോലെത്തന്നെ അവൾക്ക് അധികം പിടിച്ചു നിൽക്കാനായില്ല. അവൾ തേങ്ങുന്നത് ഇത്തവണ എല്ലാവരും കേട്ടു. അടുത്ത് ചെന്നു ചേദിച്ചപ്പോൾ അവൾ തേങ്ങിക്കൊണ്ടു പറഞ്ഞു വീട്ടിലെ ഓരോ കാര്യങ്ങൾ ഓർത്തപ്പോൾ കരഞ്ഞു പോയതാ.. സോറീട്ടോ..നിങ്ങൾക്കൊക്കെ ബുദ്ധിമുട്ടായല്ലേ! സത്യത്തിൽ അവൾ കരഞ്ഞത് അതിനായിരുന്നില്ല. ആ റൂമിൽ ആരുംതന്നെ അവളോടു മിണ്ടുന്നുണ്ടായിരുന്നില്ല, വാങ്ങികൊണ്ടുവന്നു തിന്നിരുന്ന പലഹാരങ്ങളുടെ ഒരു പങ്ക് വേണമോ എന്നു ചോദിച്ചിരുന്നില്ല എന്നൊക്കെ പിന്നീട് നല്ല കൂട്ടുകാരിയായപ്പോൾ അവൾ പറഞ്ഞു.

കറുത്ത് തടിച്ച, എവിടെയോ പതിയുന്ന ദൃഷ്ടിയുള്ള, ഉറക്കെയുറക്കെ സംസാരിക്കുന്ന ബീന. അവളെ അതുവരെ ആർക്കും വേണ്ടായിരുന്നു. ഈ സംഭവത്തിനുശേഷം ബീനയെ ഒരു പക്ഷെ അവിടെയുള്ളവരും ഞാനും അന്നു മുതലായിരിക്കും കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങിയത്. സത്യത്തിൽ ആരെയും പെട്ടെന്നാകർഷിക്കുന്ന രൂപമല്ല ബീനയുടേത്. അതാണ് അവളെ മറ്റുള്ളവരിൽ നിന്ന് അകറ്റിയത് എന്നതാണ് വാസ്തവം.

ബീന നന്നായി നാടൻ പാട്ടുപാടും, കവിതകൾ ചൊല്ലും, ശുദ്ധമായ വയനാടൻ ശൈലിയിൽ ഉറക്കെയുറക്കെ സംസാരിക്കും, നന്നായി ചിത്രം വരയ്ക്കും, നൃത്തം ചെയ്യും. പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയ്നിങ് കോഴ്സിനു പഠിക്കാൻ വേണ്ടിയാണ് ബീന ഇവിടെ വന്നത്. എല്ലാ ആഴ്ചയും വീട്ടിൽ പോകും. "എന്തിനാണ് എല്ലാ ആഴ്ചയും വീട്ടിൽ പോകുന്നത്. വളരെ ദൂരമല്ലേ, കാശുചെലവും." എന്നു ഞാൻ ചോദിച്ചു.

എനിക്ക് പോകാതിരിക്കാൻ പറ്റില്ലടോ, കിടന്ന കിടപ്പാ, എണീക്കില്ല. ചാച്ചൻ പാവം മൂന്ന് അറ്റാക്ക് കഴിഞ്ഞു. ഞാൻ ചെന്നിട്ടുവേണം അവരുടെ കാര്യങ്ങൾ നോക്കാൻ. ചങ്ക് പറിച്ചെടുക്കുന്നത് പോലെ തോന്നി. ഒരു കരച്ചിൽ ഉള്ളിൽ കുടുങ്ങിക്കിടന്നു.

കോഴ്സ് കഴിഞ്ഞാൽ നാട്ടിൽ പഠിപ്പിച്ചുകൊണ്ടിരുന്ന സ്കൂളിൽ തിരിച്ചുകയറണം. ഇതിനിടയിൽ കണ്ണുന്നവരോടെല്ലാം ബീന നന്നായി പെരുമാറി. വഴിയിലെ ചായക്കടക്കാരൻ, ബസ്സിലെ കണ്ടക്ടർ ഒക്കെ അവളോട് സൗഹൃദം കണിച്ചത് മറ്റൊരു രീതിയിലായിരുന്നുവെന്ന് അവളെ പറഞ്ഞ് ബോധിപ്പിക്കാൻ നന്നേ പ്രയാസപ്പെടേണ്ടിവന്നു. നഗരത്തിന്റെ മ്ലേഛതയെക്കുറിച്ച് പറഞ്ഞുമനസിലാക്കി ഞാനും കുഴങ്ങി. ഒടുവിൽകോഴ്സ് കഴിഞ്ഞ് അവൾ നാട്ടിലേക്ക് പോയി. എനിക്ക് ആശ്വാസമായി. ഏതായാലും സ്വന്തം നാട്ടിലാണല്ലോ.

അധികം താമസിയാതെ തന്നെ അവൾ ജോലി ചെയ്തിരുന്ന നായർ മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ കൂടുതൽ കാശു കൊടുത്ത് മറ്റൊരു ടീച്ചർ വന്നു. ബീനയുടെ വീട്ടിലെ സ്ഥിതി അറിയുന്ന നായർ മാനേജ്മെന്റ് യാതൊരു ദാക്ഷിണ്യവും കാണിച്ചില്ല. അവൾക്ക് വേണ്ടി ജോലി അന്വേഷിച്ചപ്പോൾ എന്റെ ചില കൂട്ടുകാരുടെ പക്കൽ നിന്നും കിട്ടിയ മറുപടി ഞെട്ടിക്കുന്നതായിരുന്നു. ബീനക്ക് എവിടെയാ ഇപ്പോൾ ജോലികിട്ടാ, റിസപ്ഷണിസ്റ്റിന്റെ ജോലിക്ക് പറ്റില്ല. അവൾ ഫോൺ ചെയ്യുന്നത് കണ്ടിട്ടുണ്ടോ.ഒരു ഷോപ്പിൽ നിർത്താൻ പറ്റോ?, അവൾക്ക് അതിനുള്ള ടാലന്റില്ല. വാസ്തവത്തിൽ അവൾക്ക് കുറവുണ്ടായിരുന്നത് ടാലന്റിൻേതല്ല, വ്യവസ്ഥാപിത സൗന്ദര്യത്തിന്റേയും സ്റ്റൈലിന്റേതുമായിരുന്നു. അത് മുഖത്ത് നോക്കിതന്നെ പറഞ്ഞു അവർ. ഞാൻ അവരോട് ആവശ്യപ്പെട്ടത് അവർക്കറിയുന്ന ഒരുസ്കൂളിൽ ടീച്ചറുടെ ഒഴിവുണ്ടായിരുന്നതിനാണ്. അറിവു പകർന്നുകൊടുക്കുന്നതിന് എന്തിനാണ് സൗന്ദര്യവും സ്റ്റൈലും.

പിന്നീട് ഞാൻ അവളെ കാണുന്നത് കോഴിക്കോട് നഗരത്തിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിലാണ്. കൈയ്യിൽ ഗ്ലൗസിട്ട്, ഡെറ്റോളിന്റെ ഗന്ധത്തിൽ മുങ്ങിയ ബീന. അവിടെ ക്ലീനിങ് ഡ്യൂട്ടിയായിരുന്നു ബീനയ്ക്ക്. "എനിക്ക് വരാതിരിക്കാനായില്ലടോ, വീട്ടിലെ സ്ഥിതി അറിയാമല്ലോ." "അതിനെന്താ ബീന എല്ലാ ജോലിക്കും അതിന്റേതായ മാന്യതയുണ്ടല്ലോ," പറയാൻ എനിക്ക് ആ മറുപടി മാത്രമേയുണ്ടായിരുന്നുള്ളൂ. വിദ്യാഭ്യാസമുള്ളൊരു പെൺകുട്ടിക്ക് അവൾ അർ

ഹിക്കുന്നൊരു ജോലി ലഭിച്ചില്ല എന്നതായിരുന്നു എന്നെ ഏറെ വിഷമിപ്പിച്ചത്. അവൾക്ക് വേണ്ടി നല്ലൊരു ജോലിക്കായി ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷെ പിന്നീടെനിക്ക് അവളുടെ ഫോൺ വന്നു, ആന്ധ്രയിൽ ഒരു ടീച്ചറുടെ ഒഴിവിലേക്ക് വിളിച്ചിട്ടുണ്ട്. അവിടെ പോകുന്നു എന്നു പറയാൻ. നാട്ടിൽ അവൾക്കൊരു നല്ല ജോലി സംഘടിപ്പിക്കാൻ എനിക്കായില്ല. അവൾ യാതൊരു തട്ടിപ്പിലും ചെന്നുപെടല്ലേ എന്നു ആഗ്രഹിക്കാൻ മാത്രമേയാവൂ.

ബീനയുടെ കഥ ഒരു ഒറ്റപ്പെട്ട കാര്യമല്ല. ഈ ദുനിയാവിൽ ഞാനടക്കം എത്രയോ പെൺകുട്ടികൾ അനുഭവിക്കുന്നതും നേരിടുന്നതുമായ ഒരു സാഹചര്യമാണ് ബീനയുടേതും. ഒരുകാര്യം സത്യമാണ്. നാം ബാഹ്യരൂപത്തിൽ എത്രമാത്രം അകപ്പെട്ടുകിടക്കുന്നു എന്നതാണ് ഇവിടെ കാണാനാവുന്നത്. ബീനയോട് ആ ചായക്കടക്കാരനും ബസ് കണ്ടക്ടറും കാണിച്ച സ്നേഹം അവളുടെ കറുത്ത തൊലിയുടേയും കോങ്കണ്ണിന്റേയും ഔദാര്യമാണ്. ബീന എളുപ്പത്തിൽ വീണേക്കാം എന്ന അവരുടെ ധാരണയാണ് അവരെയൊക്കെ സഹൃദയരാക്കിയത്. ബീനക്ക് ബാഹ്യസൗന്ദര്യമില്ലെന്ന തോന്നലിലാണ് അവളെ അത്രയും അറിയുന്ന സുഹൃത്തുക്കൾ പോലും വന്നൊരു അധ്യാപനഒഴിവിലേക്ക് അവളെ ശുപാർശ ചെയ്യാതിരുന്നതും. അവളുടെ മനസിലെ നന്മ കാണാനും യഥാർത്ഥത്തിലുള്ള കഴിവുകളെ മനസിലാക്കാനും നമ്മുടെ നാട്ടുകാർക്ക് എന്തുകൊണ്ടാണ് ആവാത്തത്. ബീനയുടെ ആന്ധ്രയിലേക്കുള്ള ചേക്കേറ്റം ഒരു ഒറ്റപ്പെട്ട സംഭവമല്ല, ദളിത് സ്ത്രീകൾക്കിടയിൽ ഇത്തരം പലായനങ്ങൾ ഏറെയാണ് താനും.

(*അവൾ ഇപ്പോഴും എനിക്ക് പ്രിയപ്പെട്ടവൾ ആയതുകൊണ്ട് പേരു ഞാൻ മാറ്റിയിട്ടുണ്ട്. )



# ദൂരങ്ങളിൽ



**രാധാമണി എം.ആർ**

**കാടകത്തിലെന്നും**
**ഞാൻ അവന്റെ**
**പിന്നിലായിരുന്നു**

**ഉള്ളുകൾ പൊള്ളയായ**
**കമ്പുകൾ**
**പുകയൂതുമ്പോഴും**

**സ്വപ്നത്തിന്റെ**
**വേരുകളിലവന്റെ**
**കാലടികൾ**
**തട്ടിത്തടയുമ്പോഴും**
**വേച്ചുകൊണ്ട്**
**ഞാനവന്റെ**
**പിന്നിലായിരുന്നു.**

**പിന്നെ ഒരുനാൾ**
**മോഹപ്പഴം**
**എനിക്കുമവനും**
**നാണങ്ങളെ തന്നു.**

**അന്നവൻ**
**കൊടുങ്കാറ്റുകളെ**
**ജനിപ്പിക്കുമ്പോൾ**
**മരങ്ങൾ ചുവട് വെക്കുകയും**
**പുഴകൾ**
**പൂക്കൾ പെറുക്കുകയും**

**ആഴികൾ**
**ഉറവകളെ**
**മറികടക്കുകയും**
**ചെയ്തുകൊണ്ടിരുന്നു.**

**മഹാതോട്ടത്തിന്**
**പുറത്തുകടക്കുമ്പോൾ**
**ഭാരത്തിന്റെ**
**നൊമ്പരവും**
**ചുരന്നമാറിടങ്ങളും**
**എത്താക്കൊമ്പുകളിൽ**
**മഞ്ഞിനെ**
**പുണരുമ്പോൾ**
**അവന്റെ**
**കാൽപ്പാടുകൾ**
**എന്റെ പിന്നിലായി**
**തെളിഞ്ഞുകൊണ്ടിരുന്നു.**



സമകാലികം



രേഖാരാജ്

# ദളിത്സ്ത്രീ ഇടപെടലുകൾ കേരളത്തിൽ

**കേരള** നവോത്ഥാനചരിത്രത്തിലെ പ്രബലധാരയായ ജാതിവിരുദ്ധ പ്രസ്ഥാനങ്ങളിൽ താഴ്ന്ന ജാതിയിൽ പെട്ട സ്ത്രീകളുടെ പ്രത്യക്ഷ സജീവപങ്കാളിത്തം ഉണ്ടായിരുന്നതായി കാണാം .ഈ പങ്കാളിത്തത്തിന്റെ സ്വഭാവം ലളിതാഖ്യാനത്തിനു വഴങ്ങുന്നതല്ല. നവോഥാനകാലഘട്ടത്തിലെ മറ്റു പ്രസ്ഥാനങ്ങളിലെന്നപോലെ തന്നെ പുരുഷൻമാരുടെ സ്വാഭിമാനസമരങ്ങളിലെ അജണ്ട എന്ന നിലയിൽ ആണ് കല്ലയും മാലയും പൊട്ടിച്ചെറിയൽ സമരം ഉൾപ്പടെയുള്ളവ നടക്കുന്നത്. എങ്കിലും അയിത്തജാതിക്കാരായ സ്ത്രീകൾ ഇത്തരം സമരങ്ങൾ ഏറ്റെടുക്കുകയും ചില ഇടങ്ങളിലെങ്കിലും ഈ സ്ത്രീകളുടെ മുൻകൈയ്യിൽ സ്വതന്ത്രമായ സമരങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. ചരിത്രസംഭവങ്ങളിലെ സ്ത്രീസാന്നിധ്യത്തിനെ രേഖപ്പെടുത്തലുകൾ, ത്യാഗം, അർപ്പണബുദ്ധി, ഭൗതികവും വൈകാരികവുമായ പശ്ചാത്തലം ഒരുക്കൽ തുടങ്ങിയ കാര്യങ്ങളോട് ബന്ധപ്പെടുത്തിയാണ് പൊതുവേ ഈ സ്ത്രീ സാന്നിധ്യത്തിന്റെ വരവ് വയ്ക്കുന്ന ത്.

എന്നാൽ അയിത്തജാതിക്കാരായ സ്ത്രീകൾക്ക് അതിൽ നിന്ന് വ്യത്യസ്തമായ ഭാഗധേയം ഉണ്ടായിരുന്നതായി കാണാം. പലയിടത്തും സ്ത്രീകൾ ഒറ്റയ്ക്കും കൂട്ടമായും സമരത്തിൽ നേരിട്ട് പങ്കെടുത്തിട്ടുണ്ട്. മനുഷ്യാവസ്ഥയെ പ്രാപിക്കാനുള്ള ഒരു വിഭാഗം സ്ത്രീകളുടെ രാഷ്ട്രീയഅഭിവാഞ്ഛ പ്രത്യക്ഷമായ കാലഘട്ടമായിരുന്നു ഇത്. വിദ്യാഭ്യാസം,കുലത്തൊഴിലിൽ നിന്നുള്ള മോചനം, മെച്ചപ്പെട്ട ജീവിതസാഹചര്യം, സഞ്ചാരസ്വാതന്ത്ര്യം, പ്രജാസഭ പോലുള്ള അധികാരകേന്ദ്രങ്ങളിൽ പ്രവേശം തുടങ്ങിയ ഭൗതികവും കുടുംബം, വസ്ത്രധാരണസ്വാതന്ത്ര്യം, മതജീവിതം തുടങ്ങിയ ആത്മീയവിഭവങ്ങളും ആർജ്ജിക്കാൻ ഇവരെ സഹായിച്ചു. സാമ്യങ്ങളെക്കാൾ അധികം വ്യത്യസ്തതകൾ ആണ് ഉള്ളത് എങ്കിലും ജാതിക്കെതിരെയുള്ള പ്രാദേശിക ചെറുത്തു നിൽപ്പുകളിൽ, അയ്യങ്കാളിയുടെയും പൊയ്കയിൽ അപ്പച്ചന്റെയും പ്രസ്ഥാനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ വലുതായിരുന്നു. കുമരകം ചിന്നമ്മ തുടങ്ങിയ സ്ത്രീകൾ പി.ആർ.ഡി.എസ് പ്രസ്ഥാനത്തിലും എന്നിപാച്ചി, കാലു, അമ്മു, അനിയത്താൽ അത്താണി, കുളിരി തുടങ്ങിയവർ അയ്യങ്കാളി പ്രസ്ഥാനത്തിലും സജീവമായിരുന്നു.

നാൽപ്പതുകളിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ് വലിയ ഒരളവുവരെ നവോത്ഥാനം നേടിയെടുത്ത ദളിത്സ്ത്രീകളുടെ ദൃശ്യതയെ ദുർബ്ബലപ്പെടുത്തിയത്. രാഷ്ട്രീയ ഏജന്റ് എന്ന നിലയിൽ നിന്ന് അവർ 'കൂട്ടങ്ങളായി പരിണമിച്ച കാലമായിരുന്നു അത്. ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ വിവിധങ്ങളായുള്ള പ്രത്യക്ഷങ്ങളായ പ്രകടനങ്ങളിൽ- ജാഥകൾ, സമരങ്ങൾ-ദളിത്സ്ത്രീകൾ നിരന്തരമായ സാന്നിധ്യമാണ്. എന്നാൽ ഈ കേവല കാഴ്ച്ചപ്പെടലുകൾക്ക് അപ്പുറം നിർണായകമായ അധികാര സ്ഥലങ്ങളിലോ, അധികാരം പങ്കാളുന്ന വ്യത്യസ്ഥ ഫോറങ്ങളിലോ ഇവരുടെ പങ്കാളിത്തം ഉണ്ടായില്ല. ഇതര സമുദായങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ച് വിലപേശാൻ ശേഷിയില്ലാത്ത ആൾക്കൂട്ടം മാത്രമായി അവർ മാറി. ഇപ്രകാരം ഒരേ സമയം ദൃശ്യപ്പെടുകയും അസന്നിഹിതരായിരിക്കുകയും ചെയ്യുന്ന പ്രത്യേക രാഷ്ട്രീയ സംത്രാസം ഇടതുപക്ഷപ്രസ്ഥാനത്തിലെ ദളിത് സ്ത്രീകൾ അടയാളപ്പെടുത്തുന്നു. തീവ്രഇടതുപക്ഷ പ്രസ്ഥാനത്തിലും അതിന്റെ വ്യത്യസ്ത ധാരകളിലും സ്ഥിതി ഏറെയൊന്നും വ്യത്യസ്തമായിരുന്നില്ല.

ഇതോടൊപ്പം തന്നെ പരിശോധിക്കേണ്ട വിഷയം ആണ് കേരളത്തിലെ ഒട്ടുമിക്ക ജില്ലകളിലും പ്രത്യേകി



ച്ച് ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ നടന്ന മിച്ചഭൂമി സമരങ്ങളിൽ സ്ത്രീകളുടെ നിർണായക പങ്കാളിത്തം. സൂക്ഷ്മപരിശോധനയിൽ മിക്ക സമരങ്ങളും ദളിതരോ, ദളിത്സ്ത്രീകളോ മുൻകൈയ്യെടുത്ത് ആരംഭിക്കുന്നതും പിന്നീട് പ്രമുഖ രാഷ്ട്രീയ പാർട്ടികൾ തട്ടിയെടുക്കുന്നതും കാണാം. കഴിഞ്ഞ ഒരു ദശാബ്ദമായി കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്ന ഭൂസമരങ്ങൾ, പരിസ്ഥിതി സമരങ്ങൾ തുടങ്ങി വിവിധങ്ങളായ സമരങ്ങളിൽ എല്ലാം തന്നെ സമരശക്തി ദളിത്-ആദിവാസി സ്ത്രീകളോ ഇതര പിന്നാക്ക സ്ത്രീകളോ ആണ്. പ്രബലസംവാദങ്ങൾ പൊതുസമരമായി അടയാളപ്പെടുത്തിയ ഇത്തരം സമരങ്ങൾ സാധ്യമാക്കിയ ജാതി- ലിംഗ സങ്കീർണതകൾ അഭിസംബോധനചെയ്യപ്പെട്ടിട്ടില്ല. തുടക്കത്തിലെങ്കിലും ഈ സമരങ്ങളിൽ ഉയർന്നുവന്ന ജാതി വിരുദ്ധ, സ്ത്രീവാദ മുദ്രാവാക്യങ്ങൾ സമരം പുരോഗമിക്കുമ്പോൾ ക്രമേണ അപ്രത്യക്ഷമാവുന്നതായി കാണാം. ഇപ്രകാരം പ്രത്യേകതരത്തിൽ ലഭ്യമാകുന്ന ദൃശ്യതയും അതുയർത്തുന്ന രാഷ്ട്രീയവും തമ്മിലുള്ള ഘർഷണത്തിന്റെ സൂക്ഷ്മതകളിൽ ആണ് ദളിത്സ്ത്രീ അനുഭവത്തിന്റെ സങ്കീർണത കുടികൊള്ളുന്നത്. ഇതിനെ അഭിസംബോധനചെയ്യുന്ന ഒരു ദളിത്സ്ത്രീ രാഷ്ട്രീയ സംവാദം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

ദളിത്സ്ത്രീ എന്ന പരികൽപ്പന മലയാളിപൊതുമണ്ഡലത്തിൽ പ്രവേശിച്ചത് 90കളുടെ തുടക്കത്തിൽ ആണ്. 80കളുടെ പകുതിയിൽ വിമോചക ദൈവശാസ്ത്രത്തിന്റെ സ്വാധീനവും പ്രൊട്ടസ്റ്റന്റ് സഭകളിൽ ഉണ്ടായ പരിവർത്തനപ്രസ്ഥാനങ്ങളും ജാതിവിരുദ്ധപ്രസ്ഥാനങ്ങളും നൽകിയ ഊർജ്ജത്തിൽ നിന്നും പുതിയ ലോകവീക്ഷണം ഉയർത്തിപ്പിടിക്കുന്ന ചിന്താപ്രവർത്തനങ്ങൾ സജീവമായിത്തീർന്നു. നവമാർക്സിസ്റ്റ് ആശയത്തിന്റെ പിൻബലത്തോടെ അനേകം പ്രസ്ഥാനങ്ങൾ ആരംഭിക്കുകയും ചെയതു. ഈ പ്രസ്ഥാനങ്ങൾ വഴി വളർന്നുവന്ന കുറച്ച് സ്ത്രീകൾ ആണ് ആദ്യമായി ദളിത്സ്ത്രീ എന്ന ഒരു സവിശേഷ രാഷ്ട്രീയ സ്വത്വ പ്രവേശം നടത്തുന്നത്. മേലെ സൂചിപ്പിച്ച പ്രസ്ഥാനങ്ങൾ ഉയർത്തിയ മനുഷ്യനെക്കുറിച്ചുള്ള പുതിയ ബോധ്യങ്ങൾ സഭയ്ക്കകത്തുനിന്ന് ഉയർന്നുവന്ന ജാതിവിരുദ്ധ പ്രസ്ഥാനങ്ങളിൽ നിന്നും കൈകൊണ്ട ഊർജ്ജം, സഭയുടേയും അതിന്റെ വിവിധ സ്ഥാപനങ്ങളുടേയും വിഭവങ്ങളിലും ആർജ്ജിക്കാനായ കുറഞ്ഞ അവസ്ഥയാണെങ്കിലും ഉള്ള പങ്കാളിത്തം തുടങ്ങിയവയൊക്കെ ദളിത് സ്ത്രീ എന്ന രാഷ്ട്രീയ സ്വത്വത്തിനും ദൃശ്യത ഉണ്ടാക്കുന്നതിന് ചാലകശക്തിയായി മാറി. കേരളത്തിൽ വച്ചു നടന്ന ദേശീയ വനിതാ സമ്മേളനവും അതിനെതുടർന്നുണ്ടായിട്ടുള്ള ചർച്ചകളും ഇവിടെ എടുത്തുപറയണം. ദളിത്സ്ത്രീ പ്രശ്നങ്ങൾ സവിശേഷമാണ് എന്നും അവർ ഇരട്ട അടിമത്തം അനുഭവിക്കുന്നുവെന്നുമാണ് ഈ കാലത്ത് ഉയർത്തപ്പെട്ട പ്രമുഖ വാദങ്ങൾ. സമുദായത്തിന്റെ പൊതുവായ വികസനത്തിനും മുന്നേറ്റങ്ങൾക്കും ഉള്ളിലാണ് ദളിത്സ്ത്രീ രാഷ്ട്രീയത്തെയും ഈ സംവാദങ്ങൾ പ്രതിഷ്ഠിച്ചത്. ദളിത്സ്ത്രീ പഠനങ്ങൾക്കും ശാക്തീകരണപ്രവർത്തനങ്ങൾക്കും ഇത്തരം സംഘടനകൾ ചുക്കാൻ പിടിച്ചു. ചെറുതെങ്കിലും നിർണായകമായ എഴുത്തുകളിലൂടെയും നാടകം, ചിത്രകല, പാട്ടുകൾ തുടങ്ങിയ ഇതര സാംസ്കാരികപ്രവർത്തനങ്ങളിലൂടെയും ദളിത്സ്ത്രീ എന്ന രാഷ്ട്രീയ കർത്തവ്യത്തെ ദളിത്പ്രസ്ഥാനങ്ങളിലും ഫെമിനിസ്റ്റ്പ്രസ്ഥാനങ്ങളിലും സ്ഥാപിച്ചെടുക്കുന്നതിന് ഇവരുടെ ശ്രമങ്ങൾക്കായി. എന്നാൽ, ഈ രണ്ട് പ്രസ്ഥാനങ്ങളിലും നിർണായക സ്വാധീനമാകാൻ ഇവയ്ക്കായില്ല. പ്രത്യക്ഷ സമരങ്ങളിലും പ്രസ്ഥാനങ്ങളിലും ജ്ഞാനമേഖലകളിലും ഫലപ്രദമായി ഇടപെടാൻ ശ്രമിക്കാതെ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കപ്പെട്ടു എന്നതാണ് അതിന്റെ പ്രധാന കാരണം. കുറിച്ചി ആസ്ഥാനമാക്കി പ്രവർത്തിച്ച ദളിത്വിമൻസ്സൊസൈറ്റി, തിരുവല്ല കേന്ദ്രമാക്കി പ്രവർത്തിച്ച അന്വേഷി ദളിത്വിമൻഡോക്യുമെന്റേഷൻ സെന്റർ, അടൂർ ആസ്ഥാനമാക്കി പ്രവർത്തിച്ച ദളിത്ഡവലപ്മെന്റ് സൊസൈറ്റി എന്നിവയാണ് ഇവയിൽ പ്രധാനമായത്. ലൗലി സ്റ്റീഫൻ, റെസ്ലി എബ്രഹാം, അച്ചാമ്മാ ജോൺ, ഇനയമ്മാൾ, കുഞ്ഞുമോൾ, ജോൺസൺ തുടങ്ങിയവർ ദളിത്സ്ത്രീ രാഷ്ട്രീയത്തിലെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖരാണ്. ഐക്യരാഷ്ട്രസഭയുടെ സാർവദേശീയസ്ത്രീസമ്മേളനത്തിൽ പങ്കെടുത്ത ആളായിരുന്നു അച്ചാമ്മാ ജോൺ. ഇവർ കേരളാസ്ത്രീ വേദിയുടെ സ്ഥാപക അംഗം കൂടിയാണ്. സി.ജെ. അന്നമ്മ പ്രത്യേക പരാമർശം അർഹിക്കുന്ന ഒരാളാണ്. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ഭാഗമായിരിക്കുമ്പോഴും അതിനുള്ളിൽ ജാതിയുടെയും ലിംഗാധികാരത്തിന്റെയും സാന്നിധ്യം തുറന്നു കാണിക്കുന്നതിൽ ബദ്ധശ്രദ്ധയാണ് ഈ അമ്മ. മേൽപ്പറഞ്ഞ പ്രസ്ഥാനങ്ങൾ എല്ലാം തന്നെ തൊണ്ണൂറുകളുടെ അവസാനമാകുമ്പോഴേക്കും ഒരു പ്രത്യേക സ്തംഭനാവസ്ഥ നേരിടുന്നുണ്ട്. വിദേശഫണ്ട് ആശ്രയിച്ചുള്ള പ്രവർത്തനം ആയതുകൊണ്ട് ഫണ്ടിന്റെ ദൗർലഭ്യവും ഇതര സാമ്പത്തിക പ്രതിസന്ധികളും

ഈ സംഘടനയുടെ ക്ഷേമശാക്തീകരണ പ്രവർത്തനരീതികളുടെ പരിമിതികളും ഒക്കെ ഇതിനു കാരണമായിട്ടുണ്ട്. ദളിത്പ്രസ്ഥാനങ്ങൾ ഇക്കാലയളവിൽ ദളിത് സ്ത്രീ പ്രശ്നങ്ങളെക്കുറിച്ച് സവിശേഷമായോ സ്ത്രീപ്രശ്നങ്ങളെക്കുറിച്ച് സാമാന്യമായോ അവബോധം പുലർത്തിയിരുന്നില്ലെന്നു കാണാം. മറ്റു ആധുനിക പ്രസ്ഥാനങ്ങളെപ്പോലെ ഈ പ്രസ്ഥാനങ്ങളും അതിന്റെ ആൾക്കൂട്ട സ്വപ്നങ്ങളിൽ നിന്നും മോചിതമായിരുന്നില്ല. അതുകൊണ്ടുതന്നെ ലിംഗപദവി, വ്യക്തിരാഷ്ട്രീയം തുടങ്ങിയ കാര്യങ്ങൾ അജണ്ടയിൽ ഉണ്ടായിരുന്നുമില്ല. അതേ കാലത്ത് രൂപംകൊണ്ട ദളിത് സ്ത്രീ സംഘടനകൾ ആകട്ടെ ഇതര ദളിതസ്ത്രീ പ്രസ്ഥാനങ്ങളോട് അത്ര സജീവ ബന്ധമല്ല പുലർത്തിയിരുന്നത്. ഇത് ദളിത്പ്രസ്ഥാനത്തിനകത്ത് സാധ്യമാകുമായിരുന്ന ലിംഗരാഷ്ട്രീയത്തെക്കുറിച്ചുള്ള സംവാദങ്ങൾ ഇല്ലാതാക്കി. നേതൃസ്ഥാനത്തേക്കു വന്ന സ്ത്രീകളിൽ പലരും ദളിത്സ്ത്രീ സവിശേഷ പ്രശ്നങ്ങൾ ഉന്നയിച്ചതായും കാണുന്നില്ല. ഇതിനിടയിലും ചുരുക്കം ദളിത്സ്ത്രീനേതാക്കന്മാരെ ദളിത്പ്രസ്ഥാനം സൃഷ്ടിച്ചിട്ടുണ്ട്. ബഹുജനസമാജ് പാർട്ടിയിൽ നേതാവായിരുന്ന മീനാക്ഷിയമ്മ, സുശീലാ മോഹനൻ, കെ.എസ്. മാധവി, കേരളാ ദളിത് പാന്തർ പ്രസ്ഥാനത്തിലെ ഉമ എ.ടി, സുഗന്ധി, ദളിത്സ്റ്റുഡന്റ്സ് മൂവ്മെന്റിലെ പി.സി. ഉഷ എന്നിവർ അക്കാലത്തെ ശ്രദ്ധേയ വ്യക്തിത്വങ്ങളായിരുന്നു. (ലിസ്റ്റ് അപൂർണം). കൂടാതെ പ്രാദേശിക നേതൃനിരയിലേക്കു വന്ന മറ്റു സ്ത്രീകളും.

ഈ നേതാക്കളാവട്ടെ സമുദായത്തിന്റെ നേതൃത്വം എന്ന നിലയിൽ പൊതുകാര്യങ്ങളിൽ ശ്രദ്ധയൂന്നി. ദളിത്സ്ത്രീസംവാദങ്ങൾ, ദളിത്രാഷ്ട്രീയസംവാദങ്ങളെയും ദളിത്സംവാദങ്ങൾ ദളിത്സ്ത്രീ പ്രശ്നങ്ങളെയും അഭിമുഖീകരിച്ചില്ല. ഇത്തരത്തിൽ ദളിത്സ്ത്രീ ആക്ടിവിസ്റ്റുകളും നേതാക്കന്മാരും അവരുടെ സ്ത്രീസ്വത്വത്തെ അവഗണിക്കുകയും ദളിത്സ്വത്വത്തെ ഉയർത്തിപ്പിടിക്കുകയും ദളിത്സ്ത്രീ വാദികൾ ദളിത് രാഷ്ട്രീയത്തിന്റെ പ്രത്യക്ഷ ഭാഗമാകാതിരിക്കുകയും ചെയ്തു. ഈ വൈരുധ്യാനുഭവം ദളിത്സ്വത്വത്തിന്റെ അഭിവാജ്യമായ ഘടകമാണ്.

രണ്ടായിരാമാണ്ട് ദളിത്സ്ത്രീ രാഷ്ട്രീയത്തിനെസംബന്ധിച്ചിടത്തോളം വളരെ നിർണായകമായിരുന്നു. സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ നടന്ന ആദിവാസി ഭൂസമരം മുതൽ ചെങ്ങര ഭൂസമരം വരെയുള്ള ഒട്ടനവധി സമരങ്ങൾ ദളിത്സ്ത്രീ നേതാക്കൾക്ക് രൂപം നൽകി. സമരനേതൃത്വം എന്നത് സ്ത്രീകൾ ആയി മാറി. ഇവർക്ക് മാധ്യമങ്ങളിലൂടെയും മറ്റും നല്ല ദൃശ്യത കൈവരികയും ചെയ്തു. ദളിത്സ്ത്രീകളുടെ മുൻകൈയിൽ ഒറ്റയ്ക്കും കൂട്ടായും രാഷ്ട്രീയ ഇടപെടൽ സജീവമായി. ചിത്രലേഖയുടെ ചെറുത്തുനിൽപ്പുകൾ ദളിത് സ്ത്രീ രാഷ്ട്രീയത്തിന്റെ പുതിയ മുഖമായിരുന്നു. ജാതിയുടേയും ലിംഗപദവിയുടേയും ദളിത്സ്ത്രീ അവസ്ഥയുടേയും സങ്കീർണ ബലതന്ത്രങ്ങളെ പുറത്തു കൊണ്ടുവരുന്നതായിരുന്നു ചിത്രലേഖ നേരിടേണ്ടി വന്ന പ്രശ്നങ്ങൾ. ചിത്രലേഖയെ പിന്തുണച്ചുകൊണ്ടു നടന്ന സംവാദങ്ങൾ ദളിത്സ്ത്രീ പ്രശ്നങ്ങളുടെ രാഷ്ട്രീയ അജണ്ടകളുടെ കാലഹരണപ്പെട്ട നിലയെ മുൻതലത്തിലേക്കു കൊണ്ടുവന്നു. ഇരയായി ഒതുങ്ങുവാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിട്ടും അതിനോട് കുതറുകയും തന്റെ സ്വത്വത്തെ തന്ത്രപരമായി ഉപയോഗിക്കുകയും ചെയ്തുകൊണ്ടാണ് ചിത്രലേഖ താനനുഭവിക്കുന്ന ഹിംസകളെ നേരിട്ടത്. ചെങ്ങറ സമരത്തിലൂടെ ഉയർന്നു വന്ന ഇപ്പോൾ ദളിത്ഹ്യൂമൻറൈറ്റ്സ്മൂവ്മെന്റിന്റെ നേതാവായ സലീനപ്രക്കാനം, മഹിളാ ഫെഡറേഷൻ നേതാവ് മഞ്ജു തുടങ്ങിയവർ പ്രത്യേക പരാമർശം അർഹിക്കുന്നു. കൂടാതെ എഴുത്തു മേഖയിലേക്കുള്ള കടന്നുവരവും ദളിത്സ്ത്രീകളുടെ ഭാഗത്തുനിന്നും ഉണ്ടായി. രണ്ടായിരാമാണ്ടിൽ എഴുത്തുമേഖലയിൽ ഇടപെട്ടു തുടങ്ങിയ രജനി, ജാനു, സിമി, പ്രവീണ കെ.പി, ബോബി മാത്യു, സരിത കെ. വേണു തുടങ്ങിയവർ സവിശേഷ പരാമർശം അർഹിക്കുന്നു. കൂടാതെ കാവ്യമേഖലയിലും ദളിത്സ്ത്രീ ശബ്ദം വേറിട്ടു കേട്ടുതുടങ്ങിയിരിക്കുന്നു. ധന്യ എം.വി, വിജില ചിലപ്പാട്, അംബിക പ്രഭാകരൻ, അമ്മു ദീപ, രാധാമണി എം.ആർ, തുടങ്ങിയവർ ഇവരിൽ പ്രധാനികളാണ്. മുകളിൽ കൊടുത്തിരിക്കുന്ന ലിസ്റ്റ് പൂർണമല്ല.

സോഷ്യൽമീഡിയ നെറ്റ് വർക്കുകൾ വഴിയും മറ്റ് ധാരാളം പെൺകുട്ടികൾ സ്വത്വബോധത്തോടെ സംസാരിച്ചു തുടങ്ങിയിരിക്കുന്നു. സംഗീതം, കല തുടങ്ങിയ രംഗത്ത് അനവധി ദളിത് സ്ത്രീകൾ സ്വന്തം സ്ഥാനം ഉറപ്പിച്ചു കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ ആദ്യകാല ദളിത്സ്ത്രീ രാഷ്ട്രീയ വാദങ്ങളിൽ നിന്നു വ്യത്യസ്തമായി ദളിത്സ്ത്രീകൾ ഇരകൾ എന്ന പരിമിത സ്ഥാനത്തു നിന്നും ബഹുദൂരം സഞ്ചരിച്ചു കഴിഞ്ഞിരിക്കുന്നു. ജാതിയുടെയും ലിംഗാധികാരത്തിന്റെയും ഹിംസകൾ തിരിച്ചറിയുമ്പോൾ തന്റെ ദളിത്സ്ത്രീത്വം എന്നത് ഏകമാനമല്ല എന്ന വാർപ്പ്മാതൃകകളോട് കലഹിക്കുന്ന ഒരു വികാസം സമകാലീനദലിത് സ്ത്രീ ഇടപെടലുകൾ പ്രഖ്യാപിക്കുന്നുണ്ട്. വ്യതിരിക്തമായ രാഷ്ട്രീയ നിലപാടുകൾ മുൻഗാമിയുമായുള്ള രാഷ്ട്രീയ വേർപെടൽ തന്ത്രപരമായ സ്വത്വ അവരോഹണങ്ങൾ എന്നിവയൊക്കെ ഇവരുടെ ഇടപെടലിനെസവിശേഷമാക്കുന്നു. പ്രബല സ്ത്രീവാദ നിലപാടുകളിൽ നിന്ന് വ്യത്യസ്തമായി ഭൂമിയുടെ മേലുള്ള അവകാശം, അന്തസ്സോടെയുള്ള ജീവിതം, സുരക്ഷിതത്വം, സാംസ്കാരിക അധിനിവേശത്വം, പ്രതിനില തുടങ്ങിയ സവിശേഷമായ മുദ്രാവാക്യങ്ങളും വിവാഹം, തെരഞ്ഞെടുപ്പ്, സഞ്ചാരസ്വാതന്ത്ര്യം, വിശ്വാസം തുടങ്ങിയവയ്ക്കുള്ള പുതിയ നിർവചനങ്ങളും വഴി സ്ത്രീവാദരാഷ്ട്രീയത്തെ പുതുക്കിപ്പണിയുകയും ദളിത് സമുദായത്തിന്റെ പിതൃമേധാവിത്വമൂല്യങ്ങളോട് കലഹിക്കുകയും അതിന്റെ നിലപാടുകളിൽ സംവാദാത്മകമായി ഇടപെടുകയും ചെയ്യുന്ന സമാകാലീന ദളിത്സ്ത്രീരാഷ്ട്രീയം കൂടുതൽ വിശാലമായ രാഷ്ട്രീയദൗത്യങ്ങൾ ഏറ്റെടുക്കാൻ നിശ്ചയമായും കെൽപ്പുള്ളതാണ്.



റിട്ടേൺ ഫ്ളൈറ്റ്


[illegible]



വർഷമുകിലുകൾ
ഇന്ദിരാബാലൻ


[illegible]



മഴവില്ലിൽ
ഇല്ലാത്തത്


[illegible]




TATA MOTORS
BAJAJ
L-Board.
We never stop learning about the customer.
We make all efforts to understand customers better and better.
We have been happy keeping north Kerala moving since 1997.
The Authorised Dealer for Tata Motors, Fiat Passenger Car and Bajaj Two / Three Wheelers
Kannur: 9746476185
Calicut: 9633500200
Fiat Exclusive Showroom
Kannur & Calicut
HOTLINE NUMBER
KVR GROUP
CALICUT WAYANAD KANNUR KASARAGOD





# അമ്മു ദീപ വരച്ച ചിത്രങ്ങൾ







Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara